019
32H9;1

MUL
165429

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number O19 32H9;1

Accession Number 165429

Available for loan from

This book should be returned on or befo[re]
the date last marked below.

6 DEC 1961

25 JAN 1974

O. 61

之

പൌരസ്ത്യ

# സാഹിത്യപ്രകാശം

(നിരൂപണഗ്രന്ഥം)

UNIVERSITY LIBRARY.
20 JUL 1955
MADRAS.

ഗ്രന്ഥകർത്താ:

ടി. ആർ. നായർ.

36
T. R. Nayar
Saraswati P T C

TRICHUR

SARASWATHI (ELECTRIC) PTG. & PBG. HOUSE,

1st Edition: 1949 September/1125 Chingom.

Price 3-8-0] Copy-right to Publishers [ വില 3-8-0

# വിഷയവിവരം.


| | | |
|---|---|---|
| 1. | സാഹിത്യസിദ്ധാന്തം .... | 1 |
| 2. | ജഗന്നാഥപണ്ഡിതനും കവിത്വവും .... | 38 |
| 3. | പൌരസ്ത്യസാഹിത്യ പ്രകാശം .... | 44 |
| 4. | അമരഭാരതിയുടെ പാദാരവിന്ദങ്ങളിൽ .... | 77 |
| 5. | തർക്കശാസ്ത്രതത്വനിരൂപണം .... | 81 |
| 6. | ശ്രീശങ്കരാചാര്യരും കാവ്യങ്ങളും .... | 112 |
| 7. | കാവ്യവിഭാഗം .... | 127 |
| 8. | ആനന്ദവർദ്ധനനും ധ്വന്യാലോകവും .... | 134 |
| 9. | മഹാകവി കാളിദാസൻ ... | 140 |
| 10. | സുകുമാരമഹാകവി .... | 147 |
| 11. | ഉദ്ദണ്ഡശാസ്ത്രികൾ .... | 154 |
| 12. | കാക്കശ്ശേരിഭട്ടതിരി .... | 165 |
| 13. | ലക്ഷ്മീദാസൻ .... | 176 |
| 14. | ശങ്കരകവി .... | 180 |
| 15. | മാനവിക്രമ ശക്തൻ സാമൂതിരി .... | 184 |
| 16. | അശ്വഘോഷനും ബുദ്ധചരിതവും .... | 188 |
| 17. | മാനവേദന്റെ കവിത ... | 191 |
| 18. | സന്ദേശകാവ്യപ്രസ്ഥാനം .... | 198 |
| 19. | കേരളക്ഷത്രിയന്മാർ .... | 205 |
| 20. | ചാക്യാർകൂത്ത് ... | 211 |
| 21. | സംസ്കൃതവിദ്യാഭ്യാസം .... | 213 |
| 22. | കഥകളി .... | 221 |


165429
38357

UNIV…
20 JUL 195…
MADRAS

# പൌരസ്ത്യ
# സാഹിത്യപ്രകാശം.

## ൧. സാഹിത്യസിദ്ധാന്തം.

അനന്തവും അപ്രധൃഷ്യവും അനവധാരണീയവും അത്യന്തഗംഭീരവുമായ പ്രപഞ്ചപാരാവാരത്തിൽപ്പെട്ടു ജീവിതക്ലേശങ്ങളാകുന്ന ജലജന്തുക്കളാൽ നിപീഡിതന്മാരായി അജ്ഞാനമാകുന്ന തിമിരനികരത്താൽ അന്ധന്മാരായി നട്ടംതിരിയുന്ന മനുഷ്യൎക്കു് അല്പനേരമെങ്കിലും നിൎവ്വാണമരുളുന്ന ദിവ്യാമൃതമാണു കാവ്യാപരനാമധേയമായ സാഹിത്യം. അതിവിസ്തൃതമായും അപാരാകൂപാരസദൃശമായും എത്തുംപിടിയും കിട്ടാതെ അഷ്ടാദശവിദ്യകളിൽ എല്ലാററിലും വ്യാപിച്ചുകിടക്കുന്നതും "സഹിതസ്യഭാവഃ സാഹിത്യ"മെന്ന വ്യുൽപ്പത്തിയാൽ അന്വൎത്ഥനാമധേയകവുമായ അതിൻെറ സ്വരൂപവും സ്വഭാവവും സൌഭഗവും മററും എത്ര കണ്ടു ചിന്തിച്ചിട്ടുണ്ടു് എന്നും എത്രയാണു ചിന്തിച്ചുവരുന്നതു് എന്നും എത്രത്തോളം ചിന്തിയ്ക്കേണ്ടതുണ്ടു് എന്നും ആലോചിച്ചുനോക്കിയാൽ അവസാനിയ്ക്കുന്നതല്ല. എങ്കിലും ഈദൃശസാഹിത്യത്തിൻെറ സംക്ഷിപ്തമായ ഒരു സ്വരൂപം ഒന്നു നിരൂപണം ചെയ്യണമെന്ന വാസന ഇയ്യുള്ളവനിലും വ്യാപിയ്ക്കുകയാൽ യഥാമതി യതിച്ചുനോക്കാം. ഏതെങ്കിലും ഒരു വിഷയം വിമൎശിയ്ക്കുന്നതായാൽ അതു് അഗാധമായിട്ടുള്ളതിനെക്കുറിച്ചായാൽ ആൎക്കും ഉപകാരപ്രദമായിരിയ്ക്കും. പ്രത്യേകിച്ചും വിദ്യാൎത്ഥികൾക്കു് ഈ ലേഖനം പ്രയോജനകരമായിത്തീരാതിരിയ്ക്കയില്ല.

കവികൎമ്മമായ കാവ്യമാണു സാഹിത്യമെന്നും എല്ലാ വിദ്യകളും അതിൽ അന്തൎഭവിച്ചിരിക്കുന്നുഎന്നും അതിന്റെ മാഹാത്മ്യത്തെക്കുറിച്ചു്

"നസശബ്ദോനതദ്വാച്യം ന
സന്യായോനസാകലാ
ജായതേയന്നകാവ്യാംഗമഹോ
ഭാരോമഹാൻകവേഃ
സ്വസ്വാഭിലാഷാദിവയത്രസൎവ്വേ
വിദ്യാവിലാസമിളിതാല്ലംന്തി
തല്ലോകവൈദഗ്ദ്ധ്യവിധാനയന്ത്രം
സാഹിത്യതന്ത്രം കലയന്തികല്യാഃ
സാഹിത്യപാഥോനിധിമന്ഥനോത്ഥം
കൎണ്ണാമൃതം രക്ഷത ഹേ കവീന്ദ്രാഃ
യദസ്യദൈത്യാ ഇവലുണ്ഠനായകാവ്യാൎത്ഥ
ചൌരാഃ പ്രഗുണീഭവന്തി."

ഏവംവിധങ്ങളായ ലക്ഷ്യങ്ങളും ഉണ്ടെന്നുള്ളതു് പരമാൎത്ഥമാണല്ലോ. രസാത്മകവാക്യമെന്നോ, ഗുണാലങ്കാരവിശിഷ്ടവും അദൃഷ്ടവുമായ ശബ്ദാൎത്ഥമെന്നോ, അഥവാ രമണീയാൎത്ഥപ്രതിപാദകശബ്ദമെന്നോ പറയപ്പെടുന്ന കാവ്യരൂപമായ സാഹിത്യം വേദവേദാംഗോപജീവകവും കമനീയമായ കവിസൂക്തിയുമാകുന്നു. അതിനെത്തന്നെയാണു സുകുമാരകലയെന്നും വ്യപദേശിക്കുന്നതു്. ഏവംവിധമായ സാഹിത്യത്തിന്നു വേദവേദാംഗസമാനകാലികത്വവും ഉണ്ടെന്നു പറയാവുന്നതാകുന്നു. അജ്ഞാനജടിലമായ ജഗത്തിനെ ഉദ്ധരിക്കുവാൻ അഭിലഷിച്ചിരുന്ന ഹൃദയാലുക്കളായ മഹൎഷിമാർ നിൎമ്മിച്ചിരിക്കുന്ന ശാസ്ത്രങ്ങൾക്കു വേദോപജീവകത്വമുള്ളതുപോലെ സാഹിത്യത്തിന്നും അതുണ്ടെന്നു് ഏറെക്കുറെ അഭി

യാവുന്നതാകുന്നു. സാഹിത്യത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചു് ഈ സന്ദൎഭത്തിൽ പ്രതിപാദിക്കുന്നതു നന്നായിരിക്കും.

ഭഗവാൻ പരമശിവൻ ആണു് ആദ്യമായി നാദബ്രഹ്മാത്മകമായ സാഹിത്യത്തെ സ്വശിഷ്യരായ ബ്രഹ്മാദികൾക്കു് ഉപദേശിച്ചുകൊടുത്തതു്. അനന്തരം ബ്രഹ്മാവു് വാസനാസമ്പന്നന്മാരായ തന്റെ അന്തേവാസികൾക്കും അതിന്റെ വിസ്തൃതമായ സ്വരൂപം ഉപദേശിച്ചുകൊടുത്തു. ആ ശിഷ്യന്മാരിൽ സാരസ്വതൻ എന്നു പേരായ അഭിവന്ദ്യനായ ഒരു മഹാത്മാവു കാവ്യപുരുഷൻ എന്ന പേരിന്നു് അൎഹനായിത്തീൎന്നു. സൎവ്വവിദ്യാപാരംഗതനായും ദിവ്യചക്ഷുസ്സായും വൎത്തിക്കുന്ന ആ വിദഗ്ദ്ധോത്തംസത്തോടു ബ്രഹ്മാവു ത്രൈലോക്യവാസികളുടെ അജ്ഞാനതിമിരനാശനത്തിന്നായി കാവ്യവിദ്യാപ്രദീപം തെളിയിപ്പാനായി കല്പിച്ചു. അദ്ദേഹം പതിനെട്ടു വിദ്യകളെ തദധികാരികളായ ശിഷ്യന്മാൎക്കു് ഉപദേശിച്ചുകൊടുത്തു. ഈ വിദ്യകളുടെ ഓരോ അവാന്തരവിഭാഗങ്ങളാണു് ഇന്നു കാണുന്ന എല്ലാ വിദ്യകളുമെന്നു പറയാം. ഒരിക്കൽ ബൃഹസ്പതിയോടു് അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ചിലർ—"അല്ലയോ! ഗുരോ! സാരസ്വതേയൻ എന്നു പറയപ്പെടുന്ന ആൾ എങ്ങനെയാണു കാവ്യപുരുഷനായി പരിണമിച്ചതു്" എന്നു ചോദിച്ചു. അപ്പോൾ ദേവഗുരുവും പരമവിദ്വാനുമായ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു:

"പുരാതനകാലത്തു പുത്രനെ ഇച്ഛിക്കുന്നവളായ സരസ്വതി ഹിമവാൻപൎവ്വതത്തിൽ തപസ്സുചെയ്തു. സന്തുഷ്ടചിത്തനായ ബ്രഹ്മാവു് അവൾക്കായിക്കൊണ്ടു കാവ്യപുരുഷനെ കല്പിച്ചുകൊടുത്തു. അദ്ദേഹം എഴുന്നേററുനിന്നു ഛന്ദോരൂപിണിയായ

"യദേതദ്വാങ്മയംവിശ്വമൎത്ഥമൂൎത്ത്യാ വിവൎത്തതേ
സോസ്മികാവ്യപുമാനംബ! പാദൌവന്ദേയതാവകൌ"

എന്നു് ഉച്ചരിച്ചു. സരസ്വതീദേവി തന്റെ ഓമനപ്പൈതലായ അദ്ദേഹത്തെ കൈത്തണ്ടയിലെടുത്തു താലോലിച്ചു കൊഞ്ചിക്കുഴഞ്ഞു് ഇങ്ങനെ ഉരിയാടി:—"ഓമനേ! നീ ഛന്ദോരൂപിണിയായ വാക്കിന്റെ നിൎമ്മാതാവാവുകയാൽ വാങ്മയമാതാവായ എന്നേക്കൂടി വിജയിക്കുന്നുവല്ലോ. ഇതു് ഏററവും വാസ്തവമാകുന്നു. എന്തെന്നാൽ പുത്രങ്കൽനിന്നുള്ള പരാജയം ദ്വിതീയപുത്രജന്മമെന്നാണു് അഭിയുക്തവചനം. സരസ്വതി വീണ്ടും അരുളിച്ചെയ്തു: "വത്സ! നിന്നിൽനിന്നും പൂൎവ്വന്മാരായ പണ്ഡിതന്മാർ കണ്ടെത്തിയിട്ടുള്ളതു ഗദ്യമാണു്, പദ്യമല്ല. നീ പദ്യത്തെ കണ്ടുപിടിച്ചതുകൊണ്ടു് നിതരാംശ്ലാഘനീയനായി വിജയിക്കുന്നു. ശബ്ദാൎത്ഥങ്ങൾ നിന്റെ ശരീരവും, സംസ്കൃതം മുഖവും, പ്രാകൃതം ബാഹുവും, അപഭ്രംശം ജഘനവും, പൈശാചം പാദങ്ങളും, വക്ഷസ്സു് മിശ്രവും ആകുന്നു. നീ സമപ്രസന്നമധുരോദാരനും ഓജസ്വിയും ആയി വൎത്തിക്കുന്നു. നിന്റെ വചസ്സു തുലോം അൎത്ഥവത്താകുന്നു. രസമാണു് നിന്റെ ആത്മാവു്; രോമങ്ങൾ ഛന്ദസ്സുകളും, അനുപ്രാസോപമാദികൾ അലങ്കാരങ്ങളുമായി ഭവിക്കുന്നു. ഭവിഷ്യദൎത്ഥത്തെപ്പോലും പ്രവചിക്കുന്ന വേദവും നിന്നെ പുകഴ്ത്തുകതന്നെചെയ്യും. നീ യഥാൎത്ഥപുരുഷന്റെ രൂപമെടുക്കുകയും കൎമ്മമനുഷ്ഠിക്കുകയും ചെയ്തുകൊണ്ടാലും. ബാലസാധാരണമായ വിലാസങ്ങളോടുകൂടി നീ ഇവിടെ കിടന്നു കളിക്കുക!"

ദേവി സ്വപുത്രനായ സാരസ്വതേയനെ പൂത്തുതളിൎത്ത മാമരച്ചോട്ടിലുള്ള ശിലാതലത്തിൽ കിടത്തി സ്നാനത്തിന്നായി ആകാശഗംഗയിലേക്കു് എഴുന്നള്ളി. തൽസമയം ദൎഭപ്പുല്ലു ചമത മുതലായവ ശേഖരിക്കുവാൻ പുറപ്പെട്ട മഹാ

മുനി ഉശനസ്സ് സൂൎയ്യരശ്മി തട്ടി ചുട്ടുപഴുത്തുകിടക്കുന്ന ആ കുമാരകനെ കണ്ടെത്തി. ആരുടെയാണ് അനാഥനായ ഈ ബാലകൻ എന്ന വിചാരത്താൽ അദ്ദേഹം ആ കുട്ടിയെ സ്വാശ്രമത്തിലേയ്ക്ക് എടുത്തുകൊണ്ടുപോയി. ക്ഷീണം തീൎന്നതിൽ പിന്നെ സാരസ്വതേയനായ ആ കുമാരൻ ഛന്ദോരൂപത്തിൽ

"യാദൃശോപിനദൃഗ്ദേവ കവിദേഗ്ദൃഭിരന്വഹം
ഏദിനഃ സന്നിധത്താംസാ സൂക്തിധേനുഃ സരസ്വതീ"

എന്ന് ഉച്ചരിച്ചു.

അനന്തരം ഉശനസ്സിനും കാവ്യമുണ്ടാവുകയും അദ്ദേഹത്തെ കവിയെന്നു പറഞ്ഞുവരികയും ചെയ്തുതുടങ്ങി. കാവ്യകൎമ്മകൎത്താവ് എന്ന നിലയിൽ കവിശബ്ദം ലോകത്തിൽ രൂഢമൂലമായിത്തീൎന്നു.

സ്നാനത്തിന്ന് എഴുന്നള്ളിയ വാഗ്ദേവി തിരിച്ചെത്തിയപ്പോൾ യഥാസ്ഥാനത്തു പുത്രനെ കാണായ്കയാൽ ഹൃദയം ദ്രവിച്ചു വിലപിച്ചു. അപ്പോൾ യദൃച്ഛയാ വാല്മീകിമുനി ദേവിയോട് അവിടെ നടന്ന വൎത്തമാനത്തെ പ്രസ്താവിക്കുകയും ഭൃഗുപുത്രന്റെ ആശ്രമപദം കാണിച്ചുകൊടുക്കുകയും ചെയ്തു. എന്തിനധികം പറയുന്നു? ദേവി കരുണാകുലയും പ്രസ്നുതപയോധരയുമായി അദ്ദേഹത്തെ പുത്രനിൎവ്വിശേഷം മുകൎന്നു ഛന്ദോരൂപമായ വചസ്സിനെ പ്രദാനം ചെയ്തു. അനന്തരം അവിടെനിന്നും പോയശേഷം ഒരു നിഷാദനാൽ കൊല്ലപ്പെട്ട ക്രൌഞ്ചമിഥുനത്തിൽ ഒററയെ മാത്രം കണ്ട് അതിന്റെ കരുണകരുണമായ കരച്ചിൽ കേട്ടു വ്യസനാതുരനായി ഒരു ശ്ലോകം ഉച്ചരിച്ചു. ആ ശ്ലോകമാണ്

"മാനിഷാദ! പ്രതിഷ്ഠാംത്വമഗമഃ ശാശ്വതീഃ സമാഃ
യൽക്രൌഞ്ചമിഥുനാദേകമവധീഃ കാമമോഹിതം"

സുപ്രസിദ്ധമായ കോമളകാവ്യാങ്കുരമെന്നു പറയാവുന്നു

ഈ മനോജ്ഞപദ്യം. പിന്നീട്ട് ദിവ്യദൃഷ്ടിയായ ദേവി ആ മുനിപുംഗവനു കാവ്യനിൎമ്മാണപ്രവീണതയ്ക്കായി വീണ്ടും വരം കൊടുത്തു. അദ്ദേഹം അനന്തരം അനൎഗ്ഗളമായി നിൎഗ്ഗളിക്കുന്ന വചനാമൃതത്താൽ രാമായണം നിൎമ്മിച്ചു.

സുകുമാരകലയായ സാഹിത്യത്തിന്റെ അഥവാ കാവ്യത്തിന്റെ സ്വരൂപം അല്പം പ്രസ്താവിച്ചു എങ്കിലും ഒന്നുകൂടി വ്യക്തമാക്കേണ്ടതു് അത്യാവശ്യമാകുന്നു. മുൻപറഞ്ഞ രസാത്മകവാക്യമാണു് കാവ്യമെന്ന മതപ്രകാരം അതിന്നു് രസാത്മകത്വം എങ്ങനെ കൈവന്നു എന്നുള്ളതു പരിശോധിക്കേണ്ടിയിരിക്കുന്നു.

"വിഭാവേനാനുഭാവേന വ്യക്തഃ സഞ്ചാരിണാ തഥാ
രസതാമേതി രത്യാദിഃ സ്ഥായീഭാവഃ സചേതസാം"

വിഭാവാനുഭാവവ്യഭിചാരിസംബന്ധംകൊണ്ടുണ്ടാവുന്ന സഹൃദയനിഷ്ഠരത്യാദിസ്ഥായിഭാവത്തെ രസമെന്നു ചുരുക്കത്തിൽ പറയാം. അംഗനാദികളാകുന്ന ആലംബനവിഭാവങ്ങളാൽ സ്ഥായിയായ രത്യാദിഭാവം ജനിക്കപ്പെടുകയും ഉദ്യാനാദികളാകുന്ന ഉദ്ദീപനവിഭാവങ്ങളാൽ ഉദ്ദീപിതമാവുകയും, അനുഭാവങ്ങളാകുന്ന കടാക്ഷാദികളാൽ അനുമിതിയോഗ്യമായി വ്യഭിചാരികളാകുന്ന ഉൽക്കണ്ഠാദികളാൽ പരിപോഷിതമാവുകയും ചെയ്യുന്നു. ഈദൃശമായ രസം നിഷ്പന്നമാകുന്നതു സഹൃദയങ്കലാകുന്നു. നാട്യകലയിൽ കോവിദനായ നടൻ സ്വശിക്ഷാസാമൎത്ഥ്യത്താൽ അഭിനയംകൊണ്ടു സാമാജികനു രസാസ്വാദമുളവാക്കുന്നു. രാമൻ സീതാവിഷയകരതിമാനാണു് എന്ന ബോധം അനുമാനരൂപത്തിൽ സഹൃദയനു ജനിപ്പിക്കുന്നതിലാണു നടന്റെ അഭിനയപാടവം വെളിവാകുന്നതു്. ഈ അനുമിതിതന്നെയാണു സചമൽകാരപ്രതീതിരൂപയായ രസചൎവ്വണ എന്നു പറയാം. തന്നിമിത്തം അതിൽ വിഷയീകരിക്കപ്പെടുന്ന സ്ഥായി

ഭാവം രസമെന്നു പറയുന്നു. ചർവ്വണ സാമാജികന്മാരിലാകയാൽ അവരിൽത്തന്നെയാണു രസോൽപ്പത്തി എന്നു തെളിഞ്ഞുകഴിഞ്ഞു. സ്ഥായികളുടെ വിഭാവാദികളോടുകൂടി വ്യംഗവ്യഞ്ജകഭാവരൂപസംബന്ധത്താലോ, വിഭാവാദികളുടെ അന്യോന്യമേളനത്താലോ ആണു രസനിഷ്പത്തി അല്ലെങ്കിൽ തദഭിവ്യക്തി എന്നൊരു മതമുണ്ടു്. എങ്ങനെയെന്നാൽ—ലോകത്തിൽ സുന്ദരിമാരായ ആലംബനവിഭാവങ്ങളാലും ചന്ദ്രികാദികളായ ഉദ്ദീപനകാരണങ്ങളാലും ബാഷ്പപാതാദികളായ കാര്യങ്ങളാലും ചിന്താദികളായ സഹകാരികളാലും സ്ഥായിയുടെ രത്യഭിവ്യക്തിയുളവാകുന്നു. സകല സഹൃദയാസ്വാദ്യമായി ചർവ്വ്യമാണമായ—അലൌകികചമൽകാരിയായ—ബ്രഹ്മാനന്ദസഹോദരമായ ഈ രസമാണു് ശൃംഗാരാദി. ഈ രസനിഷ്പത്തിയുടെ ക്രമം—താഴെ പറയാം. ആദ്യം കാവ്യപദങ്ങളിൽനിന്നു് അതതർത്ഥോപസ്ഥിതിയും അനന്തരം വിഭാവാദിവിഷയകവാക്യാർത്ഥബോധവും പിന്നെ ഗുണാലങ്കാരാഭിനയാദിയും അതിൽപിന്നെ രത്യാദിവാസനാവിശിഷ്ടനായ സഹൃദയന്റെ വിഭാവാദിബോധവും രതിവിശിഷ്ടവും ചിദാനന്ദാത്മകവുമായ രസത്തിന്റെ ഉൽപ്പത്തിയുമാണു് ആനുഭാവികമാകുന്നതു്.

സർവ്വതന്ത്രസ്വതന്ത്രനും നവീനാലങ്കാരികനുമായ ജഗന്നാഥപണ്ഡിതരാജൻ—"കാവ്യേ നാട്യേച കവി നാനടേനച പ്രകാശിതേഷു വിഭാവാദിഷു വ്യഞ്ജനാവ്യാപാരേണ രാമാദൌ സീതാദിരതൌ ഗൃഹീതായാമനന്തരം ച സഹൃദയതോല്ലാസിതസ്യ ഭാവനാ വിശേഷരൂപസ്യ ദോഷസ്യ മഹിമ്നാ കല്പിതരാമതാവച്ഛാദിതെ സ്വാത്മന്യജ്ഞാനാ വച്ഛിന്നെ ശുക്തികാശകല ഇവ രജതഖണ്ഡഃ സമുൽപ്പദ്യമാനോ അനിർവ്വചനീയഃ സാക്ഷിഭാസ്യസീതാദിവിഷയകരത്യാദിരേവരസ" എന്നാണു രസനിഷ്പത്തിയെക്കുറിച്ചു പ്രതിപാദിക്കുന്നതു്.

"ശയിതാസവിധേപ്യനീശ്വരാസഫലീ
കത്തുമഹോമനോരഥാൻ
ദയിതാദയിതാനനാംബുജം ദരമീല
ന്നയനാ നിരീക്ഷതേ"

ഇവിടെ ആലംബനവിഭാവമായ നായകൻേറയും വിജനപ്ര ദേശമാകുന്ന ഉദ്ദീപനവിഭാവത്തിൻേറയും ഈഷന്മുകളിത ലോലലോലംബലോചനംകൊണ്ടു് വിമോഹനമായ ദശ്നം നിമിത്തമുളവാകുന്ന അനുഭാവത്തിൻേറയും ത്രപൌൽസു ക്യാദി വ്യഭിചാരിയുടേയും സംയോഗത്താലാണ രത്യഭിവ്യ ക്തിയുണ്ടാകുന്നതു്. ഈ കാവ്യത്തിൽ രസാത്മകത്വമുണ്ടെ ന്നുള്ളതിൽ പക്ഷാന്തരമില്ലതന്നെ. രമണീയാത്ഥപ്രതിപാദ കവുമാണ് ഈ പദ്യമെന്നു കാവ്യഭാവുകന്മാർ സമ്മതിയ്ക്കുന്ന തത്രേ. ശബ്ദാത്ഥോഭയസ്വരൂപമാണു്, അദുഷ്ടഗുണവിശി ഷ്ടാലങ്കാരയുക്തപദാത്ഥകമാണ കാവ്യമെന്നു പറയുന്ന മമ്മ ടനും ഇതിൽ കാവ്യത്വമില്ലെന്നു പറയുകയില്ല.

ഇനി സാഹിത്യത്തിൻെറ പ്രയോജനമെന്തെന്നു നോ ക്കാം. ഇക്കാൎയ്യത്തെക്കുറിച്ചും പൌരസ്ത്യാലങ്കാരികന്മാർ പല മതങ്ങൾ പ്രദശിപ്പിച്ചിട്ടുണ്ടു്. ഭാമഹൻ:—

"ധമ്മാത്ഥകാമമോക്ഷേഷു വൈചക്ഷണ്യം കലാസു ച
കരോതികീത്തിംപ്രീതിംച സാധുകാവ്യനിബന്ധനം"

എന്നും, ആചാൎയ്യ ദണ്ഡി:—

"ഇഹശിഷ്ടാനുശിഷ്ടാനാം ശിഷ്ടാനാമപി സൎവ്വഥാ
വാചാമേവപ്രസാദേന ലോകയാത്രാ പ്രവത്തതേ
ഇദമന്ധം തമഃകൃൽസ്നം ജായേത ഭുവനത്രയം
യദിശബ്ദാഹ്വയംജ്യോതിരാസംസാരം നദീപ്യതെ
ആദിരാജയശോബിംബമാദശം പ്രാപ്യവാങ്മയം
തേഷാമസന്നിധാനേപി നസ്വയം പശ്യനശ്യതി".

എന്നും അഭിപ്രായപ്പെടുന്നു. കാവ്യത്തിന്റെ പരമമായ മാഹാത്മ്യവും ഉദ്ദേശവും ഈ മതങ്ങൾ പരിശോധിച്ചാൽ അറിയാവുന്നതാണ്. മമ്മടഭട്ടന്റെ കാവ്യപ്രയോജനനിർവ്വചനമാകട്ടെ—

> കാവ്യം യശസേത്ഥകൃതേ
> വ്യവഹാര വിദേശി വേതരക്ഷതയേ
> സദ്യഃ പരനിർവ്വതയേ
> കാന്താസമ്മിത തയോപദേശയുജേ"

ഇപ്രകാരമാകുന്നു. കീർത്തി, ധനം, വ്യവഹാരവിജ്ഞാനം, പാപനാശനം, പെട്ടന്നുണ്ടാവേ ഉളവാകുന്ന ചിദാനന്ദസമാനന്ദ നിവ്വാണം, പ്രേയസീപ്രേമവചനോപദേശനിർവ്വഹണം തുടങ്ങിയ നിരവധി പ്രയോജനങ്ങൾ കാവ്യത്തിന്നുണ്ടെന്നു കാണാം. ഇന്നും വാത്മീകി, വ്യാസൻ, കാളിദാസൻ തുടങ്ങിയുള്ളവരുടെ കീർത്തിവെണ്ണിലാവത്തു ലോകം സസുഖം വിശ്രമം കൊള്ളുന്നു. പുരാതനകാലത്തു ദാരിദ്ര്യപീഡിതന്മാരായ മിക്ക കവികളും സ്വകവിതാപാടവം കൊണ്ടു കുബേരന്മാരായിത്തീന്നിട്ടുള്ളവരാകുന്നു. കാളിദാസധാവകാദികൾ ഭോജദേവാദികളാൽ പരിപൂജിതരായിരുന്നു എന്നതിന്നു് ഐതിഹ്യം സാക്ഷ്യം വഹിക്കുന്നു. മയൂരന്റെ ലഘുവായ ചരിത്രത്തെക്കുറിച്ച് അറിയുന്നതു നന്നായിരിക്കും. ആർ. നാരായണപ്പണിക്കർ ബി. എ. ഇക്കാര്യം ഇങ്ങനെ പ്രതിപാദിച്ചിരിക്കുന്നു:—

"മയൂരകവിയുടെ ജീവചരിത്രത്തെപ്പററി വളരെയൊന്നും നമുക്കു് അറിവാൻ സാധിച്ചിട്ടില്ല. അദ്ദേഹം കാന്യകുബ്ജത്തിലെ ഹഷവൎദ്ധനചക്രവത്തിയുടെ സദസ്യരിൽ അഗ്രഗണ്യനും, കാദംബരി, ഹഷചരിതം മുതലായ കാവ്യതല്ലജങ്ങൾ മുഖേന "ബാണോച്ഛിഷ്ടം ജഗൽ സവ്വം" എന്നു വിദ്വൽപൂജയ്ക്കു പാത്രീഭവിച്ചവനും ആയ ശ്രീഭട്ട

ബാണന്റെ ഭഗിനീപതിയായിരുന്നു എന്നു മേരുതുംഗപ്ര ണീതമായ പ്രബന്ധചിന്താമണിയിൽനിന്നു് അറിയുന്നു. ബാണ മയൂരന്മാരുടെ സമകാലികത്വത്തിന്നു് ഉപഷ്ടംഭ കമായി

"അഹോപ്രഭാവോ വാക്ദേവ്യാ
യന്മാതംഗ ദിവാകരഃ
ശ്രീഹർഷസ്യാഭവൽ സഭ്യഃ
സമോബാണമയൂരയോഃ"

എന്നൊരു ശാർങ്ഗധരപദ്യവും കാണുന്നുണ്ടു്. മയൂരൻ ഒരു കുഷ്ഠരോഗിയായിരുന്നു എന്നും തന്നിവാരണാർത്ഥം ഒരു അഗ്നികുണ്ഡം രചിച്ചു് അതിനുമുകളിലായി നൂറുകയറുക ളോടുകൂടിയ ഒരു ഉറികെട്ടി, അതിലിരുന്നുകൊണ്ടു് ഓരോ പദ്യം വീതം നിർമ്മിച്ചു ചൊല്ലിയിട്ടു കയറുകളെ ഓരോ ന്നായി ഛേദിച്ചുവെന്നും, അങ്ങനെ നൂറാമത്തെ കയററു ത്തപ്പോൾ സൂര്യഭഗവാൻ പ്രത്യക്ഷീഭവിച്ചു സ്വകരങ്ങ ളാൽ അദ്ദേഹത്തെ താങ്ങിയെടുത്തു് ആശ്ലേഷിച്ചതിനോ ടുകൂടി രോഗശമനമുണ്ടായെന്നുമാണു് ഐതിഹ്യം". മേല്പത്തൂ രിന്റെ രോഗനിവാരണം നാരായണീയനിർമ്മാണംകൊ ണ്ടാണെന്നു് അറിയാത്തവർ മലയാളത്തിലില്ലായ്കയാൽ അക്കാര്യത്തെക്കുറിച്ചു് ഇവിടെ പ്രസ്താവിക്കുന്നില്ല.

കാവ്യത്തിന്നു് വിഗളിതവേദ്യാന്തരമാനന്ദം പ്രദാനം ചെയ്യുവാൻ ഉടനടി സാധിക്കുമെന്നതിന്നു മഹാകവികളു ടെ അതികമനീയങ്ങളായ:—

"വസനേപരിധൂസരേ വസാനാ
നിയമക്ഷാമമുഖീധൃതൈകവേണീ
അപിനിഷ്കരുണസ്യശുദ്ധശീലാ
മമദീർഘം വിരഹവ്രതം ബിഭർത്തി"

"പരിപാണ്ഡുദുർബ്ബലകപോലസുന്ദരം
ദധതീവിലോലകബരീകമാനനം
കരുണസ്യമൂർത്തി രഥവാശരീരിണീ
വിരഹവ്യഥേവ വനമേതിജാനകീ"

ഇത്തരപദ്യങ്ങൾക്കു കഴിവുണ്ടെന്നു് ഏതൊരു സചേതസ്സിനോടും എടുത്തുപറയേണ്ടതായിട്ടില്ല. അത്രയ്ക്കുണ്ടു് അവയുടെ ഹൃദയംഗമത്വം.

"ആലക്ഷ്യദന്തമുകുളാന്യ നിമിത്തഹാസൈ-
രവ്യക്തവർണ്ണരമണീയ വചഃപ്രവൃത്തീൻ
അങ്കാശ്രയപ്രണയിനസ്തനയാൻവഹന്തോ
ധന്യാസ്തദംഗരജസാമലനീഭവന്തി."

എന്ന കാളിദാസന്റെ കുടുംബിനിർവ്വിശേഷമായ യഥാർത്ഥാനുഭവം ശ്രവണമാത്രത്തിൽ പരനെ നിർവ്വാണസരസ്സിൽ നീന്തിപ്പിക്കുന്നു! നോക്കുക! നമ്മുടെ അധുനാതനകവിചക്രവർത്തിയായ വള്ളത്തോളിന്റെ വാസനാഭാസുരമായ കനകതൂലികയിൽനിന്നു വിനിർഗ്ഗളിച്ച—

"നിരന്തരംവീടിനു നെയ്‌വിളക്കുമെ-
യ്യൊരത്ഭുതപ്പാൽ കിഴികണ്ണിനുത്സവം
ഉരസ്ഥലത്തിന്നു മണിപ്പതക്കമീ-
നരക്കനാനാസുഖ സംഗ്രഹംസുതൻ"

മോഹനപദ്യം! അല്പമെങ്കിലും സഹൃദയത്വമുള്ള ഒരുവൻ ഇത്തരകാവ്യത്തെ സശിരഃകമ്പം പുകഴ്ത്താതിരിക്കയില്ല. പ്രൗഢഗംഭീരവചസ്സും വിജ്ഞാനവൃദ്ധനുമായ മഹാകവി ഉള്ളൂരിന്റെ ഹൃദയദ്രവീകരണ വിചക്ഷണമായ വാണീവിലാസം സദ്യഃപരനിർവൃതി ജനകമാണെന്നതിന്നു് ഉമാകേരളത്തിലെ അനേകപദ്യങ്ങളും ഉദാഹരിക്കാവുന്നവയാകുന്നു. "ഉമാകേരളനിരൂപണ"ത്തിൽ ആ വസ്തുത ഈ ലേഖകൻതന്നെ പല സന്ദർഭങ്ങളിലുമായി വിശദമാക്കിയിട്ടുണ്ടു്.

അതിഗഹനങ്ങളായ ആമ്നായാദികൾ ആചാൎയ്യവൎയ്യന്മാരെപ്പോലെ അനുശാസിക്കുമ്പോൾ പ്രിയതമയുടെ പ്രണയവചനംപോലെ കാവ്യവചസ്സു മധുരോപദേശം ചെയ്യുന്നുണ്ടു് എന്ന വാസ്തവം തിരോഹിതമല്ലതന്നെ. വേദശാസ്ത്രാദികളുടെ അപ്രതിഹതശാസനത്തേക്കാൾ കോമളകാവ്യങ്ങളുടെ സുലളിതസമ്മോഹനമായ വചനാമൃതത്തിന്നു മാധുൎയ്യമേറുമെന്നു പറഞ്ഞറിയിക്കേണ്ടതില്ല. കാവ്യം അതിൽ ചിത്രീകരിക്കപ്പെട്ട നായികാനായകന്മാരായ പാത്രങ്ങളുടെ സ്വഭാവസംസ്കാരസമ്പത്തികൊണ്ടു മനുഷ്യനെ കൃത്യാകൃത്യവിവേകമുള്ളവനാക്കിത്തീൎക്കുന്നു. ശ്രീരാമൻ ഉത്തമനായകനാകുന്നെന്നും ആ അവതാരമൂൎത്തിയെപ്പോലെ വൎത്തിക്കണമെന്നും വാത്മീകി രാമായണം നമ്മെ പഠിപ്പിക്കുന്നു. അതുപോലെ രാവണാദികളായ കുത്സിതനായകന്മാരെപ്പോലെ ജീവിക്കുകയും പെരുമാറുകയും ചെയ്യരുതെ എന്ന പാഠവും രാമായണപാരായണത്താൽ നമുക്കു കൈവരുന്നു. നായികമാരിലാണെങ്കിൽ സീത, സാവിത്രി മുതലായ മഹിളാമണികൾ ചാരിത്രത്തിന്റെ തൂവെളിച്ചം അധുനാതനവനിതമാൎക്കു് ആദൎശഹസ്തത്താൽ കൊളുത്തിക്കാണിച്ചു ഉത്തമസീമന്തിനിമാർ എന്തെല്ലാം അനുഷ്ഠിച്ചിരിക്കുന്നു, എങ്ങനെയെല്ലാം പെരുമാറിയിരിക്കുന്നു എന്നും മറ്റും എളുപ്പത്തിൽ നമുക്കു കാവ്യപാഠത്താൽ അറിയാവുന്നതാണല്ലോ. എത്രയധികം സംസ്കാരസമ്പന്നയായിട്ടാണു വാത്മീകി സീതയെ സങ്കല്പിച്ചിരിക്കുന്നതു! മഹാകവി കാളിദാസൻ രഘുവംശത്തിൽ വനിതകൾക്കു് ആദൎശദീപികയായ സീതാദേവിയെ പതിവ്രതാമണിയായി ചിത്രീകരിച്ചിരിക്കുന്നതു് ഏറ്റവും ഹൃദയംഗമമായ രീതിയിലാകുന്നു. കുലീനകളായ നായികമാൎക്കപോലും സീതാദേവി ചാരിത്രത്തിന്റെ പ്രകാശം കാണിച്ചുകൊടുത്തു് അവരെ ദുരാചാരലേശത്തിൽ

നിന്നു് ഒഴിവാകുന്നു. ഇക്കാൎയ്യത്തിൽ കാളിദാസൻ ചെയ്തിരിക്കുന്നയത്നം അനിൎവ്വചനീയവും അനിതരസാധാരണവുമായതാണു്. സംസ്കൃതത്തിലും മലയാളത്തിലുമുള്ള നിരവധി മഹാകവികൾ അവരവരുടെ തൂലികാവിലാസത്താൽ സീതയെ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും രഘുവംശത്തിലെ സീത, കാളിദാസൻെറ മോഹനഭാവനകൊണ്ടു പരിസ്ഫുരിച്ചു പാവനദൎശന അത്യന്തം കീൎത്തനീയയും ആദൎശസംശുദ്ധയുമാകുന്നു.

കാളിദാസർ രഘുവംശം പതിന്നാലാം സൎഗ്ഗത്തിൽ വൈദേഹിയുടെ ചാരിത്രം എത്രത്തോളം പരിപാവനമായിട്ടാണു കല്പിച്ചിരിക്കുന്നതെന്നു ചിന്തിച്ചുനോക്കിയാൽ അറിയാവുന്നതാണു്. രാവണവധംകഴിഞ്ഞു പുഷ്പകവിമാനമേറി രാമലക്ഷ്മണന്മാർ അയോദ്ധ്യയിലെത്തിയ സമയം ഉടൻതന്നെ അമ്മമാരെ കാണ്മാൻ ചെല്ലുകയും കൂടെയുണ്ടായിരുന്ന സീതാദേവി അവരോടു്

"ക്ലേശാവഹാഭൎത്തുരലക്ഷണാഹം
സീതേതിനാമ സ്വമുദീരയന്തീ
സ്വൎഗ്ഗപ്രതിഷ്ഠസ്യഗുരോൎമ്മഹിഷ്യാ-
വഭക്തിഭേദേന വധൂൎവ്വവന്ദേ"

ഇപ്രകാരംപറഞ്ഞു് അവരെ വന്ദിച്ചുവെന്നു പ്രസ്താവിച്ചിരിക്കുന്നു. രസഭരിതമായും ആലോചനാമൃതമായുമിരിക്കുന്ന ഈ പദ്യത്തിൻെറ ആശയത്തിലേക്കു് ഒന്നു കണ്ണോടിക്കുക. അപ്പോൾ അതിൻെറ ഹൃദയംഗമത്വം വ്യക്തമാകുന്നതുകാണാം. ഞാൻ ഭൎത്താവിന്നു ക്ലേശകാരിണിയും ഒരു തരത്തിലും അദ്ദേഹത്തിന്നു് അനുരൂപയല്ലാത്തവളും ആകുന്നു. അതായതു് സൎവ്വഗുണ സമ്പന്നനായ ആ മഹാത്മാവിന്നു് അലക്ഷണതന്നെയാണു ഞാനെന്നു താല്പൎയ്യം. എൻെറ പേരു് സീതയെന്നാകുന്നു എന്നുപറഞ്ഞു സ്വൎഗ്ഗസ്ഥിതനായ ഭൎത്തൃപിതാവിൻെറ പട്ടമഹിഷിമാരായ കൌസല്യാസുമിത്രമാ

രെ ഭക്തിഭേദംകൂടാതെ നമസ്കരിച്ചു എന്നു പ്രസ്താവിച്ചതിൽ നിന്നും വൈദേഹി അത്യന്തം സംസ്കാരസമ്പന്നയാണെന്നു തെളിയുന്നുണ്ടല്ലോ. അച്ഛൻ മരിക്കുകയാൽ വൈധവ്യദുഃഖമനുഭവിക്കുന്ന അമ്മമാരെ കണ്ടസമയം സീതയുടെ വ്യസനഭാരം ഒന്നുകൂടി വൎദ്ധിച്ചുവെന്നു് ഇതുകൊണ്ടു സൂചിക്കുന്നു. "ക്ലേശാവഹാഭൎത്തുരലക്ഷണാഹം" എന്ന പദ്യത്തിലെ ആദ്യപാദത്തിന്റെ ആന്തരാൎത്ഥംകൊണ്ടു രാമദാരങ്ങളുടെ അനിൎവ്വചനീയമായ അവ്യാജഭക്തിവിനയാദികൾ എന്തെന്നില്ലാതെ പ്രകാശിക്കുന്നുണ്ടു്. സീതാദേവിയുടെ—

"ശ്വശ്രൂജനം സൎവ്വമനുക്രമേണ
വിജ്ഞാപയ പ്രാപിതമൽപ്രണാമാ:
പ്രജാനിഷേകം മയിവൎത്തമാനം
സൂനോരനുദ്ധ്യായത ചേതസേതി"

എന്ന വാക്കു് എത്രയധികം ഹൃദയദ്രവീകരണചണമായിരിക്കുന്നു! ക്രമം തെററാതെ എല്ലാ അമ്മമാരോടും എന്റെ നമസ്കാരമുണ്ടെന്നു് അറിയിച്ചതിൻ പിന്നെ എന്നിലിരിക്കുന്ന ഭവൽപുത്രന്റെ പ്രജാബീജത്തെ (ഗൎഭത്തെ) ഉള്ളുകൊണ്ടു് ഓൎക്കേണമേ!—മംഗളം വരുമാറു ചിന്തിക്കേണമേ! എന്നും ഉണൎത്തിക്കേണം. യഥാൎത്ഥകവിത ആലോചനാമൃതമായിരിക്കുമെന്നുള്ളതു് എത്രയും പരമാൎത്ഥമാകുന്നു. വീണ്ടും വീണ്ടും ചിന്തിക്കുന്തോറും അതിന്റെ ആസ്വാദ്യതകൂടിക്കൂടി വരികയും സഹൃദയൻ ആ കാവ്യാമൃതം നുകരുന്നതിന്നു് ഉൽസുകനായിരിക്കുകയും ചെയ്യും. ഇക്കാൎയ്യത്തിൽ കാളിദാസകാവ്യത്തിന്നു് ഒരു പ്രത്യേകതയുണ്ടു്. എത്രയാസ്വാദിച്ചാലും മതിവരാത്ത അനന്യലഭ്യമായ ഒരു മാധുൎയ്യം അതിന്നുണ്ടു്. ഭവൽസുതന്റെ സന്താനമാണു് എന്റെ ഗൎഭത്തിലിരിക്കുന്നതു് എന്നു പറയുന്ന സീതയുടെ ആശയഗതി ഏതു നിലയിലിരിക്കുന്നു എന്നു് ചിന്തി

ക്കുവാൻ വളരെ പ്രയാസമുണ്ടു്. ശ്രീ രാമചന്ദ്രന്റെ പേരിൽ അളവററ പ്രണയവും തന്മൂലം കുറഞ്ഞൊരു കോപവും ഈ വാക്യത്തിൽ അന്തൎഭവിച്ചിട്ടുണ്ടു് എന്നു സഹൃദയന്മാൎക്കു കാണാം.

"വാച്യസ്ത്വയാമദ്വചനാൽ സരാജാ
വഹ്നൌവിശുദ്ധാമപിയൽസമക്ഷം
മാംലോക വാദശ്രവണാദഹാസീഃ
ശ്രുതസ്യകിം തൽസദൃശം കുലസ്യ."

അഗ്നി പരിശുദ്ധയാണെങ്കിലും എന്നെ മിഥ്യാപവാദം കേട്ടു് ഉപേക്ഷിച്ചതു പ്രസിദ്ധമായ അങ്ങയുടെ വംശത്തിന്നു യോജിച്ച കാൎയ്യമായോ? എന്നു് ഞാൻ ചോദിച്ചതായി ആ രാജാവിനോടു് അല്ലയോ ലക്ഷ്മണ! നീ ഒന്നുണൎത്തിച്ചേക്കണം എന്ന സീതയുടെ വചനത്തിൽ അല്പം രോഷരൂക്ഷത കലൎന്നിട്ടുള്ളതു. പെട്ടെന്നു് ഉണ്ടായ വ്യസനഭാരത്താൽ സമുൽഭൂതമായതാകുന്നു. എങ്കിലും വീണ്ടാലോചിച്ചപ്പോൾ ആ ദേവിതന്നെ

"കല്യാണബുദ്ധേരഥവാതവായം
നകാമചാരോമയി ശങ്കനീയഃ
മമൈവ ജന്മാന്തരപാതകാനാം
വിപാകവിസ്ഫൂൎജ്ജഥുരപ്രസഹ്യഃ"

അല്ലെങ്കിൽ സൽബുദ്ധിയായ അവിടുത്തെ ഈ ത്യാഗം സ്വേച്ഛകൊണ്ടു സംഭവിച്ചതാണെന്നു സംശയിയ്ക്കപോലും വയ്യ; എന്റെ ജന്മാന്തരദുരിതത്തിന്റെ പാരമ്യംകൊണ്ടു തന്നെയാണെന്നാണു് വിചാരിക്കേണ്ടതു് എന്നു പറയുന്നു. അപ്പോൾ ആ പതിവ്രതാരത്നത്തിന്റെ ഭൎത്തൃപ്രേമം എത്രകണ്ടാണെന്നു് ഊഹിച്ചാൽ അറിയാമല്ലോ. ഒരു തരത്തിലും ഭൎത്താവിനെ, ക്ഷത്രകുലാവതംസമായ ശ്രീ രാമചന്ദ്രനെ

ഇക്കാൎയ്യത്തിൽ കറപ്പെടുത്തുവാൻ വയ്യ എന്നാണ് സീതയുടെ നിൎബ്ബന്ധം. ഈ സുദൃഢമായ വിശ്വാസം ആ ദേവിയുടെ ചാരിത്രത്തിന്ന് മാററുകൂട്ടുകയല്ലേ ചെയ്യുന്നതു്. ഉത്തരത്തിലുള്ള ഉത്തമനായികമാർ നന്നേ ചുരുങ്ങുമെന്നതിന്നു് സംശയമുണ്ടോ.

"കിംവാതവാത്യന്തവിയോഗമോഘേ
കുൎയ്യാമുപേക്ഷാംഹത ജീവിതേസ്മിൻ
സ്യാദ്രക്ഷണീയം യദിമേനതേജ-
സ്ത്വദീയമന്തൎഗ്ഗതമന്തരായഃ
സാഹംതപസ്സൂൎയ്യനിവിഷ്ടദൃഷ്ടി-
രൂൎദ്ധ്വം പ്രസൂതേശ്ചരിതും യതിഷ്യേ
ഭൂയോയഥാ മേ ജനനാന്തരേപി
ത്വമേവഭൎത്താ ന ച വിപ്രയോഗഃ"

എന്റെ കുക്ഷിസ്ഥവും രക്ഷണീയവുമായ ആൎയ്യപുത്രന്റെ സന്താനം—ഗൎഭരൂപമായ തേജസ്സ് ഒരു വിഘ്നമായി പരിണമിച്ചിട്ടില്ലെങ്കിൽ ഈ ദുരന്തവിരഹംകൊണ്ട് ഫലശൂന്യമായ ജീവിതം ഞാൻ ഉപേക്ഷിയ്ക്കുമായിരുന്നു. ഏതായാലും പ്രസവത്തിന്നുശേഷം, എങ്ങനെയായാൽ ജന്മാന്തരത്തിലും അങ്ങുതന്നെ ഭൎത്താവായിവരികയും വിരഹമനുഭവിയ്ക്കാതിരിയ്ക്കുകയും ചെയ്യുന്നുവോ അങ്ങനെയുള്ള തപസ്സു സൂൎയ്യങ്കൽ ദൃഷ്ടി കൊടുത്തുനിന്നു് അനുഷ്ഠിപ്പാൻ ഉറച്ചിരിയ്ക്കയാണു്. എത്ര ഹൃദയവികാസവും പതിപ്രേമവും സംസ്കാരസംശുദ്ധിയും ആണ് ഈ ഹൃദയമലിയിയ്ക്കുന്ന വചസ്സിൽനിന്നും തെളിയുന്നതു്!

നായകന്മാരിൽ ശ്രീരാമൻ, ധൎമ്മപുത്രൻ മുതലായവർ ഉത്തമന്മാരാണെന്നു കാവ്യം നമ്മെ പഠിപ്പിച്ചുതരുന്നു. ശ്രീരാമന്റെ ക്ഷത്രവീൎയ്യം എത്രകണ്ടു് അഭിവന്ദനീയമായിട്ടുണ്ടു് എന്നു രഘുവംശം പരിശോധിച്ചാൽ അറിയും. രഘുവംശ

ത്തിലെ ദിലീപൻ, രഘു മുതലായ നായകന്മാരും അവരവരുടെ സംസ്കാരവിശേഷത്താൽ മനുഷ്യരെ സന്മാർഗ്ഗസഞ്ചാരികളാക്കിത്തീർക്കുന്നതു കാണാം. ദിലീപന്റെ സത്യനിഷ്ഠ, കൃത്യബോധം, ഭൂതദയ മുതലായ ഗുണവിശേഷങ്ങൾ അസാധാരണങ്ങളാകുന്നു. പ്രശാന്തഗംഭീരനായ അദ്ദേഹത്തിന്റെ ധീരോദാത്തനായകനായ ആ മഹാത്മാവിന്റെ അളവററ മാഹാത്മ്യം ലോകത്തിന്നു് അനൎഘമായ നേട്ടവും അമൂല്യമായ പാഠവുമായിട്ടുണ്ടു്. വസിഷ്ഠസന്നിധിയിൽ പട്ടമഹിഷിയൊത്തുചെന്ന ദിലീപരാജാവിന്റെ വിനയാദി സൽഗുണങ്ങളും പിതൃക്കളോടും ഗുരുക്കന്മാരോടും മററുമുള്ള ഭക്തിയും സന്ദൎഭാനുസരണം വൎണ്ണിച്ചു്.

"ലതാപ്രതാനോൽഗ്രഥിതൈസ്സകേശൈ-
രധിജ്യധന്വാ വിചചാര ദാവം
രക്ഷാപദേശാന്മുനിഹോമധേനോ-
ൎവന്യാൻ വിനേഷ്യന്നിവ ദുഷ്ടസത്വാൻ"

എന്നു് അദ്ദേഹത്തിന്റെ വ്രതോചിതവേഷവും വായനക്കാരന്നു കാണിച്ചുകൊടുത്തു് ആ രാജമൌലിയെ അത്യന്തധീരതയുടേയും അഭിവന്ദ്യതയുടേയും ഇരിപ്പിടമാക്കിക്കൊണ്ടാണു കാളിദാസരുടെ തൂലികാവ്യാപാരം തുടൎന്നുപോകുന്നതു്.

ദിലീപരാജാവിന്റെ മായാസിംഹത്തോടുള്ള സംഭാഷണങ്ങളും ചോദ്യോത്തരങ്ങളും നമ്മെ വിലയേറിയ പാഠമാണു പഠിപ്പിക്കുന്നതു്. സിംഹത്തിന്റെ സയുക്തികങ്ങളായ സകല വചസ്സുകളേയും ധീരശാന്തവും ദയാതുന്ദിലവുമായ ഉചിതോപദേശത്താൽ ഖണ്ഡിച്ചു്

"മാന്യസ്സമേ സ്ഥാവരജംഗമാനാം
സൎഗ്ഗസ്ഥിതി പ്രത്യവഹാരഹേതുഃ
ഗുരോരപീദം ധനമാഹിതാഗ്നേ-
ൎന്നശ്യൽ പുരസ്താദനുപേക്ഷണീയം"

എന്നും മററും സമൎത്ഥിച്ചു്:-

"സത്വംമദീയേന ശരീരവൃത്തിം
ദേഹേനനിർവർത്തയിതും പ്രസീദ
ദിനാവസാനോത്സുകബാലവത്സാ
വിസൃജ്യതാം ധേനുരിയംമഹർഷേഃ"

എന്നിങ്ങനെ സ്വദേഹം ഭക്ഷിച്ചു് അന്തിയായാൽ അമ്മവരുമെന്നു കാക്കുന്ന ഇളംകറവകുട്ടിയോടുകൂടിയ പശുവിനെ വിടുവാൻ അപേക്ഷിക്കുന്ന ആ രാജപുംഗവൻെറ സ്വഭാവസംസ്കാരം എത്രവിലയേറിയതാകുന്നു!

കാവ്യാപരനാമധേയകമായ സാഹിത്യം, ദൃശ്യശ്രവ്യഭേദേനദ്വിവിധമായിട്ടുണ്ടു്. അവയിൽ ദൃശ്യകാവ്യത്തിന്നു (നാടകാദികൾക്കു്) അടിസ്ഥാനഭൂതമായ നാട്യശാസ്ത്രമാണു് ആദ്യമുണ്ടായിട്ടുള്ളതു്. നാട്യശാസ്ത്രത്തിൻെറ പ്രണേതാവു് ഭരതമുനിയാകുന്നു. ഭരതമുനി നാട്യശാസ്ത്രം നിർമ്മിച്ചതിൻെറ ശേഷമാണു് ആഗ്നേയമഹാപുരാണം കൃഷ്ണദ്വൈപായനൻ വിരചിച്ചിട്ടുള്ളതു്.

ഭരതമുനി മഹേന്ദ്രവിജയോത്സവത്തിൽ പിതാമഹമഹേശ്വരന്മാരാൽ ഉപദിഷ്ടനായി ആദ്യം നാട്യവേദം പ്രയോഗിച്ചു. നാട്യശാസ്ത്രത്തിൻെറ ഉല്പത്തിയെക്കുറിച്ചു ദശരൂപകത്തിൽ

"ഉദ്ധൃത്യോദ്ധൃത്യസാരം യമഖിലനിഗമാ-
ന്നാട്യവേദം വിരിഞ്ചി-
ശ്ചക്രേയസ്യ പ്രയോഗം മുനിരപിഭരത-
സ്താണ്ഡവം നീലകണ്ഠഃ
ശർവ്വാണീലാസ്യമസ്യ പ്രതിപദമപരം
ലക്ഷ്മകഃകർത്തുമീഷ്ടേ
നാട്യാനാം കിന്തുകിഞ്ചിൽ പ്രഗുണരചനയാ
ലക്ഷണം സംക്ഷിപാമി"

ഇങ്ങനെ പറഞ്ഞിരിക്കുന്നു. ഭരതകൃതമായ നാട്യശാസ്ത്രം തദ്വംശജന്മാർ ലക്ഷണയാഭരതനാമത്താൽ കീർത്തിക്കുന്നു. ദൌഷ്യന്തിയും ശകുന്തളാപുത്രനുമായ ഭരതൻെറ അനന്തരവന്മാരായ രാജാക്കന്മാരെ ഭരതൻ എന്നു പറഞ്ഞുവരാറുണ്ടത്രേ.

വൈവസ്വതമനുവിൽനിന്നു സപ്തമനായ നഹുഷൻ ത്രേതായുഗത്തിൽ രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന കാലത്താണു നാട്യശാസ്ത്രപ്രണയനമെന്നാണ് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്. നഹുഷൻ ആയുസ്സിൻെറ പുത്രനും യയാതിയുടെ പിതാവുമാണെന്നു് മഹാഭാരതത്തിൽ പറയുന്നു

സാഹിത്യശാസ്ത്രത്തെ അലങ്കാരശാസ്ത്രമെന്നുകൂടി പറയാറുണ്ടു്. അലങ്കാരശാസ്ത്രത്തിൻെറ ആദികർത്താവു ഭാമഹാചാര്യൻ ആകുന്നു. അദ്ദേഹം ആഗ്നേയാദി പുരാണത്തെ ഉപജീവിച്ചാണു് ആ ശാസ്ത്രം വിരചിച്ചിരിക്കുന്നതു്. ഭാമഹഗ്രന്ഥത്തിൽനിന്നും പ്രാചീനമായി ഒരു സാഹിത്യശാസ്ത്രവും കാണാതിരിക്കുന്നസ്ഥിതിക്കു ഭാമഹൻതന്നെയാണു പ്രാചീനാലങ്കാരികൻ എന്നു നിസ്സന്ദേഹം അഭിപ്രായപ്പെടാവുന്നതാകുന്നു.

ഭരതമുനി ത്രേതായുഗത്തിലാണു് നാട്യശാസ്ത്രം നിർമ്മിച്ചതെന്നു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. അതുപോലെ പരാശരപുത്രനായ വ്യാസൻ ദ്വാപരയുഗത്തിൽ പുരാണങ്ങൾ വിരചിച്ചു. അലങ്കാരശാസ്ത്രത്തിൻെറ കർത്താവായ ഭാമഹാചാര്യൻ നാനാദർശന നിഷ്ണാതനും പാണിനിവ്യാകരണാദിധുരീണനുമായിരുന്നു. മഹാപണ്ഡിതനും പൌരാണികദൃഷ്ടിയുമായ അദ്ദേഹം ലക്ഷ്യലക്ഷണസങ്കലിതമായ കാവ്യാലങ്കാരമെന്നു പേരുള്ള ഗ്രന്ഥരത്നം വിരചിച്ചു. ഷട്പരിച്ഛേദാത്മകമായ ആ ഗ്രന്ഥത്തെക്കുറിച്ചു്—

"ശാലാതുരീയമതമേതദനുക്രമേണ

കോവക്ഷ്യതീതി വിരതോഹമതോവിചാരാൽ

ശബ്ദാൎണ്ണവസ്യയദികശ്ചിദുപൈതിപാരം
ഭീമാംഭസശ്ചലജലധേരിതി വിസ്മയോ സൌ
വിദ്യാനാം സതതമുപാശ്രയോ പരാസാം
താസൂക്താന്നച വിരുണദ്ധികാംശ്ചിദൎത്ഥാൻ
ശ്രദ്ധേയം ജഗതിമതംച പാണിനീയം
മാദ്ധ്യസ്ഥ്യാൽ ഭവതി ന കസ്യചിൽപ്രമാണം
അവലോക്യമതാനി സൽകവീനാ—
മവഗമ്യസ്വധിയാചകാവ്യലക്ഷ്മ
സുജനാവഗമായ ഭാമഹേന
ഗ്രഥിതംരക്രിലഗോമിസൂനുനേദം

ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

അലങ്കാരത്തിന്റെ ആദികൎത്താവായ ഈ ഭാമഹാചാൎയ്യനെക്കുറിച്ചു് അല്പമെങ്കിലും ഇവിടെ സ്മരിക്കാതിരിക്കുന്നതു യുക്തമല്ല. ഭാമഹൻ മഹാഭാഷ്യകാരനായ പതഞ്ജലിക്കു ശേഷവും കാവ്യാദൎശകാരനായ ദണ്ഡിക്കുമുമ്പും വിദൎഭത്തിലും പരിസരപ്രദേശങ്ങളിലും ജീവിച്ചുകൊണ്ടിരുന്ന ആളായിരുന്നു. അതിന്നു ലക്ഷ്യമായി അദ്ദേഹത്തിന്റെ "സമുദായാൎത്ഥശൂന്യം യത്ത ദപാൎത്ഥകം ഇഷ്യതെ, ദാഡിമാനിദശാപൂപാഷഡിത്യാദി യഥോദിതം" എന്ന മഹാഭാഷ്യവാക്യവുമുണ്ടു്. ദണ്ഡി കാവ്യാദൎശത്തിൽ ഭാമഹഗ്രന്ഥത്തെ ഗ്രഹിച്ചിരിക്കുന്നതു തൽപ്രാചീനതയെ പ്രകാശിപ്പിക്കുന്നുമുണ്ടല്ലോ. വരരുചികൃതമായ പ്രാകൃതവ്യാകരണത്തിന്നു ഭാമഹൻ വൃത്തിവിരചിച്ചിട്ടുണ്ടു്.

## II

സഹിതസ്യഭാവഃ സാഹിത്യം എന്ന വ്യുല്പത്തിപ്രകാരം ആലോചിച്ചുനോക്കുന്നതായാൽ എത്ര വലിയ വ്യാപകമായ ഒരൎത്ഥമാണു സാഹിത്യത്തിന്നുള്ളതു് എന്നു കാണാം.

വുന്നതാണ്. എന്നാൽ വേദശാസ്ത്രപുരാണാദികളിലുംകൂടി സംബന്ധിച്ചു കിടക്കുന്ന സാരസ്വതമായ സാഹിത്യത്തിന്റെ സ്വരൂപം സാധാരണമായി കാവ്യമുഖേന മനസ്സിലാക്കാൻ കഴിയുന്നതുകൊണ്ടു് അതിനെപ്പററിയുള്ള ഒരു നിരൂപണം അസ്ഥാനത്തിലാവുകയില്ലെന്നു വിശ്വസിക്കുന്നു. സാഹിത്യപദാൎത്ഥത്തെ പൌരസ്ത്യരും പാശ്ചാത്യരുമായ നിരൂപകന്മാർ അവരവരുടെ ബുദ്ധിശക്തിയ്ക്കനുസരിച്ചു നിരൂപിച്ചിട്ടുണ്ടെങ്കിലും അനാദ്യന്തവും അവാങ്മാനസവിഷയകവും ആകയാൽ അതിന്റെ തത്വം ഇനിയും മുഴുവൻ മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലാത്ത സ്ഥിതിയ്ക്കു് ഈ എളിയതായ നിരൂപണവും ഏറെക്കുറെ പ്രയോജകീഭവിയ്ക്കാതിരിയ്ക്കയില്ല. അല്ലെങ്കിൽ സൌന്ദൎയ്യ ഗാംഭീൎയ്യങ്ങൾകൊണ്ടു വിശ്വമോഹനവും വിസ്മയാവഹവും ആയ അതിന്റെ സിദ്ധാന്തങ്ങൾ എത്ര വൎണ്ണിച്ചാലും മതിയാകുന്നതല്ലല്ലോ. കവികൎമ്മമായ കാവ്യത്തെ സാഹിത്യപദംകൊണ്ടു വ്യവഹരിയ്ക്കാവുന്നതാകുന്നു. സുകുമാരകലയായ സാഹിത്യം, അഥവാ, സാഹിതി കോമളകാവ്യങ്ങളിൽ സമ്മേളിച്ചിരിയ്ക്കുന്നു. അതുകൊണ്ടു് ആനന്ദാനുഭൂതി ദാനംചെയ്യുന്ന അവ (ആ കാവ്യകലകൾ) തന്നെയാണു സാഹിത്യം എന്നു പറഞ്ഞാൽ അഭിപ്രായവ്യത്യാസമുണ്ടാവുകയില്ല. നാദബ്രഹ്മാത്മികയും ഓങ്കാരരൂപിണിയുമായ സരസ്വതീദേവിയുടെ ഉപാധിഭേദമായും അവയവവിശേഷമായും സാഹിത്യത്തെ ചിലർ വ്യാഖ്യാനിയ്ക്കുന്നു. മററു ചിലർ ആ ദേവിയെത്തന്നെ സാഹിതി എന്നു കല്പിയ്ക്കുന്നു. വേറെ ചിലർ സുന്ദരരൂപിണിയായ സരസ്വതിയുടെ വിഹാരമംഗളരംഗമായും വിലാസലാസ്യഭൂമിയായും സാഹിത്യത്തെ വ്യവഹരിയ്ക്കുന്നു. ഇങ്ങനെ ഓരോരുത്തരും പരമരാമണീയകത്തിന്നു് ഇരിപ്പിടമായി അത്യന്താകൎഷകമായ സാഹിത്യപദാൎത്ഥത്തെ വ്യാഖ്യാനിച്ചുകാണുന്നു. കാ

വ്യകലക്കു് (സാഹിത്യത്തിന്നു്) സാധാരണ വാക്പ്രപഞ്ചത്തിൽനിന്നും വിഭിന്നവും വിസ്മയനീയവും ആനന്ദദായകവും ആയ ഒരു സവിശേഷതയുണ്ടു്. അതിനെയാണു കലയുടെ രാമണീയകം അഥവാ ആകൎഷകത്വം എന്നു പറയുന്നതു്. സാഹിത്യത്തിന്നു് ചാരുത്വകാരിത്വം ഏതേതു കാൎയ്യങ്ങളിൽ എല്ലാമുണ്ടോ ആ വക സംരംഭങ്ങളിൽ വ്യാപൃതന്മാരായിരിക്കുന്നവരാണു കവികൾ. സാധാരണ ശബ്ദങ്ങളിൽനിന്നും ഒരു വ്യാവൎത്തകധൎമ്മം, ഒരു വിജാതീയജാതിവിശേഷം സുന്ദരകലയിലന്തൎഭവിച്ചിരിക്കുന്നു. ആ സൌന്ദൎയ്യധൎമ്മത്തിന്നു് ഏതവനേയും എന്തെന്നില്ലാത്ത ആനന്ദത്തിലേക്കു് അടുപ്പിക്കുവാൻ കഴിയും. സാഹിത്യം ബ്രഹ്മാനന്ദസമാനന്ദം കൈവരുത്തുന്നു. ആമുഷ്മികാത്മസാക്ഷാൽകാരത്തെ ഐഹികമായിട്ടു കാണിച്ചുതരുവാൻ അതിനു കഴിവുണ്ടു്. സാധുകാവ്യനിഷേവണത്തിൽ അന്തഃകരണം അമൃതായമാനസൌഖ്യം നേടുന്നു. ഇതിന്നെല്ലാം കാരണം എന്താണെന്നു പരിശോധിക്കുന്നതായാൽ അതു കണ്ടുപിടിക്കുവാൻ വളരെ പ്രയാസമുണ്ടു്.

കാവ്യകലയുടെ സ്വരൂപത്തെപ്പററി നിരൂപണം ചെയ്യുമ്പോൾ അതിൻെറ കാമനീയകകാരണം മനസ്സിലാകും. ആനന്ദദായകത്വം അറിയാറാകും. "വാക്യം രസാത്മകം കാവ്യം" എന്നാണു വിശ്വനാഥൻ കാവ്യലക്ഷണം നിൎവ്വചിച്ചിട്ടുള്ളതു്. രസമാകുന്ന ആത്മാവോടു് (ജീവനാധായകത്തോടു്) കൂടിയതു് ഏതൊന്നോ ആ വാക്യം കാവ്യമാകുന്നു അതുതന്നെയാണു് സാഹിത്യപദംകൊണ്ടു വ്യപദേശ്യമായിട്ടുള്ളതും. കാവ്യത്തിൻെറ രസാത്മകത്വത്തെ കാണിക്കുവാൻ ഉദാഹരണമായി:—

"ശൂന്യം വാസഗൃഹം വിലോക്യശയനാ-
ദുത്ഥായകിഞ്ചിച്ഛനൈ-

നിദ്രാവ്യാജ മുപാഗതസ്യസുചിരം
നിർവ്വണ്യപത്യുർമ്മുഖം
വിസ്രബ്ധം പരിചുംബ്യ ജാതപുളകാ-
മാലോക്യഗണ്ഡസ്ഥലീം
ലജ്ജാനമ്രമുഖീ പ്രിയേണഹസതാ
ബാലാ ചിരം ചുംബിതാ"

ഈ പദ്യം എടുക്കാവുന്നതാകുന്നു. സഖ്യാദിഹീന വിജന പ്രദേശത്തെക്കണ്ടു ശയനത്തിൽനിന്നു പതുക്കെ എണീററു് ഛലനിദ്രനായ ദയിതൻെറ മുഖം കുറെനേരം ആലോകനം ചെയ്തു സവിശ്വാസം ചുംബിച്ചു കോൾമയിർക്കൊണ്ടു കവിൾത്തടത്തെക്കണ്ടു വ്രീളാവിനമ്രവദനയായി പുഞ്ചിരി ക്കൊള്ളുന്ന പ്രിയതമനാൽ പെൺമണിയൊരുത്തി വളരെ നേരം ചുംബിയ്ക്കപ്പെട്ടു. ഇപ്രകാരമുള്ള അൎത്ഥത്താൽ ഇതിലെ രസം സംഭോഗശൃംഗാരമാണെന്നു നിഷ്പ്രയാസം മനസ്സിലാക്കാം. സംഭോഗശൃംഗാരത്തിന്നു്

"ശയിതാസവിധേപ്യനീശ്വരാ
സഫലീകർത്തുമഹോ മനോരഥാൻ
ദയിതാ ദയിതാനനാംബുജം
ദരമീലന്നയനാ നിരീക്ഷതേ"

എന്ന പദ്യവും ഉദാഹരണമായി ഉദ്ധരിയ്ക്കാം. പ്രിയ അടുത്തു കിടക്കുന്നുണ്ടെങ്കിലും മനോരഥം പൂർത്തിവരുത്തുവാൻ അശക്തയായി പ്രാണനാഥൻെറ ആനന പുണ്ഡരീകത്തെ ദരമീലന്നയനയായി (അല്പം തുറന്നമിഴിയോടുകൂടി) നോക്കുന്നു എന്ന അൎത്ഥംകൊണ്ടു് ആ രസം അത്യന്തം സ്ഫുരിയ്ക്കുന്നുണ്ടെന്നു് ഓർത്തുനോക്കിയാൽ അറിയാവുതത്രേ. ഇതുപോലെത്തന്നെ വിപ്രലംഭശൃംഗാരം വഴിഞ്ഞൊഴുകുന്ന താഴെ കാണിയ്ക്കുന്ന പദ്യം നോക്കുക:—

“വാചോമാംഗളികീഃ പ്രയാണസമയേ
ജല്പത്യനല്പംജനേ
കേളീമന്ദിരമാരുതായനമുഖേ
വിന്യസ്തവക്ത്രാംബുജാ
നിശ്വാസഗ്ലപിതാധരോ പരിപതൽ
ബാഷ്പാർദ്രവക്ഷോരുഹാ
ബാലാലോലവിലോചനാ ശിവ! ശിവ!
പ്രാണേശമാലോകതേ”

ഇവിടെ കേളീനികേതനത്തിന്റെ വാതായനവിവരത്തിൽവദനാരവിന്ദമണിഞ്ഞു നെടുവീർപ്പിട്ടു വിറയ്ക്കുന്ന ചുണ്ടത്തു വീണ കണ്ണീരുകൊണ്ടു് നനഞ്ഞ കൊങ്കയോടുകൂടിയ മാങ്കണ്ണിയാൾ പ്രയാണസമയത്തു പ്രാണപ്രിയനെ നോക്കുന്നതു വർണ്ണിച്ചിട്ടുള്ളതിൽനിന്നും വഴിഞ്ഞൊഴുകുന്ന വിപ്രലംഭം വാചാമഗോചരമാണു്.

“അദോഷൌ സഗുണൌ സാലങ്കാരൌ ശബ്ദാർത്ഥൌ കാവ്യം” എന്നാണു് മമ്മടഭട്ടൻ കാവ്യലക്ഷണം പറഞ്ഞിട്ടുള്ളതു്. ദുഃശ്രവത്വാശ്ലീലത്വാദികളായിരിക്കുന്ന ദോഷങ്ങളോടുകൂടാത്തവയും മാധുര്യാദികളായിരിക്കുന്ന ഗുണങ്ങളോടുകൂടിയവയും അലങ്കാരയുക്തങ്ങളുമായ ശബ്ദാർത്ഥങ്ങളിലാണു കാവ്യപദശക്തിയുള്ളതെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. ജഗന്നാഥപണ്ഡിതരാജൻ വിശ്വനാഥന്റേയും, മമ്മടന്റേയും വിഭിന്നങ്ങളായ ഇപ്പറഞ്ഞ രണ്ടു കാവ്യലക്ഷണങ്ങളേയും ഖണ്ഡിച്ചിരിക്കുന്നു. രസാത്മകത്വംമാത്രം കാവ്യലക്ഷണം പറഞ്ഞാൽ വസ്തു, അലങ്കാരം എന്നിവ പ്രധാനങ്ങളായ കാവ്യങ്ങളിൽ ആ ലക്ഷണം ഘടിയ്ക്കായ്കയാൽ അവയ്ക്കു് അകാവ്യത്വാപത്തിവന്നേക്കും. അതാണു് ആ ലക്ഷണം ജഗന്നാഥപണ്ഡിതൻ സ്വീകരിക്കാതിരിക്കുവാൻ കാരണം. ശബ്ദത്തിൽ മാത്രമേ കാവ്യത്വം ഉള്ളു എന്നു്

—"രമണീയാർത്ഥ പ്രതിപാദകഃശബ്ദഃ കാവ്യം" എന്നിങ്ങനെ ലക്ഷണം പറഞ്ഞു് മമ്മടഭട്ടൻെറ ശബ്ദാർത്ഥയുഗളനിഷ്ഠമാണു കാവ്യപദശക്തിയെന്ന മതത്തെ പണ്ഡിതരാജൻ നിരസിക്കുന്നു. മമ്മടഭട്ടൻെറ കാവ്യലക്ഷണമെടുത്തു കാണിച്ചു ജഗന്നാഥ പണ്ഡിതൻ—തത്രവിചാര്യതേ—ശബ്ദാർത്ഥയുഗളം ന കാവ്യശബ്ദവാച്യം. മാനാഭാവാൽ. കാവ്യം ഉച്ചൈഃപഠ്യതേ കാവ്യാദർത്ഥോവഗമ്യതേ കാവ്യം—ശ്രുതമർത്ഥോനജ്ഞാതഃ ഇത്യാദിവിശ്വജനീനവ്യവഹാരതഃ പ്രത്യുത, ശബ്ദവിശേഷസ്യൈവ കാവ്യപദാർത്ഥതാ പ്രതിപത്തേശ്ച." എന്ന യുക്തികൾകൊണ്ടു് അതിനെ ഖണ്ഡിച്ചു സ്വമതമായ കാവ്യപദശബ്ദനിഷ്ഠശക്തിയെ സമർത്ഥിക്കുന്നു.

പൌരസ്ത്യാലങ്കാരികന്മാർതന്നെ പലരും പലവിധത്തിൽ ഈദൃശങ്ങളായ കാവ്യലക്ഷണങ്ങൾ നിർവ്വചിച്ചിട്ടുണ്ടു്. ജീവിതത്തെ വിമർശിക്കുന്ന വികാരഭരിതമായ വചനമാണു കാവ്യമെന്നു പാശ്ചാത്യർ പറയുന്നു. ഷേക്സ്പിയരുടെ നാടകകവിതകൾ വികാരജനകങ്ങളായ ജീവിതവിമർശനങ്ങളാകുന്നു. പൌരസ്ത്യർക്കും ഏവംവിധമായ കാവ്യലക്ഷണത്തോടുകയക്കുവാൻ പാടില്ലെന്നു കാണാവുന്നതാണു്. കാളിദാസൻ, ഭവഭൂതി തുടങ്ങിയുള്ള മഹാകവികളുടെ കാവ്യങ്ങൾക്കും ജീവിതത്തോടുള്ള ബന്ധം അത്യന്തമുണ്ടെന്നു് ഓർത്തുനോക്കിയാൽ അറിയാം. ജീവിതത്തിൻെറ സർവ്വതോമുഖമായ ഭാവം ശാകുന്തളം, ഉത്തരരാമചരിതം എന്നിവയിൽ പ്രതിഫലിച്ചിട്ടുള്ളതു പരമാർത്ഥമാകുന്നു. പൌരസ്ത്യരും പാശ്ചാത്യരും ഓരോ വശങ്ങളിൽ ഓരോ വിഭിന്നനിയമങ്ങളെ അംഗീകരിച്ചുകാണുന്നുണ്ടു്. വധയുദ്ധാദികൾ നാടകത്തിൽ പാടില്ലെന്നു പൌരസ്ത്യർ, വിരോധമില്ലെന്നു് പാശ്ചാത്യർ. അങ്ങനെയാണെങ്കിലും കാവ്യസ്വരൂപനിരൂപണത്തിൽ ഇരുകൂട്ടരുടെ മതങ്ങളേയും കൂട്ടിയിണക്കുവാൻ കഴിയാത്തതല്ല.

സാഹിത്യരൂപമായ കാവ്യത്തിന്റെ സ്വരൂപം പ്രയോജനം എന്നിവയെപ്പററി നിരൂപിച്ചു എങ്കിലും ഉല്പത്തിയെക്കുറിച്ചു പറകയുണ്ടായില്ല. കാവ്യമുണ്ടാകാൻ ഉള്ള കാരണങ്ങളെക്കുറിച്ചും അഭിപ്രായവ്യത്യാസവും മതഭേദവുമുണ്ട് മമ്മടഭട്ടൻ—

"ശക്തിർന്നിപുണതാ ലോക-
ശാസ്ത്രകാവ്യാദ്യവേക്ഷണാൽ
കാവ്യജ്ഞശിക്ഷയാഭ്യാസ-
ഇതിഹേതുസ്തദുത്ഭവേ"

എന്നാണ കാവ്യസാമഗ്രികളെക്കുറിച്ചു പറയുന്നതു്. ശക്തി (പ്രതിഭ)യും, നിപുണത (പാണ്ഡിത്യ)യും ശാസ്ത്രം കാവ്യം മുതലായവയുടെ പഠിപ്പും, കവിധൎമ്മമൎമ്മജ്ഞന്മാരുടെ അടുക്കലുള്ള പയററം സ്വന്തം പരിശ്രമവും കാവ്യകാരണങ്ങളാകുന്നു. ഈ മതം യുക്തിയുക്തമായിട്ടുള്ള ഒന്നാകുന്നു എന്നാണ് ഇയ്യുള്ളവന്റെ അഭിപ്രായം. ജഗന്നാഥപണ്ഡിതരാജൻ ഇക്കാൎയ്യത്തിൽ ഭിന്നാഭിപ്രായക്കാരനാകുന്നു. അദ്ദേഹം പറയുന്നു—കാവ്യത്തിന്റെ കാരണം കവിഗതപ്രതിഭ മാത്രമാകുന്നു. കാവ്യനിൎമ്മാണത്തിന്നു് അനുകൂലമായ ശബ്ദാൎത്ഥങ്ങളുടെ ഉപസ്ഥിതിയെ ആണ പ്രതിഭയെന്ന പറയുന്നതു്. പ്രതിഭയ്ക്കു ചിലദിക്കിൽ ദേവതാ പ്രസാദാദികളും ചിലയിടത്തു വിലക്ഷണവ്യുൽപ്പത്തി, കാവ്യകരണപരിശീലനങ്ങൾ എന്നിവയും കാരണങ്ങളാകുന്നു. ഇവ മൂന്നും കാവ്യത്തിന്റെ കാരണങ്ങളാകണമെന്നില്ല. എന്തുകൊണ്ടെന്നാൽ ബാലാദികൾക്കു വിലക്ഷണവ്യുല്പത്തി മുതലായവയില്ലെങ്കിലും കേവലമഹാപുരുഷപ്രസാദംകൊണ്ടും പ്രതിഭ ജനിയ്ക്കുന്നുണ്ടല്ലോ. ഇപ്രകാരമുള്ള പ്രതിഭകൊണ്ടു ജനിയ്ക്കപ്പെടുന്ന കാവ്യകലയുടെ രസാദികളെക്കുറിച്ചും കുറഞ്ഞൊന്നു പ്രസ്താവിച്ചുകൊള്ളുന്നു.

രസമാണ കാവ്യത്തിന്റെ ആത്മാവ്. അതായത് ജീവനാധായകം എന്ന അത്ഥത്തിൽ അലങ്കാരികൻ "രസാത്മകവാക്യത്വം" കാവ്യലക്ഷണമായി നിവ്വചിക്കുന്നതുകൊണ്ട രസത്തിനാണ കാവ്യത്തിൽ അത്യുത്തമസ്ഥാനം കല്പിക്കേണ്ടതെന്നു തെളിയുന്നു. അതുകൊണ്ട രസമെന്നാൽ എന്തൊരു വസ്തുവാണെന്ന് ആദ്യമായി ചിന്തിക്കണം. ജഗന്നാഥപണ്ഡിതരാജൻ രസഗംഗാധരത്തിൽ രസത്തിന്റെ സ്വരൂപം സവിശേഷമായും സമഗ്രമായും നിവ്വചിച്ചിട്ടുണ്ട്. അനവധി മതങ്ങളും ഈ വിഷയത്തിൽ അദ്ദേഹം ഉദ്ധരിക്കുകയും സിദ്ധാന്തത്തെ പ്രകാശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടൊക്കെ രസവിഷയകമായ വിജ്ഞാനം ആയാസഗമ്യവും ഗഹനവുമാണെന്നു തെളിയുന്നു. എങ്കിലും ചുരുക്കത്തിൽ പറയുന്നതായാൽ—"വ്യക്തഃസതൈർവ്വിഭാവാദ്യൈഃ സ്ഥായീഭാവോരസ: സ്മൃതഃ" എന്നതുകൊണ്ട വ്യക്തം (വ്യക്തി വിഷയീകൃതം) ആയ അതായതു വിഭാവാദികളെക്കൊണ്ട ഭഗ്നാവരണമായ ചിത്തിന്നു വിഷയീഭവിച്ച സ്ഥായീഭാവം രസമെന്നു പറയാം. ആലങ്കാരികന്മാർ രസസ്വരൂപം പലതരത്തിൽ നിവ്വചിച്ചിട്ടുണ്ട്. അവയെല്ലാം ഇവിടെ എടുത്തു പ്രതിപാദിക്കുക എന്നതു് എളുപ്പമല്ല.

ശൃംഗാര: കരുണ: ശാന്തോ
രൌദ്രോ വീരോത്ഭുതസ്തഥാ
ഹാസ്യോ ഭയാനകശ്ചൈവ
ബീഭത്സശ്ചേതി തേനവ"

എന്നു വിഭാഗിക്കപ്പെട്ട രസങ്ങളിൽ ശൃംഗാരവീരങ്ങൾക്കാണ പ്രാധാന്യമുള്ളതെന്നു പറയുന്നു. എതെങ്കിലും ഒരു നാടകം (ദൃശ്യകാവ്യം) നിമ്മിക്കുകയാണെങ്കിൽ ശൃംഗാരരസമോ, വീരരസമോ അംഗിയായി ഉണ്ടായിരിക്കേണ്ടതും

മററ രസങ്ങളെ അംഗങ്ങളായി ഘടിപ്പിയ്ക്കേണ്ടതുമാകുന്നു. പൌരസ്ത്യസാഹിത്യത്തിൽ വളരെക്കാലംമുമ്പുതന്നെ വേരുറച്ചിട്ടുള്ള ഒരു സിദ്ധാന്തമാണ് ഇതു്. ഇതിന്നെല്ലാററിന്നും പുറമേ ശൃംഗാരത്തിന്നു രസചക്രവർത്തിത്വവും ആലങ്കാരികൻ കല്പിച്ചുകൊടുക്കുന്നു. ശൃംഗാരം ആഭാസമാകാതേയോ കലാശപ്പെടാതേയോ ഭംഗിയായി വർണ്ണിച്ചു ശരിപ്പെടുത്തുക എന്നുള്ളതു കവിയ്ക്കു് ഏററവും ആയാസസാദ്ധ്യമായിട്ടുള്ള ഒരു കാര്യമത്രേ. ഏതായാലും ഈവക വിഷയങ്ങൾ ഇവിടെ ഇരിയ്ക്കട്ടെ. മലയാള മഹാകാവ്യങ്ങളിൽ ഏററവും മുന്നണിയിൽ നില്ക്കുന്ന ഒന്നാണ് ഉമാകേരളം. അതിലെ അംഗിയായ രസം എന്താണെന്നു നോക്കാം.

ഉമാകേരളത്തിൽ കരുണം, വീരം എന്നീ രസങ്ങൾ ഓരോ സന്ദർഭങ്ങളിൽ ധാരാളമായി സ്ഫുരിയ്ക്കുന്നുണ്ടു്. ഉള്ളൂരിന്റെ രസവർണ്ണനത്തെക്കുറിച്ചു്—"ശൃംഗാരാദികളായ രസങ്ങളുടെ വർണ്ണനയിൽ ഉള്ളൂരിനുള്ള നൈപുണ്യം അനുഭവവേദ്യമാണ്. അതിലുംവെച്ചു കരുണരസത്തിന്റെ നിബന്ധനത്തിൽ ഈ മഹാകവി അദ്വിതീയൻതന്നെയാകുന്നു. കരുണരസവർണ്ണനയിൽ അത്യന്താപേക്ഷിതമായ മാധുര്യം വശ്യവാക്കായ കവിയ്ക്കു സ്വതസ്സിദ്ധമാകുന്നു. ഈ മഹാകാവ്യത്തെ ആലങ്കാരികസമയമനുസരിച്ചു നിരൂപണം ചെയ്യുമ്പോൾ കല്യാണിയേയും രവിവർമ്മനേയും ആലംബിച്ചുകൊണ്ടുള്ള രതിഭാവം ആദ്യത്തെ സർഗ്ഗത്തിൽത്തന്നെ ഉപക്ഷേപിയ്ക്കപ്പെട്ടതു സുദീർഘമായ വിപ്രലംഭത്താൽ പരിപക്വമായി പലവിധത്തിലുള്ള പ്രതികൂലശക്തികളാൽ കുറെക്കാലം അന്തർഹിതമായിത്തീർന്നു്, ഒടുവിൽ അവരുടെ വിവാഹത്തോടുകൂടി ശൃംഗാരാത്മനാ പരിണമിച്ചു സഹൃദയഹൃദയങ്ങളെ ആഹ്ലാദിപ്പിയ്ക്കുന്നു എന്നാണ് പറയേണ്ടതു്" എന്നാണ് പണ്ഡിതവരേണ്യനായ കെ. വി. എം. പറയുന്നതു്. ആ

ദ്യവസാനം ശൃംഗാരരസവൎണ്ണനപൂൎവ്വകമായി കവി കാവ്യത്തിന്റെ കഥാനിൎവ്വഹണം ചെയ്തിരിയ്ക്കുകൊണ്ടു ശൃംഗാരം തന്നെയാണു് അതിൽ അംഗിയായി നില്ക്കുന്നതെന്നു് എളുപ്പത്തിൽ മനസ്സിലാക്കാം. ഈ രസം ഏതേതു സന്ദൎഭങ്ങളിലാണു് അധികം പ്രകാശിയ്ക്കുന്നതെന്നുകൂടി പരിശോധിയ്ക്കാം. ഒന്നാംസൎഗ്ഗത്തിൽ കല്യാണിയുടെ വൎണ്ണനത്തിൽ മഹാകവി തന്റെ ഭാവനാവിലാസത്തിന്നനുരിച്ചു ശൃംഗാരം ഭംഗിയായി വൎണ്ണിച്ചിട്ടുണ്ടു്.

"പൂമാതു പാൽക്കടലിലെന്നകണക്കു കാന്തി-
ഭൂമാവെഴുന്നൊരു കുമാരി നൃപന്നുദിച്ചു
ആ മാന്യ തന്നുടലിലൊളിക്കളി മൂടിനിന്ന
കൌമാരമാം തിരയെ യൌവനബാഹു നീക്കി."

യശേഷം വാരൊളികൊണ്ടു വിളങ്ങുന്ന രാജാവിന്റെ പൊന്നുമകളെ മഹാകവികന്ദൎപ്പമണിത്തിടമ്പായും ശൃംഗാരസാരസൎവ്വസ്വമായും എത്രയോ അത്യുന്നതസ്ഥാനത്താണു കൊണ്ടുവെച്ചിട്ടുള്ളതെന്നു ഭാവുകന്മാൎക്കു മനസ്സിലാക്കുവാൻ കഴികയുള്ളൂ.

സംഭോഗ ശൃംഗാരമെന്നും വിപ്രലംഭശൃംഗാരമെന്നും രണ്ടുതരം ശൃംഗാരമുള്ളതിൽ വിപ്രലംഭത്തിന്നു് ഉദാഹരണമായി താഴെ കാണിയ്ക്കുന്ന പദ്യങ്ങൾ നോക്കുക:—

"ഹേ വഞ്ചിഭൂപാലക പുത്രിനിന്നി—
ലേവം തഴയ്ക്കുന്ന മമാനുരാഗം
ദൈവംസഹിച്ചില്ല; ലഭിച്ചിടാത്തൊ-
രാവസ്തുവിൽക്കാംക്ഷവിപന്നിദാനം

*    *    *    *
*    *    *    *
*    *    *    *

വേകുന്നൊരുൾത്തട്ടൊടു നിന്നെ വിട്ടു

പൊകുന്നു ഞാനെങ്കിലു മോമലാളേ!
ചാകുന്നകാലംവരെനിന്നഭിഖ്യ
തൂകുന്നമേനിയ്ക്കുതു പീഠമത്രേ."

മഹാരാജാവു നാടുകടത്താൻ വിധിച്ചശേഷം കല്പനപ്രകാരം കല്യാണിയെക്കാണാൻ അവസരം കിട്ടിയപ്പോൾ അവളോടു ദ്രവിയ്ക്കുന്ന ഹൃദയത്തോടുകൂടി രവിവർമ്മൻതമ്പാൻ പറയുന്നവാക്കുകളാണല്ലോ മേൽക്കാണിച്ച പദ്യങ്ങളിൽ പ്രതിപാദിച്ചിരിയ്ക്കുന്നതു്. ഇതുപോലെ കല്യാണി തമ്പാനോടു പറയുന്നതും നോക്കുക:—

"മാതാവിനെക്കണ്ടറിവില്ലെനിയ്ക്കു്
ഹാ! താതനോ സാധു, തുണയ്ക്കുമന്നിൽ
ഏതാണൊരാൾനാഥ! ഭവാൻവെടിഞ്ഞാൽ
ജേതാവുതാൻ ദുർവ്വിധി,യെന്തുചെയ്യും?
ആരോടുപത്താകിൽ വയസ്സുനിന്നിൽ
ക്കുറോടുതമ്പാൻ മറിനൽകുമെന്നായ്
മാറോടുചേർത്തന്നു പിതാവുകണ്ണീ-
രാറോടുമാറോതിയതേവമാണോ?"

ഈ പദ്യങ്ങളിലും വിപ്രലംഭശൃംഗാരം വഴിഞ്ഞൊഴുകുന്നുണ്ടെന്നു് ഏതു സഹൃദയനും ചിന്തിച്ചുനോക്കിയാൽ അറിയാവുന്നതാകുന്നു. കടൽക്കാറ്റേററാൽ വിരഹാഗ്നിയ്ക്കു് അല്പം ശാന്തികിട്ടിയാലോ എന്നു ചിന്തിച്ചു തോഴിമാർ ഉമയമ്മറാണിയുടെ അനുവാദപ്രകാരം കടൽത്തീരത്തു കൊണ്ടുപോയി കല്യാണിയെ ആശ്വസിപ്പിയ്ക്കുവാൻ നോക്കുന്ന സന്ദർഭത്തിലുള്ള പദ്യങ്ങളിലും വിപ്രലംഭശൃംഗാരരസം കലർന്നിട്ടുണ്ടെന്നു കാണാവുന്നതാകുന്നു.

"കളങ്കമില്ലാതശ്രാന്തം വിളങ്ങുന്നതവാനനം
ഇളംപുഞ്ചിരിയാലെന്നുൾക്കളം ശീതളമാക്കുമോ?

തെളിഞ്ഞുരാഗസുധയിൽക്കുളിച്ചുകുളുർശീകരം
തളിക്കുംതൽക്കടാക്ഷത്തിൻ കളിതാനേല്പതെപ്പോഴോ?”

എന്നിത്യാദിയായ പദ്യങ്ങളിൽ വിപ്രലംഭം പരമാർത്ഥമായി പരിസ്ഫുരിക്കുന്നില്ലയോ? കഥാവസാനഘട്ടത്തിൽ പത്തൊമ്പതാംസർഗ്ഗത്തിൽ സംഭോഗശൃംഗാരം മറക്കു വർണ്ണിച്ചിട്ടുള്ളതു മഹാകവിയുടെ കവനകലാകൌശലത്തെ സ്പഷ്ടമായി പ്രകാശിപ്പിക്കുന്നുണ്ടു്.

“ശ്രീമെത്തുമാട്ടമ്പതിമാർ തുടർന്നിടും
കൈമെയ്‌മറന്നുള്ളൊരു കമ്രലീലകൾ
ആമെച്ചമേറീടിന കൈടഭാരിതൻ
പൂമെത്തയോർത്താലൊരുമട്ടുവാഴ്ത്തിടാം
ആമഞ്ജുളശ്രീമണി സൌധതല്പജം
കാമന്റയുദ്ധാങ്കണമാകമൂലമോ
കാമംഭയംപൂണ്ടു കുതിച്ചുമുന്നമേ
ഹാ! മണ്ടിനിദ്രാബലമാറിട്ടരവേ
പ്രേമത്തൊടന്നാപ്പികവാണി തന്റെനേ—
ക്കോമൽക്കടക്കൺമുനയൊന്നയച്ചുവെ
ആമന്ത്രിപാളീതിലകത്തിൽവാച്ചിത—
ക്ഷാമംപരക്കെപ്പുളകാഖ്യകുഡ്മളം”

എന്നും മററുമുള്ള പദ്യങ്ങളും അതിനുദൃഷ്ടാന്തങ്ങളാകുന്നു. ഉമയമ്മറാണിയുടെ വിലാപത്തിൽ കരുണവും യുദ്ധവർണ്ണനങ്ങളിലും മററും വീരരസവും മഹാകവി വർണ്ണിച്ചിരിക്കുന്നതു സഹൃദയൻ സൂക്ഷ്മമായി നീരീക്ഷണംചെയ്തുകൊള്ളട്ടെ. കാവ്യത്തിന്റെ രസാത്മകത്വം ഉമാകേരളമഹാകാവ്യത്തിൽ ഏതുസന്ദർഭത്തിലും സമന്വയിയ്ക്കാവുന്നതാകുന്നു എന്നു് ഇനി എടുത്തുപറയേണ്ട ആവശ്യമില്ല.

രസവർണ്ണനയെപ്പററിപ്പറഞ്ഞകൂട്ടത്തിൽ കഥാവർണ്ണനയെയും കവികല്പനയെയും കുറിച്ചും രണ്ടുവാക്കു പ്രസ്താവി

ച്ചു് ഈ ലേഖനം അവസാനിപ്പിച്ചേക്കാം. മഹാകാവ്യത്തിന്നു് ഇതിവൃത്തമെടുക്കുന്നതു പുരാണത്തിൽനിന്നും ഐതിഹ്യപ്രസിദ്ധങ്ങളായ ചരിത്രങ്ങളിൽനിന്നും മററുമാവാം. എന്നാൽ, പൌരാണികവിഷയങ്ങളേക്കാൾ കൂടുതൽ ആസ്വാദ്യത ചരിത്രപ്രസിദ്ധങ്ങളായ കഥകൾക്കുണ്ടെന്നു കാണാവുന്നതാണു്. അതിന്നുദാഹരണമായി ഉമാകേരളം കഥയെടുക്കാം. അതിലെ കഥാവസ്തു ഏതാണ്ടു് ഇപ്രകാരമാകുന്നു:—"കൊല്ലവർഷം ഒമ്പതാം നൂററാണ്ടിടയ്ക്കു് വേണാടു് ഭരിച്ചുകൊണ്ടിരുന്ന ആദിത്യവർമ്മമഹാരാജാവു ദുർബ്ബലനും രാജ്യകാര്യാക്ഷമനും ആയിരുന്നു. അദ്ദേഹത്തിന്നു കല്യാണി എന്ന പേരോടുകൂടി സുന്ദരിയായ ഒരു പുത്രിയും രവിവർമ്മൻ തമ്പാൻ എന്ന പേരോടുകൂടി യൌവനയുക്തനായ ഒരു സചിവനും ഉണ്ടായിരുന്നു. കല്യാണിയും രവിവർമ്മനും അന്യോന്യം അനുരക്തരായി ചമയുകയും, മഹാരാജാവു് അവരുടെ വിവാഹത്തെ അനുവദിക്കുകയും ചെയ്യുന്നു എന്നാൽ യഥാർത്ഥമായ പ്രണയത്തിൻെറ ഗതിയ്ക്കു മദ്ധ്യേമാർഗ്ഗം പല തടസ്സങ്ങളും നേരിടാറുണ്ടല്ലോ. എട്ടുവീട്ടിൽപിള്ളമാർ എന്ന പേരിൽ തിരുവിതാംകൂർ ചരിത്രത്തിൽ കുപ്രസിദ്ധന്മാരായിത്തീർന്നിട്ടുള്ള ഇടപ്രഭുക്കന്മാർ വിശ്വസ്തനും വീരനുമായ മന്ത്രിയുടെ മേൽ രാജാവിനു് ഓരോ ആശങ്കകൾ ജനിയ്ക്കുന്നതിനുള്ള ബീജങ്ങളെ പാകുന്നു ഇക്കൂട്ടത്തിൽ ഉൾപ്പെട്ട ഒരാൾ മഹാരാജാവിൻെറ കൊട്ടാരത്തിനു തീവെയ്ക്കുകയും ആ ദുഷ്ടനെ ആ ദുഷ്പ്രവൃത്തി ചെയ്തുകൊണ്ടിരിയ്ക്കവെ തന്നെ രവിവർമ്മൻ പിടിച്ചു വധിയ്ക്കുകയും ചെയ്യുന്നു. ഏതായാലും പിള്ളമാർ ഒരു ഉപായം ചെയ്തു. മന്ത്രിയാണു കൊട്ടാരത്തിനു തീവെയ്ക്കാൻ ശ്രമിച്ചതെന്നു് മഹാരാജാവിന്നു വിശ്വാസം വരുത്തി ആയാളെ നാടുകടത്തിയ്ക്കുന്നു. തങ്ങളുടെ ഉദ്ദേശം ഫലിച്ചതിന്നുശേഷം മാടമ്പിമാർ മഹാരാജാ

വിന്നു വിഷംകൊടുക്കുകയും അവരിൽവെച്ചു് അധികം ദുഷ്ടനായിരുന്ന രാമനാമഠം മഹാരാജാവിന്റെ അനന്തരം രാജ്യംഭരിച്ചുവന്ന ഉമയമ്മറാണിയുടെ അഞ്ചു പുത്രന്മാരേയും കൊല്ലുകയും ചെയ്യുന്നു. ഇതിന്നിടയ്ക്കു്, കൊട്ടാരത്തിന്നു തീവെച്ച മാടമ്പിയുടെ അനന്തിരവൻ കല്യാണിയെ വശത്താക്കുവാൻ ശ്രമിച്ചതിൽ സാധിക്കായ്കയാൽ, അവളെ ബലാൽക്കാരേണ കൈക്കലാക്കി കൊണ്ടുപോകുന്നു. അക്കാലത്തു തിരുവിതാംകൂറിനെ ആക്രമിച്ച ഒരു മുഗൾ സർദാർ ഇവരെ കാണ്മാൻ ഇടയായി. തന്റെ പ്രിയതമയെ രക്ഷിപ്പാൻ മന്ത്രിതന്നെ അപ്പോൾ ആ സ്ഥലത്തു് എത്തുന്നു. പക്ഷെ ആ സർദാർ മാടമ്പിയെക്കൊന്നു കല്യാണിയെ അപഹരിക്കയാണുണ്ടായതു്. അനന്തരം ബ്രിട്ടീഷുമലബാറിൽ കോട്ടയംനാട്ടിലെ ഇളയരാജാവായ കേരളവർമ്മാവിന്റെ സഹായം അപേക്ഷിക്കുന്നതിന്നായി റാണി രവിവർമ്മനെ പറഞ്ഞയക്കുന്നു. അദ്ദേഹം തിരുവിതാംകൂറിൽവന്നു് ഒരു തന്ത്രപ്രയോഗത്താൽ മുകിലനെ തോല്പിക്കയും അവൻ കല്യാണിയുടെ ചാരിത്രഭംഗം ചെയ്വാൻ തുടങ്ങവേ അവൾ അവനെ കൊല്ലുകയും ചെയ്യുന്നു. അതിൽപിന്നെ രാമനാമഠത്തിനെ അന്വേഷിച്ചു കണ്ടുപിടിച്ചു്, അയാളുടെ മരണാനന്തരം രാജ്യത്തിൽ സമാധാനവും സ്വസ്ഥതയും വരുത്തിയതിന്നുമേൽ മന്ത്രിയും അയാളുടെ പ്രിയതമയും വിവാഹബന്ധത്താൽ സംഘടിക്കപ്പെടുന്നു. മന്ത്രിയുടെ ഉപദേശം അനുസരിച്ചു റാണി ഇംഗ്ലീഷുകാൎക്കു് അഞ്ചുതെങ്ങിൽ ഒരു കോട്ട കെട്ടിക്കൊള്ളുന്നതിന്നു് അനുവാദം നൽകുന്നു. തിരുവിതാംകൂർ ചരിത്രത്തിലെ ഈ ശുഭസംഭവത്തോടുകൂടി കഥയും ഉചിതസ്ഥാനത്തുവെച്ചു് അവസാനിക്കുന്നു." ഈ പ്രസ്താവം കൊണ്ടു കഥയുടെ മാധുര്യം ഏറെക്കുറെ മനസ്സിലാക്കാമല്ലോ.

പൌരാണിക കഥകൾക്കു് കവികല്പനകൾകൊണ്ടു പുതുമ കല്പിക്കാവുന്നതും അതിനുള്ള സ്വാതന്ത്ര്യം കവിക്കു് ആലങ്കാരികൻ അനുവദിച്ചുകൊടുത്തിട്ടുള്ളതുമാകുന്നു. മഹാഭാരതപ്രസിദ്ധമായ ശാകുന്തളകഥ കാളിദാസഭാവനയ്ക്കു് വിഷയമായപ്പോൾ അവ അമന്ദാനന്ദസന്ദായകമായി പരിണമിച്ചിട്ടില്ലേ? നമ്മുടെ മഹാകവി ഉള്ളൂർ പിംഗള, കർണ്ണഭൂഷണം മുതലായ വിശിഷ്ട ഖണ്ഡകാവ്യരത്നങ്ങളിൽ പുരാണേതിഹാസപ്രസിദ്ധകഥകളാണു് പ്രയോഗിച്ചിട്ടുള്ളതു്. എങ്കിലും കവിഭാവനയാൽ അതിനു് പ്രത്യേകമായ ചാരുത്വം വരുത്തിയിട്ടുണ്ടെന്നു് സൂക്ഷ്മനിരീക്ഷണംകൊണ്ടു മനസ്സിലാക്കാം. ഇതുപോലെത്തന്നെ മഹാകവി വള്ളത്തോളും പുരാണപ്രസിദ്ധകഥകൾക്കു പൊടിപ്പും തൊങ്ങലും വെച്ചു പുതുമവരുത്തി ആകൎഷകത്വം ഉളവാക്കുന്നതിൽ അദ്വിതീയനാകുന്നു എന്നു് അദ്ദേഹത്തിന്റെ അനിരുദ്ധൻ, ശിഷ്യനും മകനും, അച്ഛനും മകളും തുടങ്ങിയുള്ള കൃതികൾ വിളിച്ചു പറയുന്നുണ്ടു്. ഏതായാലും പുരാണപ്രസിദ്ധകഥകളും പുതുമവരുത്തുന്നതായാൽ ആസ്വാദ്യതരങ്ങൾതന്നെ. ചരിത്രകഥകൾക്കു പുരാണകഥകളേക്കാൾ നവീനത സ്വതഃവേ ഉണ്ടു്. അങ്ങനെയിരിക്കുമ്പോൾ ചരിത്രത്തിൽനിന്നു് എടുത്തുപയോഗിക്കപ്പെട്ട കഥാവസ്തു ഏതുകൊണ്ടും കൂടുതൽ ഹൃദയാകൎഷകമായിരിക്കും. ഉമാകേരളകഥാവസ്തു ഈ വകുപ്പിൽ പെട്ടതാണല്ലോ. അതുകൊണ്ടു് അതിൽ ഇതരാസാധാരണമായ ആസ്വാദ്യതയുണ്ടായിട്ടുള്ളതിൽ അത്ഭുതപ്പെടുവാനില്ല. ആ കഥാവസ്തു തേടിപ്പിടിച്ചതിന്നുതന്നെ മഹാകവിയെ എത്ര പുകഴ്ത്തിയാലും മതിയാവുന്നതല്ല. “എന്റെ മാന്യസുഹൃത്തും വിശിഷ്ടകവിയുമായ പന്തളത്തു കേരളവൎമ്മതമ്പുരാൻ അവർകൾ അദ്ദേഹത്തിന്റെ രുഗ്മാംഗദചരിതവും ഞാനെന്റെ ഉമാകേരളവും ഒരേകാലത്താണു് ആരംഭിച്ചതു്.

പക്ഷേ, വശ്യവാക്കും കുശാഗ്രബുദ്ധിയുമായ അവിടുത്തെ കാവ്യം ഒരു കൊല്ലംകൊണ്ടു് അവസാനിച്ചു; മന്ദനും അസ്വതന്ത്രനുമായ എന്റേതിന്നു് ഒററമെത്തുവാൻ നാലഞ്ചു കൊല്ലവും വേണ്ടിവന്നു" എന്നു മഹാകവി പ്രസ്താവിച്ചിട്ടുള്ളതു് ആലോചിക്കുമ്പോഴും കഥാവസ്തുവിന്റേയും വർണ്ണനകളുടേയും ഇണക്കം ചിന്തിച്ചുനോക്കുമ്പോഴും ഉമാകേരളത്തിന്നു് ഇത്ര വലിയ മഹാത്മ്യം കൈവന്നതിൽ ആശ്ചര്യം തോന്നുന്നില്ല. ശിശുപാലവധാദികളേക്കാൾ രഘുവംശാദികൾക്കു കഥയും വർണ്ണനയും സമുചിതമാകുംവണ്ണം കൂട്ടിയിണക്കിക്കൊണ്ടുപോയിട്ടുള്ളതിന്റെ മെച്ചമാണു് അന്യാദൃശാനന്ദദായകത്വത്തിന്നു കാരണമായിട്ടുള്ളതു്. കഥയറിയുവാനോ, വർണ്ണനയുടെ മനോഹാരിത്വം ആസ്വദിക്കുവാനോ എതിനാണു പ്രഥമാവേശമെന്നു് അറിയപ്പെടുവാൻ കഴിയാത്തതരത്തിലാണു രഘുവംശത്തിലെ ഇതിവൃത്തത്തിന്റേയും വർണ്ണനകളുടേയും കിടപ്പു്. രാവണവധംകഴിഞ്ഞു പുഷ്പകവിമാനത്തിലേറി പോരുന്നവഴിക്കു ശ്രീരാമചന്ദ്രൻ സീതയ്ക്കു് സമുദ്രത്തെ കാണിച്ചുകൊടുക്കുന്നതോടുകൂടി വർണ്ണനം നിർവ്വഹിക്കുമ്പോൾ കഥയ്ക്കും വർണ്ണനയ്ക്കും തമ്മിലുള്ള കൊഴുപ്പും യോജിപ്പും ഒന്നു വേറെത്തന്നെയല്ലയോ? ഇതുപോലെത്തന്നെയാണു് ഉമാകേരളമഹാകാവ്യത്തിലെ കഥാവർണ്ണനകളുടെ ഇണക്കവും ഭംഗിയുമെന്നു് പൂർണ്ണമായി സമ്മതിക്കാവുന്ന കാര്യമാകുന്നു.

"ശക്തിർന്നിപുണതേ"തി കവിത്വകാരണ നിർവ്വചനത്തിൽനിന്നും പ്രതിഭയ്ക്കും പാണ്ഡിത്യത്തിന്നും കാവ്യസാമഗ്രികളിൽ പ്രഥമോപസ്ഥിതത്വവും പ്രാധാന്യവുമുണ്ടെന്നു തെളിയുന്നുണ്ടു്. മഹാകാവ്യത്തിലും മററും കല്പനാവൈചിത്ര്യം വരുത്തുന്നതിന്നു മുഖ്യങ്ങളായ ആ രണ്ടു കാരണങ്ങൾ പ്രയോജകീഭവിക്കുന്നതാകുന്നു. നൈഷധീയചരിതകർത്താവാം

യ ശ്രീഹർഷന്നു് ഇത്രയധികം കല്പനാവൈചിത്ര്യം കാവ്യത്തിൽ പ്രകാശിപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ളതു് അദ്ദേഹത്തിന്റെ അനന്യലഭ്യങ്ങളായ പ്രതിഭാപാണ്ഡിത്യാദികൾ കൊണ്ടല്ലാതെ മറ്റെന്തുകൊണ്ടാണു്? മഹാകവി ശ്രീഹർഷൻ സർവ്വതന്ത്രസ്വതന്ത്രനും സർവ്വശാസ്ത്രപാരാവാരപാരീണനും ആയിരുന്നു എന്നു് അദ്ദേഹത്തിന്റെ മഹാകാവ്യം സനിഷ്കർഷം വായിച്ചാസ്വദിച്ചിട്ടുള്ളവർക്കു് അറിയുവാൻ പ്രയാസമുണ്ടായിരിക്കയില്ല. ഇതുപോലെത്തന്നെ മഹാകവി ഉള്ളൂർ ചതുർഭാഷാപണ്ഡിതനും അപ്രതിഹതപ്രതിഭാശാലിയും ആകയാൽ മാത്രമാണു് അദ്ദേഹത്തിന്നു് ഇത്രയധികം കല്പനാവൈചിത്ര്യം കാണിക്കുവാൻ കഴിഞ്ഞതെന്നു പറയണം. ഉള്ളൂർ "മഴത്തുള്ളി"യിലും, പെരിയാററിലും, സൂർയ്യോദയത്തിലും ദർശിച്ചിട്ടുള്ള പ്രകൃതിരാമണീയകം ഓർക്കുമ്പോൾതന്നെ ആരാണു് അത്ഭുതസ്തബ്ധരാവാതിരിക്കുക? ആ വക ലഘുകൃതികളിൽക്കൂടി അദ്ദേഹം ഏതെല്ലാം ലോകങ്ങൾ കണ്ടിരിക്കണം? എത്രയെല്ലാം മസ്തിഷ്കം വ്യയം ചെയ്തിരിക്കണം? എന്നെല്ലാം ഓർക്കുവാൻതന്നെ കഴിയാത്ത കാർയ്യമാകുന്നു. കവിക്കു ഭാവനാപാടവംകൊണ്ടു് അചേതനവസ്തുവിൽക്കൂടി ജീവൻ കല്പിക്കുവാൻ കഴിയും. വായനക്കാരന്റെ ഹൃദയഭിത്തിയിൽ ഒരു ഭാവനാസമ്പന്നനായ കവിക്കു പ്രകൃതിയിലെ രഹസ്യങ്ങളും രാമണീയകങ്ങളും വരച്ചുകാണിക്കുവാനും പ്രയാസമുണ്ടാകയില്ല. മഹാകവി ഉള്ളൂർ അചേതനവസ്തുവിന്നു കല്പനാശക്തികൊണ്ടു ചൈതന്യമുളവാക്കുന്നതിൽ പ്രത്യേകം സമർത്ഥനാകുന്നു. ഉമാകേരള മഹാകാവ്യത്തിന്നു മലയാളത്തിലെ ബാക്കിയുള്ള മഹാകാവ്യങ്ങളേക്കാൾ മെച്ചമുണ്ടായിട്ടുള്ളതു പ്രധാനമായി കല്പനാവൈചിത്ര്യംകൊണ്ടും ആശയഗാംഭീർയ്യംകൊണ്ടും ആണെന്നു നിഷ്പ്രയാസം നിർണ്ണയിക്കാം. ഒന്നാംസർഗ്ഗത്തിൽ സഹ്യവർണ്ണനയിലും രാജനന്ദി

നിയായ കല്യാണിയുടെ അംഗവർണ്ണനയിലും മഹാകവിയുടെ കല്പനാസാമൎത്ഥ്യം അചിന്തനീയമാകുന്നു.

"തുംഗദ്രുരോമമരുവിക്കരയഷ്ടി, പാദം
ശൃംഗപ്പെരുന്തല ഗുഹാസ്യമിതൊക്കെയേററം
അംഗത്തിലാളുമിവനാദിവിരാൾപുമാൻപോൽ
ഭംഗം വെടിഞ്ഞു മുനിസേവിതനായിടുന്നു!
വ്യാലം വിഭൂതിയിവ പൂണ്ടഖിലാഗമങ്ങൾ-
ക്കാലംബമായ് ഭൂതഗുഹതുമൊടൊത്തുകൂടി,
കോലം ശിവാകലിതമാക്കിടുമിഗ്ഗിരീശൻ
ശ്രീലദ്വിജാധിപനെ മൌലിയിലേന്തിടുന്നു.
തിട്ടെമ്പടിക്കുടയ വിന്ധ്യനിൽനിന്നുതാൻതാ-
ഴ്പോട്ടെക്കിറങ്ങിയലയാഴിയിലെത്തുവോളം
മുട്ടെക്കിടക്കുമിതു ദക്ഷിണഭാരതത്തിൻ
നട്ടെല്ലുപോലെ വിലസുന്നു നവാഭമായി."

ഈ പദ്യങ്ങളിൽ സഹ്യപൎവ്വതത്തിന്നു് ആദിവിരാൾപുരുഷസാദൃശ്യവും ശിവസാദൃശ്യവും ദക്ഷിണഭാരതത്തിന്റെ നട്ടെല്ലിന്റെ സാദൃശ്യവും പ്രതിപാദിച്ചിരിക്കുന്നതു് അചിന്തനീയമായ കല്പനാപാടവംകൊണ്ടുമാത്രമാണു്. ഇങ്ങനെ കല്യാണിയുടേയും മററും വർണ്ണനയിലെ കല്പനാവൈചിത്ര്യം സഹൃദയൻ കണ്ടറിഞ്ഞുകൊള്ളട്ടെ.

## ൨. ജഗന്നാഥപണ്ഡിതനും കവിത്വവും

"ശക്തിർന്നിപുണതാദി"കളായ കവിത്വജനകസാമഗ്രികൾ എല്ലാം ഒരുപോലെ ഉല്ലസിക്കുന്ന കവിമല്ലനായിരുന്നു വിശ്വവിശ്രുതനായ ജഗന്നാഥപണ്ഡിതരാജൻ. ഇദ്ദേഹത്തെ അറിയാത്തവർ പണ്ഡിതന്മാരുടെ ഇടയിൽ ആരുമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ കാലത്തു് അദ്ദേഹത്തോടു കിടപിടിക്കുന്ന ഏതെങ്കിലും ഒരു പണ്ഡിതനോ കവിയോ ഉണ്ടായിരുന്നു എന്നു പറയുവാൻ പ്രയാസമുണ്ടു്. ഡൽഹിചക്രവൎത്തിയായ ഷാജിഹാന്റെ സദസ്സിലെ പ്രധാന പണ്ഡിതകവിയായിരുന്ന ജഗന്നാഥൻ അദ്ദേഹത്തിന്റെ കരംകൊണ്ടു വലിയതും വിലയേറിയതുമായ ബിരുദങ്ങളും പാരിതോഷികങ്ങളും "പണ്ഡിതരാജൻ" എന്ന സ്ഥാനപ്പേരും കരസ്ഥമാക്കിയ മഹാനുഭാവൻ ആയിരുന്നു. എത്രകണ്ടു് പാണ്ഡിത്യം ജഗന്നാഥനുണ്ടോ അത്രത്തോളം കവിത്വവും അദ്ദേഹത്തിൽ തിളങ്ങിവിളങ്ങിക്കാണാവുന്നതാകുന്നു. സുപ്രസിദ്ധമായ "രസഗംഗാധരം" എന്ന അലങ്കാരഗ്രന്ഥംതന്നെ ആ പണ്ഡിതകവിയുടെ പാണ്ഡിത്യവാസനകളെ പ്രകാശിപ്പിക്കുന്നതാകുന്നു. ആ പുസ്തകത്തിലെ ഓരോ ഉദാഹരണശ്ലോകങ്ങൾ എത്രകണ്ടു് കമനീയങ്ങളാണ് എന്നു് അവയെ നിഷ്കൃഷ്ടിച്ചു പരിശോധിച്ചുനോക്കിയാൽ അറിയാവുന്ന കാൎയ്യമാകുന്നു. ഈ പണ്ഡിതകവിയുടെ കാലദേശങ്ങളും ചരിത്രശകലങ്ങളും മററും കുറെയൊക്കെ സാഹിത്യലോകത്തിന്നു് അറിവാൻ സാധിച്ചിട്ടുണ്ടു്. എങ്കിലും പൂൎണ്ണമായ വിവരം ഇതേവരെ ആൎക്കും ഉണ്ടായിട്ടില്ല. അങ്ങനെ ദുൎഗ്രഹമായ ഈ വിഷയത്തിൽ ആവുന്നതും പ്രയത്നിക്കേണ്ടതും ഗവേഷണം നടത്തേണ്ടതും അത്യാവശ്യമാകുന്നു.

ജഗന്നാഥപണ്ഡിതന്റെ മാതാപിതാക്കന്മാരും ഗുരുക്കന്മാരും എവരായിരുന്നു എന്നും മററുമുള്ള ചരിത്രാംശങ്ങൾ അദ്ദേഹത്തിന്റെ "രസഗംഗാധര"ത്തിലെ ചില പദ്യങ്ങൾകൊണ്ടു് തെളിയുന്നതാണു്.

"ശ്രീമജ്ഞാനേന്ദ്രഭിക്ഷോരധിഗതസകല-
ബ്രഹ്മവിദ്യാപ്രപഞ്ചഃ
കാണാദീരാക്ഷപാദീരപിഗഹനഗിരോ
യോമഹേന്ദ്രാദവേദീൽ
ദേവാദേവാദ്ധ്യഗിഷ്ടസ്മരഹരനഗരേ
ശാസനം ജൈമിനീയം
ശേഷാങ്കപ്രാപ്തശേഷാമലഫണിതിരഭൂൽ
സർവ്വവിദ്യാധരോയഃ"

ഇതുകൊണ്ടു പേരുഭട്ടൻ എന്നുപേരായ പണ്ഡിതൻ പണ്ഡിതരാജന്റെ പിതാവാണെന്നും ലക്ഷ്മി എന്ന മഹതി ജനനിയായിരുന്നു എന്നും തെളിയുന്നു. ഈ പേരുഭട്ടൻ ജ്ഞാനേന്ദ്രഭിക്ഷുവിൽനിന്നു വേദാന്തശാസ്ത്രവും മഹേന്ദ്രപണ്ഡിതങ്കൽനിന്നു് ന്യായവൈശേഷികദർശനങ്ങളും ഖണ്ഡദേവപണ്ഡിതങ്കൽനിന്നു പൂർവ്വമീമാംസയും ശേഷൻ എന്നുപറയുന്ന വീരേശ്വരപണ്ഡിതനിൽനിന്നു മഹാഭാഷ്യവും പഠിച്ചിട്ടുണ്ടു്. ഇതെല്ലാം ആലോചിച്ചുനോക്കുമ്പോൾ ജഗന്നാഥന്റെ അച്ഛൻതന്നെ മഹാപണ്ഡിതനായിരുന്നു എന്നു സ്പഷ്ടമാണല്ലോ. സകലശാസ്ത്രങ്ങളും പണ്ഡിതരാജൻ പിതാവിങ്കൽനിന്നുതന്നെയാണു് അഭ്യസിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ പിതാവായ പേരുഭട്ടൻതന്നെ മഹാപണ്ഡിതനായിരുന്ന സ്ഥിതിക്കു് ഇതു പരമാർത്ഥവുമാകുന്നു.

ജഗന്നാഥൻ വിദ്യാഭ്യാസം കഴിഞ്ഞു യൌവനദശയിൽ എത്തിച്ചേർന്നശേഷം ജീവിതവൃത്തിക്കുവേണ്ടി ഡൽഹിനഗരത്തിൽവന്നു. അന്നു് ആ രാജ്യം ഭരിച്ചുകൊണ്ടിരുന്നതു ഷാ

ജിഹാൻ ചക്രവൎത്തിയായിരുന്നു. ഈ യവനസാൎവ്വഭൌമൻ അത്യന്തം ദയാലുവും ദേവേന്ദ്രനോടു തുല്യമായ പരാക്രമമുള്ളവനുമായിരുന്നു. ഷാജിഹാനും മഹാവിദ്വാനായിരുന്നു എന്നാണു കേട്ടിട്ടുള്ളതു്. പണ്ടു പണ്ഡിതന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ രാജാക്കന്മാർ ഇന്നത്തേക്കാൾ കൂടുതൽ തല്പരന്മാരായിരുന്നു. പണ്ഡിതരാജൻ കവിയുംകൂടിയായതുകൊണ്ടു ഷാജിഹാൻെറ പ്രത്യേക പ്രശംസയ്ക്കു പാത്രീഭവിച്ചു. പണ്ഡിതരാജപദവിയും അദ്ദേഹത്തിന്നു ഡൽഹിചക്രവൎത്തിയിൽനിന്നു ലഭിച്ചു.

പണ്ഡിതരാജൻ മദ്ധ്യവയസ്സിൽ ഒട്ടുമുക്കാലും കാലം ഷാജിഹാൻെറ സമീപത്തുതന്നെ സുഖമായി കഴിച്ചുകൂട്ടി. ആ പണ്ഡിതകവി ആ ഭൂപാലപുത്രൻെറ സുഹൃത്തും കണ്ണിലുണ്ണിയുമായിരുന്നു. അക്കാലത്തു ജഗന്നാഥപണ്ഡിതൻ നിരവധി പണ്ഡിതന്മാരെ സദസ്സിൽവെച്ചു വാദത്തിൽ തോല്പിച്ചിട്ടുണ്ടു്. എല്ലാംകൊണ്ടും ആലോചിച്ചുനോക്കിയാൽ അദ്ദേഹം സൎവ്വതന്ത്രസ്വതന്ത്രൻതന്നെയായിരുന്നു. മഹാപണ്ഡിതനായിരുന്ന അപ്പയ്യദീക്ഷിതരോടു മല്ലുപിടിക്കുവാനും മുക്തകണ്ഠം—

"സൂക്ഷ്മം വിഭാവ്യമയകാസമുദീരിതാനാ-
മപ്പയ്യദീക്ഷിതകൃതാവിഹദൂഷണാനാം
നിൎമ്മത്സരോയദിസമുദ്ധരണം വിദധ്യാ-
ദസ്യാഹമുജ്വലമതേശ്ചരണൌവഹാമി"

ഇപ്രകാരം ഉൽഘോഷിക്കുവാനും കരുത്തും കഴിവുമുള്ള പണ്ഡിതനായിരുന്ന ജഗന്നാഥൻ എന്നു വരുമ്പോൾ അദ്ദേഹത്തിൻെറ പ്രഭാവത്തെക്കുറിച്ചു പറവാനുണ്ടോ?

ഷാജിഹാൻ ചക്രവൎത്തിയാകട്ടെ ക്രിസ്താബ്ദം 1628-ാം മാണ്ടു് രാജസിംഹാസനാധിരൂഢനായി. 1658 ക്രിസ്താബ്ദത്തിൽ ഔരംഗസീബായ സ്വപുത്രനാൽ കാരാഗൃഹത്തിൽ പാ

ഷ്ട്രിയ്ക്കപ്പെട്ടു. 1666 ക്രിസ്ത്വാബ്ദത്തിൽ പരലോകം പ്രാപിക്കുകയും ചെയ്തു. അറംഗസീബു ജ്യേഷ്ഠനെ മുമ്പുതന്നെ ഹിംസിക്കുകയും ചെയ്തു. തന്നിമിത്തം പണ്ഡിതരാജൻ സുഹൃൽചരമപരിതപ്തനായി വാൎദ്ധക്യത്തിൽ കാശിയിലും മധുരയിലും മാറിമാറി പോയിത്താമസിച്ചു. പരമേശ്വരാരാധനത്താൽ കാലക്ഷേപം നയിക്കുവാൻ തീൎച്ചയാക്കി. ഈവക ലക്ഷ്യങ്ങൾകൊണ്ടു ക്രിസ്ത്വാബ്ദം 700-ാം നൂററാണ്ടിന്റെ മദ്ധ്യഭാഗത്തു ജീവിച്ചുകൊണ്ടിരുന്ന ആളായിരുന്നു ജഗന്നാഥൻ എന്നു തെളിയുന്നു.

ജന്നാഥപണ്ഡിതൻ തെലുങ്കനായിരുന്നു എന്നതു "തൈലംഗാന്വയ മംഗലാലയ" എന്നു തുടങ്ങിയ "പ്രാണാഭരണ"പദ്യത്തിൽനിന്നു മനസ്സിലാക്കാം" അഥ സകലലോകവിസ്താരവിസ്താരിതമഹോപകാരപരമ്പരാധീനമാനസേന പ്രതിദിനമുദ്യദനവദ്യഗദ്യപദ്യാദ്യനേകവിദ്യാവിദ്യോതിതാന്തഃ കരണൈഃ കവിഭിരുപാസ്യമാനേന കൃതയുഗീകൃത കലികാലേന കുമതിതൃണജാല സമാച്ഛാദിതവേദവനമാൎഗ്ഗവിലോകനായ സമുദ്ദീപിത സുതൎക്കദഹനജ്വാലാജാലേന മൂൎത്തിമതേവനവാബാസഫഖാനമനഃ പ്രസാദേന ദ്വിജകുലസേവാഹേവാകിവാങ്മനഃ കായേന മാഥുരകുലസമുദ്രേന്ദുനാരായമുകുന്ദേനാദിഷ്ടേന സാൎവ്വഭൗമശ്രീശാഹജഹാംപ്രസാദാദധിഗതപണ്ഡിതരാജ പദവീവിരാജിതേന തൈലംഗകുലാവതംസേന പണ്ഡിതജഗന്നാഥേനാസഫവിലാസാഖ്യയമാഖ്യായികാ നിരമീയത. സേയമനുഗ്രഹേണ സഹൃദയാനാം അനുദിനമുല്ലാസിതാ ഭവതാൽ"—എന്നീ ഗദ്യവും അതിന്നു് ഉപോൽബ്ബലകമായിട്ടുണ്ടു്.

ജഗന്നാഥപണ്ഡിതൻ യൗവനകാലത്തു വലിയ വിഷയാസക്തനായിരുന്നു. അതിസുന്ദരിയായ ഒരു യവനതരുണി അദ്ദേഹത്തിന്റെ പ്രണയിനിയായിട്ടുണ്ടായിരുന്നു. അതിന്നു ലക്ഷ്യമായി

"യവനീ നവനീതകോമളാംഗീ
ശയനീയേ യദിനീയതേ കദാചിൽ
അവനീതലമേവ സാധുമന്യേ
നവനീമാഘവനീ വിനോദഹേതുഃ"

എന്നും,

"നയാചേശജാളിം നവാവാജിരാജിം
നവിത്തേഷു ചിത്തം മദീയംകദാചി
ഇയംസുസ്തനീ മസ്തകന്യസ്തഹസ്താ
ലവംഗീകുരംഗീ ദൃഗംഗീകരോതു"

എന്നിത്യാദികളും സുപ്രസിദ്ധങ്ങളായിട്ടുണ്ടു്. അദ്ദേഹത്തിന്റെ കവിതാവാസന ഈദൃശപദ്യങ്ങളെക്കൊണ്ടു് ഏറെക്കുറെ ഊഹിയ്ക്കാമല്ലോ. ശബ്ദാൎത്ഥാലങ്കാരങ്ങളുടെ യൌഗപദ്യേനയുള്ള സമ്മേളനം പണ്ഡിതരാജന്റെ കവിതയുടെ പ്രത്യേകതരത്തിലുള്ള മെച്ചമാകുന്നു.

പണ്ഡിതരാജൻ പ്രധാനമായി താഴെ കാണിയ്ക്കുന്ന കൃതികൾ നിൎമ്മിച്ചിട്ടുണ്ടു് എന്നാണു് അറിയപ്പെട്ടിട്ടുള്ളതു്. ആ കൃതികൾ—1. അമൃതലഹരി, 2. ആസഫവിലാസം, 3. കരുണാലഹരി, 4. ചിത്രമീമാംസാഖണ്ഡനം, 5. ജഗദാഭരണം, 6. പീയൂഷലഹരി, 7. പ്രാണാഭരണം, 8. ഭാമിനീവിലാസം, 9. മനോരമാകുചമൎദ്ദനം, 10 യമുനാവൎണ്ണനം, 11. ലക്ഷ്മീലഹരി, 12 സുധാലഹരി, 13. രസഗംഗാധരം എന്നിവയാകുന്നു. അമൃതലഹരി യമുനാസ്തുതിരൂപമാകുന്നു. ആസഫവിലാസം നവാബ്ആസഫഖാന്റെ വൎണ്ണനമാണു്. വിഷ്ണുവിനെ സ്തുതിയ്ക്കുന്ന ഒരു കൃതിയാണു കരുണാലഹരി. ചിത്രമീമാംസഖണ്ഡനം ഇന്ന ഗ്രന്ഥമാണെന്നു പേരുകൊണ്ടുതന്നെ അറിയാം. ജഗദാഭരണത്തിൽ ഷാജിഹാന്റെ പുത്രനെ പ്രധാനമായി വൎണ്ണിച്ചിരിയ്ക്കുന്നു. പീയൂഷലഹരിയാണു സുപ്രസിദ്ധ

മായ ഗംഗാലഹരി. പ്രാണാഭരണത്തിൽ—കാമരൂപദേശാധിപതിയായ പ്രാണനാരായണമഹീന്ദ്രനെ വർണ്ണിച്ചിരിക്കുന്നു. ഭാമിനീവിലാസം—പണ്ഡിതരാജപ്രണീതമായ പദ്യസംഗ്രഹമാകുന്നു. മനോരമാകുചമർദ്ദനവും പേരുകൊണ്ടു് അറിയാം. ഇങ്ങനെ യമുനാവർണ്ണനവും, ലക്ഷ്മീലഹരിയും, സുധാലഹരിയും ഓരോരോ വർണ്ണനങ്ങൾ ആണ്. രസഗംഗാധരം സുപ്രസിദ്ധമായ അലങ്കാരഗ്രന്ഥമാകുന്നു.

ജഗന്നാഥപണ്ഡിതരാജൻ യവനീസംസർഗ്ഗത്താൽ ആചാരഭ്രഷ്ടനാവുകയാൽ ആ ദോഷം പരിഹരിക്കപ്പെടാനായി കാശീതലവാഹിനിയായ ഗംഗയുടെ അമ്പത്തിരണ്ടു കല്പടകളുടെ മുകളിലിരുന്നു ഗംഗയെ തന്റെ സമീപത്തിൽ വരുത്തി സ്നാനംചെയ്തു പരിശുദ്ധനാവണം എന്ന ആഗ്രഹത്തോടുകൂടിയാണു പീയൂഷലഹരി എന്ന ഗംഗാലഹരിയെ ഉണ്ടാക്കിയതു്. ഈ ഗ്രന്ഥത്തിലെ ഓരോ ശ്ലോകങ്ങൾ ചൊല്ലുമ്പോൾ ഗംഗ ഓരോ കല്പടവുകളുയർന്നുവന്നു് ഒടുവിൽ ജഗന്നാഥ പണ്ഡിതനെ മുക്കി എന്നും കല്പടവുകളുടെ സംഖ്യ 52 ആകയാലാണു് ഇതിൽ അമ്പത്തിരണ്ടു ശ്ലോകങ്ങൾ ഉണ്ടായതെന്നുമാണു് ഐതിഹ്യം.

# ൯. പൌരസ്ത്യസാഹിത്യപ്രകാശം.

"മന്നും വിണ്ണുമമന്ദവർണ്ണപുളകം
കൊള്ളും പകർച്ചാർത്തിനാൽ
മിന്നും മോഹന ഭാവനാമധുരയായ്
ശൃംഗാരഭംഗ്യാഢ്യയായ്
എന്നുൾക്കാമ്പലയിച്ചു ചിത്സുഖസമാ
നന്ദം തരും ദേവിയാം—
യെന്നും വെന്നൊരു കാളിദാസകവിതേ!
നിൻകാൽക്കൽ വീഴുന്നു ഞാൻ."

(ടി ആർ.)

ഏതൊരു പുണ്യാത്മാവിന്റെ വർണ്ണനീയവർണ്ണാമൃതകണങ്ങൾ വിക്രമസദസ്സു കോൾമയിർക്കൊള്ളിച്ചു. സാമ്രാജ്യച്ചെങ്കോലലങ്കരിച്ച ഭോജന്റെ ചെങ്കൈത്തലങ്ങളാൽ ഏതു തങ്കക്കരത്തിൽ കങ്കണമണിയിച്ചു! ആസേതു ഹിമാചലം ആ ഭൂപാലഗോപാലം പുകഴ്ത്തപ്പെട്ട ഏതു ഭവ്യദിവ്യരൂപന്റെ രസജ്ഞയിൽ ശ്രീഭദ്രകാളിയുടെ വാൾത്തലത്തുമ്പാൽ കലാബീജ കുറിയ്ക്കപ്പെട്ടു. വെൺപുകഴിന്റെ പട്ടാംബരമുടുത്തു് ആശയശുദ്ധിയുടെ തൂവെളിച്ചത്തു് ആദർശപ്രകാശം ചൊരിഞ്ഞു ലോകരംഗത്തിൽ ഇന്നും ആരു് വെന്നുകൊള്ളുന്നു, ആ മഹാകവിചക്രവർത്തി—അതേ, നമ്മുടെ കാളിദാസൻ അവിടുത്തെപ്പറ്റി ഇയ്യുള്ളവൻ എന്തുപറയാനാണു്? ആ കവികോകിലം നിർമ്മിച്ച ഗ്രന്ഥതല്ലജങ്ങൾ ആനന്ദസുന്ദരങ്ങളും ആസ്വാദമധുരങ്ങളും അത്യത്ഭുതകരങ്ങളും ആകുന്നു. വിശ്വമഹാകവിയായ കാളിദാസനുടെ മോഹനഭാവനാസന്താനമാണു് ആലോചനാമൃതമായ ശാകുന്തളനാടകം. അമരഭാരതീരസികന്മാരിൽ ആരുംതന്നെ

അതിൻെറ സൌന്ദര്യം ആസ്വാദിയ്ക്കാത്തവർ ഉണ്ടാകുമെന്നു തോന്നുന്നില്ല. ആ കലാസൌഭഗം വിലാസംകൊള്ളിയ്ക്കാത്ത ഭാഷയില്ല. പണ്ഡിതമണ്ഡലവണ്ടുകൾക്ക് ആ കാവ്യമകരന്ദമുണ്ടു മൂരണ്ടുകൊണ്ടുനടന്നു മതിയായിട്ടില്ല. എന്നുമെന്നും ഉത്തരോത്തരം ആ സാരസ്വതാമൃതം മദകരവും മധുരതരവുമത്രേ. അങ്ങനെയിരിയ്ക്കെ അതിൻെറ കത്താവായ നമ്മുടെ കവികുലഗുരുവിനെക്കുറിച്ച് ഒന്നും മിണ്ടാതിരിയ്ക്കുന്നതു് അഭിമാനകരമല്ല. ആരബ്ധവിഷയത്തിന്നു മുമ്പായി അവിടത്തെ വിസ്മയനീയമായ ചരിത്രത്തിലേയ്ക്കു് ഒന്നു കണ്ണോടിയ്ക്കുക!

കാളിദാസമഹാകവി ഭോജരാജാവിൻെറ കാലത്തു ജീവിച്ചിരുന്ന വന്ദ്യദേഹമായിരുന്നു എന്നു പലരും പറയുന്നുണ്ടു്. പണ്ഡിതന്മാർ വിക്രമാക്ക മഹീപതിയുടെ സദസ്യനായിരുന്നു എന്നും അഭിപ്രായപ്പെടുന്നു. താഴെകാണിയ്ക്കുന്ന പദ്യമാണ് അവരുടെ അഭിപ്രായത്തിന്നു മൂലകാരണം.

> "ധന്വന്തരിക്ഷപണകാമരസിംഹശങ്കു—
> വേതാളഭട്ടഘടകർപ്പരകാളിദാസാഃ
> ഖ്യാതോ വരാഹമിഹിരോനൃപതേഃ സഭായാം
> രത്നാനിവൈ വരരുചിർന്നവ വിക്രമസ്യ"

വിക്രമാദിത്യസദസ്സിലെ നവരത്നങ്ങിൽ കാളിദാസൻ്റ പ്രധാനസ്ഥാനംതന്നെയായിരുന്നു എന്നാണ കേട്ടിട്ടുള്ളതു്. കാളിദാസനേയും ഭോജരാജാവിനേയും അധികരിച്ചു പലകഥകളും ഐതിഹ്യങ്ങളും ഭോജപ്രബന്ധത്തിൽനിന്നും ധരിയ്ക്കുവാൻ കഴിയും. വൃദ്ധജനങ്ങളുടെ ഇടയിൽ നടപ്പുള്ള ഐതിഹ്യങ്ങളും കടംകഥകളും മററും ശേഖരിച്ചു എഴുതിയിരിയ്ക്കുന്നതാണ ഭോജപ്രബന്ധം. രസികത്വം നിറഞ്ഞ പല ഒററശ്ലോകങ്ങളും മററും ഈ ഗ്രന്ഥത്തിൻെറ പ്രസാധ

ണംകൊണ്ടു നശിച്ചുപോവാതിരിയ്ക്കാൻ സാധിച്ചിട്ടുള്ളതു് ആശ്വാസകരമാണെങ്കിലും, കാളിദാസരെക്കുറിച്ചു അതിൽ പ്പറയുന്ന ചരിത്രങ്ങൾ അത്രതന്നെ സയുക്തികങ്ങളാണെന്നു വിചാരിച്ചുകൂട.

“ജ്യോതിർവ്വിദാഭരണ”ത്തിന്റെ കർത്താവാണു കാളിദാസൻ എന്നു ചിലപണ്ഡിതന്മാരും പറയുന്നുണ്ടു്. അതിൽ—

“മത്തോദ്ധൃനാകൃതിരിയംസതിമാളവേന്ദ്ര-
ശ്രീവിക്രമാർക്കനൃപരാജവരേസമാസീൽ
..........................................................
രത്നാനിവൈവരരുചിർനവവിക്രമസ്യ
..........................................................
കാവ്യത്രയംസുമതികൃദ്രഘുവംശപൂർവ്വം
..........................................................”

എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾ കാണുന്നു. ജ്യോതിർവ്വിദാഭരണത്തിൽ കാളിദാസർ—മേഘസന്ദേശം, കുമാരസംഭവം, രഘുവംശം, സ്മൃതിചന്ദ്രിക എന്നീകൃതികൾ ഉണ്ടാക്കിയിട്ടുണ്ടു് എന്നു തെളിയിയ്ക്കുന്നുണ്ടു്. വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം, ശാകുന്തളം എന്നീ നാടകത്രയത്തെപ്പറ്റി അതിൽ ഒന്നും പറഞ്ഞിട്ടില്ല. അതുകൊണ്ടു ജ്യോതിർവ്വിദാഭരണത്തിനു ശേഷമാണു കാളിദാസൻ നാടകത്രയനിർമ്മാണത്തിലേർപ്പെട്ടതെന്നു വിചാരിയ്ക്കണം. ഈ അഭിപ്രായത്തെ താരാനാഥതർക്ക വാചസ്പതിയും സമ്മതിയ്ക്കുന്നതാകുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തെ അനുവദിച്ചുകൊണ്ടു വടക്കുംകൂറും—“ഈ അഭിപ്രായം അടിസ്ഥാനമില്ലാത്തതല്ല. ജ്യോതിർവ്വിദാഭരണത്തിന്റെ കർത്താവുതന്നെയാണ് രഘുവംശാദികളുടേയും കവി എന്നു് ഇവിടെ പ്രത്യേകം ഓർമ്മിയ്ക്കേണ്ടതുണ്ടു്. ചില പണ്ഡിതന്മാർ ഈ അഭിപ്രായത്തോടു യോ

ജിക്കുന്നില്ല. ജ്യോതിൎവ്വിദാഭരണത്തിന്റെ കൎത്താവു വേറെയൊരു കാളിദാസരാണെന്നു് അവർ പറയുന്നു.

"കാവ്യത്രയം സുമതികൃദ്രഘുവംശപൂൎവ്വം"

എന്നു കവി ഏററവും വ്യക്തമായി പറഞ്ഞിരിക്കുന്നസ്ഥിതിക്കു രഘുവംശാദികളുടെയും ജ്യോതിൎവ്വിദാഭരണത്തിന്റെയും കൎത്താവു് രണ്ടാൾ അല്ലെന്നുള്ള അഭിപ്രായത്തിന്നു് എങ്ങനെ നിലകിട്ടുമെന്നു് അറിയുന്നില്ല" എന്നു സയുക്തികം സമൎത്ഥിക്കുന്നു.

ഉജ്ജയിനിയിൽ ഉണ്ടായിരുന്ന മാളവദേശാധിപതിയായ വിക്രമാദിത്യന്റെ സദസ്യൻതന്നെയായിരുന്നു കാളിദാസനെന്നതിലാണു് അധികം യുക്തി കാണുന്നതു്. നിരവധി പണ്ഡിതന്മാരും ഈ മതത്തെത്തന്നെയാണ ബലമായിട്ടു പിടിച്ചിട്ടുള്ളതും. വിക്രമാൎക്കനെ ആശ്രയിച്ചാണു നമ്മുടെ കവി ജീവിച്ചിരുന്നതെന്നു തെളിയിപ്പാൻ അനവധി പ്രമാണങ്ങൾ അൎവ്വാചീനഗവേഷകന്മാർ കണ്ടുപിടിച്ചിട്ടുണ്ടു്. ഉജ്ജയിനിയെപ്പററി ഭംഗിയായി മേഘസന്ദേശത്തിൽ വൎണ്ണിച്ചിരിക്കുന്നതുകൊണ്ടു കാളിദാസൻ അവിടെ താമസിച്ചിരുന്നു എന്നു ചിലർ പറയുന്നു. "വഷേ സിന്ധുരദൎശനാംബരഗുണൈൎയ്യാതേ കലൌ" എന്നതിൽനിന്നും കലിവൎഷം 3066-ൽ ജ്യോതിൎവ്വിദാഭരണം നിൎമ്മിച്ചു എന്നു് സ്പഷ്ടമായി അറിയാം. ഇപ്പോൾ കലിവൎഷം അയ്യായിരത്തിൽച്ചില്വാനം കൊല്ലമായിരിക്കുന്ന സ്ഥിതിക്കു് ഉദ്ദേശം 2000 കൊല്ലത്തെ പ്രാചീനത്വം കാളിദാസന്നുണ്ടെന്നു തീൎച്ചയാക്കാം.

മഹാകവി കാളിദാസരെപ്പററി കൌവൽ എന്നു പേരായ വിഖ്യാതപണ്ഡിതൻ ചില അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ടു്. ഈ കൌവലാണു് അശ്വഘോഷകൃതമായ "ബുദ്ധചരിതം" മഹാകാവ്യം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്.

കൌവൽ പറയുന്നു—കാളിദാസൻ ബുദ്ധചരിതത്തെ അനുകരിച്ചാണു രഘുവംശകാവ്യം ഉണ്ടാക്കിയതെന്നു് അദ്ദേഹം സ്വമതസ്ഥാപനത്തിന്നുവേണ്ടി ബുദ്ധചരിതത്തേയും കാളിദാസകൃതരഘുവംശകുമാരസംഭവങ്ങളേയും താരതമ്യപ്പെടുത്തി പല പ്രചരണങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ടു്. കൌവലിന്റെ അഭിപ്രായത്തെ അങ്ങിനെതന്നെ മോളും ചോട്ടും നോക്കാതെ വിശ്വസിച്ചുവരുന്ന അനവധി അർവ്വാചീന പണ്ഡിതന്മാരേയും കാണാവുന്നതാണു്. കാളിദാസന്റേയും അശ്വഘോഷന്റേയും കവിതകളെക്കുറിച്ചു സൂക്ഷ്മവീക്ഷണപൂർവ്വകം നിരൂപിക്കുന്നതായാൽ കൌവലിന്റെ അഭിപ്രായത്തിന്നു് അത്രതന്നെ യുക്തിയുണ്ടെന്നു തോന്നുന്നില്ല. അശ്വഘോഷനെ അനുകരിച്ചു കാളിദാസൻ കാവ്യം നിർമ്മിച്ചു എന്നു പറയുന്നതിനേക്കാൾ കൂടുതൽ യുക്തി കാളിദാസരെ അനുകരിച്ചു് അശ്വഘോഷൻ കാവ്യമുണ്ടാക്കി എന്നു പറയുന്നതിന്നാണു്. അതുകൊണ്ടു കൌവലിന്റെ അഭിപ്രായം സ്വീകാരയോഗ്യമല്ല. അശ്വഘോഷാനന്തരകവിയാണു കാളിദാസരെന്ന അഭിപ്രായം ഒട്ടുംതന്നെയുക്തിയുക്തവുമല്ല. ബുദ്ധമതക്കാരുടെ ഇടയിൽ ശകവർഷപ്രവർത്തകനായ കനിഷ്കന്റെ ഗുരുവായിരുന്നു അശ്വഘോഷൻ എന്നു പ്രസിദ്ധിയുള്ളതുകൊണ്ടു് 2000 കൊല്ലം പഴക്കമുള്ള കാളിദാസൻ തദനന്തരവർത്തിയാണെന്നു് എങ്ങിനെയാണു പറയുവാൻ കഴിയുക? സർവ്വസമ്മതമായ ഒരഭിപ്രായമാണു കാളിദാസമഹാകവി 2000 കൊല്ലങ്ങൾക്കുമുമ്പു ഉണ്ടായിരുന്ന കവിയാണെന്നുള്ളതു്. താരാനാഥതർക്കവാചസ്പതി മുതലായ സുപ്രസിദ്ധ വിമർശകകോവിദന്മാർ കാളിദാസൻ 2000 വർഷങ്ങൾക്കുമുമ്പു വർത്തിച്ചിരുന്ന മഹാകവിയായിരുന്നു എന്നു സയുക്തികം സമർത്ഥിച്ചിരിക്കുന്നു. അങ്ങിനെയിരിക്കെ കാളിദാസർക്കു കുറെക്കൂടി നവീനത്വമുണ്ടെന്നു സിദ്ധാന്തിക്കുവാൻ

യുക്തികൾ കാണിക്കുന്ന അപ്രാചീന പാശ്ചാത്യവിമർശകരുടെ അഭിപ്രായങ്ങൾ അടിസ്ഥാനരഹിതങ്ങൾതന്നെ. ജ്യോതിർവ്വിദാഭരണം കാളിദാസകൃതമാണെന്ന മതത്തെ അവർ ഒരിക്കലും വിശ്വസിക്കുന്നവരല്ല.

കാളിദാസനെപ്പററി പഴമക്കാരിൽനിന്നും പുറപ്പെട്ടിരിക്കുന്ന ഒരു ഐതിഹ്യം ഇന്നും നിലനിന്നുവരുന്നു. പല പണ്ഡിതന്മാർകൂടി ആ കിംവദന്തിയെ വിശ്വസിച്ചുവരുന്നുമുണ്ട്. ആ ഐതിഹ്യം എന്തെന്നാൽ—പണ്ട് ഒരു രാജ്യത്ത് ഒരു രാജാവിന് അതിവിദുഷിയായ ഒരു പുത്രിയുണ്ടായിരുന്നു. അവൾ സകൈശ്വൎയ്യസമ്പൂൎണ്ണയും സൌന്ദൎയ്യസാരസർവ്വസ്വവുമായിരുന്നു. അവളെ വേളികഴിപ്പാൻ തക്കവരായി അക്കാലത്ത് ഒരാളുമുണ്ടായിരുന്നില്ല. അതിന്റെ കാരണം അവളെ വാദത്തിൽ ജയിച്ചിട്ടുവേണം ആക്കെങ്കിലും വേൾക്കുവാൻ എന്ന നിർബ്ബന്ധം പുറപ്പെട്ടു എന്നുള്ളതാണ്. ലോകത്തിലുള്ള വിദ്വാന്മാരും കേമന്മാരുമായ രാജപുംഗവന്മാർ എല്ലാവരും അവളോട് വാദവിഷയത്തിൽ പരാജിതരായി. അവരെല്ലാം മട്ടിപ്പോവുകയും ചെയ്തു. ഒടുവിൽ ഈ രാജകുമാരിയുടെ അച്ഛനായ രാജാവ് വീണ്ടും അവളുടെ വിവാഹത്തിന്നു വരനെ ലഭിപ്പാൻ ഭൃത്യന്മാരെ പറഞ്ഞയച്ചു. അവർ രാജപുത്രീഭർത്താവിനെ അന്വേഷിച്ചുംകൊണ്ടു നടന്ന് ഒരു കാട്ടിൽ ചെന്നുവശായി. അവിടെ ഒരു വൃക്ഷത്തിന്റെ മുകളിൽ ഒരു ആട്ടിടയൻ ഇരുന്ന് ആടുകൾക്കു തിന്മാൻ കൊമ്പുമുറിക്കുന്നതു് അവർ കണ്ടു. അവൻ താനിരിക്കുന്ന കൊമ്പുതന്നെയാണു വെട്ടിക്കൊണ്ടിരുന്നതു്. അതുകണ്ടു രാജഭടന്മാർ ഇവനൊരു മൂഢനാണ്, ഇവനെക്കൊണ്ടുവേണം ഇത്രയും അഹമ്മതിയേറിയ രാജകുമാരിയെ വേളികഴിപ്പിക്കുവാൻ എന്നു വിചാരിച്ച് അവനെ താഴത്തിറക്കി കുളിപ്പിച്ചു വസ്ത്രാലങ്കാരാദികളും ധരിപ്പിച്ചു രാജധാ

നിയിലേയ്ക്കു കൊണ്ടുചെന്നു. ദൈവവശാൽ ഈ ആട്ടിടയനെ രാജകുമാരിയ്ക്കു വരിയ്ക്കേണ്ടിവന്നു. ഒന്നുകിൽ ആ രാജകുമാരിയുടെ ഉപദേശംകൊണ്ടു്, അല്ലെങ്കിൽ നീരസംകൊണ്ടു്, എങ്ങനെയമയാലും ഈ ഇടയൻ അദ്ധരാത്രിയിൽ ശയനഗൃഹത്തിൽനിന്നും ഇറങ്ങിപ്പോയി കാട്ടിലുള്ള ഒരു ഭഗവതീക്ഷേത്രത്തിലെത്തി, അതിൻെറ ശ്രീ കോവിലിൽക്കടന്നു വാതിലിൻെറ സാക്ഷയിട്ടു് ഇരിയ്ക്കുകയും ചെയ്തു. ശ്രീ ഭദ്രകാളി പുറത്തേയ്ക്കു ലാത്താൻ പോയിരുന്ന സമയമായിരുന്നു അപ്പോറം. ഭഗവതി മടങ്ങ വന്നു നോക്കിയപ്പോറം വാതിൽ സാക്ഷയിട്ടിരിയ്ക്കുന്നതായിക്കണ്ടു. അപ്പോറം ഭദ്രകാളി—"അകത്താർ"എന്നു ചോദിച്ചു. അതിനുത്തരമായി ഈ ആട്ടിടയൻ—"പുറത്താര്"എന്നും പറഞ്ഞു. അനന്തരം ഭദ്രകാളി—"പുറത്തു കാളി" എന്നും, ആട്ടിടയൻ—എന്നാൽ "അകത്തു ദാസൻ" എന്നും പറഞ്ഞു. ഭദ്രകാളി ആ ഇടയനോടു് വന്നതിൻെറ ഉദ്ദേശം ചോദിച്ചറികയും വാതിലിൻെറ പഴുതിൽക്കൂടി കാട്ടിക്കൊടുത്ത അവൻെറ നാവിൽ വിദ്യയുണ്ടാവാൻ ചിന്താമണി മന്ത്രം കുറിച്ചുകൊടുക്കുകയും ചെയ്തുവത്രേ. അതിൽപിന്നെയാണു് ഈ ആട്ടിടയൻ കാളീകടാക്ഷത്താൽ കാളിദാസകവിയായിത്തീന്നതു്. "ശിവലീലാണ്ണവത്തിൽ" ദേവിയുടെ അനുഗ്രഹത്തെ വിസ്തരിച്ചുകൊണ്ടു്—

"സ്തന്യേന കശ്ചിൽ കവയാം ബഭൂവ
താംബൂലസാരേണ പരോജനന്യാ:"

ഇപ്രകാരം പറയുന്നതു നോക്കുക:—

ഭഗവതി കൊടുത്ത താംബൂലസാരം ആസ്വദിച്ചിട്ടാണു കാളിദാസൻ മഹാകവിയായതെന്നാണു് ഈ പദ്യാദ്ധത്തിൻെറ അത്ഥം. മഹാകവി കാളിദാസർ വലിയ ശിവഭക്തനായിരുന്നു എന്നതിന്നു പല ലക്ഷ്യങ്ങളുമുണ്ടു്. രഘുവംശത്തി

ലെ ആദ്യപദ്യംതന്നെ ഇതിനു് ഉത്തമോദാഹരണമാണു്. കാളിദാസന്റെ മൂന്നു നാടകങ്ങളിലേയും നാന്ദീപദ്യങ്ങൾ ശിവസ്തോത്രപരങ്ങളാകുന്നു. അദ്ദേഹം ദേവീഭക്തനാണെന്നു കുമാരസംഭവമഹാകാവ്യവും വിശദീകരിക്കുന്നുണ്ടു്. കുമാരസംഭവത്തിലെ കഥാവസ്തു ശൈവപുരാണത്തിൽനിന്നു് എടുത്തതാണെന്നു പറയേണ്ടിയിരിക്കുന്നു.

കാളിദാസരുടെ പ്രധാനകൃതികൾ ഏതെല്ലാമാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. അദ്ദേഹം ഋതുസംഹാരം, ശൃംഗാരതിലകം, പുഷ്പബാണവിലാസം എന്നിവയും നിർമ്മിച്ചിട്ടുണ്ടു്. എന്നാൽ അവയ്ക്കു മുമ്പുപറഞ്ഞവയേക്കാൾ പ്രാധാന്യം കുറവാണെന്നു പറയണം. ഈ കാവ്യങ്ങൾ ലഘുകൃതികളുടെ കൂട്ടത്തിലേ ഗണിച്ചുവരുന്നുള്ളു. ഇവയെല്ലാററിന്നും പുറമേ കാളിദാസർ പല ഒററശ്ലോകങ്ങളും വിരചിച്ചിട്ടുണ്ടു്. ഭോജപ്രബന്ധത്തിൽ വളരെ ഒററശ്ലോകങ്ങൾ കാളിദാസരുടെ വകയായിട്ടു കാണാവുന്നതാണു്. ഭോജപ്രബന്ധംമുഖേന കാളിദാസമഹാകവിയെപ്പററി പല വിഷയങ്ങളും ഗ്രഹിക്കുവാൻ സാധിച്ചിട്ടുണ്ടു്. കാളിദാസകൃതികളിൽ പ്രാധാന്യം ശാകുന്തളത്തിന്നും, രഘുവംശത്തിന്നുമാണെന്ന അഭിപ്രായമാണു് ഇയ്യുള്ളവനുള്ളതു്.

ചില അർവ്വാചീനപണ്ഡിതന്മാർ രഘുവംശത്തേക്കാൾ മെച്ചം കുമാരസംഭവത്തിന്നുണ്ടെന്നു സമർത്ഥിക്കുന്നുണ്ടു്. എന്നാൽ അവരുടെ ആ സിദ്ധാന്തം അടിസ്ഥാനരഹിതവും പ്രമാണശൂന്യവുമത്രേ. കാവ്യഭാവനാപരിപക്വബുദ്ധികളായ സഹൃദയന്മാർ മഹാത്മ്യത്തിൽ കുമാരസംഭവത്തേക്കാൾ ന്യൂനമാണു രഘുവംശമെന്നു പറയുന്നതിൽ ധൈര്യപ്പെടുകയില്ല. സാഹിത്യത്തിന്റെ സാംസ്കാരികത്വം അധികം പ്രകാശിപ്പിക്കുന്നതു രഘുവംശമാണു്. കലാസൌന്ദര്യം രസാത്മകത്വം എന്നിവകൊണ്ടു രഘുവംശകുമാരസംഭവങ്ങൾ തു

ല്യങ്ങൾതന്നെയെങ്കിലും സാഹിത്യത്തിന്റെ നാനാവശങ്ങ
ളേയും ചിന്തിയ്ക്കുന്നപക്ഷം കുറച്ചൊരു മെച്ചം കൂടുതലായി
ട്ടുകാണാം രഘുവംശത്തിന്നു്. ഒരു കവിയ്ക്കു് ഒരു കാവ്യം
നിൎമ്മിയ്ക്കുമ്പോൾ ആദ്യമാദ്യമുള്ളതിനേക്കാൾ മെച്ചം ഒടു
വിൽ ഉണ്ടാകുന്നതിന്നാണു് കൈവരിക എന്നതിനു സംശ
യമില്ല. "അസ്തികശ്ചിദ്വാഗ്വിലാസഃ" എന്ന കിംവദന്തി
പ്രകാരം കാളിദാസൻ ആദ്യം അസ്തി എന്ന പദത്തെ മുൻ
നിൎത്തി കുമാരസംഭവവും "കശ്ചിൽ" എന്ന പദത്തെ മുൻ
നിൎത്തി മേഘസന്ദേശവും "വാഗ്വിലാസഃ" എന്നതിനെ പുര
സ്കരിച്ചു "വാഗൎത്ഥാ"വെന്നാരംഭിയ്ക്കുന്ന രഘുവംശവും നി
ൎമ്മിച്ചു എന്നു പറയുന്നതുകൊണ്ടു പൂൎവ്വപൂൎവ്വത്തേക്കാൾ ഉത്ത
രോത്തരമാഹാത്മ്യം രഘുവംശത്തിന്നാണെന്നു കാണാവുന്നതാ
ണു്. ഇങ്ങനെയാകുമ്പോൾ ഏതു യുക്തിയെ മുൻനിൎത്തി
ക്കൊണ്ടാണാവോ ചിലർ കുമാരസംഭവം രഘുവംശത്തേക്കാൾ
മഹനീയമാണെന്നു പറയുന്നതു്. രഘുവംശത്തിന്റെ യോ
ഗ്യതകളെ ഏകദേശം എല്ലാംതന്നെ വൎണ്ണിച്ചുകൊണ്ടു വടക്കു
ങ്കൂർ ഒരു നിരൂപണം ചെയ്തിട്ടുള്ളതു ഭംഗിയായിട്ടുണ്ടു് എ
ന്നുവേണം പറയുവാൻ. ഈയുള്ളവന്റെ അഭിപ്രായം രഘു
വംശത്തിലെ 13, 14 എന്നീ സൎഗ്ഗങ്ങൾ കാളിദാസന്റെ ക
ലാവിലാസത്തിന്റെ നികഷോപലങ്ങളാണെന്നാണു്. വ
ടക്കുങ്കൂർ എല്ലാസൎഗ്ഗങ്ങളേയും നിരൂപണം ചെയ്ത കൂട്ടത്തിൽ
ഈ രണ്ടു സൎഗ്ഗങ്ങളുടെ കാൎയ്യത്തിൽ കുറച്ചുകൂടി ശ്രദ്ധിയ്ക്കാ
മായിരുന്നില്ലേ എന്നു സംശയംതോന്നുന്നു. "ഈ സൎഗ്ഗം മ
റ്റുള്ളവയോടു കിടനില്ക്കുന്ന ഒന്നാണെന്നു പറയാം" എന്നു
പറഞ്ഞതിലും ഉദാഹരണങ്ങൾ ഉദ്ധരിച്ചു കുറച്ചുകൂടി വിസ്ത
രിയ്ക്കാതിരുന്നതിലും ഈ ലേഖകൻ പൂൎണ്ണമായി സന്തോഷി
യ്ക്കുന്നില്ല. ഔചിത്യംകൊണ്ടും ധ്വനിപ്രാധാന്യംകൊണ്ടും
അത്യുത്തമമായ രഘുവംശം നിരവധി നായികാനായകന്മാ

ളുടെ സ്വഭാവനിരൂപണംകൊണ്ടു സംസ്കാരസമ്പത്തിനെ കൈവളൎത്തുന്ന കമനീയമായ സാഹിതീഭണ്ഡാഗാരം ശ്രവണസുഭഗവും മനനമധുരവുമായ സാരസ്വതാമൃതസരോവരം ഏതായാലും ഏതൊരാൾക്കും കുമാരസംഭവത്തേക്കാൾ അവരമാണെന്നു പറയുവാൻ ഹൃദയമുണ്ടാവുകയില്ല.

രഘുവംശത്തിലെ കഥാവസ്തു—സൂൎയ്യവംശാലങ്കാരഭൂതന്മാരായ 29 രാജാക്കന്മാരുടെ വൎണ്ണനാത്മകമായ ചരിത്രമാകുന്നു. ഈ മഹാകാവ്യത്തിലെ 19 സൎഗ്ഗങ്ങളിലുമായി—ദിലീപൻ, രഘു, അജൻ, ദശരഥൻ, ശ്രീരാമൻ, കുശൻ, അതിഥി, നിഷധൻ, നളൻ, നഭസ്സ്, പുണ്ഡരീകൻ, ക്ഷേമധന്വാവ്, ദേവാനീകൻ, അഹീനഗു, പാരിയാത്രൻ, ശീധൻ, ഉന്നാഭൻ, വജ്രനാഭൻ, ശങ്ങ്‌വണൻ, വ്യൂഷിതാശ്വൻ, വിശ്വസഹൻ, ഹിരണ്യനാഭൻ, കൌസല്യൻ, ബ്രഹ്മിഷ്ഠൻ, പുത്രൻ, പുഷ്യൻ, ധ്രുവസന്ധി, സുദൎശനൻ, അഗ്നിവൎണ്ണൻ എന്നീ 29 രാജാക്കന്മാരെ വൎണ്ണിച്ചിരിക്കുന്നു. അഗ്നിവൎണ്ണനുശേഷം രാജ്യം ഭരിക്കുന്നതു തൽപത്നിയാണു്. അദ്ദേഹത്തിൻെറ മരണകാലത്തു പ്രിയക്കു ഗൎഭവുമായിരുന്നു. ഇത്രത്തോളമുള്ള കഥാപ്രസ്താവമാണു രഘുവംശത്തിലെ ഇതിവൃത്തം.

രഘുവംശത്തിൽ നമ്മുടെ മഹാകവി ആദ്യത്തെ 9 സൎഗ്ഗങ്ങളിൽ ദിലീപൻെറ നന്ദിനീപാലനം രഘുവിൻെറ ദിക്‌വിജയം, അജവിവാഹം, വിലാപം, ദശരഥൻെറ നായാട്ടു് എന്നിവ വൎണ്ണിച്ചിരിക്കുന്നു. രാമായണംകഥയാണു് 10 മുതൽ 16 വരെയുള്ള സൎഗ്ഗങ്ങളിൽ. കുശനെപ്പററിയും സരയൂനദിയിലുള്ള അദ്ദേഹത്തിൻെറ ജലക്രീഡയെക്കുറിച്ചും കുമദ്വതീവിവാഹവും 16-ാം സൎഗ്ഗത്തിൽ പ്രതിപാദിക്കുന്നു. കുശപുത്രനായ അതിഥിയെ വൎണ്ണിക്കുന്നതത്രേ 17-ാം സൎഗ്ഗം. അതിഥിയുടെ സുതനായ നിഷധൻ മുതൽ സുദൎശനൻവരെയുള്ള രാജാക്കന്മാരുടെ കഥ സംഗ്രഹിച്ചു് 18-ൽ

വൎണ്ണിയ്ക്കപ്പെട്ടിരിയ്ക്കുന്നു. 19-ാം സൎഗ്ഗത്തിൽ വിഷയലമ്പടനായ അഗ്നിവൎണ്ണനേയും വൎണ്ണിച്ചിരിയ്ക്കുന്നു.

രഘുവംശത്തിന്നാണു കുമാരസംഭവത്തേക്കാൾ മഹത്വമെന്നാണു് ഇയ്യുള്ളവന്റെ അഭിപ്രായമെങ്കിലും കുമാരസംഭവവും ഏററവും പ്രശസ്തമായ കാവ്യരത്നമാകുന്നു. കലാദേവിയുടെ കമനീയതാതിരേകം കുമാരസംഭവത്തിൽ കറകളഞ്ഞു പ്രകാശിയ്ക്കുന്നതു കാണാവുന്നതാണു്. പാൎവ്വതീവൎണ്ണനപരങ്ങളായ പദ്യതല്ലജങ്ങൾ രമണീയാൎത്ഥപ്രതിപാദകങ്ങളായ കാവ്യത്തിന്റെ വിശ്വമോഹനത്വവും വിസ്മയനീയത്വവും വിളിച്ചുപറയുന്നു. ഉപമ ഉൽപ്രേക്ഷ മുതലായ അൎത്ഥാലങ്കാരങ്ങളുടെയും പ്രാസാനുപ്രാസാദിശബ്ദാലങ്കാരങ്ങളുടേയും സൌകുമാൎയ്യം സഹൃദയനു് ആസ്വദിയ്ക്കുവാൻ കുമാരസംഭവം പ്രയോജകീഭവിയ്ക്കുന്നു. ഉത്തമകാവ്യത്വപ്രതിപാദകമായ വ്യംഗാൎത്ഥം ഭംഗിയായി കുമാരസംഭവത്തിൽ പലഭാഗത്തിലും സ്ഫുരിയ്ക്കുന്നതുകാണാം. ആലങ്കാരികന്മാർതന്നെ അൎത്ഥാലങ്കാരത്തിന്നും ധ്വനിയ്ക്കും മാതൃകയായി കുമാരസംഭവപദ്യങ്ങൾ പലതുമുദ്ധരിച്ചിട്ടുണ്ടു്. ലൌകികാദ്ധ്യാത്മിക തത്വങ്ങൾ ഉപദേശിച്ചു ഭാവനാദൎപ്പണത്തിൽ ലോകത്തെ പ്രതിഫലിപ്പിച്ചുകാണിച്ചു് സഹൃദയനെ വികാരപൂരിതനും ആത്യാശ്ചൎയ്യപരീതനുമാക്കിത്തീൎക്കുവാനുള്ള കഴിവു കുമാരസംഭവ കാവ്യത്തിന്നു തികച്ചുമുണ്ടെന്നു സമ്മതിയ്ക്കേണ്ടിയിരിയ്ക്കുന്നു. അതിലെ പദ്യങ്ങൾ എല്ലാംതന്നെ ആലോചനാമൃതങ്ങൾ ആണെന്നു് ഇനി പറയേണ്ടതില്ലല്ലോ.

കുമാരസംഭവത്തിൽ 8 സൎഗ്ഗങ്ങൾ മാത്രമേ കാളിദാസകൃതങ്ങളായിട്ടുള്ളു എന്ന അഭിപ്രായം സ്വീകാരയോഗ്യവും യുക്തിയുക്തവുമത്രേ. വൃദ്ധന്മാരുടെ ഐതിഹ്യം ശരിയാണെങ്കിൽ എട്ടാം സൎഗ്ഗത്തിൽ പാൎവ്വതീപരമേശ്വരന്മാരുടെ രഹഃക്രീഡകളെ വൎണ്ണിച്ചു ലജ്ജിതയായ ദേവി കാളിദാസ

രെ—"നിനക്കു് ഇനിമേലിൽ കവിത തോന്നാതെപോകട്ടെ" എന്നു ശപിച്ചിട്ടാണു ശേഷം ഭാഗം വിരചിയ്ക്കാതിരുന്നതു് എന്നു പറയാവുന്നതാണല്ലോ. കുമാരസംഭവത്തിലെ പിന്നെയുള്ള സൎഗ്ഗങ്ങൾക്കു് ആദ്യത്തെ എട്ടുസൎഗ്ഗങ്ങളോളം രമണീയത ഇല്ല എന്നു് ഏതു സഹൃദയനും സമ്മതിച്ചേതീരൂ. കുമാരസംഭവം അധികഭാഗവും ശൈവപുരാണത്തെ അധികരിച്ചും അനുകരിച്ചും എഴുതപ്പെട്ടിട്ടുള്ളതാണു്. ബ്രഹ്മപുരാണത്തെ അനുകരിച്ചും കുമാരസംഭവത്തിൽ ചില കഥകൾ കാണാം. കഥാവസ്തുവിൽ മാത്രമല്ലാ ആശയം, പദം, പാദം എന്നിവയിലും ശൈവപുരാണത്തോടുള്ള കടപ്പാടു കുമാരസംഭവത്തിന്നുണ്ടെന്നു സൂക്ഷ്മനിരീക്ഷണംകൊണ്ടു് അറിയാവുന്നതത്രേ.

കാളിദാസന്റെ ഒരു ലഘുകൃതിയായ മേഘസന്ദേശത്തിന്നു രമണീയകലകളിൽ മികച്ചതായ സ്ഥാനമുണ്ടെന്നു രസികന്മാൎക്കു തികച്ചും വിശ്വസിയ്ക്കാവുന്നതാകുന്നു. സ്വാപരാധത്താൽ സ്വാമിയാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ഒരു യക്ഷന്റെ പ്രിയതമയ്ക്കുവേണ്ടി മേഘത്തോടുള്ള സന്ദേശം പറഞ്ഞയയ്ക്കലാണു മേഘസന്ദേശത്തിലെ കഥ. പൂൎവ്വം, ഉത്തരം, എന്നീരണ്ടുഭാഗങ്ങളായിതിരിയ്ക്കപ്പെട്ട ഈ ഖണ്ഡകാവ്യം രാമായണത്തിലെ ഹനൂമൽസന്ദേശത്തെ സംസ്മരിച്ചുകൊണ്ടു നിൎമ്മിയ്ക്കപ്പെട്ടതാകുന്നു.

ദൃശ്യകാവ്യങ്ങളിലെ (നാടകങ്ങളിലെ) ഇതിവൃത്തത്തെ തിരഞ്ഞെടുക്കുന്നതിലും അതിനു സൎവ്വതോമുഖമായും അനന്യലഭ്യമായുമുള്ള ആസ്വാദ്യതകൊടുക്കുന്നതിലും കാളിദാസരോളം മനസ്സിരുത്തുന്ന കവികൾ ഉണ്ടായിട്ടില്ലെന്നു തന്നെ പറയട്ടെ. "കവി കാളിദാസഃ" എന്ന വചനത്തിന്നു് ഏതാവൽകാലപൎയ്യന്തം ഒരു അനാദരണീയതയും തട്ടാത്തതു് അദ്ദേഹത്തിന്റെ കവനകലാകൌശലം കൊണ്ടല്ലാ

തെ മറെറന്തുകൊണ്ടാണ്? ആധുനിക സാഹിത്യലോകം “കാവ്യേഷുമാഘഃ” എന്ന അഭിയുക്തവചനത്തെ അത്ര അഭിനന്ദിക്കുന്നുണ്ടോ എന്ന സംശയമാണ്. ദൃശ്യശ്രവ്യോഭയവിധങ്ങളായ കാവ്യങ്ങളിലും ഔചിത്യത്തെയും ആദർശശുദ്ധിയേയും വരുത്തിയിരിക്കുന്ന കാര്യത്തിൽ ഇത്രയേ മനസ്സിരുത്തിയിട്ടുള്ള നമ്മുടെ മഹാകവി എന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണ്. നാടക വാക്യങ്ങളിലും പാത്രനിർമ്മാണത്തിലും അദ്ദേഹത്തിന്റെ പാടവം നമുക്കു മേൽ പ്രസ്താവിക്കുന്നതുകൊണ്ടു കാണാവുന്നതാണ്.

“ശാകുന്തളം നോക്കിയുമംഗനാനാം” എന്നും മററും പാടിയിരിക്കുന്നു ചില രസികന്മാർ. “ശാകുന്തളത്തിനോളം വിലയേറിയ കാവ്യരത്നം വിശ്വസാഹിത്യത്തിൽ ഇതേവരെ എന്റെ ദൃഷ്ടിക്കു വിഷയീഭവിച്ചിട്ടില്ല” എന്ന് അടുത്തു പരേതനായ ഗീതാഞ്ജലീപ്രണേതാവ്—വംഗകവിപുംഗവൻ—വിശ്വമഹാകവി ടാഗോർ ഉപദേശിച്ചിരിക്കുന്നു. അവസാനമില്ലാത്ത മാഹാത്മ്യത്തിന്റെ വിളനിലം, ആനന്ദാമൃതത്തിൽ ആരേയും ആറാടിക്കുന്ന സാഹിത്യസരോവരം, ലോകനാടകത്തെ അഭിനയിച്ചുകാണിക്കുന്ന വിസ്മനീയമായ രൂപകം, നമുക്കൊന്നു കാണാം, ആനന്ദപുളകമണിയാം.

“കാവ്യേഷു നാടകം രമ്യം
തത്ര ശാകുന്തളം വരം
തത്രാപി ച ചതുർത്ഥോങ്ക-
സ്തത്ര ശ്ലോകചതുഷ്ടയം.”

എന്ന അഭിയുക്തവചനം എത്ര പരമാർത്ഥം! ദൃശ്യശ്രവ്യങ്ങളായ കാവ്യങ്ങളിൽ ദൃശ്യകാവ്യമാണുൽകൃഷ്ടം. ഭാവനകൊണ്ടു കവി നിർമ്മിക്കുന്ന ലോകത്തിന്റെ പ്രത്യക്ഷസ്വരൂപം അഭിനയത്തിൽകൂടി ഉജ്ജ്വലിച്ചു പ്രകാശിക്കുമ്പോൾ ശ്രവ്യകാവ്യകലയേക്കാൾ വിലയേറും നാടകത്തിനെന്നു വിചാര

രിയ്ക്കണം. വിചാരം വികാരഭരിതമാക്കിക്കാണിയ്ക്കുവാൻ ശ്രവ്യകാവ്യത്തിന്നും കഴിവുണ്ടു്. എങ്കിലും അതുതന്നെ അന്തഃകരണത്തിലേയ്ക്കു് ഉന്തിക്കേററി പ്രതിഫലിപ്പിയ്ക്കുവാനും പ്രകാശിപ്പിയ്ക്കുവാനും അഭിനയകല ഒന്നുകൂടി ഉണർന്നുകൊണ്ടാണു് ഉയർന്നിരിയ്ക്കുന്നതു്. ഈ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയിട്ടാണു മേൽപറഞ്ഞ പദ്യത്തിന്റെ ആവിർഭാവം. നാടകാന്തം കവിത്വം എന്നു പറയുന്നതും അഭിനയകലയുടെ മഹനീയതയെ മുൻനിർത്തിക്കൊണ്ടാണു്. നാടകസാഹിത്യങ്ങളിൽ എല്ലാംകൊണ്ടും മുന്നിട്ടുനില്ക്കുന്ന ശാകുന്തളത്തിന്റെ വിശ്വവിസ്താപകത്വം അറിയണമെങ്കിൽ ലഘുവായ ഒരു നിരൂപണം വേണ്ടിവരും. ഒന്നാമതായി അതിലെ കഥാവസ്തുവിനെ പ്രസ്താവിച്ചതിന്റെ ശേഷം അതിൽ കവി കാണിച്ചിട്ടുള്ള കലാകൌശലത്തേയും കുറഞ്ഞൊന്നു് എടുത്തു കാണിയ്ക്കാം.

അഭിജ്ഞാനശാകുന്തളത്തിലെ കഥാവസ്തു ഏഴങ്കങ്ങളിലായി പ്രതിപാദിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഒന്നാമത്തെ അങ്കത്തിൽ—ദുഷ്യന്തന്റെ മൃഗയാവൃത്താന്തം, കണ്വമുനിയുടെ പർണ്ണശാലയുടെ പരിസരപ്രദേശത്തു് കുട്ടിക്കുടങ്ങൾ എടുത്തു വൃക്ഷലതാദികൾ നനയ്ക്കുന്ന മുനികന്യമാരുടെ സന്ദർശനം, ശകുന്തളാസഖികളായ അനസൂയാപ്രിയംവദകളുടെ അമൃതമധുരങ്ങളായ വചനങ്ങൾകൊണ്ടു രാജാവിനു് അവളിലുള്ള അനുരാഗോല്പത്തി, അതോടുകൂടിത്തന്നെ നാടകബീജനിഷ്പത്തിയും ഉപപാദിച്ചിരിയ്ക്കുന്നു. രണ്ടാമങ്കത്തിൽ—പൂർവ്വാങ്കനിഷ്പന്ന ശകുന്തളാപ്രണയത്തിന്റെ പ്രകാശനം, തദ്വാരാ വിദൂഷകൻ തന്റെ പ്രവൃത്തിയെ അന്തഃപുരത്തിൽ അറിയിയ്ക്കുമോ എന്നു് ദുഷ്യന്തന്റെ സംശയം, "പരിഹാസവിജല്പിതം സഖേ!" എന്നിത്യാദികൊണ്ടു് അദ്ദേഹത്തിന്റെ സ്വാഭിമതഗോപനം, വിദൂഷകനെ രാജധാനിയിലേയ്ക്കു പറഞ്ഞയയ്ക്കൽ

എന്നിവയാണ വർണ്ണനാവിഷയം. മൂന്നാമത്തെ അങ്കത്തിൽ—നായകദർശനത്താൽ അങ്കുരിച്ച കാമപാരവശ്യത്തോടുകൂടിയ ശകുന്തളയുടെ ശരീരവിക്ലാന്തിയും, സ്വാവിഷയാനുരാഗനിശ്ചയത്താൽ രാജാവു് അവളെ ഉപലാളിക്കുന്നതും, രണ്ടുപേരുടേയും മനോരഥപൂർത്തിയും വർണ്ണിക്കപ്പെടുന്നു. നാലിൽ—നായകൈകാഗ്രമനോഭാവയായി അതിഥിസൽകാരവിമുഖയായ ശകുന്തളക്കു് ദുർവ്വാസസ്സിൽനിന്നുള്ള ശാപപ്രാപ്തി, അംഗുലീയദർശനാനന്തരം അതിന്റെ നിർമ്മോക്ഷം, അനന്തരം വരനഗരത്തിലേക്കു് ശകുന്തളയെ വാത്സല്യാഭിനന്ദപൂർവ്വകം ആനന്ദബാഷ്പപൂർണ്ണനായ കണ്വന്റെ സംപ്രേഷണം എന്നിവയും പ്രതിപാദിക്കുന്നു. അഞ്ചാമങ്കത്തിൽ—ദുർവ്വാസസ്സിന്റെ ശാപത്താൽ രാജാവു വിസ്മരിച്ചു കണ്വാശ്രമത്തിൽനിന്നു പരിവാരസമേതം വന്നിരിക്കുന്ന പ്രിയയെ കണ്ടിട്ടും തദ്വചനശ്രവണംകൊണ്ടും ഉൽബോധമണയാതെ നിരാനന്ദനായി വർത്തിക്കുന്നതും, അവളെ ഉപേക്ഷിക്കുന്നതും പിന്നേയും അവിശ്വസ്തനായി തദീയചിന്താവശഗനായി സ്ഥിതിചെയ്യുന്നതും വർണ്ണിക്കുന്നു. ആറിൽ—ശാപനിവർത്തകമായ അംഗുലീയകദർശനവും ശകുന്തളാസംബന്ധിയായ സർവ്വവൃത്താന്തവും സ്മരിക്കുന്നതും പിന്നീടു് ഉന്നിദ്രഹൃദയനായ രാജാവിന്റെ പശ്ചാത്താപവും തപ്തഹൃദയനായി അദ്ദേഹം പ്രിയാപ്രതിമയെ വീക്ഷിക്കുന്നതും, അതുകൊണ്ടു് ആത്മാവിനെ ആനന്ദിപ്പിക്കുന്നതും, ശകുന്തളാപ്രത്യാഖ്യാനം മഹാപരാധമായി എന്നു കരുതുന്നതും സ്വസന്താനത്തിന്നു് വല്ലവിപ്ലവും നേരിടുമോ എന്നുള്ള ശങ്കയും സ്വാവിഭവസമൃദ്ധിയിലുള്ള നൈരാശ്യവും, ശകുന്തളൈകാഗ്രചിത്തവൃത്തിയും അങ്ങനെയിരിക്കുമ്പോൾ ദുർജ്ജയാസുരനിഗ്രഹത്തിന്നായി ദേവേന്ദ്രന്റെ രഥത്തിൽ കേറുന്നതും ഉപപാദിക്കുന്നു. ഏഴാമങ്കത്തിൽ—ഇന്ദ്രന്റെ അപേക്ഷയനുസരിച്ചു് ദേവലോകത്തിൽ ശത്രുബാധയാ

കററി വരുംവഴി മാരീചനെ വന്ദിക്കുവാൻ തദാശ്രമത്തിൽ ചെന്നപ്പോൾ ക്ഷാത്രവീര്യം മൂർത്തീകരിച്ച അതിതേജസ്വിയായ ഒരു വീരകുമാരനെ ദർശിക്കുന്നതും അനന്തരം ധൂസരവസനധാരിണിയും വിരഹകൃശാംഗിയുമായ പ്രിയയേയും വീക്ഷിക്കുന്നതും വികസിതഹൃദയാനന്ദപരീതനായി മാരീചാനുഗ്രഹപൂർവ്വകം സകലാഭീഷ്ടസിദ്ധിയും വർണ്ണിക്കുകയും ചെയ്യുന്നു.

നാടകസാഹിത്യത്തിൽ പാശ്ചാത്യരും പൌരസ്ത്യരും വിഭിന്നാഭിപ്രായക്കാരാണ്. നാടകനിർവ്വഹണം ട്രാജഡിയായും കോമഡിയായും രണ്ടുതരത്തിലുണ്ടെന്നു കാണാവുന്നതാണ്. ഷേക്സ്പിയർ മുതലായ നാടകകർത്താക്കളുടെ നാടകം മിക്കതും ട്രാജഡിയായിട്ടാകുന്നു. എന്നാൽ കാളിദാസാദികളായ പൌരസ്ത്യ മഹാകവികൾ രൂപകസാഹിത്യസിദ്ധാന്തമനുസരിച്ചു വധയുദ്ധാദികളും ദാരുണമരണങ്ങളും വർണ്ണിക്കുന്നില്ല. ആനന്ദപൂർണ്ണമായ നിർവ്വഹണമാണ് കഥയിലവർ സ്വീകരിച്ചിരിക്കുന്നതു്. കാവ്യാത്മാവായ രസത്തെ വർണ്ണിച്ചിരിക്കുവാൻ വേണ്ടിയും ജീവിതത്തിന്നും കലയ്ക്കും തമ്മിലുള്ള ബന്ധം ഒന്നു വിശദീകരിക്കുവാനായും സാഹിത്യത്തിന്റെ സാംസ്കാരികത്വത്തെ ഉപദേശരൂപത്തിൽ പരിണമിപ്പിക്കുവാനായും കഥാപ്രവാഹത്തിൽ ക്ലേശപ്രത്യൂഹങ്ങളും കവി കല്പിച്ചുകൂട്ടി തന്നെ ഇടയ്ക്കിടയ്ക്ക സംഘടിപ്പിച്ചേയ്ക്കുമെങ്കിലും ഒടുവിലതു മംഗളപൂർണ്ണമാക്കി ഔചിത്യപൂർവ്വം സമാപിപ്പിക്കുകയും ചെയ്യും. ഇതിന് ഉത്തമോദാഹരണമാണു ശാകുന്തളം. സംഭോഗവിപ്രലംഭങ്ങളായ ശൃംഗാരങ്ങളുടെ രണ്ടിന്റേയും ഭംഗി ഭാവുകഭാവിനക്കു വിഷയീഭവിപ്പിക്കുവാൻ കവിക്കു നായികാനായകന്മാരുടെ സംയോഗവിയോഗങ്ങൾ സുഖദുഃഖങ്ങൾ ദശാപരിണാമങ്ങൾ എന്നുതുടങ്ങി എന്തെല്ലാം വർണ്ണിക്കേണ്ടിവന്നു എന്നു് ഓർത്തുനോക്കേണ്ടതാണു്. അപ്പോൾ

165429
38357
019
UNIVERSITY LIBRARY

കാണാം കഥാരംഭനിൎവ്വഹണങ്ങളുടെ സമുചിതബന്ധവും സാമഞ്ജസ്യവും. സത്യരൂപനും സ്നേഹസംപൂൎണ്ണനുമായ ഈശ്വരനോടുള്ള കൈവല്യപ്രാപ്തി (മോക്ഷം)യാണ് സൎവ്വാഭിലഷണീയമായിട്ടുള്ളതെന്ന് ആദ്ധ്യാത്മികതത്വം സത്യമായ നിത്യപ്രേമത്തിന്റെ പ്രശസ്തപ്രകാശത്താൽ കാണിച്ചുതരുന്ന സാഹിത്യമാണ സുകുമാരകല. അഭിജ്ഞാനശാകുന്തളം അത്തരത്തിലുള്ള സുന്ദരകലതന്നെ.

സകല കവികുലതിലകനായ കാളിദാസമഹാകവി "നാടകാന്തം കവിത്വ"മെന്ന തത്വത്തേയും നാടകസാഹിത്യത്തിന്റെ വിശ്വവിസ്മയനീയതയേയും വിചാരിച്ചു നിൎമ്മിക്കുവാൻപോകുന്ന ഗ്രന്ഥതല്ലജമായ ശാകുന്തളത്തിന്റെ നിൎവ്വിഘ്നപരിസമാപ്തിക്കുവേണ്ടി "ആശീൎന്നമസ്ക്രീയാ വസ്തുനിൎദ്ദേശോവാപിതന്മുഖം" എന്ന ആലങ്കാരികസിദ്ധാന്തമനുസരിച്ചു പൂൎവ്വരംഗപ്രധാനഭൂതവും നാന്ദീരൂപവുമായ ആശിസ്സിനെയാണ് ആദ്യമായി—"യാസൃഷ്ടി" എന്ന പദ്യംകൊണ്ടു പ്രാരംഭിച്ചിരിക്കുന്നതു്:—

"യാസൃഷ്ടിഃ സ്രഷ്ടുരാദ്യാവഹതിവിധിഹുതം
യാഹവിൎയ്യാ ച ഹോത്രീ
യേ ദ്വേ കാലം വിധത്തഃ ശ്രുതിവിഷയഗുണാ
യാസ്ഥിതാവ്യാപ്യവിശ്വം
യാമാഹുഃസൎവ്വഭൂത പ്രകൃതിരിതിയയാ
പ്രാണിനഃ പ്രാണവന്തഃ
പ്രത്യക്ഷാഭിഃ പ്രപന്നസ്തനുഭിരവതുവ-
സ്താഭിരഷ്ടാഭിരീശഃ"

ജലമയിയായും അഗ്നിരൂപിണിയായും ഹോത്രിയായും ആദിത്യചന്ദ്രാത്മികയായും, ആകാശസ്വരൂപയായും മേദിനീരൂപിണിയായും അനിലാത്മികയായും ഇങ്ങനെ പ്രത്യക്ഷരൂപത്തിൽ എട്ടുതരത്തിലുള്ള മൂൎത്തികളോടുകൂടിയ ഈശ്വരൻ

നമ്മളെ രക്ഷിയ്ക്കട്ടെ എന്നൎത്ഥമുള്ള ഈ പദ്യത്തിൽ അനവധി കാൎയ്യങ്ങൾ അടങ്ങിയിരിയ്ക്കുന്നതു നിരൂപിച്ചുനോക്കേണ്ടതു തന്നെയാണു്. ഉത്തമകാവ്യോചിതമായ ധ്വനി, അലങ്കാരം, ഗുണം, രീതി, ശയ്യ, പാകം എന്നിവയൊക്കെയും ഈ പദ്യത്തിൽ തികഞ്ഞിട്ടുണ്ടെന്നു കാണാം. വസ്തുധ്വനി; ഭാവധ്വനി (രസധ്വനി), അലങ്കാരധ്വനി എന്ന മൂന്നു ധ്വനികളും ഇതിലുണ്ടു്. അനിഷ്ടദൂരീകരണവും ഇഷ്ടവിതരണവുമാണു രക്ഷണം. പൃഥിവ്യാദികളിൽ യാതൊന്നു് ഇഷ്ടസംപാദകവും അനിഷ്ടനിവാരകവുമായി ഭവിയ്ക്കുന്ന അതാതു വസ്തു ധ്വനിയ്ക്കപ്പെടുകയാൽ വസ്തുധ്വനിയുണ്ടെന്നു വ്യക്തമാകുന്നു. സാഭിപ്രായവിശേഷണകമായ പരികരാലങ്കാരം ഇതിൽ വ്യംഗ്യമായിരിയ്ക്കുന്നു. സൎവ്വാത്മകനായ ശിവങ്കലുള്ള കവിഭക്തിയും ധ്വനിയ്ക്കപ്പെടുകയാൽ ഭാവധ്വനിയുമുണ്ടു്. ത്രിവിധങ്ങളായ ധ്വനികളുടേയും പ്രാധാന്യം നിമിത്തം ഉത്തമകാവ്യത്വം ഈ പദ്യത്തിന്നുണ്ടു് എന്ന കാൎയ്യം നിൎവ്വിവാദമാകുന്നു. ബന്ധപാരുഷ്യരാഹിത്യത്താലും ശബ്ദകാഠിന്യമില്ലാത്തതുകൊണ്ടും അതിദീൎഘസമാസം സംഘടിയ്ക്കപ്പെട്ടിട്ടില്ലായ്കയാലും വൈദൎഭീരീതിയാണു് ഈ ശ്ലോകത്തിൽ സ്വീകരിച്ചിരിയ്ക്കുന്നതു്. സൃഷ്ടിഃ സ്രഷ്ടുഃ, പ്രാണിനഃ പ്രാണവന്തഃ, പ്രത്യക്ഷാഭിഃ പ്രപന്നഃ എന്നു തുടങ്ങിയ സന്ദൎഭങ്ങളിൽ അനുപ്രാസങ്ങളും വൃത്ത്യനുപ്രാസങ്ങളും പ്രാണിനഃ പ്രാണവന്തഃ എന്നാദിക്കിൽ ലാടാനുപ്രാസവുമുണ്ടെന്നു സാഹിത്യമൎമ്മജ്ഞന്മാൎക്കു് അറിയാവുന്നതാണു്.

അഷ്ടമൂൎത്തിയുടെ അസാധാരണമായ സ്വരൂപവൎണ്ണനത്തിൽ ഈ പദ്യത്തിൽ സ്വഭാവോക്തി എന്ന അലങ്കാരമുണ്ടെന്നു് എളുപ്പത്തിൽ അറിയാം. സാക്ഷാൽ വാചകശബ്ദങ്ങളെക്കൊണ്ടല്ലെങ്കിലും ഗുണക്രിയാദിദ്വാരാ അഷ്ടമൂൎത്തിത്വവൎണ്ണനത്താൽ പൎയ്യായോക്ത്യലങ്കാരവും ഈ പദ്യത്തി-

ലുണ്ടു്. രക്ഷണക്രിയയ്ക്കു പ്രത്യക്ഷശരീരഹേതുകത്വംകൊണ്ടു് സമർത്ഥനീയാർത്ഥ സമർത്ഥനരൂപമെന്നോ, ഹേതുഹേതുമൽഭാവരൂപമെന്നോ പറയാവുന്ന കാവ്യലിംഗാലങ്കാരം വ്യക്തമായി പ്രകാശിക്കുന്നു. ഇതുപോലെത്തന്നെ കാരകദീപകാലങ്കാരം, വ്യതിരേകാലങ്കാരം, പ്രേയാലങ്കാരം എന്നു തുടങ്ങിയ അലങ്കാരങ്ങളും ഈ പദ്യത്തിലുണ്ടെന്നു സൂക്ഷ്മനിരീക്ഷണത്താൽ സ്പഷ്ടമാകുന്നു. ഇതിലുള്ള പ്രധാനഗുണങ്ങളേയുംപററി പര്യാലോചിക്കേണ്ടതാണു്. അസ്പൃഷ്ട ശൈഥില്യാത്മകമായ ശ്ലേഷവും പരമേശ്വരന്റെ പ്രസിദ്ധമായ അഷ്ടമൂർത്തിത്വപ്രതീതിശ്രവണമാത്രയിലുണ്ടാവുന്നതുകൊണ്ടു പ്രസാദവും, പദാന്വയത്തിൽ വിദൂരവിളംബരാഹിത്യരൂപമായ സമത്വവും പൃഥക്പദത്വപ്രതീതികൊണ്ടു മാധുര്യവും മററും സഹൃദയൻ ഊഹിച്ചുകൊള്ളണം. പദങ്ങളുടെ അന്യോന്യമൈത്രീരൂപത്തിലുള്ള ശയ്യ, അകത്തും പുറമേയും ഒരുപോലെ സംസ്ഫുരിപ്പിക്കുന്ന ദ്രാക്ഷാപാകം എന്നിവയും ഈ പദ്യത്തിലുണ്ടു്

നാടകത്തിലെ നാന്ദീശ്ലോകത്തിൽ കവികൾ സാധാരണയായി കാവ്യാർത്ഥത്തെ സൂചിപ്പിക്കാറുണ്ടു്. അതും ഈ പദ്യത്തിൽ എത്രത്തോളമുണ്ടെന്നുനോക്കാം. ആദ്യസ്രഷ്ടി എന്നു പറഞ്ഞതുകൊണ്ടു കഥാനായകനായ ദുഷ്യന്തന്റെ ഭരതവംശാദിത്വം ധ്വനിക്കുന്നു. "വിധിഹുതം ഹവി:" എന്നതിനാൽ ഷഡ്ഭാഗാദാതൃത്വപ്രതീതിയാൽ രാജർഷിത്വം സൂചിക്കുന്നു. ഹോത്രീശബ്ദത്താൽ യാഗമഹാദാനാദികൾ ചെയ്തുവരുന്നവനാണു രാജാവു് എന്നു വ്യഞ്ജിക്കുന്നു. "കാലം വിധത്ത:" എന്നതുകൊണ്ടു യഥോചിതവർഷാദിസമ്പന്നകാലപ്രവർത്തകത്വം രാജാവിനുണ്ടെന്നു ധ്വനിക്കുന്നു. "ശ്രുതിവിഷയഗുണം:" എന്ന പദത്താൽ രാജാവിനു വേദപ്രതിപാദകശാസ്ത്രാനുസാരിത്വവും അദ്ദേഹത്തിന്റെ ഗുണങ്ങൾ

സകലജനശ്രോത്രേന്ദ്രിയങ്ങൾക്കു വിഷയങ്ങളാവുകയാൽ പൃഥ്യല്ലോകതയും പ്രതീയമാനമാകുന്നുണ്ടു്. "വിശ്വം വ്യാപ്യ സ്ഥിതാ" എന്നതുകൊണ്ടു രാജാവു് അപ്രതിഹതകീർത്തിപ്രതാപവാനാണെന്നു ധ്വനിക്കുന്നു. സർവ്വഭൂതപ്രകൃതി ശബ്ദത്താൽ എല്ലാവരേയും അതാതു് ഉചിതമാർഗ്ഗങ്ങളിൽകൂടി നയിച്ചു ഭരിക്കുകയാൽ രാജാവിന്റെ സർവ്വകാരണത്വവും "പ്രാണിനഃ പ്രാണവന്തഃ" എന്നതുകൊണ്ടു സർവ്വജീവജാലങ്ങളുടേയും സകലവാഞ്ഛിതപൂരകത്വവം, "പ്രത്യക്ഷാദിപ്രപന്നഃ" എന്നതുകൊണ്ടു് അംഗുലീയകദർശനജന്യമായ ശകുന്തളാസ്മരണവും സൂചിപ്പിക്കപ്പെടുന്നു. ഈ ശബ്ദത്താൽ രാജാവിന്റെ ഐശ്വര്യസമ്പത്തിയും അഷ്ടതനുത്വപ്രതിപാദനത്താൽ ദിക്പാലാംശത്വവും ധ്വനിക്കുന്നു. ആലോചനാമൃതമായ ഈ പദ്യത്തിൽ വേറേയും പല അർത്ഥങ്ങൾ പ്രതീയമാനങ്ങളായിട്ടുണ്ടു്. "സൃഷ്ടുഃ സൃഷ്ടിഃ" എന്നതുകൊണ്ടു വിശ്വാമിത്രസന്തതിത്വവും, ആദ്യസൃഷ്ടി എന്നതിനാൽ സകലസുന്ദരീസമുദായാപേക്ഷയാ ശകുന്തളയുടെ പരമരാമണീയകവും പ്രതീയമാനമാകുന്നു. വിധിഹുതംഹവിർവ്വഹതി എന്നതുകൊണ്ടു ദുഷ്യന്തനിഹിത ഗർഭധാരണഗാന്ധർവ്വവിവാഹാദിയും "യേ ദ്വേ കാലം വിധത്തഃ" എന്നതിനാൽ അനസൂയാപ്രിയംവദകളായ സഖിമാർ ശകുന്തളാസംഗമത്തിന്നു് സന്ദർഭമുണ്ടാക്കിയതും പ്രതീയമാനമാകുന്നുണ്ടു്.

നാടകത്തിൽ ക്രിയാരൂപമായും വാഗ്രൂപമായും രണ്ടു വിധത്തിൽ നാന്ദിയുണ്ടു്. വാഗ്രൂപമായ നാന്ദിക്കു്

"മംഗല്യ ശംഖചക്രാബ്ജ-
കോകകൈരവശംസിനീ
യത്രാഷ്ടഭിർദ്വാദശഭി-
രഷ്ടാദശഭിരേവ ച

ദ്വാവിംശതി പദൈര്യുക്താപി
സാനാന്ദീതി പ്രകീർത്തിതാ"

ഇങ്ങനെയാണ് അഭിജ്ഞന്മാർ ലക്ഷണം പറഞ്ഞിട്ടുള്ളതു്. ഇതിലെ പദശബ്ദത്തെ—സുപ്തിങന്തം പദമെന്നും, ശ്ലോകപാദം പദമെന്നും, വാക്യം പദമെന്നും വിവിധരൂപത്തിൽ വ്യാഖ്യാനിക്കുന്നുണ്ടു്. പ്രകൃതത്തിൽ വാക്യത്തെയാണ പദമായി സങ്കല്പിച്ചിരിക്കുന്നതു്. അതുകൊണ്ടു് അഷ്ടപദാത്മികയായ നാന്ദിയാണ "യാസ്സൃഷ്ടിഃ" എന്ന പദ്യമെന്നു വേദ്യമാണു്.

ശൃംഗാരതരംഗിണിയാണ ശാകുന്തളമെന്നു നാമനിർദ്ദേശത്താൽത്തന്നെ പറയപ്പെട്ടിരിക്കുന്നു. ഈ ആദ്യപദ്യത്തിൽത്തന്നെ നാനാതനുക്കളോടുകൂടിയ ഈശനെന്നതുകൊണ്ടു നിരവധി നായികായുക്തനായകപ്രതീതി സമാസോക്ത്യലങ്കാരമൂലകമായി ഉണ്ടാവുകയും ആ അലങ്കാരസാമർത്ഥ്യത്താലും ഈശപദത്താലും ദാമ്പത്യധ്വനിദ്വാരാ ശൃംഗാരരസം പ്രധാനമായതാണു് ഈ നാടകമെന്നും പ്രകാശിപ്പിച്ചിട്ടുണ്ടു്. ഈ ശൃംഗാരത്തെത്തന്നെ മേൽക്കുമേൽ ഉചിതപൂർവ്വം പരിപോഷിപ്പിച്ചുകൊണ്ടുതന്നെയാണു് ഈ നാടകകഥാവസ്തുവിന്റെ ആപാദചൂഡമുള്ള നിർവ്വഹണമെന്നു് കാണുവാൻ ഒരു പ്രയാസവുമില്ല. സൂത്രധാരന്റെ രംഗപ്രസാദനത്തിനുള്ളതും ഗ്രീഷ്മവർണ്ണനാത്മകവും പരമരമണീയവുമായ

"സുഭഗസലിലാവഗാഹാഃ
പാടലസംസർഗ്ഗസുരഭിവനവാതാഃ
പ്രച്ഛായസുലഭനിദ്രാ
ദിവസാഃ പരിണാമരമണീയാഃ"

എന്ന പദ്യത്തിൽ ശൃംഗാരരസം പരിസ്ഫുരിക്കുന്നതു് പ്രത്യേകം ശ്രദ്ധേയമാകുന്നു. സുഭഗസുരഭിശീതള വിജനപ്രദേശത്തു് ചതുരസുന്ദരീസംഭോഗത്താൽ വിക്ലാന്തന്മാരും ക

ളികഴിഞ്ഞു് കുങ്കുമകസ്തൂരികാദിയണിഞ്ഞു പരിമളപൂർണ്ണന്മാരായി ഗാഢനിദ്രകൊള്ളുന്നവരും പരിണതപുണ്യവാന്മാരുമായ തരുണന്മാരുടെ സമാധി ഈ പദ്യത്താലുണ്ടാകുന്നു.

സൂത്രധാരൻ നടിയോടു് ഗ്രീഷ്മസമയത്തെ വർണ്ണിച്ചു പാടുവാൻ പറഞ്ഞപ്പോൾ അവൾ പാടുന്നു:—

ഈഷച്ചുംബിതാനിഭ്രമരൈഃ
സുകുമാരകേസരശിഖാനി
അവതംസയന്തി ദയമാനാഃ
പ്രമദാഃ ശിരീഷകുസുമാനി ”

എന്ന പദ്യത്തിൽനിന്നും, വണ്ടുകൾ കുറഞ്ഞൊന്നു ചുംബിച്ചവയും മഞ്ജുളങ്ങളായ അല്ലികളോടുകൂടിയവയും ആയ വാകപ്പൂക്കളെ സുന്ദരിമാർ ദയാതുന്ദിലകളായി കർണ്ണാവതംസങ്ങളാക്കിച്ചെയ്യുന്നു എന്ന വാച്യാർത്ഥത്തിൽനിന്നും അതിരക്തമായി വ്യംഗ്യാർത്ഥങ്ങളും പ്രതീതിവിഷയങ്ങളാകുന്നുണ്ടു്. വണ്ടുകളാൽ ഈഷച്ചുംബിതങ്ങളാണു വാകപ്പൂക്കൾ എന്നു പറഞ്ഞതുകൊണ്ടു പ്രകൃതകഥാനായകന്നു് അന്യനായികകളുണ്ടെന്നും ഉപഭോഗപ്രഗൽഭതകൊണ്ടു നായികയ്ക്കു കന്യകാത്വമുണ്ടെന്നും ധ്വനിയ്ക്കപ്പെടുന്നു. "സുകുമാരകേസരശിഖാനി" എന്നതുകൊണ്ടു കൈവിരൽ തുടങ്ങിയുള്ള അവയവങ്ങളുടെ മൃദുലതാകോമളത്വാദികൾ സൂചിക്കപ്പെടുന്നു. ശിരീഷകുസുമത്വസമാരോപത്താൽ അതിശയോക്ത്യപഹ്നവാദികളായ അലങ്കാരങ്ങളെക്കൊണ്ടു് നായികയുടെ പത്മിനീജാതിത്വം ധ്വനിയ്ക്കുന്നു. പ്രമദകളുടെ അവതംസകരണത്താൽ നിഖിലനായികകളിൽനിന്നും സവിശേഷമായ സൌന്ദര്യാതിരേകം പ്രകൃതനായികയ്ക്കുണ്ടെന്നു പ്രതീയമാനമാകുന്നു.

നാടകത്തിൽ നടീസൂത്രധാരാദികളുടെ സംഭാഷണമാണു് ആദ്യമായി കഥോപക്ഷേപകമായിട്ടു കാണപ്പെടുന്ന

ത്തു്. നാടകത്തിന്റെ ആമുഖത്തിന്നു പ്രസ്താവന, സ്ഥാപന എന്നും മററും പേർ പറയുന്നു. പ്രസൂയതേ (ഉപക്ഷിപ്യതേ) പ്രബന്ധാർത്ഥ: അനയാ എന്ന വ്യുൽപ്പത്തികൊണ്ടു പ്രസ്താവന അന്വർത്ഥസംജ്ഞകമായിത്തീരുന്നു. ശാകുന്തളത്തിൽ നടീനടന്മാരാൽ ഉപക്ഷേപിക്കപ്പെട്ട പ്രബന്ധാർത്ഥത്തിന്റെ സംഗ്രഹം മുമ്പുതന്നെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇതിഹാസപ്രസിദ്ധമായിരിക്കണം നാടകകഥയെന്നു സിദ്ധാന്തിച്ചിരിക്കകൊണ്ടു ശാകുന്തളകഥ അങ്ങനെയുള്ള വിഖ്യാതിയോടുകൂടിയതുതന്നെയാണു്. കാളിദാസൻ ശകുന്തളനാടകേതിവൃത്തം ഭാരതത്തിൽനിന്നു് എടുത്തതാണു്. എന്നാൽ ഭാരതത്തിലെ ശാകുന്തളകഥയ്ക്കും പ്രകൃതനാടകശാകുന്തളേതിവൃത്തത്തിന്നും തമ്മിൽ ചില ഭാഗങ്ങളിൽ അല്ലാല്ല വൈലക്ഷണ്യങ്ങളുണ്ടു്. ഈ വ്യത്യാസം നാടകീയമായ ഐതിഹാസികത്വത്തിന്നു ഹാനിവരുത്തിയിട്ടില്ലെന്നു മാത്രമല്ല, ആ കഥാവസ്തുവിന്നു് അത്യുജ്ജ്വലത്വവും ആകർഷകത്വവും സമ്പാദിച്ചുകൊടുക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. കവിയുടെ ചിന്തയുടെ ഫലമായി രസോചിതമായിട്ടാണു് ഈ വ്യതിചലനം എന്നു പറയണം. വൈഖാനസന്മാർ, സഖിമാർ, എന്നിവരുടെ പ്രവേശം, ദുർവ്വാസസ്സിന്റെ ശാപം, സ്വർഗ്ഗഗമനം, തുടങ്ങിയുള്ള ചില ഉപകഥാപ്രസ്താവംകൊണ്ടു നാടകശരീരം ചാണയ്ക്കുവെച്ചു ചന്തംതുളുമ്പുന്ന മാണിക്യക്കല്ലുപോലെ തിളങ്ങിവിളങ്ങുന്നു എന്നു പ്രത്യേകം പറയാവുന്നതാകുന്നു.

സഹൃദയഹൃദയാഹ്ലാദകമായ ഒന്നാന്തരം ഒരു കഥ തിരഞ്ഞെടുത്തു് അതിനു് അന്യാദൃശമായ ഉചിതവർണ്ണനത്താൽ കൊഴുപ്പും ഉദിപ്പുംകൂടി വർണ്ണനീയരസത്തിന്റെ മാധുര്യം ആവേശഭരിതമായി അനുഭവിപ്പിക്കുക എന്ന ഉദ്ദേശമത്രേ കാളിദാസനുള്ളതു്. അതിനുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള യത്നം അത്യന്തം അഭിനന്ദനാർഹമാണു്. കാവ്യക

ലയിൽ ഔചിത്യദീക്ഷയിൽ ഇത്രത്തോളം മനസ്സിരുത്തിയിട്ടുള്ള കവി മററാരുമില്ലതന്നെ. അദ്ദേഹത്തിൻെറ ശ്രവ്യകാവ്യമായ രഘുവംശത്തിലെ കഥാവസ്തുവിൻെറ കമനീയത കറകളഞ്ഞതാണെന്ന് ഇയ്യുള്ളവൻതന്നെ മറെറാരു ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. രസാത്മകവാക്യമാണു കാവ്യമെന്നും ഔചിത്യദീക്ഷരസത്തിന് ഉദിപ്പുകൂട്ടുന്നതാണെന്നും ഒരിയ്ക്കലും കാളിദാസൻ മറന്നിട്ടില്ല. ശൃംഗാരരസം വർണ്ണിയ്ക്കുന്നതിൽ അദ്ദേഹത്തിന്നു പ്രത്യേകമായ പാടവമുണ്ടെന്നുപറഞ്ഞിട്ടുണ്ട്. എന്നാൽ മററുള്ള രസങ്ങളിൽ അദ്ദേഹം പിന്നോക്കമാണെന്ന് അർത്ഥമില്ല. വീരം മുതലായരസങ്ങൾ വർണ്ണിയ്ക്കുവാനും കാളിദാസനു കഴിവുണ്ട്. ശാകുന്തളത്തിലെ ശൃംഗാരത്തിൻെറ രാമണീയകത്തെക്കുറിച്ച് ഇനിയും നിരൂപിയ്ക്കുവാനുണ്ട് സൂതനൊരുമിച്ച് ആശ്രമത്തിലേയ്ക്കുകടന്ന രാജാവു തപോവനാഭോഗംകണ്ട് അത്ഭുതപരതന്ത്രനും ബഹുമാനഭരിതനുമായി പറയുന്നു.

"നീവാരാഃ ശുകഗർഭകോടരമുഖ-
ഭ്രഷ്ടാസ്തരൂണാമധഃ
പ്രസ്നിഗ്ധാഃ ക്വചിദിംഗുദീഫലഭിദഃ
സൂച്യന്ത ഏവോപലാഃ
വിശ്വാസോപഗമാദഭിന്നഗതയഃ
ശബ്ദംസഹന്തേമൃഗാഃ
തോയാധാരപഥാശ്ച വല്ക്കലശിഖാ-
നിഷ്യന്ദരേഖാങ്കിതാഃ"

ഈ പദ്യത്തിൻെറ മഹനീയതയെപ്പററി പര്യാലോചിയ്ക്കേണ്ടതാകുന്നു. മരങ്ങളുടെ ചുവട്ടിൽ തത്തപ്പൊത്തുകളിൽനിന്ന് ഉതിർന്നുവീണ വരിനെന്മണികളോടുകൂടിയും, ഓടക്കായ ഉടച്ച് എണ്ണപുരണ്ട പാറകളോടുകൂടിയും തേരൊലികേട്ടും വിശ്വാസത്താൽ പാഞ്ഞുപോവാത്ത മൃഗങ്ങളോടുകൂടിയും.

ജലാശയമാർഗ്ഗങ്ങൾ മരവുരിത്തുമ്പിൽനിന്ന് ഇററുവീന്ന ജലരേഖയോടുകൂടിയവയുമായിട്ടാണ് ആശ്രമസ്ഥലങ്ങൾ ഓരോ ഭാഗങ്ങളും ദുഷ്യന്തൻ കാണുന്നത്. ഈ പദ്യം വഴിയായി സർവ്വ ജീവജാലങ്ങളുടേയും ശാന്തസുന്ദരമായ ജീവിതവും സർവ്വ മൈത്രീഭാവത്തോടു വർത്തിക്കുന്ന മഹർഷിമാരുടെ സൽകർമ്മാചാരാനുഷ്ഠാനങ്ങളും സമഞ്ജസമായി പ്രകാശിക്കുന്നു. ഇങ്ങനെയുള്ള പരമപുണ്യവാന്മാരും ഉത്തമോത്തമന്മാരുമായ മുനിവര്യന്മാരുടെ പർണ്ണാശ്രമത്തിലെത്തി ദുഷ്യന്തൻ—കുട്ടിക്കുടങ്ങളെടുത്തു വൃക്ഷലതാദികൾ നനക്കുന്ന കൊച്ചുതരുണീമണികളായ മുനികന്യമാരുടെ മധുരാലാപം കേട്ട് അവരിൽ ശകുന്തളയെ പ്രത്യേകം മനസ്സിലാക്കി അവളിൽ അനുരക്തനായിത്തീരുന്നു ആ പ്രണയബീജാവാപം

"ഇദംകിലാവ്യാജ മനോഹരം വപു-
സ്തപക്ഷമം സാധയിതും യ ഇച്ഛതി
ധ്രുവംസനീലോല്പല പത്രധാരയാ
സമില്ലതാം ഛേത്തുമൃഷിർവ്യവസ്യതി"

ഈ പദ്യംകൊണ്ടാണ് ആദ്യമായി പ്രകാശിപ്പിച്ചിരിക്കുന്നത്. മലർപോലുള്ള മൃദുലകോമളമായ മേനികൊണ്ടു തപോവനവേലയെടുപ്പിക്കാൻ ആഗ്രഹിക്കുന്ന കണ്വൻ അന്തഃസാരവിഹീനനും പേലവമായ നീലത്താമരയുടെ ദലംകൊണ്ടു ചമതമുറിക്കുവാൻ ഒരുമ്പെടുന്നവനുമത്രേ. സദൃശവാക്യാർത്ഥങ്ങളുടെ ഐക്യാരോപരൂപത്തിലുള്ള അതിലെ നിദർശനാലങ്കാരം എത്ര ഭംഗിയായിരിക്കുന്നു! അഭംഗശൃംഗാരസരോവരത്തിൽ കാണാൻ കൊതിച്ചുവിരിഞ്ഞ കൊച്ചുതങ്കത്താമരയെപ്പോലുള്ള കണ്വനന്ദിനിയായ ശകുന്തളയിലങ്കുരിച്ച മധുരപ്രണയം കൂടിക്കൂടിവരുന്നതു കണ്ടറിയേണ്ടതുതന്നെയാകുന്നു. സൂക്ഷ്മമായി വൃക്ഷം മറഞ്ഞിരുന്ന രാജാവു കണ്വപുത്രിയുടെ പ്രത്യംഗസൌന്ദര്യസമ്പത്തിനെ മിഴികൊണ്ടു മുകരുന്നു!

"സരസിജമനുവിദ്ധം ശൈവലേനാപിരമ്യം
മലിനമപിഹിമാംശോ ലക്ഷ്മലക്ഷ്മീംതനോതി
ഇയമധികമനോജ്ഞാവല്ക്കലേനാപിതന്വീ
കിമിവഹിമധുരാണാം മണ്ഡനം നാകൃതീനാം"

മരവുരിയുടുത്തും പരമരമണീയമായ ശകുന്തളയുടെ ആകാരവിശേഷത്താൽ ആകൃഷ്ടചിത്തനായിരിക്കുന്ന ദുഷ്യന്തനെന്നു് ഈ പദ്യം വിളിച്ചുപറയുന്നു! ഇതിൻെറ തർജ്ജിമ നോക്കുക:—

"എല്ലാംബുജത്തിനു രമ്യതയ്ക്കുകുറവോ
പായൽപ്പതിഞ്ഞീടിലും
ചൊല്ലാൻനോരഴകല്ലയോ പനിമതി—
യ്ക്കങ്കം കറുത്തീടിലും
മല്ലാക്ഷീമണിയാൾക്കു വല്ക്കലമിതും
ഭൂയിഷ്ഠശോഭാവഹം
നല്ലാകാരമതിന്നലങ്കരണമാ—
മെല്ലാപദാത്ഥങ്ങളും"

ഈ പദ്യം മൂലത്തിൻെറ സൂക്ഷ്മാതിരേകത്തെ മലയാൺമയിൽ പ്രകാശിപ്പിച്ചു കാണിച്ചിരിക്കുന്നതു് ഏതു രസികനെയാണു കോരിത്തരിപ്പിക്കാത്തതു്? ചണ്ടിക്കലയോടു് ഇടകലന്നിട്ടും താമരപ്പൂവിനു് ഭംഗിയുണ്ടു്. ചന്ദ്രനു ചിഹ്നം മലിനമാണെന്നിരുന്നാലും ചന്തം തുളുമ്പുന്നതാകുന്നു. ഈ ലോകോത്തരസുന്ദരിയായ കൃശാംഗി മരവുരിയുടുത്തും അത്യന്തലാവണ്യശാലിനിയായി കാണപ്പെടുന്നു. നിസൎഗ്ഗസുന്ദരാകൃതികൾക്കു് എന്തൊന്നാണു് അലങ്കരണമായിത്തീരാത്തതു്? ശ്രവണവേളയിൽ ഇങ്ങനെയുള്ള ഒരത്ഥം ഝടുതിസഹൃദയനു് ഉണ്ടാകുന്നു. പിന്നീടു് മൂലശ്ലോകത്തിലെ അപിശബ്ദം അതിൽത്തന്നെയുള്ള ഭിന്നഭിന്നപദങ്ങളോടു് അന്വയിക്കുന്നപക്ഷം അത്ഥാന്തരങ്ങളും പ്രതീയ

മാനങ്ങളാകുന്നതു കാണാവുന്നതാണു്. സരസിജമപി—(ശകുന്തളാപേക്ഷയാ സൌന്ദൎയ്യത്തിൽ അപകൃഷ്ടമായ താമരപ്പൂവുകൂടി അല്ലെങ്കിൽ പകൽ മാത്രം പ്രകാശിക്കുന്ന പങ്കജം പോലും) ചണ്ടിയോടുചേൎന്നാൽ രമണീയമാണു്. അങ്ങനെയിരിക്കെ, രാപ്പകൽ ഉദ്ദീപ്തകാന്തിമത്തയോടുകൂടി വിലസുന്ന ശകുന്തളയുടെ കാൎയ്യം പറയാനുണ്ടോ? അതുപോലെതന്നെ ശകുന്തളാപേക്ഷയാ അഴകുകൊണ്ടു് അവരനായ ശശാങ്കനുകൂടി അഥവാ രാത്രിമാത്രം പ്രകാശിക്കുന്ന ചന്ദ്രനുപോലും മലിനമായ കളങ്കം ശോഭയെ വൎദ്ധിപ്പിക്കുന്നു. പിന്നെ വല്കലമുടുത്ത ശകുന്തളയ്ക്കും കാന്തിയുടെ കാൎയ്യത്തിൽ വല്ല സംശയമുണ്ടോ? ഇങ്ങനേയും ഇതുപോലെതന്നെ മറ്റേതരത്തിലും ഈ പദ്യത്തിൽ രസികനു് ആസ്വദിക്കാവുന്ന വിഭിന്നാൎത്ഥങ്ങൾ അനുഭാവികങ്ങളായിട്ടു കാണാം. പത്മോപമാനംകൊണ്ടു ശകുന്തളയ്ക്കു പത്മിനീജാതിത്വവും ചന്ദ്രോപമാനത്താൽ സൌന്ദൎയ്യാതിരേകവും ധ്വനിക്കപ്പെടുന്നതു സഹൃദയവേദ്യമത്രേ. ഈ പദ്യത്തിൽ അൎത്ഥാന്തരന്യാസം, മാലാപ്രതിവസ്തൂപമ, വ്യജ്യമാനമായ ഉപമ എന്നീ അൎത്ഥാലങ്കാരങ്ങൾ ഉണ്ടു്. ഇതിലെ ശൃംഗാരരസത്തിന്റെ മാധുൎയ്യത്തെക്കുറിച്ചു് ഇനി പറവാനുണ്ടോ. രാജാവിനു് ശകുന്തളയുടെ പേരിൽ പ്രണയമുണ്ടായി എന്നു് "ഇദംകിലാവ്യാജമനോഹരം വപുഃ" എന്ന പദ്യത്താൽ പ്രതിപാദിക്കുകയും അതിന്റെ പരിപോഷം "സരസിജമനുവിദ്ധം," "അധരഃകിസലയരാഗഃ" എന്ന പദ്യങ്ങളാലും ഉപപാദിക്കുകയും ചെയ്യുന്നു. ദുഷ്യന്തൻ—ശകുന്തള ക്ഷത്രപരിഗ്രഹക്ഷമയാണെന്നു സമൎത്ഥിച്ചു് അവളെ സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടിരിക്കവേ അവളിലുള്ള അദ്ദേഹത്തിന്റെ അനുരാഗം ഭ്രമരബാധാധീനയത്താൽ ഒന്നുകൂടി ഉപോൽബലപ്പെടുന്നതും മധുരതരമാകുന്നതും ഊഹിച്ചാൽ എളുപ്പത്തിൽ

അറിയാം. ദുഷ്യന്തൻ ആശാപൂരിതനും ആവേശഭരിതനുമാ യിപറയുന്നു:—

"ചലാ പാംഗം ദൃഷ്ടിഃ സ്പൃശസി ബഹുശോ
വേപഥുമതീം
രഹസ്യാഖ്യായീവസ്വനസിമൃദുക-
ർണ്ണാന്തികചരഃ
കരൌ വ്യാധുന്വത്യാ പിബസിരതിസ-
ർവ്വസ്വമധരം
വയം തത്വാന്വേഷാന്മധുകരഹതാ-
സ്ത്വം ഖലുകൃതീ"

ഈ പദ്യത്തിൻെറ രസപരിപോഷം അന്യാദൃശമാകുന്നു. മധുകരപീഡാപര്യാകുലയാവുക നിമിത്തം സവിശേഷദൃശ്യയും ദർശനീയയുമായ ശകുന്തളയിലുള്ള എന്തെന്നില്ലാത്ത അനുരാഗത്തിന്നു വിധേയനായിത്തീൎന്ന രാജാവെന്ന് എളുപ്പത്തിൽ അറിയാവുന്നതാണല്ലോ. നവമാലികയെ വിട്ടു ശകുന്തളയുടെ നേൎക്കു പറന്നു വന്ന വണ്ടിനോടു രാജാവ്—"അല്ലയോ വണ്ടേ! നീ ലോലലോചനത്തോടുകൂടും വണ്ണം അവളെ കാണുകയും ഭയചകിതയായി വിറക്കുന്ന അവളെ സ്പൎശിക്കുകയും രഹസ്സിലെന്നപോലെ കൎണ്ണമന്തികത്തിൽ മന്ത്രിക്കുകയും കരംകൊണ്ടു തടുക്കുന്ന ഇവളുടെ രതിസൎവ്വസ്വമായ ബിംബാധരത്തെ നുകരുകയും ചെയ്യുന്നു. വൎണ്ണനീയത്തെക്കുറിച്ച് വിചാരിച്ചു നമ്മൾതന്നെയാണു വഞ്ചിതന്മാർ, പുണ്യവാൻ നീ തന്നെ" എന്നു പറയുന്നു. ഇവിടെ മധുകരത്തിലുള്ള നായകാരോപം സമാസോക്തി മുഖേന സിദ്ധിക്കുകയും ആ അലങ്കാരം രസത്തെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു എന്ന് ഏതു സഹൃദയനും അറിയാവുന്ന കാൎയ്യമത്രേ. ഈ പദ്യത്തിൻെറ ആസ്വാദ്യതയെക്കുറിച്ചു

ചിന്തിക്കുന്തോറും എന്തെന്നില്ലാത്ത ആനന്ദവീചീശതം അങ്കുരിക്കുന്നതു് അനുഭാവികമാകുന്നു.

"വൈഖാനസംകിമനയാ വ്രതമാപ്രദാനാ-
ദ്വ്യാപാരരോധി മദനസ്യ നിഷേവിതവ്യം
അത്യന്തമേവമദിരേക്ഷണവല്ലഭാഭി-
രാഹോനിവത്സ്യതിസമംഹരിണാംഗനാഭിഃ

എന്ന പദ്യംകൊണ്ടും ദുഷ്യന്തൻെറ നിഷ്കളങ്കമായ ശകുന്തളാ പ്രണയം വ്യക്തമാകുന്നതു കാണാവുന്നതത്രേ. കാട്ടിൽ താമസിക്കുന്നവരും സകലക്ലേശങ്ങളും അനുഭവിക്കുവാൻ തക്കവരും കൎക്കശന്മാരുമായ മുനിമാൎക്കുമാത്രമുചിതമായ കഠിന വൈഖാന സവ്രതം വിവാഹപൎയ്യന്തം ഇവൾ അനുഷ്ഠിക്കേണ്ടിവരുമോ? അല്ലെങ്കിൽ ആജീവനാന്തം മോഹനദൎശനകളായ മാൻപേടകളോടുകൂടി കാലം കഴിക്കേണ്ടിവരുമോ? എന്ന രാജാവിൻെറ ശങ്കയിൽനിന്നും പല കാൎയ്യങ്ങളും വ്യംഗ്യമൎയ്യാദയാ പ്രതീതമാകുന്നതു സഹൃദയവേദ്യമത്രേ. ഏതെങ്കിലും ഒരു മഹൎഷിക്കു് ഇവളെ വിവാഹംചെയ്തുകൊടുക്കുകയാണെങ്കിൽ തദനന്തരവും ഈ വക കഠിന വ്രതങ്ങൾ അനുഷ്ഠിക്കേണ്ടിവരുമെന്നും മഹൎഷി ഭിന്നനായ ഒരു അനുരൂപ രാജകുമാരനു കൊടുക്കുന്നതായാൽ ആരാമസരോവരാദിക്രീഡാവിലാസങ്ങളും വീണാവാദനാദിവിഹാരങ്ങളും ചെയ്തുകൊണ്ടു സുഖസംപൂൎണ്ണമായ ജീവിതം നയിക്കുവാൻ സാധിക്കുകയും ചെയ്യുമെന്നും ഉള്ള രാജമനോഗതങ്ങൾ ഇതിൽനിന്നും പ്രകാശിക്കുന്നതു് എളുപ്പത്തിൽ അറിയാവുന്നതല്ലയോ? മുമ്പുപറഞ്ഞ "ഇദംകിലേതി" പദ്യദ്വാരാ പ്രതീതി വിഷയമായ രാജമനോരഥം മോഹനമായും മാറാകൂടിയും പ്രസ്പഷ്ടമാകുന്നതു സഹൃദയവേദ്യമത്രേ. വയോരൂപരാമണീയകത്തോടുകൂടി കമനീയകാമകലാവിലാസത്തിൻെറ കൂത്തരങ്ങുപോലെയോ, മദന മോഹന വൈജയന്തി

പോലയോ മിന്നിത്തിളങ്ങുന്ന മാൻപേടകളുടെ കൊച്ചുതോഴിയായ കണ്വനന്ദിനിയെ തീൎച്ചയായും അനുരൂപ രൂപസൌന്ദൎയ്യമുള്ള തരുണവരനായിക്കൊണ്ടു ദാനം ചെയ്യേണ്ടതാണു് എന്നും, അല്ലാത്തപക്ഷം ഏവംവിധങ്ങളായ കഷ്ടങ്ങളും ക്ലേശങ്ങളും അനുഭവിപ്പിയ്ക്കുന്നതു് ഉചിതമല്ലെന്നും ഇതിൽനിന്നുതന്നെ ധ്വനിയ്ക്കപ്പെടുന്നു. "നിഷേവിതവ്യം" എന്നതിലെ "നി" എന്ന ഉപസൎഗ്ഗംകൊണ്ടു വ്രതാനുഷ്ഠാനത്തിന്റെ വിശ്രമാഭാവവും തദ്വാരാ കഷ്ടം ഇവൾ ഇങ്ങനെ ക്ലേശിയ്ക്കാറായല്ലോ എന്ന ദുഷ്യന്തശോകവും ധ്വനിയ്ക്കുന്നതു കാണാകുന്നതാകുന്നു.

കലാകൌശലം ധാരാളമുള്ള ജന്മാന്തരവാസനാശാലിയായ ഒരു ചിത്രകാരൻ ഒരു മനോജ്ഞഭിത്തിയിന്മേൽ പ്രകൃതിയിലെ പല കമനീയചിത്രങ്ങളേയും വരച്ചുകാണിയ്ക്കുകയും നാനാവൎണ്ണത്തിലുള്ള ചായപ്പണികൾകൊണ്ടു് അവയ്ക്കു് ഒരു പ്രത്യേകമായ ചൈതന്യവും പ്രകാശവും ഉണ്ടാക്കിത്തീൎക്കുകയും ചെയ്യുന്നതു പതിവാണല്ലോ. അതുപോലെത്തന്നെ വാസനാഭാസുരനായ കവി ഭാവനാതൂലികകൊണ്ടു പ്രകൃതിചിത്രത്തെ സഹൃദയഹൃദയഭിത്തിയിൽ വരച്ചുകാണിയ്ക്കുന്നതും അനുഭവവേദ്യമാണു്. പ്രകൃതി ചിത്രീകരണത്തിൽ ഇതരാസാധാരണമായ പാടവം കാളിദാസനുണ്ടു് എന്നതിന്നു ശാകുന്തളത്തിൽനിന്നുതന്നെ പല ഉദാഹരണങ്ങളും ഉദ്ധരിയ്ക്കാവുന്നതാകുന്നു. ഈ ലേഖകൻതന്നെ കാളിദാസന്റെ പ്രകൃതിചിത്രീകരണസാമൎത്ഥ്യത്തെ പുരസ്കരിച്ചു രഘുവംശമേഘസന്ദേശാദികളിൽനിന്നും വളരെ ദൃഷ്ടാന്തങ്ങൾ എടുത്തു നാതിസംക്ഷിപ്തവിസ്തൃതമായ ഒരു നിരൂപണം എഴുതീട്ടുണ്ടു്. കവികൾ ശബ്ദാൎത്ഥാലങ്കാരവൈചിത്ര്യത്തിലും മററും മനസ്സിരുത്തിക്കാണുന്നതും അലങ്കാരശാസ്ത്രപ്രകാരം അതു് ഒഴിച്ചുകൂടാത്ത കൃത്യമാണെന്നുള്ളതും സമ്മതി

ച്ചേ കഴിയൂ. എങ്കിലും ആവക ചടങ്ങുകളിൽ അതിരുകവിഞ്ഞ ആവേശം കൈക്കൊള്ളാതെ രസം, ധ്വനി എന്നിവക്കു മാത്രം പ്രാധാന്യം കല്പിച്ചു കവനകലയിൽ ഏർപ്പെടുന്നവരിൽ ഏതുകൊണ്ടും കാളിദാസൻതന്നെയാണ് അഗ്രഗണ്യൻ. പ്രകൃതി ചിത്രീകരണത്തിൽ കാവ്യത്തിന്റെ രസാത്മകത്വം തികച്ചും പ്രതിഫലിക്കുന്നതു കാണാം. പ്രകൃതിയെ ചിത്രീകരിച്ചു കാണിക്കുവാൻ കഴിവുള്ള കവിക്കാണ് ഭാവുകനെക്കൊണ്ടു രസഭാവധ്വനികളെ അനുഭവിപ്പിക്കുവാൻ ത്രാണിയുണ്ടാവുക എന്ന സംഗതി തീർച്ചതന്നെ. ഈദൃശങ്ങളായ രസഭാവധ്വനികളെ പ്രകാശിപ്പിക്കുന്ന കാവ്യങ്ങൾ വിരചിക്കുവാനാണ കവിക്കു് വലിയ കുഴപ്പമുള്ളതും ഏററവും മനസ്സിരുത്തേണ്ടതും. ഔചിത്യദീക്ഷ കവിക്കു് ഒഴിച്ചുകൂടാത്തതാണെന്നു പറയുന്നതു് ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണ്.

“അനൌചിത്യാദൃതേനാന്യ-
ദ്രസഭംഗസ്യ കാരണം”.

എന്നതു് എത്രയോ പരമാർത്ഥമാകുന്നു എന്നു് ഇത്തരം ഘട്ടങ്ങളിൽനിന്നും തിരിച്ചറിവാൻ സാധിക്കും. വാസനാപൂർവ്വകം രസാനുഗുണങ്ങളും ചിത്രീകരണസമർത്ഥങ്ങളുമായ പദങ്ങളെ ഔചിത്യത്തോടെ തിരഞ്ഞെടുത്തു പ്രയോഗിച്ചു വിരചിച്ച കാവ്യങ്ങളുടെ കമനീയത ഒന്നു വേറെതന്നെയാണ്. ഔചിത്യത്തെ ഉപേക്ഷിച്ചു് ഒററപ്പദംപോലും പ്രയോഗിച്ചിട്ടില്ലെന്നുള്ളതാണ് ശാകുന്തളത്തിന്നു് ഇത്രത്തോളം മാഹാത്മ്യത്തിന്നു കാരണം. ശാകുന്തളനാടകത്തിൽ പദ്യത്തിലെന്നപോലെ ഗദ്യത്തിലും കവി മുൻപറഞ്ഞ നിയമങ്ങളെല്ലാം അംഗീകരിച്ചിട്ടുണ്ടെന്നു കാണാവുന്നതാകുന്നു. രാജാവിന്റെ—വിസ്മയാനന്ദഭരിതനായ ദുഷ്യന്തന്റെ വചനമായ “അയേ! ദക്ഷിണേന വൃക്ഷവാടികാമാലാപ ഇവശ്രൂയതേ, യാവദവഗച്ഛാമി, അയേ! ഏതാസ്തപസ്വി കന്യാഃ സ്വ

പ്രമാണാനുരൂപൈഃ സേചനഘടൈഃ ബാലപാദപേഭ്യഃ പയോദാതും ഇത ഏവാഭിവർത്തന്തേ” എന്ന വാക്യങ്ങളിലുള്ള പ്രസാദഗുണവും പദലാളിത്യവും കറകളഞ്ഞ കല്പനാസൌഭഗവും കാണേണ്ടതു തന്നെയല്ലയോ? ഇതുപോലെ ഓരോ സന്ദർഭങ്ങളിലും കാളിദാസന്റെ ഗദ്യങ്ങളുടെ ഔചിത്യവും ലാളിത്യാദിഗുണങ്ങളും സഹൃദയൻ സമാസ്വദിച്ചുകൊള്ളട്ടെ. ഉദാഹരണമായി ഓരോ വരികളും ഇവിടെ എടുത്തുകാണിക്കുന്നതു് എളുപ്പമല്ല.

കാവ്യത്തിന്റെ രസാത്മകതയെ സവിശേഷമായി ഉളവാക്കുവാൻ കവിക്കുള്ള ഭാരം എത്രയാണെന്നതിനു് കണക്കില്ല. ഇക്കാരണത്താലാണു് കവികൾ ഔചിത്യം അക്ഷരംപ്രതി അനുഷ്ഠിക്കണമെന്നു പറയുന്നതു്. ശൃംഗാരരസത്തെ ശരിയായി വർണ്ണിച്ചു ഭംഗിയാക്കുവാൻ വളരെ പ്രയാസമുണ്ടു്. മഹാകവി കാളിദാസർ ആ രസത്തെ ശാകുന്തളത്തിൽ വർണ്ണിച്ചിട്ടുള്ളതിന്റെ മാഹാത്മ്യത്തെക്കുറിച്ചു ചിന്തിച്ചു നോക്കിയാൽ മേൽപ്പറഞ്ഞ വസ്തുത വെളിപ്പെടുന്നതാണു്. ശൃംഗാരത്തെ ഉൽകൃഷ്ടമായി വർണ്ണിക്കുവാൻവേണ്ടി കാളിദാസൻ ശാകുന്തളം ഏഴങ്കത്തിലുമായി എടുത്തിട്ടുള്ള യത്നത്തിന്റേയും അനുഷ്ഠിച്ചിട്ടുള്ള ഔചിത്യദീക്ഷയുടേയും ഒരു അളവെടുക്കുന്ന കാര്യം ആയാസസാദ്ധ്യമാകുന്നു. ഒന്നാമങ്കത്തിൽ—“കഥമിയം സാ കണ്വദുഹിതാ” എന്നാരംഭിച്ച നായകരതിയുടെ പ്രകാശനം എത്രയധികം ഹൃദയാഹ്ലാദകമായിരിക്കുന്നു! വൈഖാനസമുനിയുടെ—(ഇദാനീമേവ ദുഹിതരം ശാകുന്തളാം അതിഥിസല്ക്കാരയാദിശ്യ ദൈവമസ്യാഃ പ്രതികൂലം ശമയിതും സോമതീർത്ഥംഗതഃ) ഈ വാക്കിൽനിന്നും അറിയപ്പെട്ട ശകുന്തളയെന്ന കണ്വപുത്രിയിൽ രാജാവിനു് അനുരാഗം ജനിപ്പിക്കുവാൻവേണ്ടി പരസ്പരസന്ദർശനം നിർവ്വഹിച്ചിരിക്കുന്നതിന്റെ ഔചിത്യം ഏററവും അഭി

വന്ദ്യമാകുന്നു. ഇങ്ങനെ എടുത്തു നോക്കുന്നതായാൽ മഹാകവിയുടെ എല്ലാ നാടകങ്ങളിലും ഇതേതരത്തിലുള്ള ഗദ്യങ്ങളുടെ ഔചിത്യവും ഭംഗിയും തെളിയുന്നതാണ്. അതെല്ലാം യഥാൎത്ഥസഹൃദയന്ന് ആസ്വാദിക്കാവുന്നതത്രേ. കാളിദാസരുടെ എല്ലാ കവിതകളുടേയും ഒരു നിരൂപണം ഈ ലേഖനംകൊണ്ടു നിൎവ്വഹിക്കുവാൻ എളുപ്പമല്ല. എങ്കിലും മഹാകയിയുടെ കാവ്യഭംഗി കുറഞ്ഞൊന്ന് എടുത്തു കാണിച്ചു എന്നേ ഉള്ളൂ.

# ൪. അമരഭാരതിയുടെ പാദാരവിന്ദങ്ങളിൽ.

ഭഗവതി! അമരഭാരതി! അപാരസംസാരപാരാവാരത്തിൽ, അന്ധകാരപരീതഗർത്തത്തിൽ ആലംബനമെന്നിയേ മുങ്ങിനീരുന്ന അടിയനെ അവിടത്തെ പരമോദാരപാദാരവിന്ദങ്ങളിലേയ്ക്കു്, അമൃതമധുരങ്ങളും പുനരാവൃത്തി വിഹീനങ്ങളും ആയ പദങ്ങളിലേയ്ക്കു് ഒന്നെടുപ്പിയ്ക്കേണമേ! അല്ലെങ്കിൽ അല്ലയോ! അനവദ്യ ഗദ്യ പദ്യ ഖദ്യോതിത വിദ്യാവിലാസിനി! അമ്മയുടെ തൃക്കൺമുനമാത്രം കാത്തിരുന്നു കാലം നയിയ്ക്കുന്ന ഈ മനുഷ്യകീടത്തിനു് എന്തുള്ളൂ മറുതാങ്ങൽ? സുരസരസ്വതി! ഭഗവതിയുടെ സാഹിതീ മകരന്ദത്താൽ മധുരതരങ്ങളായ അധരപുടങ്ങളോടും ശീതളങ്ങളായ കണ്ണുരശ്മലികളോടുംകൂടി അല്പനേരമൊന്നു നിർവൃതിയടഞ്ഞാൽ! അങ്ങനെതന്നെ ആത്മാരാമനായി നിലകൊണ്ടാൽ! അപഗതസംഗനായി മംഗളം പൂണ്ടാൽ! അനിന്ദ്യസത്വനായി വെന്നുകൊണ്ടാൽ!

അമ്മേ! ആദികവിയുടെ രസനാഗ്രരംഗത്തിൽ അവിടുന്നുചെയ്ത രമണീയലാസ്യത്തിൽ ഉതിർന്നുവീണ കടാക്ഷാമൃതം, ആകർഷകമായ ശീതളവൃഷ്ടം അതൊന്നുപോരുമടിയങ്ങൾക്കു ദാഹം തീരുവാൻ. വററിവരണ്ട തൊണ്ടകളോടുകൂടിയ വേഴാമ്പലുകൾ, അംബയുടെ അനുകമ്പാർഹരായ സന്തപ്ത സന്താനങ്ങൾ, ഏഴകളായ അടിയങ്ങൾ വന്ദ്യമാതാവേ! അന്തഃകരണമലിയിയ്ക്കുന്ന ആ കാരുണ്യകണത്തിന്റെ വളർച്ചയിൽ ആ മധുരമോഹനമായ ബിന്ദുവിന്റെ വൽനയിൽ ഉണർന്നുയർന്നു വിജയിച്ചു! ചിറകു മുളച്ചുവർത്തിച്ചു! തഴച്ചു കുളിർത്തു സഞ്ചരിച്ചു! അമ്മേ! അമ്മയുടെ കലവറ നിറവോളവും ഇയ്യുള്ളവരുടെ ആത്മാവു് കുളിർക്കുവോളവും

പുളകം മുളയ്ക്കുവോളവും ആ 24 ആയിരം ഗ്രന്ഥരത്നങ്ങൾ വിജ്ഞാനലക്ഷ്മിയുടെ വിഭൂഷണങ്ങളായി പൌരസ്ത്യസാഹിത്യസൎവ്വസ്വങ്ങളായി പരിലസിച്ചു!

ആത്മാരാമനായ ആ ദിവ്യമുനി, ദേവിയുടെ കാഞ്ചന കൈക്കളിർ വല്ലിയിൽ ഒന്നാമതായി വിരിഞ്ഞുവിലസിയ മരന്ദനിഷ്യന്ദിയായ സുന്ദരകുസുമം, അടിയങ്ങൾ മുപ്പതിൽ ഷഷ്ഠാനംകോടി മക്കൾ മൂൎദ്ധാവിലെടുത്താരാധിക്കുന്ന അനൎഘാലങ്കാരം എങ്ങനെ വൎണ്ണിക്കേണ്ടു അവിടുത്തെ അപദാനം? എങ്ങനെ വന്ദിക്കേണ്ടു. തദീയപാദാരവിന്ദം? ദേവി! ദിവ്യരൂപിണി! സുകൃതകാരിണി! കല്യാണദായിനി! നിന്തിരുവടിക്കു ശാന്തി കയ്ക്കൊള്ളുവാൻ, ആനന്ദമുൾക്കൊള്ളുവാൻ അടിയങ്ങൾക്കു വെളിച്ചത്തു വരുവാൻ, പുലൎന്നു ജീവിക്കുവാൻ, പ്രകാശിച്ചു പുഞ്ചിരിക്കൊള്ളുവാൻ. ആ മാഹാത്മ്യമേറിയ ഗ്രന്ഥസമ്പത്തു്, വിളഞ്ഞുവളൎന്ന വിജ്ഞാനാമൃതത്തു് എന്തിനും പൎയ്യാപ്തമാണു്; എല്ലാററിനുമഗ്രഗണ്യമാണു്!

രാമായണം, ദേവിയുടെ അഖണ്ഡഭണ്ഡാഗാരം, അമ്മയുടെ അപാരകൃപാരസധൌതമായ സൌധമന്ദിരം, അതിപ്രൌഢവും അത്യന്തശുദ്ധവും അക്ഷയ്യവും അപ്രമേയവുമായ വിജ്ഞാനാകരം, ഏതു വിപക്ഷഹസ്തത്താലും അനൎഘാട്ട്യമാനവും അശ്ലീലാസങ്കലിതവുമായി നിതാന്തകാന്തവും നിസൎഗ്ഗശാന്തവുമായ പുണ്യനികേതനം പാവങ്ങളായ പൈതങ്ങളെ, ഈ കീടപ്രായങ്ങളായ അടിയങ്ങളെ ഊട്ടുന്നു! ഉടുപ്പിക്കുന്നു! ഉണൎത്തുന്നു! ഉയൎത്തുന്നു! കൃപാപയസ്വിനി! കരുണാകല്ലോലിനി! ദയാതരംഗിണി! ഭവത്സ്തനംധയർ കീൎത്തിക്കൈക്കൊണ്ടവർ, ദേവീഭക്തർ ഐശ്വൎയ്യശാലികൾ, മാതൃപൂജകർ, മംഗലാത്മാക്കൾ, എന്തിനും മീതെയുള്ള മാതാവേ, വാചാമഗോചരമാണു് ഭവദീയ ഭാവം! ദിക്കാലാതിവൎത്തിയാണു ദേവിയുടെ വൈഭവം!

ഭഗവതി! ഭവ്യദായിനി! ശർവ്വാണി! നിഖിലഭാഷകൾക്കും നിദാനഭൂതയും നിതാന്തപരിപൂതയുമായ ദേവിയുടെ ശാന്തഗംഭീരമായ മറെറാരു നിവാസമന്ദിരം മഹാഭാരതം. കലയുടെ വിലാസലാസ്യങ്ങൾ, ശാസ്ത്രങ്ങളുടെ നിശിതശാസനങ്ങൾ, ആമ്നായ തത്വനിദർശനങ്ങൾ, അദ്വൈതത്തിന്റെ സിദ്ധാന്തങ്ങൾ, പരമാത്മസാക്ഷാൽകാരത്തിന്റെ പുണ്യമാർഗ്ഗങ്ങൾ, എല്ലാം അതിൽ ഒതുങ്ങിയിരിക്കുന്നു. ലൌകികതത്വത്തിൽകൂടി ആദ്ധ്യാത്മികതത്വത്തിലേക്കു നിഷ്പ്രയാസമെത്തിച്ചേരുവാൻ അമ്മയുടെ ആ വാങ്മയസിന്ധു അടിയങ്ങളെ ഉപദേശിക്കുന്നു. അവ്യാകുലരായി അപ്രതിഹതരായി ആനന്ദപൂർണ്ണരായി ഭവൽസന്താനങ്ങളെ ജീവിപ്പിക്കുന്നതിൽ സാരഗീതാമൃതം സാഹിത്യസംജീവനികളിൽ അമൂല്യമാണ്. പ്രത്യക്ഷരമർത്ഥപൂർണ്ണമായ അതിന്റെ വ്യാഖ്യാനം ആശയഗംഭീരമായ തന്നിരൂപണം പാശ്ചാത്യരുടേയും പൌരസ്ത്യരുടേയും മസ്തിഷ്കമൊന്നു ചൂടുപിടിപ്പിച്ചു! തൂലികകളൊക്കെ വ്യാപരിപ്പിച്ചു! ഞരമ്പുകളെല്ലാം തുടിപ്പിച്ചു! അഭിമാനരക്തം തിളപ്പിച്ചു!

അമ്മേ! ആദിശങ്കരന്റെ ഭൂലോകത്തിൽനിന്നു സ്വർഗ്ഗലോകത്തിലേക്കു മതപ്രസംഗത്തിന്നു സബഹുമാനം ക്ഷണിക്കപ്പെട്ട മനുഷ്യഗുരുവിന്റെ അമ്മയുടെ കൺമണിയായ കോമള കുമാരകന്റെ—കവികോകിലത്തിന്റെ അദ്വൈതശാസകന്റെ—ദേശികോത്തംസത്തിന്റെ മനീഷയ്ക്കു മുങ്ങിനീരുവാൻ ദാഹം തീരുവാൻ മഹാഭാരതവും ഗീതാമൃതവും സഹായിച്ചു.

"താമഭ്യഗച്ഛദ്രുദിതാനുസാരീ
കവിഃകുശേധ്മാഹരണായ യാതഃ
നിഷാദവിദ്ധാണ്ഡജ ദർശനോത്ഥഃ
ശ്ലോകത്വമാപദ്യത യസ്യ ശോകഃ"

എന്നു ഭക്തിവിനയബഹുമാനാദികൾ കാണിച്ചു സ്ഥായീഭാവത്തിന്റെ മാധുര്യത്താൽ മനുഷ്യമേധയെ വി

വിധചിന്തയിൽ നീന്തിക്കളിപ്പിച്ചു് എന്തെന്നില്ലാത്ത നിത്യനിർവൃതി നൽകുന്ന ഇത്തരം പദ്യങ്ങൾ നിർമ്മിച്ച അമ്മയുടെ പൊന്നുമകൻെറ, അടിയങ്ങളുടെ, ആത്മാത്ഥഭക്തികളിയാടുന്ന വന്ദ്യദേഹത്തിൻെറ ശ്രീ കാളിദാസൻെറ വിലാസങ്ങൾ അവണ്ണനീയങ്ങൾ! വ്യാപാരങ്ങൾ വിസ്മയനീയങ്ങൾ! വചനതല്ലജങ്ങൾ വിശേഷാന്തരങ്ങൾ! ലൌകികമായ ബന്ധവും ആദ്ധ്യാത്മികമായ അടുപ്പവും ഒട്ടും കുറയാതെ മനുഷ്യനെ സംസ്കാരസമ്പന്നനാക്കാൻ വേണ്ടപ്പെട്ട കൌശലങ്ങളും കണ്ടുപിടിച്ച കവിയുണ്ടെങ്കിൽ ദേവി! അടിയങ്ങൾക്കും അവിടേയ്ക്കും അഭിമാനിയ്ക്കാവുന്ന കീത്തിപുഞ്ജമുണ്ടെങ്കിൽ സഹൃദയന്മാർ തിരുമാനിയ്ക്കും കാളിദാസനെന്നു്. അവർ ആരാധിയ്ക്കും അദ്ദേഹത്തെ അടിമലർ പണിയുമവിടുത്തെ മേധാവികൾ! ഉറവവറ്റാത്ത ദിവ്യഗംഗയായും ഉദിച്ചുമങ്ങാത്ത സുവണ്ണമാലയായും ദേവിയ്ക്കു ദാസർ അരുളിയ ദ്രവ്യസഞ്ചയം ഭവ്യാൽ ഭവ്യവും സേവ്യാൽ സേവ്യവുമത്രേ.

മഹാമായേ! ബ്രഹ്മതേജസ്വിനി! ഓങ്കാരരൂപിണി! അടിയങ്ങൾക്കു മുന്നീശ്വരന്മാരുണ്ടു്. അമ്മയുടെ സന്താനങ്ങൾ, വാത്മീകി,വ്യാസകാളിദാസന്മാർ. ത്രിവേദങ്ങളുണ്ടിവക്കു് തായയുടെ മഹാപ്രപഞ്ചങ്ങൾ. അമ്മയുടെ നൃത്തരംഗങ്ങളുണ്ടു ഞങ്ങൾക്കു ശാസ്ത്രങ്ങൾ. ശ്രവണസുഭഗങ്ങളായ സംഗീതങ്ങളും ചിന്താസുന്ദരങ്ങളായ സാഹിതീനിഷ്യന്ദങ്ങളും അവിടുന്നരുളീ ആശ്രിതന്മാർ ആസ്വദിയ്ക്കുന്നു! ആനന്ദിയ്ക്കുന്നു! അഭിമാനിയ്ക്കുന്നു! അവ്യാജകരുണാമയി! ആ കല്പകാലം അമ്മയുടെ തിരുവുള്ളമുണ്ടായാൽ അടിയങ്ങൾ ജന്മസാഫല്യമുള്ളവരായി! അന്ധകാരമകന്നവരായി! അപവർഗ്ഗമണഞ്ഞവരായി! അഖണ്ഡാനന്ദതുന്ദിലരായി! ദേവി! സുരസരസ്വതി! അമ്മയ്ക്കു നമസ്കാരം. അടിയനു ശരണമുണ്ടു് അവിടുത്തെ തൃക്കാൽ.

# തൎക്കശാസ്ത്രതത്വനിരൂപണം

## (പൃഥിവീനിരൂപണം)

### I

ലോകത്തിൽ ആകെ ഏഴു പദാൎത്ഥങ്ങൾ ഉണ്ടു്. 1. ദ്രവ്യം, 2. ഗുണം, 3. കൎമ്മം, 4. സാമാന്യം, 5. വിശേഷം, 6. സമവായം, 7. അഭാവം. ഇങ്ങനെ അവ വിഭജിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ജലം ഭൂമി മുതലായവയെ ദ്രവ്യമെന്നും, നിറം രസം തുടങ്ങിയുള്ളവയെ ഗുണമെന്നും, ചലനം മുതലായ ക്രിയകളെ കൎമ്മമെന്നും, ഒരു വസ്തുവിൽ ഇരിയ്ക്കുന്ന ധൎമ്മവിശേഷത്തെ സാമാന്യമെന്നും പറയുന്നു. ഇതുപോലെ ദൃഷ്ടിയ്ക്കു് അഗോചരവും നിത്യവുമായ പരമാണ്വാദികളിൽ പ്രത്യേകം സ്വീകരിയ്ക്കപ്പെട്ട ചില പദാൎത്ഥത്തെ വിശേഷമെന്നും അവയവാവയവികൾ, ഗുണഗുണികൾ എന്നു തുടങ്ങിയുള്ള രണ്ടു വസ്തുക്കളുടെ നിത്യമായ സംബന്ധത്തിന്നു സമവായമെന്നുമാണു സംജ്ഞ. "നാസ്തി" എന്നും "ന" എന്നും ഉള്ള പ്രതീതിവ്യവഹാരാദികളിൽനിന്നു സിദ്ധിയ്ക്കപ്പെടുന്ന പദാൎത്ഥവിശേഷത്തെ അഭാവമെന്നു വ്യവഹരിയ്ക്കുന്നു. ഇങ്ങനെ പദാൎത്ഥങ്ങളുടെ സാമാന്യമായും സംക്ഷിപ്തമായും ഒരു സ്വരൂപം മാത്രം ആദ്യമായി അറിയപ്പെടേണ്ടതാണു്. വിസ്താരമേറിയ അവയുടെ വിശേഷതത്വങ്ങൾ പ്രത്യേകം നിരൂപണം ചെയ്യുന്നുണ്ടു്.

പദാൎത്ഥവിഭാഗത്തിൽ ദ്രവ്യം പ്രഥമഗണനീയമാകയാൽ അതിനെ ആദ്യമായി വിഭാഗിയ്ക്കുന്നു. പൃഥിവീ, അപ്പ്, തേജസ്സ്, വായു, ആകാശം, കാലം, ദിക്കു, ആത്മാവു്, മനസ്സ് ഇങ്ങനെ ഒമ്പതാണു ദ്രവ്യങ്ങൾ. ഇവയുടെ സാമാന്യസ്വരൂപം ഏതാണ്ടു വാക്കിൽനിന്നും വ്യക്തമാവുകയാൽ അതിനെപ്പററി എടുത്തുപറയുന്നില്ല. ദ്രവ്യങ്ങളിൽ ആദ്യത്തേതു പൃഥിവിയാകയാൽ അതിനെ ആദ്യമായി നിരൂപ

ണം ചെയ്യുന്നു. ലക്ഷണവിഭാഗാദികൾകൊണ്ടു് ഒരു വസ്തുവിന്റെ തത്വജ്ഞാനം ജനിപ്പിക്കുന്ന പ്രവൃത്തിയ്ക്കാണല്ലോ നിരൂപണം എന്നു പേർ പറയുക. നിരൂപണത്തിൽ ലക്ഷണമാദ്യവും വിഭാഗാദികൾ പിന്നീടുമാണു സംഘടിപ്പിക്കേണ്ടതു്. മനുഷ്യന്റെലക്ഷണം പറയായ്കയാൽ മനുഷ്യനെന്നാൽ എന്താണെന്നു് അറിയാത്തവനോടു ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നു പറഞ്ഞാൽ പ്രയോജനമുണ്ടാകുന്നതല്ലെന്നു വാസ്തവമാണു്. തന്മൂലം പൃഥിവിയുടെ നിരൂപണത്തിൽ ആദ്യമായി അതിന്റെ ലക്ഷണമാണു പറയുന്നതു്. ഗന്ധമുള്ള ഒരു ദ്രവ്യമാണു പൃഥിവി; അതുകൊണ്ടു ഗന്ധകാരണത്വം പൃഥിവിയുടെ ലക്ഷണം പറയാം. അഥവാ ഗന്ധംതന്നേയോ പൃഥിവിയുടെ ലക്ഷണം പറയുന്നതിൽ വിരോധമില്ല. ഏതു വസ്തുവിന്റെ ലക്ഷണം പറയുന്നുവോ ആ വസ്തു ലക്ഷ്യമെന്നും എന്താണു പറയുന്നതെങ്കിൽ അതു ലക്ഷണമെന്നും വ്യപദേശിക്കപ്പെടുന്നു. ഇവിടെ പൃഥിവി ലക്ഷ്യവും ഗന്ധം ലക്ഷണവുമാണു്. ഇതു് ഏതു പൃഥിവിയിലും ഇരിക്കുന്ന ഒരു ഗുണവിശേഷമാകുന്നു. തന്നിമിത്തം ഈ ലക്ഷണം ലക്ഷ്യത്തിൽ സർവ്വത്ര വരുന്നതായിക്കണക്കാക്കാൻ സാധിക്കുന്നു.

അവ്യാപ്തി, അതിവ്യാപ്തി, അസംഭവം എന്നിങ്ങനെ ലക്ഷണത്തെ ബാധിക്കുന്ന മൂന്നു ദോഷങ്ങൾ ഉണ്ടു്. പുഷ്പത്തിന്നു വെള്ളപ്പലക്ഷണം പറഞ്ഞാൽ ചെന്താമരപ്പൂവിൽ ആ ലക്ഷണം വരായ്കയാൽ പ്രസ്തുത ലക്ഷണം അവ്യാപ്തി എന്ന ദോഷമുള്ളതാണു്. ചന്ദ്രനു് ആഹ്ലാദകത്വം ലക്ഷണം പറഞ്ഞാൽ ആ ലക്ഷണത്തിന്റെ അലക്ഷ്യമായ കാമിനീമുഖത്തിലും അതു വരികയാൽ അതിവ്യാപ്തിയെന്ന ദോഷം ആ ലക്ഷണത്തിന്നുണ്ടു്. കുതിരയ്ക്കു ശൃംഗിത്വം (കൊമ്പു) ലക്ഷണം പറഞ്ഞാൽ ഒരു കുതിരയിലും അതു വരായ്കയാൽ അസം

ഭവമെന്ന ദോഷമുള്ളതാണ് ആ ലക്ഷണം. മേൽപറഞ്ഞ ദോഷങ്ങൾ ഒന്നും പൃഥിവീലക്ഷണത്തിന്നു (ഗന്ധത്തിനു) ഇല്ലായ്കയാൽ അതിനു നിർദ്ദുഷ്ടമായ ലക്ഷണമാണു ഗന്ധമെന്നുപറയാം. ഇതുപോലെ ഏതു വസ്തു നിരൂപിക്കുമ്പോഴും ലക്ഷണത്തിന്റെയും ലക്ഷണദോഷങ്ങളുടേയും സ്ഥിതി വ്യുത്പത്തിപൂർവ്വം ചിന്തിക്കേണ്ടതാണ്.

നിത്യമെന്നും അനിത്യമെന്നും പൃഥിവിയെ രണ്ടായി തരംതിരിക്കാം. ജനലിന്റെ പഴുതിൽക്കൂടിവരുന്ന സൂര്യമരീചിയിൽക്കാണപ്പെടുന്ന കൊച്ചു പൊടികളിൽ ഒന്നിന്റെ ആറിലൊരുഭാഗമായ അദൃശ്യപാർത്ഥിവാംശത്തെ നിത്യപൃഥിവി (പരമാണു) എന്നു പറഞ്ഞുവരുന്നു. പാത്രം, പുഷ്പം, പന്തു മുതലായി ഉണ്ടാകുന്നതും നശിക്കുന്നതുമായവയെ അനിത്യപൃഥിവിയെന്ന് അറിയേണ്ടതാണ്. അനിത്യപൃഥിവിയേയും മൂന്നായി വിഭാഗിച്ചിട്ടുണ്ട്. 1. ശരീരം, 2. ഇന്ദ്രിയം, 3. വിഷയം. ഇവയിൽത്തന്നെ ശരീരം യോനിജമെന്നും അയോനിജമെന്നും രണ്ടായിട്ടുകാണാം. അവയിലും യോനിജത്തിന്നു ജരായുജം, അണ്ഡജം എന്നീ രണ്ടുൾപ്പിരിവുകളുണ്ട്. ഗർഭവേഷ്ടനചർമ്മപുടമാണു ജരായു. അതിൽനിന്നു ജനിച്ചതാകയാൽ ജരായുജം മനുഷ്യാദികളുടെ ശരീരമാകാം. അണ്ഡജം മുട്ടയിൽനിന്നു ജനിച്ചതാണ്. പക്ഷിസർപ്പാദികളുടെ ശരീരം അതാണ്. ഇനി അയോനിജത്തെ എടുക്കാം. അയോനിജം സ്വേദജമെന്നും ഉൽഭിജമെന്നും രണ്ടുണ്ട്. വിയർപ്പിൽനിന്നു ജനിച്ച കൃമിദംശാദികളുടെ ശരീരം സ്വേദജമാണ്. ഭൂമി പിളൎന്നു മുളയ്ക്കുന്ന വൃക്ഷലതാദികൾ ഉൽഭിജശരീരങ്ങളായി പരിഗണിക്കുന്നു.

പാർത്ഥിവമാണ് മനുഷ്യശരീരമെന്ന പ്രാമാണികവ്യവഹാരമുണ്ട്. പാഞ്ചഭൗതികമാണു മനുഷ്യശരീരമെന്ന സിദ്ധാന്തത്തിന്നു വിലയംവരുമല്ലോ എന്ന ഒരാശങ്കക്ക്

ഇവിടെ അവകാശം കാണുന്നു. എന്നാൽ മനുഷ്യശരീര
ത്തിൽ ഭൂതദ്രവ്യങ്ങളുടെ സംഘടനാതാരതമ്യത്തെ വിവേച
നം ചെയ്യുമ്പോൾ ഇതിന്നു സമാധാനം പറവാൻ കഴിയും.
പഞ്ചഭൂതങ്ങളായ പൃഥിവി, അപ്പ്, തേജസ്സ്, വായു, ആ
കാശം ഇവയിൽ പൃഥിവീഭാഗം അധികം ചേരുകയാലാ
ണു മനുഷ്യശരിരത്തിന്നു പാൎത്ഥിവമെന്ന വ്യവഹാരം വന്നു
ചേൎന്നതു്. ക്ലേദാദികൾ ശരിരത്തിലുള്ളതിനാൽ ജലീയമാ
ണെന്നും ഊഷ്മാവിന്റെ സംസ്പൎശംകൊണ്ടു തൈജസമാണെ
ന്നും പ്രാണവായു സംബന്ധംകൊണ്ടു വായവീയമാണെന്നും
അന്തരസുഷിരാദികൾ ഉള്ളതിനാൽ ആകാശീയമാണെ
ന്നും ഒക്കെ പറയാമെങ്കിലും ഇവയുടെ അപ്രാധാന്യ
വും പൃഥിവീഭാഗത്തിന്റെ പ്രാധാന്യവും നിമിത്തം മനു
ഷ്യാദിശരീരം പാൎത്ഥിവമാണെന്നുതന്നെ സിദ്ധാന്തിച്ചിരി
ക്കുന്നു. ഒന്നിന്റെ നിരൂപണം നിൎവ്വഹിക്കണമെങ്കിൽ ലക്ഷ
ണം ആദ്യം പറഞ്ഞിട്ടുവേണമെന്നു മുമ്പുതന്നെ പ്രസ്താവിച്ചി
ട്ടുണ്ടു്. എന്നാൽ ശരീരത്തിന്റെ ലക്ഷണമെന്താണെന്നു്
ഇവിടെ ഒരാശങ്ക ജനിച്ചേക്കാം. അങ്ങനെയാണെങ്കിൽ
ചേഷ്ടയാണു ശരീരത്തിന്റെ ലക്ഷണമെന്നു പറയാം. ശ
രീരമാത്രഗതമായ ഒരു വിലക്ഷണകൎമ്മത്തിന്നു ചേഷ്ടയെന്നു
പറയുന്നു. ദേഹം ചേഷ്ടിക്കുന്നു എന്നു പറയുന്നതരത്തിൽ
വടി ചേഷ്ടിക്കുന്നു, പന്തു ചേഷ്ടിക്കുന്നു എന്നും മററും പറ
യാറില്ലല്ലോ. നേരെമറിച്ചു വിശറി ഇളകുന്നു, പന്തുപൊങ്ങു
ന്നു, പങ്കയാടുന്നു എന്നും മററും വ്യവഹരിക്കുന്നുമുണ്ടല്ലോ.
വൃക്ഷലതാദികൾ ഉൽഭിജങ്ങളാണെന്നു് ഇതിനിടെ പ്രസ്താ
വിച്ചുകഴിഞ്ഞു. ഇവക്കും ശരീരംതന്നെയുണ്ടോ എന്ന ആശ
ങ്കക്കും ലഘുവായ ബീജം കാണുന്നുണ്ടു്. വൃക്ഷം ചലിക്കുന്നു
എന്നു പറയുന്നതരത്തിൽ വൃക്ഷം ചേഷ്ടിക്കുന്നു എന്നു സാ
ധാരണയായി പറയാറില്ല. എന്നാൽ പൊട്ടിയമരം പൊ

ടിയ്ക്കുന്നതും മററും അനുഭവസിദ്ധമാകുകയാൽ അതിൽ പ്രാണവായുവിന്റെ സമ്പക്കമുണ്ടെന്നും ആ പ്രാണവായു സംബന്ധം ശരീരത്തിലാകാനേ വഴിയുള്ളു എന്നും അതുകൊണ്ടു മരങ്ങൾക്കും ശരീരത്വമുണ്ടെന്നും കല്പിയ്ക്കേണ്ടിയിരിയ്ക്കുന്നു.

"നമ്മദാതീരസംജാതാ:
സരളാജ്ജുനപാദപാ:
നമ്മദാതോയ സംസ്പശാൽ
തേയാന്തിപരമാം ഗതിം
ഗൃഹംഹും കൃത്യതും കൃത്യ
വിപ്രംനിർജിത്യവാദത:
ശ്മശാനേജായതേവൃക്ഷ:
കങ്കഗൃദ്ധ്റോപസേവിത:"

എന്നിത്യാദികളായ പ്രമാണങ്ങളും വൃക്ഷാദികൾക്കു ശരീരത്വമുണ്ടെന്നു പറയുന്നതിൽ യുക്തികളാണു്. പൃഥിവിയുടെ ഇന്ദ്രിയം ഗന്ധപ്രത്യക്ഷത്തിന്നു കാരണമായ ഘ്രാണമാണു് അതു പരമാണുരൂപമായി നാസാഗ്രത്തിൽ സ്ഥിതിചെയ്യുന്നു. പ്രത്യക്ഷത്തിന്നു് അഗോചരമായ അതു പാത്ഥിവമാണെന്നു് എങ്ങനെ തീരുമാനിയ്ക്കാം എന്ന ആശങ്കയും ഈ സന്ദഭത്തിൽ അവതരിയ്ക്കുന്നുണ്ടായിരിയ്ക്കാം. ഘ്രാണേന്ദ്രിയം പൃഥിവിയുടേതാണെന്നുള്ളതിന്നു് അനുമാനം പ്രമാണമാകുന്നു. രൂപാദികളുടെ ഇടയിൽ ഗന്ധപ്രത്യക്ഷകാരണത്വം ഘ്രാണേന്ദ്രിയത്തിന്നുതന്നെയാകയൽ അതു പാത്ഥിവമാണെന്നു സാധിയ്ക്കാം. ഗന്ധപ്രത്യക്ഷത്തിന്നു കാരണമാകുന്ന വസ്തു പാത്ഥിവമാകുന്നതു് അന്യത്ര ദൃഷ്ടചരമാണു്. കുങ്കമഗന്ധങ്ങളാനമുണ്ടാക്കുന്ന പശുവിൻ നെയ്യിൽ പാത്ഥിവത്വവും ഗന്ധപ്രത്യക്ഷകാരണത്വവുംകൂടി വരുന്നുണ്ടല്ലോ.

രണ്ടു പരമാണു കൂടിയാൽ ഉള്ള ദ്രവ്യത്തിന്നു ദ്വണുകമെന്നാണു പേർ. അതും പരമാണുവിനെപ്പോലെ പ്രത്യക്ഷ

ത്തിന്നു വിഷയമല്ലാത്ത ഒരു പദാൎത്ഥമാണു്. മൂന്നു ദ്വ്യണുകം കൂടിയാൽ ഉള്ള ആ വസ്തുവിന്നു ത്ര്യണുകം (ത്രസരേണു) എന്നാണു പറയുക. അതാണു ജാലരന്ധ്രങ്ങളിൽക്കൂടിവരുന്ന സൂൎയ്യരശ്മിയിൽക്കാണുന്ന പൊടികൾ. ദ്വ്യണുകം മുതൽ ബ്രഹ്മാണ്ഡംവരെയുള്ള അനിത്യങ്ങളായ സകല ചരാചരങ്ങളും പൃഥിവിയുടെ വിഷയങ്ങളാണു്. ഇവക്കു പ്രധാനമായോ അപ്രധാനമായോ ഉപഭോഗകാരണത്വമുണ്ടു്. ഒരുവന്റെ ഉപഭോഗത്തിന്നു കാരണമല്ലാതെ പാൎത്ഥിവാദിവിഷയങ്ങൾ ലോകത്തിൽ കാണപ്പെടുന്നില്ല. ഒരു കാൎയ്യം ഒരുവന്റെ അദൃഷ്ടത്തിന്നു് അധീനമായി നില്ക്കുന്നുവോ അക്കാൎയ്യം അവന്റെ ഉപഭോഗത്തിന്നു കാരണമായിത്തീരുന്നതും കണ്ടുവരുന്നു.

## II
## (ജലനിരൂപണം)

ജലത്തിന്റെ ലക്ഷണം സ്നേഹകാരണത്വമാണു ചൂൎണ്ണാദികൾ കുഴച്ചുരുട്ടുവാൻ സാധിക്കുന്നതക്ക ജലനിഷ്ഠമായ ഗുണമാണു സ്നേഹമെന്നു പറയുന്നതു്. സ്നേഹഗുണം സൎവ്വസലിലത്തിലുമുണ്ടാവുകയാൽ സ്നേഹകാരണത്വം ജലത്തിന്നു ലക്ഷണം പറഞ്ഞാൽ അതു നിൎദ്ദുഷ്ടമാകുന്നു. ശീതസ്പൎശവും ജലത്തിന്നു ലക്ഷണമാകാം. ജലത്തിന്റെ നിറം വെളുപ്പാണു് അതിന്റെ രസം മധുരവുമത്രെ. ജലത്തിന്നു വെളുപ്പുവൎണ്ണമുണ്ടെന്നതിൽ യുക്തിയില്ല. എന്തെന്നാൽ, അതിൽ വെളുപ്പല്ലാ ഒരു നിറവും ദൃഷ്ടിഗോചരമാകുന്നില്ലല്ലോ എന്നു് ഇവിടെ ആക്ഷേപം ജനിക്കുന്നു. ശരിതന്നെ നിൎമ്മലമായ ഒരു സ്ഫടികപാത്രത്തിൽ അല്പം വെള്ളമൊഴിച്ചു നോക്കുന്നതായാൽ ജലത്തിന്നു് ഒരു വൎണ്ണവും ഉണ്ടെന്നു് അപ്പോൾ വിശദമാകുന്നില്ല എന്നു ഭ്രമിച്ചു് അതിന്നു് ഒരു വൎണ്ണവുമില്ലെന്നു വാദിക്കുന്നവർ ഉണ്ടായേക്കാം. എന്നാൽ രൂപത്തിന്നു (നിറത്തി

ന്നു") ബഹിരിന്ദ്രിയ പ്രത്യക്ഷകാരണത്വമുണ്ടെന്നു സിദ്ധാന്തിയ്ക്കുന്ന താക്കികനു ജലത്തിന്നു പ്രത്യക്ഷമുണ്ടെന്നു സമ്മതിയ്ക്കുന്ന പൂവ്വപക്ഷിയോടു സമാധാനം പറവാൻ കഴിയും. ജലത്തിന്നു മധുരരസമുണ്ടെന്നു പറയുന്നതു് ഉന്മത്തപ്രലാപമല്ല. പ്രത്യക്ഷത്തിൽ ഒരു രസവും ജലത്തിൽനിന്നു് അനുഭവിയ്ക്കുന്നില്ലല്ലോ എന്ന വാദവും യുക്തിവിഹീനമാകുന്നു. ജലത്തിന്നു മധുരരസമുണ്ടെന്നതു തീച്ച്യയാണു്. അല്ലെങ്കിൽ എന്തുകൊണ്ടു ചവപ്പുള്ള കടുക്ക, നെല്ലിയ്ക്ക മുതലായതിന്നു് അല്പം വെള്ളം കുടിച്ചാൽ നാം മധുരരസമനുഭവിയ്ക്കുന്നു? അത്രമാത്രമല്ല, വേനൽക്കാലത്തു് ദാഹകണ്ഠനായ ഒരാൾക്കു നിമ്മലമായ ശീതളസലിലം കുടിച്ചാൽ മധുരരസമനുഭവിയ്ക്കുന്നതു് അനുഭവസിദ്ധവുമല്ലേ. ശക്കരപോലെ അത്രയധികം മാധുയ്യം വെള്ളത്തിൽനിന്നു വേദ്യമാകുന്നില്ല. ജലത്തിന്നു മാധുയ്യമില്ല എന്നു വാദിയ്ക്കുന്ന കിഞ്ചിജ്ഞന്മാക്കു് എന്തുകൊണ്ടു പാലിന്നു മധുരരസമില്ല എന്നു വാദിച്ചുകൂടാ? ചെറുനാരങ്ങാനീരിന്നു പുളിരസമുള്ളതിനാൽ അതുംകൂടി ജലത്തിൽ സ്വീകരിച്ചുകൂടേ എന്ന വാദം അത്ഥശൂന്യമാകുന്നു. ജംബീരജലത്തിൽ പാത്ഥിവാമ്ലരസത്തിൻെറ കലപ്പുകൊണ്ടാണു പുളിരസം തോന്നുന്നതെന്നു പറവാനേ യുക്തിയുള്ളു. അതുകൊണ്ടു ജലത്തിൽ മധുരരസം മാത്രമേ ഉള്ളു എന്നു സിദ്ധാന്തിയ്ക്കേണ്ടിയിരിയ്ക്കുന്നു. ജലവും പൃഥിവിയെപ്പോലെ നിത്യമായും അനിത്യമായുമുണ്ടു്. പരമാണുസ്വരൂപമായ ജലത്തെ നിത്യമെന്നും തദന്യത്തെ അനിത്യമെന്നും പറഞ്ഞുവരുന്നു. അനിത്യമായ ജലത്തിന്നും പൃഥിവിയെപ്പോലെ മൂന്നു വിഭാഗങ്ങൾ ഉണ്ടു്—ശരീരം, ഇന്ദ്രിയം വിഷയം. ഈ മൂന്നുവിഭാഗങ്ങളിലുൾപ്പെട്ട ജലീയ ശരീരം വരുണലോകത്തുണ്ടെന്നാണു വേദപ്രസിദ്ധമായിട്ടുള്ളതു്. ഇന്ദ്രിയം രസത്തെ അറിയിപ്പിയ്ക്കുന്ന രസനമാകുന്നു അതു ന

വിന്റെ തുമ്പത്തു് ഇരിക്കുന്ന അണുപ്രായമായ ഒന്നാണു്. സരസ്സു, പുഴ, സമുദ്രം മുതലായ ജലാശയങ്ങൾ ജലീയവിഷയങ്ങൾതന്നെ. ഹിമക്കട്ടമുതലായവയും ജലീയവിഷയങ്ങളായി പരിഗണിച്ചിരിക്കുന്നു. ഹിമകരകങ്ങളിൽ അവയവങ്ങളുടെ നിഗ്രുഢസംയോഗം നിമിത്തം കാഠിന്യപ്രതീതിയുള്ളതുകൊണ്ടു ജലമല്ല എന്ന ആശങ്കയ്ക്കു വഴിയുണ്ടെങ്കിലും ആ പ്രതീതിഭ്രമമാത്രമാണെന്നാണു താർക്കികൻ സിദ്ധാന്തിച്ചിരിക്കുന്നതു്. ഹിമം ദശാഭേദേന ദ്രവിക്കുന്നതു് അനുഭവവേദ്യമാണല്ലോ.

ഉഷ്ണസ്പർശമാണു തേജസ്സിന്റെ ലക്ഷണം. തേജസ്സിലല്ലാതെ ഉഷ്ണസ്പർശം എവിടേയും ഇരിക്കാത്തതിനാൽ ആ ലക്ഷണം ലക്ഷ്യത്തിൽ വരുന്നതും നിർദ്ദുഷ്ടവുമാകുന്നു. ചന്ദ്രകിരണത്തിൽ ഉഷ്ണസ്പർശമില്ലാത്തതിനാൽ ഈ ലക്ഷണത്തിന്നു് അവ്യാപ്തി വരികയില്ലേ എന്നു ശങ്കിക്കാമെങ്കിലും അമൃതകിരണന്റെ ശീതളതോയഭാഗങ്ങളുടെ സമ്പർക്കം അതിനെ അഭിഭവിക്കുകയാൽ ചൂടു തോന്നായ്കയാണെന്നു സമാധാനം പറയാം. നിത്യാനിത്യഭേദേന തേജസ്സിനേയും രണ്ടായി തരംതിരിക്കാം. നിത്യതേജസ്സു പരമാണുരൂപവും അനിത്യതേജസ്സു് തൽഭിന്നവുമാണെന്നു മുമ്പിലത്തെപ്പോലെ ഊഹിച്ചുകൊള്ളണം. ശരീരം, ഇന്ദ്രിയം, വിഷയം എന്നീ വിഭാഗമുള്ള അനിത്യതേജസ്സുകളിൽ വിഷയത്തിന്നു ഭൗമം, ദിവ്യം, ഉദര്യം, ആകരജം എന്നു നാലു വിഭാഗങ്ങളും കൂടിയുണ്ടു്. ശരീരം സൂര്യലോകത്തിലുണ്ടെന്നു് ആഗമവേദ്യമാണു്. ഇന്ദ്രിയം രൂപത്തിന്റെ പ്രത്യക്ഷത്തിന്നു കാരണമായ ചക്ഷുസ്സാണു്. ചക്ഷുരിന്ദ്രിയം കൃഷ്ണമണിയുടെ അഗ്രത്തിലിരിക്കുന്നു. ഭാസുരശുക്ലവർണ്ണമാണു തേജസ്സിലുള്ളതു്. മറ്റൊന്നിനെ പ്രകാശിപ്പിക്കുന്ന വെളുപ്പിനു ഭാസുരശുക്ലമെന്നു പറയും. തന്മൂലം ഭാസുരശുക്ലമായ ചക്ഷുസ്സ് അതാതർത്ഥത്തിൽ

ഷോയി സംയോഗിക്കുമ്പോൾ നമുക്കു വസ്തുക്കളുടെ പ്രത്യക്ഷമുണ്ടാകുന്നു. എന്നാൽ പരമാണുരൂപേണയുള്ള ചക്ഷുസ്സിൽനിന്നും പർവ്വതാകാരേണയുള്ള മഹാവസ്തുക്കളുടെ ചാക്ഷുഷപ്രത്യക്ഷം എങ്ങനെ സംഭവിക്കുന്നു എന്നു ഒരു സംശയം ജനിച്ചേക്കാം. അതിന്നു ഇപ്രകാരം സമാധാനം പറയാം. ചക്ഷുസ്സു ചെറിയതായാലും അതുകൊണ്ടു പ്രത്യക്ഷോല്പത്തിവേളയിൽ മുൻവികസിച്ച പ്രകാശത്തോടുകൂടി വലിയ അർത്ഥത്തിന്റെയും പ്രത്യക്ഷം അതുണ്ടാക്കുന്നതായിരിക്കും. ഒരുപ്പിക വട്ടമുള്ള മുഖത്തോടുകൂടിയ ഒരു വൈദ്യുതവിളക്കുകൊണ്ടു രാത്രിസമയം ഒരു മരത്തിന്മേലേയ്ക്കോ കുന്നിന്മേലേയ്ക്കോ കാണിച്ചാൽ വളരെ അധികം ദിക്കുകളും വസ്തുക്കളുമറിയുന്നതു നമുക്കു അനുഭവമായ സംഗതിയാണ്. തൈജസവിഷയം നാലുണ്ടെന്നു ആദ്യംതന്നെ പറഞ്ഞു. ഭൗമദിവ്യൗദര്യാകരജങ്ങളായ അവയിൽ ഭൗമം തീയ്യു മുതലായവയാകുന്നു. ദിവ്യം മിന്നൽപിണർ തുടങ്ങിയുള്ളതാണ്. ഉദര്യം ജഠരാഗ്നിയുമത്രേ. ഖനിയിൽ ഉല്പന്നമായതിനെയാണ് ആകരജമെന്നു പറയുന്നതു്. അതു സുവർണ്ണം, രത്നം മുതലായതുതന്നെ. ഇവിടെ സുവർണ്ണം തേജസ്സാണോ? പൃഥിവിയുടെ ഗുണമായ മഞ്ഞവർണ്ണവും ഗുരുത്വവും അതിന്നുണ്ടല്ലോ എന്നു ആശങ്കിക്കാമെങ്കിലും അനുമാനംകൊണ്ടു സുവർണ്ണത്തിന്നു തൈജസത്വം സുഗമമായി സാധിക്കുവാൻ കഴിയുന്നതാകുന്നു. പ്രതിബന്ധകം (തടസ്സം) ഇല്ലാത്തപ്പോൾ അഗ്നിസംയോഗം വന്നാൽ നശിക്കാത്ത ദ്രവത്വം സുവർണ്ണത്തിനുള്ളതിനാൽ അതു തേജസ്സാണെന്നു എളുപ്പത്തിൽ അനുമാനിക്കാം. പൃഥിവിയുടെ ദ്രവത്വമാണെങ്കിൽ വഹ്നിസംയോഗവേളയിൽ നശിച്ചുപോകുകയാൽ പ്രത്യുത സുവർണ്ണം പൃഥിവിയല്ലെന്നും തീരുമാനിക്കാം.

നാലാമത്തെ ദ്രവ്യം വായുവാകുന്നു. രൂപരഹിതവിശിഷ്ടസ്പർശവത്വമാണു വായുവിന്റെ ലക്ഷണം. വായു, രൂപമില്ലാ

ത്തും സ്പർശമുള്ളതുമായ ഒരു ദ്രവ്യമാകയാൽ ഈ ലക്ഷണം ലക്ഷ്യമായ വായുവിൽ വരുന്നതാകുന്നു. പൃഥിവി, അപ്പ്, തേജസ്സ് ഈ ദ്രവ്യങ്ങൾക്കു പ്രത്യക്ഷമുള്ളതിനാൽ അവ ഉണ്ടെന്നതിനു പ്രമാണം വേറെ ആവശ്യമില്ല. വായു ഉണ്ടെന്നും അതു ദ്രവ്യമാണെന്നുമുള്ളതിനു പ്രമാണമെന്താണ്? എന്നു് ഒരു ചോദ്യമുണ്ടായേക്കാം. ചില പക്ഷത്തിൽ വായുവിനു ത്വാചപ്രത്യക്ഷമുണ്ടെന്നു പറയുന്നു. അവർക്കു ഈ ആക്ഷേപം ബാധിക്കുന്നില്ല. എന്നാൽ വായുവിനു പ്രത്യക്ഷമില്ല എന്നു വാദിക്കുന്ന പ്രാചീനമതത്തിൽ അനുമാനം വായുവിൽ പ്രമാണമായിട്ടുണ്ടെന്നു പറയണം. രൂപവൽദ്രവ്യത്തിലില്ലാത്ത സ്പർശം സ്പർശത്വംകൊണ്ടു് ഒരു ദ്രവ്യത്തെ ആശ്രയിച്ചിരിക്കണമെന്നും ആ ദ്രവ്യം യുക്തികൊണ്ടു വായുവായി സങ്കല്പിക്കണമെന്നും ആണ് ആ അനുമാനത്തിൻെറ സ്വരൂപം. ഇങ്ങനെ വായുവിനെ അനുമാനംകൊണ്ടു സിദ്ധിച്ചുകഴിഞ്ഞാൽ നിത്യാനിത്യഭേദേന അതിനേയും വിഭാഗിക്കാം. മുൻപ്രസ്താവിച്ച പ്രകാരം പരമാണുരൂപമായ വായു നിത്യമാണ്. അന്യമായ വായു അനിത്യമാകുന്നു. അനിത്യവായുതന്നെ ശരീരേന്ദ്രിയ വിഷയഭേദേന മൂന്നു വിധമുണ്ടു്. ശരീരം വായുലോകത്തിലാണെന്നു വേദത്തിൽനിന്നു തെളിയുന്നു. ഇന്ദ്രിയം സ്പർശപ്രത്യക്ഷത്തിനു കാരണമായ ത്വക്കാണ്. ഇതു ശരീരവ്യാപകമായിരിക്കുന്നു. അതുകൊണ്ടാണ് ഏതു് അവയവങ്ങൾകൊണ്ടു് സ്പർശിച്ചാലും വസ്തുവിൻെറ സ്പർശനപ്രത്യക്ഷം നമുക്കുണ്ടാകുന്നതു്. വൃക്ഷാദികളുടെ ചലനത്തിനു കാരണമായ വായുവാണു വിഷയമായി കണക്കാക്കപ്പെട്ടിരിക്കുന്നതു്. ദേഹത്തിൻെറ അന്തർഭാഗത്തു സഞ്ചരിക്കുന്ന ഒരു വായുവുണ്ടു്. അതിനെയാണു നാം പ്രാണവായുവെന്നു പറയുന്നതു്. പ്രാണവായുവിനുതന്നെ സ്ഥാനഭേദംകൊണ്ടു പല പല സംജ്ഞകൾ ഉണ്ടു്. അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ എന്നിങ്ങനെയാണു് അവയെ പറഞ്ഞുവരുന്നതു്.

"ഹൃദിപ്രാണോഗുദേപാനഃ
സമാനോനാഭിസംസ്ഥിതഃ
ഉദാനഃകണ്ഠദേശസ്ഥോ
വ്യാനഃസവ്വശരീരഗഃ."

ഇങ്ങനെ അവയുടെ സ്ഥാനങ്ങളേയും നിദ്ദേശിച്ചിരിക്കുന്നു. വായുവിനു ദ്രവ്യങ്ങളിൽ പ്രാധാന്യമുണ്ടെന്നു പറയാതെ തരമില്ല. വൈദ്യകസിദ്ധാന്തത്തിൽ വായുവിനു് അതിപ്രാധാന്യമുണ്ടെന്നു പ്രതിപാദിച്ചിട്ടുണ്ടു്. വാഹടാചാൎയ്യൻ— "വായുഃ പിത്തം കഫശ്ചേതി" എന്നു ദോഷവിഭാഗം ചെയ്തതും വായുവിന്റെ പ്രാധാന്യത്തെ പുരസ്കരിച്ചിട്ടായിരിക്കണം. കായികമായും മാനസികമായുമുള്ള രോഗങ്ങൾക്കു വായുവൈഗുണ്യമാണു പ്രധാനകാരണമെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. വായുവിഷയകമായ അനവധി തത്വം ഇനിയും പറവാനുണ്ടു്. ഗ്രന്ഥവിസ്തരഭയം അതിനു് അനുവദിക്കുന്നില്ല.

ശബ്ദഗുണവത്വമെന്ന ലക്ഷണത്തോടുകൂടിയ ആകാശമെന്ന ദ്രവ്യം എവിടേയും വ്യാപിച്ചിരിക്കുന്നതാകകൊണ്ടു വിഭുവെന്നു പറയപ്പെടുന്നു. ശബ്ദം ആകാശത്തിന്റെ ഗുണമാണെന്നാണു നൈയായികൻ സിദ്ധാന്തിച്ചിരിക്കുന്നതു്. "മൃദംഗേശബ്ദഃ," "പടഹേനാദഃ" എന്നിത്യാദിവ്യവഹാരമുണ്ടെങ്കിലും ആ വക വ്യവഹാരത്തിലെ സപ്തമികൾകൊണ്ടു് അധികരണത്വമല്ല, അവച്ഛേദകത്വമാണു് അൎത്ഥം പ്രതീതമാകുന്നതു് എന്നാണു താൎക്കികന്റെ മതം. അങ്ങനെയാകുമ്പോൾ ആകാശമാകുന്ന അധികരണത്തിൽ മൃദംഗാദ്യവച്ഛിന്നമായി ശബ്ദമുല്പന്നമാകുന്നു എന്നു പറയാം. പ്രത്യക്ഷമില്ലാത്ത ആകാശമെന്ന വസ്തു ഉണ്ടെന്നകാൎയ്യത്തിൽ അനുമാനം തന്നെയാണു പ്രമാണമായിട്ടു് അംഗീകരിക്കപ്പെട്ടിട്ടുള്ളതു്. ആകാശം നീരൂപിദ്രവ്യവും നിത്യവും ഏകവുമാകുന്നു. തദ്വി-

ഷായകമായ നൈല്യപ്രതീതി ഭ്രമരൂപമാണ്. "കാലഃസർവ്വവാൻ" എന്ന പ്രതീതിവ്യവഹാരാദികൾകൊണ്ടു ജഗദാധാരതാമെന്ന ലക്ഷണത്തോടുകൂടിയ കാലമെന്ന ദ്രവ്യം അനുമാനപ്രമാണഗമ്യമായിട്ടുണ്ടെന്നു നൈയായികൻ അഭിപ്രായപ്പെടുന്നു. ഇപ്പോൾ താമരവിരിഞ്ഞു, അപ്പോൾ രാധ പാടുന്നു. എപ്പോൾ കവിതയെഴുതും എന്നും മററുമുള്ള പ്രതീതിവ്യവഹാരങ്ങളിൽനിന്നും കാലമെന്ന ഒരു വസ്തുവിഷയീകരിക്കപ്പെടുന്നു എന്നു് അനുമാനംകൊണ്ടു കല്പിക്കുന്നു. ആകാശംപോലെ വിഭുവും നിത്യവുമായ കാലത്തിന്നും ഏകതാമുള്ളതിനാൽ വിഭാഗമില്ല. ക്ഷണം, ദിനം, മാസം, കൊല്ലം എന്നിവയെല്ലാം കാലത്തിൻെറ ഉപാധിഭേദങ്ങളത്രേ. കിഴക്കു, പടിഞ്ഞാറ, തെക്കു, വടക്കു മുതലായ വ്യവഹാരാദികൾക്കു കാരണമായ ദിക്കു് എന്ന ദ്രവ്യവും അനുമാനസാദ്ധ്യവും വിഭുവും ഏകവുമാകുന്നു. ദിക്കിനെപ്പോലെ വിഭുവാണു് ആത്മാവു്. അതു് ജ്ഞാനാധികരണവും ആകുന്നു. ആത്മാവു നിത്യപദാർത്ഥമാകുന്നു. ജീവാത്മാവു്, പരമാത്മാവു് എന്നു രണ്ടുതരത്തിൽ ആത്മാവു വിഭാഗിക്കപ്പെട്ടിരിക്കുന്നു. "അഹം സുഖീ", "അഹംദുഃഖീ" എന്നിത്യാദി പ്രത്യക്ഷംകൊണ്ടു ജീവാത്മാവു് ഉണ്ടെന്നു പറയുന്നു. പരമാത്മാവു് എന്നു പറയുന്നതു സാക്ഷാൽ ഈശ്വരനാകുന്നു. ഈശ്വരൻ ഉണ്ടെന്നതിനു് അനുമാനംതന്നെ പ്രമാണമായിരിക്കുന്നു. ഒടുവിലത്തെ ദ്രവ്യം മനസ്സാകുന്നു. സുഖദുഃഖപ്രത്യക്ഷകാരണമായ ഒരിന്ദ്രിയമാണു മനസ്സ്. മനസ്സിനെ നാം അന്തരിന്ദ്രിയമെന്നു പറയുന്നു. അതും പരമാണുരൂപത്തിലുള്ളതത്രേ. ആത്മാവുതോറും ഓരോ മനസ്സുള്ളതുകൊണ്ടു് അതു് അനന്തമെന്നേ പറവാൻ വഴിയുള്ളു. സർവ്വജ്ഞാനോല്പത്തിയിലും മനസ്സിനു കാരണതാമുള്ളതിനാൽ അതു പ്രധാനമായ ഒരിന്ദ്രിയമായി അറിയേണ്ടതാകുന്നു.

പദാൎത്ഥവിഭാഗത്തിൽ ദ്രവ്യം കഴിഞ്ഞാൽ പിന്നത്തെ പദാൎത്ഥം ഗുണമാണ്. രൂപം, രസം, ഗന്ധം, സ്പൎശം, സംഖ്യ, പരിമാണം, പൃഥക്ത്വം, സംയോഗം, വിഭാഗം, പരത്വം, അപരത്വം, ഗുരുത്വം, ദ്രവത്വം, സ്നേഹം, ശബ്ദം, ബുദ്ധി, സുഖം, ദുഃഖം, ഇച്ഛ, ദ്വേഷം, പ്രയത്നം, ധൎമ്മം, അധൎമ്മം, സംസ്കാരം എന്നിവയാണ് ഗുണങ്ങൾ. ഇവയിൽ ചക്ഷുരിന്ദ്രിയം കൊണ്ടു് മാത്രമുള്ള പ്രത്യക്ഷത്തിന്ന വിഷയമായ ഒരു ഗുണമാണരൂപം. വെളുപ്പ്, കറുപ്പ്, മഞ്ഞ, ചുവപ്പ്, പച്ച, പിംഗളവൎണ്ണം, ചിത്രവൎണ്ണം, എന്നിങ്ങനെ രൂപം ഏഴുതരത്തിലുണ്ടു്. രസനേന്ദ്രിയംകൊണ്ടു് ഉണ്ടാകുന്ന പ്രത്യക്ഷത്തിന്നു് വിഷയമായഗുണമാണരസം. അതു് മധുരം, പുളി, എരുവു്, ചവൎപ്പു്, കയ്പു്, ഉപ്പുരസം, എന്നിപ്രകാരം ആറുതരത്തിലുണ്ടു്. ഘ്രാണേന്ദ്രിയം കൊണ്ടുണ്ടാകുന്ന ജ്ഞാനത്തിന്നു് ഗോചരമായ ഗുണമാണു് ഗന്ധം. സുരഭിഗന്ധമെന്നും അസുരഭിഗന്ധമെന്നും അതും രണ്ടുതരത്തിൽ വിഭാഗിക്കപ്പെട്ടിരിക്കുന്നു ത്വഗിന്ദ്രിയമാത്രജന്യമായ പ്രത്യക്ഷത്തിന്നു് വിഷയമായ ഗുണം സ്പൎശമത്രെ. ശീതസ്പൎശം, ഉഷ്ണസ്പൎശം അനുഷ്ണാശീതസ്പൎശം എന്നു മൂന്നായി അതും തരംതിരിക്കുന്നു. ശീതസ്പൎശം ജലത്തിലും, ഉഷ്ണസ്പൎശം തേജസ്സിലും, അനുഷ്ണാശീതം പൃഥിവീവായുക്കളിലും ഉണ്ടു്. ഏകദ്വൈ എന്ന വ്യവഹാരത്തിന്ന കാരണമായഗുണമാണ സംഖ്യ. അതുപോലെ മാനവ്യവഹാരത്തിന്ന കാരണമായഗുണമാണ പരിമാണം. പൃഥക്ത്വം, സംയുക്തം എന്നൊക്കെയുള്ള ശബ്ദപ്രയോഗത്തിന്ന പ്രയോജകീഭവിച്ച ഗുണങ്ങളെ പൃഥക്ത്വം, സംയോഗം എന്നുപറയുന്നു. സംയോഗത്തെ നശിപ്പിക്കുന്ന ഗുണമാണ വിഭാഗം പരാപര വ്യവഹാരങ്ങൾക്ക കാരണമാണു് പരത്വാപരത്വഗുണങ്ങൾ. പരത്വാപരത്വങ്ങൾ രണ്ടുവിധമുണ്ടു്. 1 കാലികം, 2 ദൈശികം. ജ്യേഷ്ഠ

നിൽനിന്നു കാലികമായ പരത്വവും കനിഷ്ഠനിൽ കാലികാപരത്വവും ഭവിക്കുന്നു. ദൂരസ്ഥവസ്തുവിൽ ദൈശികപരത്വവും സമീപസ്ഥസാധനത്തിൽ ദിക്കൃതാപരത്വവും ഉണ്ടെന്നുപറയപ്പെടുന്നു. പ്രഥമപതനത്തിന്നു പ്രയോജകമായ ഗുണമാണു ഗുരുത്വം. ഞെട്ടററാൽ മാവിന്മേൽനിന്നു മാങ്ങ അതിന്റെ ഗുരുത്വം കൊണ്ടല്ലേ താഴത്തു വീഴുന്നതു്. അപ്പോൾ ആ ആദ്യമുണ്ടാകുന്ന പതനത്തിന്നു് ആ ഗുരുത്വം കാരണമായിത്തീൎന്നു. ഇതുപോലെ ആദ്യമുണ്ടാകുന്ന സ്യന്ദനത്തിന്നു കാരണമാണു ദ്രവത്വം. ഇതു പൃഥിവ്യപ്തേജസ്സുകളിൽ ഇരിക്കുന്നഗുണമാണു് അതു്. സാംസിദ്ധികമെന്നും, നൈമിത്തികമെന്നും രണ്ടായി അതു വിഭാഗിക്കപ്പെടുന്നു. സ്വതസ്സിദ്ധമായ ദ്രവത്വത്തെയാണു സാംസിദ്ധികമെന്നു പയുന്നതു്. അതു ജലത്തിൽമാത്രമിരിക്കുന്നു. അഗ്നിസംയോഗാദിനിമിത്തംകൊണ്ടു നിഷ്പന്നമാകുന്നതു നൈമിത്തികദ്രവത്വമാകുന്നു. ഇതു പൃഥിവിയിലും തേജസ്സിലും ഇരിക്കുന്നു. ഘൃതജതുക്കളായ പൃഥിവിയിൽ പാൎത്ഥിവനൈമിത്തികദ്രവത്വവും സുവൎണ്ണത്തിൽ തൈജസ നൈമിത്തികദ്രവത്വവുമുണ്ടു്. ചൂൎണ്ണാദികളെ കുഴച്ചുരുട്ടുവാൻ കാരണമായഗുണമാണു സ്നേഹമെന്നു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. അതു ജലത്തിൽമാത്രമുള്ളഗുണമാകുന്നു ശ്രോത്രേന്ദ്രിയംകൊണ്ടു ജന്യമായപ്രത്യക്ഷത്തിന്നു വിഷയമായഗുണമാണു ശബ്ദം. അതു് ആകാശത്തിൽ മാത്രം ഇരിക്കുന്നതാണെന്നു മുമ്പുപറഞ്ഞിട്ടുണ്ടു്. ശബ്ദം—സംയോഗജം, വിഭാഗജം, ശബ്ദജം എന്നിങ്ങനെ മൂന്നായിതരംതിരിയുന്നു. കരാഭിഘാതം കൊണ്ടു മൃദംഗത്തിൽ നിന്നു പുറപ്പെടുന്നശബ്ദം സംയോഗജമാകുന്നു. മുളകളും മറവും പൊളിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദത്തിന്നു വിഭാഗജമെന്നു പറയാം. ഒരു ശബ്ദമുണ്ടായി പിന്നീടു് അതിൽനിന്നു വീചിതരംഗന്യായേന തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശബ്ദത്തിന്നു ശബ്ദജമെന്നു പറയുന്നു.

സർവ്വവ്യവഹാരത്തിന്നും കാരണമായതും ഗുണവുമാണു ബുദ്ധി (ജ്ഞാനം). ഇതു് ആത്മാവിന്റെ ഒരു വിശേഷഗുണമാകുന്നു. അതു് അനുഭവം എന്നും സ്മൃതിയെന്നും രണ്ടുവിധമുണ്ടു്. പൂവുള്ള ചെടിയെന്നു പറയുമ്പോൾ ചെടി വിശേഷ്യ (അധികരണ)വും, പൂവു വിശേഷണ (ആധേയ)വുമാണു്. ഇതു് ഒരു അനുഭവമാകുന്നു. എല്ലാ ജ്ഞാനങ്ങൾക്കും ഒരു വിശേഷ്യം, ഒരു വിശേഷണം, ഒരു സംബന്ധം ഇവ വിഷയീകരിക്കും. പൂവുള്ള ചെടിയെന്നതിൽ വിശേഷ്യം ചെടിയും വിശേഷണം പൂവും പൂവിന്നും ചെടിക്കും തമ്മിലുള്ള സമവായം സംബന്ധവുമാകുന്നു. ഈ മാതിരിയുള്ള അനുഭവംകൊണ്ടു് ഒരു സംസ്കാരമുണ്ടാവുകയും അതുകൊണ്ടു സ്മൃതി (സ്മരണ) യുണ്ടാവുകയും ചെയ്യും. ഉൽബുദ്ധസംസ്കാരമാണു സ്മരണക്കു കാരണം. ആനക്കാരനെക്കണ്ടാൽ ആനയെ സ്മരിക്കുമ്പോൾ ഹസ്തിപകദർശനം ഉൽബോധകമാണു്. തദ്വിശിഷ്ടസംസ്കാരമുണ്ടാകുമ്പോഴാണു് സ്മരണ ജനിക്കുക. അനുഭവജന്യമായ ആത്മഭാവനയെ സംസ്കാരമെന്നു പറയുന്നു. എല്ലാ സ്മൃതിജ്ഞാനവും അനുഭവം ഉണ്ടാകാതെ ജനിക്കപ്പെടുന്നതല്ല. അല്പം സ്മരണാംശവും അല്പം അനുഭവഭാഗവും കൂടിച്ചേർന്നു പ്രത്യഭിജ്ഞ എന്ന ഒരു ജ്ഞാനവും കൂടിയുണ്ടെന്നു് ഉഹിച്ചുകൊള്ളുക. ഉദാഹരണമായി "സോയം ചന്ദ്രസേനഃ സോയം സുലോചനാ" "തദിദം പുണ്യജലം" എന്നിവ ഗ്രഹിച്ചുകൊള്ളുക. ഇവിടെ മുമ്പുകണ്ട ചന്ദ്രസേനനാണു് ഇവനെന്നും അന്നുകണ്ട സുലോചനയാണു് ഇവളെന്നും പൂർവ്വദൃഷ്ടപുണ്യതീർത്ഥമാണു് ഇതെന്നും വാക്യങ്ങളിൽനിന്നു് അർത്ഥബോധമുണ്ടാകുന്നു. മുന്നമെന്ന അംശം സ്മരണയാലും ഇവൻ, ഇവൾ, ഇതു് എന്ന അംശം അനുഭവത്തിലുമാണല്ലോ അവസാനിക്കുന്നതു്. ഈദൃശങ്ങളായ ജ്ഞാനങ്ങൾ യഥാർത്ഥങ്ങളായും അയഥാർത്ഥങ്ങളായുമുണ്ടു്. ആദ്യംപറഞ്ഞ പൂവുള്ള ചെടിയെന്ന

ജ്ഞാനം യഥാൎത്ഥാനുഭവമാണു്. തീയുള്ള തടാകം എന്ന ജ്ഞാനം അയഥാൎത്ഥാനുഭവമാകുന്നു. ഒരു വിശേഷണം (ആധേയം) ഇല്ലാത്തസ്ഥലത്തു് ഉണ്ടെന്നു തോന്നുന്നതു് അയഥാൎത്ഥമാണല്ലോ. തീയില്ലാത്ത തോയമയമായ തടാകത്തിൽ തീയുണ്ടു് എന്നു തോന്നുമ്പോൾ തദ്ദശജ്ഞാനം ഭ്രമമാവാനേ നിവൃത്തിയുള്ളു. അഗ്നിയുള്ള പൊയ്കയെന്ന അനുഭവംകൊണ്ടു് സംസ്കാരം ജനിച്ചു സ്മരണയുണ്ടായാൽ അതും അയഥാൎത്ഥമാകുന്നു. സ്മൃതിയുടേയും അനുഭവത്തിന്റേയും വാസ്തവാവാസ്തവാവസ്ഥകളെപ്പററി വിസ്തരിച്ചു പറവാൻ വകയുള്ളതാകുന്നു.

അനുഭവം—പ്രത്യക്ഷം, അനുമിതി, ഉപമിതി, ശാബ്ദം എന്നു നാലുതരത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവക്കു നാലിന്നും പ്രമിതികൾ (പ്രമകൾ) എന്നു പേർ പറയും. ഇവ ഓരോ പ്രമിതികൾക്കും ഓരോ പ്രമാണങ്ങ(കരണങ്ങ)ളും കൂടിയുണ്ടു്. പ്രത്യക്ഷപദംകൊണ്ടു പ്രത്യക്ഷപ്രമിതിയേയും തൽപ്രമാണത്തേയും വ്യവഹരിക്കുന്നു. പ്രമിതികരണങ്ങളാണു് പ്രമാണങ്ങൾ എന്നു വന്നാൽ കരണത്വമെന്നാൽ എന്തെന്നു് ഒരാകാംക്ഷ ജനിക്കുന്നതാണു്. കരണത്വം വ്യാപാരവൽകാരണത്വമാകുന്നു. വ്യാപാരവിശിഷ്ടകാരണത്തെ കരണമെന്നു പറയും. കുടമെന്ന കാൎയ്യത്തെക്കുറിച്ചു വ്യാപാരവത്തായ വടി കാരണമാവുകയാൽ അതു കരണമാകുന്നു. പ്രത്യക്ഷപ്രമിതിയെക്കുറിച്ചു് ഇന്ദ്രിയസംയോഗമാകുന്ന വ്യാപാരത്തോടുകൂടിയ ഇന്ദ്രിയം കാരണമാകയാൽ അതു കരണം (പ്രമാണം) ആയിത്തീൎന്നു. ഇപ്പോൾ കാരണത്വമെന്നാൽ എന്താണെന്നും ചോദ്യം വന്നിരിക്കുന്നു. കാൎയ്യത്തിന്റെ നിയമേന പൂൎവ്വകാലവൃത്തിയും അന്യഥാസിദ്ധിശൂന്യവുമായാൽ അതു കാരണമായിത്തീരും. അവശ്യം ചില ക്ലുപ്തകാരണങ്ങൾകൊണ്ടു കാൎയ്യം സംഭവിക്കാമെന്നുവരികിൽ തൽഭിന്നമായ

വസ്തുവിനെ അന്യഥാസിദ്ധമെന്നു പറയുന്നു. കുടമെന്ന കാൎയ്യത്തെ കുലാലൻ, കണ്ണു്, വടി മുതലായ ക്ലൃപ്തകാരണങ്ങൾ ജനിപ്പിക്കുന്നതായാൽ കഴുതയ്ക്കു് കാരണത്വം കല്പിച്ചിട്ടു് ആവശ്യമില്ലല്ലോ. അതുകൊണ്ടു് അതു് അന്യഥാസിദ്ധമാകുന്നു. കാരണസ്വരൂപം പറഞ്ഞതിൽ കാൎയ്യപദാൎത്ഥം സംഘടിക്കുകയാൽ കാൎയ്യത്വമെന്നാൽ എന്തു് എന്നും ആശങ്ക വരുന്നു. പ്രാഗഭാവത്തിന്റെ പ്രതിയോഗിയായാൽ അതു കാൎയ്യമാകുന്നു. ഏതിന്റെയാണോ നാം ഒരഭാവത്തെ നിൎദ്ദേശിക്കുന്നതു് അതിനെ പ്രതിയോഗിയെന്നു പറയുന്നു. മുമ്പുള്ള അഭാവമാണു പ്രാഗഭാവം എന്നു പേരു കേട്ടാൽത്തന്നെ അറിയാം. ഇങ്ങനെയാകുമ്പോൾ ഘടപ്രാഗഭാവത്തിന്റെ പ്രതിയോഗി ഘടമാവുകയാൽ അതു കാൎയ്യമായിത്തീരുന്നു.

കാരണം—സമവായി, അസമവായി, നിമിത്തം എന്നു മൂന്നായി തരംതിരിയുന്നു. ഏതൊരു വസ്തുവിൽ സമവായസംബന്ധേന വൎത്തിച്ചു കാൎയ്യമുണ്ടാകുന്നു അതിനെ സമവായികാരണമെന്നു പറയും. അവയവിയെക്കുറിച്ചു് അവയവം സമവായികാരണമാകാം. ഘടമെന്നു് അവയവിയെക്കുറിച്ചു കപാലമെന്ന അവയവവും പടമെന്ന അവയവിയെക്കുറിച്ചു തന്തുവെന്ന അവയവവും മററും സമവായികാരണങ്ങളാകുന്നു. കാൎയ്യകാരണങ്ങൾക്കു് ഒരു വസ്തുവിൽ സാമാനാധികരണ്യം (ഏകാധികരണവൃത്തിത്വം) വരികയും കാൎയ്യത്തെക്കുറിച്ചു കാരണമാവുകയും ചെയ്താൽ ആ കാരണം അസമവായികാരണമെന്നു പറയും. ഉദാഹരണം—തന്തുസംയോഗത്തെ എടുക്കാം. തന്തുസംയോഗവും പടവുംകൂടി തന്തുവിൽ സമവായസംബന്ധേന ഇരിക്കുകയും പടത്തെക്കുറിച്ചു തന്തുസംയോഗം കാരണമാവുകയും ചെയ്യുകയാൽ അതു് അതിന്റെ അസമവായികാരണമായി. പ്രസ്തുതകാരണങ്ങളിൽനിന്നു ഭിന്നമായി എത്രയെത്ര കാരണങ്ങൾ കാൎയ്യജനകങ്ങളായി ഭവിക്കു

ന്നുവോ അവയെ എല്ലാം നിമിത്തകാരണങ്ങൾ എന്നും പറയും. ഘടത്തെക്കുറിച്ചു ദണ്ഡാദികളും പടത്തെക്കുറിച്ചു തുരീവേമാദികളും നിമിത്തകാരണങ്ങളായി പരിണമിക്കുന്നു.

പ്രമിതികരണങ്ങളാണു പ്രമാണങ്ങൾ എന്നു പറഞ്ഞതോടുകൂടി അനവധി വിഷയങ്ങൾ പ്രസക്താനുപ്രസക്ത്യാ പറയേണ്ടിവന്നു. പ്രത്യക്ഷപ്രമിതികരണത്വമാണു പ്രത്യക്ഷപ്രമാണത്തിൻെറ ലക്ഷണമെന്നു് ഇതുകൊണ്ടു സിദ്ധിച്ചുകഴിഞ്ഞു. പ്രത്യക്ഷപ്രമാണങ്ങൾ ഇന്ദ്രിയങ്ങളാണെന്നും വിശദമായി. ഇന്ദ്രിയാൎത്ഥസന്നികൎഷജന്യമായ ജ്ഞാനമാണു പ്രത്യക്ഷപ്രമിതി. സന്നികൎഷം പ്രത്യക്ഷജനകമാണു്. ഇന്ദ്രിയത്തിനും അൎത്ഥത്തിനുമുള്ള സംബന്ധത്തെയാണു സന്നികൎഷമെന്നു പറയുന്നതു്. പുസ്തകമുള്ള മേശയെന്ന ജ്ഞാനത്തിൽ പുസ്തകവിശിഷ്ടമേശയിൽ ചക്ഷുരിന്ദ്രിയം സംയോഗിക്കുകയും തദനന്തരം പുസ്തകമുള്ള മേശയെന്ന പ്രത്യക്ഷമുണ്ടാവുകയും ചെയ്യുന്നു. പ്രത്യക്ഷത്തെ നിൎവ്വികല്പകമെന്നും, സവികല്പകമെന്നും രണ്ടായി തരംതിരിച്ചിട്ടുണ്ടു്. പ്രകാരത എന്ന വിഷയതയോടുകൂടാത്ത ജ്ഞാനത്തെ നിൎവ്വികല്പകമെന്നു പൊതുവിൽ പറയാം. അതു് അതീന്ദ്രിയമായ ജ്ഞാനമാണു്. പ്രകാരത എന്ന വിഷയതയോടുകൂടിയ ജ്ഞാനം സവികല്പകമെന്നു സാമാന്യമായിപ്പറയാം. പുഷ്പവൽ പാത്രം എന്നും മററുമുള്ള ഉദാഹരണങ്ങൾ ഊഹിച്ചുകൊള്ളുക.

അഭാവപ്രത്യക്ഷത്തെക്കുറിച്ചു് "അനുപലബ്ധി" എന്ന പ്രമാണം കാരണമായി സ്വീകരിക്കണമെന്നു വേറൊരു മതക്കാർ അഭിപ്രായപ്പെടുന്നു. "ഭൂതലേ ഘടാഭാവഃ ചത്വരേ പടാഭാവഃ" എന്നും മററുമുള്ള അഭാവപ്രത്യക്ഷങ്ങൾ ഉണ്ടാകുന്നതു് അനുപലബ്ധി എന്ന പ്രമാണംകൊണ്ടുമാത്രമാണെന്നാണു് അവരുടെ സിദ്ധാന്തം. അനുപലബ്ധിശബ്ദത്തിനു് ഉപലബ്ധിയുടെ (ജ്ഞാനത്തിൻെറ) അഭാവമെന്നു് അൎത്ഥമാവുക

യാൽ ആ ജ്ഞാനാഭാവം അഭാവപ്രത്യക്ഷകാരണമെന്നു് അംഗീകരിച്ചാൽ കാൎയ്യം നിൎവ്വഹിക്കുമെന്നിരിക്കെ അതിരിക്തമായ അനുപലബ്ധിയെന്ന പ്രമാണം അനാവശ്യകമാണു്.

പ്രത്യക്ഷകാരണങ്ങളായ സന്നികൎഷങ്ങൾ ചുരുക്കത്തിൽ ആറാണെന്നു പറയാം. 1. സംയോഗം, 2. സംയുക്തസമവായം, 3. സംയുക്തസമവേത സമവായം, 4. സമവായം 5. സമവേതസമവായം, 6. വിശേഷണത. ചക്ഷുരിന്ദ്രിയം കൊണ്ടു പുഷ്പപ്രത്യക്ഷമുണ്ടാകുമ്പോൾ അവിടെ സംയോഗമാണു സന്നികൎഷം. പുഷ്പരൂപത്തിന്റെ പ്രത്യക്ഷം ജനിക്കുമ്പോൾ സംയുക്തസമവായം സന്നികൎഷമാകുന്നു. എന്തെന്നാൽ ചക്ഷുസ്സംയുക്തമായ പുഷ്പത്തിൽ പുഷ്പരൂപത്തിന്നു സമവായം ഭവിക്കുന്നുണ്ടല്ലോ. പുഷ്പരൂപനിഷ്ഠമായ സാമാന്യത്തിന്റെ (രൂപത്വത്തിന്റെ) പ്രത്യക്ഷമുണ്ടാകുമ്പോൾ ചക്ഷുസ്സംയുക്തസമവേതസമവായം സന്നികൎഷമായിത്തീരും. ചക്ഷുസ്സംയുക്തമായ പുഷ്പത്തിൽ പുഷ്പരൂപം സമവേതവും അതിൽ രൂപത്വത്തിന്നു സമവായമുണ്ടാവുകയുമാണു് ഇതിനു കാരണം. ശ്രോത്രേന്ദ്രിയംകൊണ്ടു ശബ്ദപ്രത്യക്ഷമുണ്ടാകുമ്പോൾ സമവായം സന്നികൎഷമാകുന്നു. ശ്രോത്രേന്ദ്രിയം കൎണ്ണവിവരവൃത്തിയായ ആകാശമാണു്. ആകാശത്തിൽ ശബ്ദത്തിന്നു സമവായമുണ്ടല്ലോ. ശബ്ദത്വസാമാന്യപ്രത്യക്ഷത്തിൽ സമവേതസമവായം സന്നികൎഷമായിത്തീരുന്നു. ആകാശാത്മകമായ ശ്രോത്രേന്ദ്രിയത്തിൽ സമവേതമായ ശബ്ദത്തിലും ശബ്ദത്വം സമവേതമായിത്തീരുകയാണു് അതിനു ഹേതു. ഭൂതലത്തിൽ കന്ദുകാഭാവാദി പ്രത്യക്ഷജനനത്തിൽ വിശേഷണതാ സന്നികൎഷം കാരണമായിത്തീരുന്നു. ഇനിയും പ്രത്യക്ഷകാരണങ്ങളായ സന്നികൎഷങ്ങളുടെ അവാന്തരഭേദങ്ങൾ അനവധിയുള്ളവയെ ഇവിടെ എടുത്തുകാണിക്കുന്നില്ല. ഇത്തരങ്ങളായ സന്നികൎഷങ്ങൾ അതാതു പ്രത്യക്ഷങ്ങളിൽ കാരണങ്ങളായിത്തീരുന്നതു മേധാവികൾ ഊഹിച്ചുകൊള്ളട്ടെ.

പ്രത്യക്ഷം ലൌകികാലൌകികഭേദേന രണ്ടായിട്ടുകൂടി വിഭാഗിച്ചിട്ടുണ്ടു്. ഇതേവരെ നിർവ്വചിച്ചതെല്ലാം ലൌകിക പ്രത്യക്ഷമാണ്. ഇനി അലൌകിക പ്രത്യക്ഷത്തെ എടുക്കാം. അലൌകിക പ്രത്യക്ഷത്തിന്നു മൂന്നാംപ്പിരിവുകഠം ഉണ്ടു്: 1. സാമാന്യലക്ഷണാസന്നികർഷംകൊണ്ടുണ്ടാകുന്നതു്, 2 ജ്ഞാനലക്ഷണാസന്നികർഷജന്യം, 3. യോഗജമായിട്ടുള്ളതു്. സാമാന്യലക്ഷണാ—സാമാന്യമാകുന്ന സ്വരൂപത്തോടുകൂടിയതു്. ആദ്യം ഗജപ്രത്യക്ഷം ചാക്ഷുഷമായിട്ടുണ്ടായതിന്റെ ശേഷം ഗജത്വമെന്ന സാമാന്യംകൊണ്ടു് അതീതങ്ങളും അനാഗതങ്ങളും ആയ നിഖിലഗജങ്ങളുടെ പ്രത്യക്ഷമുണ്ടാകുന്നതിൽ സാമാന്യലക്ഷണ പ്രയോജകീഭവിക്കുന്നു. ഇവിടെ പക്ഷഭേദേന സാമാന്യവും സാമാന്യജ്ഞാനവും സാമാന്യലക്ഷണാജന്യജ്ഞാനത്തിൽ ഹേതുവാകുന്നു എന്നു വാദമുണ്ടു്. അതിൽ സാമാന്യജ്ഞാനം സന്നികർഷമായി സ്വീകരിച്ച മതമാണ് അധികം യുക്തിയുക്തമായിട്ടുള്ളതു്. ചന്ദനഖണ്ഡം സുരഭി, എന്ന ജ്ഞാനത്തിൽ ചന്ദനഖണ്ഡത്തിലെ സൌരഭ്യജ്ഞാനം ജ്ഞാനലക്ഷ്ണാസന്നികർഷംകൊണ്ടു ജനിക്കുന്നു. യുക്തനെന്നും യുഞ്ജാനനെന്നും രണ്ടുയോഗികഠംക്കുണ്ടാകുന്ന സർവ്വവിഷയകജ്ഞാനം യോഗജസന്നികർഷാധീനമാണെന്നു സിദ്ധാന്തിച്ചിരിക്കുന്നു.

പ്രത്യക്ഷജ്ഞാനകരണത്വം പ്രത്യക്ഷപ്രമാണത്തിനു് ഉണ്ടെന്നു മുൻപ്രസ്താവിച്ചുകഴിഞ്ഞു. അതുപോലെ അനുമിതിജ്ഞാനകരണത്വം അനുമാനത്തിനുമുണ്ടു്. അനുമിതിയുടെ സ്വരൂപം ഇപ്രകാരമാണ്. ഒരുവൻ മഹാനസത്തിൽവെച്ചു പുകയ്ക്കും തീയ്ക്കും തമ്മിൽ സാഹചര്യമുണ്ടെന്നു ഗ്രഹിച്ചു ഒരു പർവ്വതസമീപത്തുചെന്നു് അവിടെ സാന്ദ്രമായ ധൂമലേഖയെ കാണുകയും ചെയ്തു. അപ്പോഠം മഹാനസത്തിൽവെച്ചു ധൂമവഹ്നികളുടെ സാഹചര്യം ഗ്രഹിച്ചതിന്റെ ഓർമ്മവന്നു. പിന്നീടു് ഈ പർവ്വതം പുകയുള്ളതാകയാൽ ഇവിടെ അഗ്നിയു

ണ്ടെന്നു് അനുമാനിയ്ക്കുന്നു. ഈ അഗ്നിനിർണ്ണയത്തിനാണു് അനുമിതിയെന്നു പറയുന്നതു്. മഹാനസത്തിൽവെച്ചുള്ള ധൂമവഹ്നികളുടെ സാഹചര്യജ്ഞാനത്തിന്നു വ്യാപ്തിജ്ഞാനമെന്നു പറയുന്നു. ഇതു് അനുമിതിയുടെ കരണമായ അനുമാനമാണു്. വ്യാപ്തിസ്മരണവന്നതിന്നുശേഷം പർവ്വതത്തിൽ ധൂമത്തെക്കാണുന്നതിന്നു പരാമർശമെന്നു പേർപറയും. കരണമാകണമെങ്കിൽ വ്യാപാരവൽകാരണമായിരിയ്ക്കണമെന്നു മുൻപ്രസ്താവിച്ചിട്ടുണ്ടു്. അനുമിതിപ്രകരണത്തിൽ പരാമർശമാണു വ്യാപാരമായിത്തീരുക. താദൃശപരാമർശവിശിഷ്ട കാരണമാവുകയാൽ വ്യാപ്തിജ്ഞാനം അനുമിതികരണമായിത്തീന്നു. പരാമർശംകൊണ്ടു ജന്യമായ ജ്ഞാനമാണു് അനുമിതിയെങ്കിൽ പരാമർശജന്യജ്ഞാനത്വം അനുമിതിലക്ഷണമായിപ്പരിണമിയ്ക്കുന്നു. അനുമിതിയ്ക്കു പക്ഷത എന്ന ഒരു സഹകാരികാരണമുണ്ടെന്നു താർക്കികൻ സിദ്ധാന്തിയ്ക്കുന്നു. പ്രാചീനനവീനമതഭേദേന പക്ഷത രണ്ടാകുന്നു. പ്രാചീനമതത്തിൽ സാദ്ധ്യസന്ദേഹമാണു പക്ഷത. ഏതൊരുവസ്തുവാണു് അനുമിയ്ക്കുന്നതെങ്കിൽ അതിനെ സാദ്ധ്യമെന്നു പറയുന്നു. എവിടെയാണു് അനുമിയ്ക്കുന്നതെങ്കിൽ ആ അധികരണത്തെ പക്ഷമെന്നു വ്യപദേശിയ്ക്കുന്നു. ഏതുകൊണ്ടാണു സാദ്ധ്യത്തെ സാധിയ്ക്കുന്നതെങ്കിൽ അതിനെ ഹേതുവെന്നു പറയുന്നു. പർവ്വതത്തിൽ ധൂമംകൊണ്ടു വഹ്നിയെ സാധിയ്ക്കുമ്പോൾ പർവ്വതം പക്ഷവും അഗ്നി സാദ്ധ്യവും ധൂമം ഹേതുവുമാകുന്നു. സാദ്ധ്യത്തിന്റെ സംശയം ആദ്യമായി ഉണ്ടായിരിയ്ക്കണം. അതാണു് അതിന്നു (പക്ഷതയ്ക്കു്) അനുമിതികാരണത്വമുണ്ടെന്നു നൈയായികൻ പറയുന്നതിന്റെ ഉദ്ദേശം. പർവ്വതത്തിൽ അഗ്നിയുണ്ടോ ഇല്ലയോ എന്ന സംശയസമയത്താണു് അനുമിതിയുണ്ടാകുന്നതു്. സംശയമില്ലാതെ അഗ്നിനിശ്ചയം പർവ്വതത്തിൽ ഉണ്ടെങ്കിൽ പിന്നെ ആ അനുമിതിയെ

കൊണ്ടു് ആവശ്യം വരുന്നതുമല്ല. സ്വാൎത്ഥാനുമിതി, പരാൎത്ഥാനുമിതി എന്നു് അനുമിതി രണ്ടുതരത്തിലുണ്ടു്. തനിക്കുണ്ടാകുന്ന അനുമിതി സ്വാൎത്ഥാനുമിതിയും അന്യനുണ്ടാകുന്ന അനുമിതി പരാൎത്ഥാനുമിതിയുമാകുന്നു. ഇതേവരെ പറഞ്ഞതു സ്വാൎത്ഥാനുമിതിയുടെ സ്വരൂപമാകുന്നു. പരാൎത്ഥാനുമിതി പഞ്ചാവയവവാക്യങ്ങൾകൊണ്ടു് ഉണ്ടാകുന്നതാകുന്നു. പ്രതിജ്ഞ, ഹേതു, ഉദാഹരണം, ഉപനയം, നിഗമനം ഇവയാണു പഞ്ചാവയവവാക്യങ്ങൾ. പൎവ്വതം അഗ്നിയുള്ളതാണു് എന്ന വാക്യം പ്രതിജ്ഞയും ധൂമാൽ (ധൂമം ഹേതുവായിട്ടു്) എന്നതു ഹേതുവും ഏതിലാണു പുകയുള്ളതു് അതിൽ തീയുണ്ടു് എന്ന വാക്യം ഉദാഹരണവും അങ്ങനെയുള്ള ഹേതു ഇതിലുണ്ടു് എന്ന വാക്യം ഉപനയവും അതുകൊണ്ടു് ഇതു് അഗ്നിയുള്ളതാണു് എന്ന വാക്യം നിഗമനവുമാകുന്നു. ഇങ്ങനെ അഞ്ചുവാക്യം പ്രയോഗിച്ചാൽ അന്യനും അഗ്നിസംബോധമുണ്ടാകുന്നുണ്ടല്ലോ. ആ അഗ്നിജ്ഞാനമാണു പരാൎത്ഥാനുമിതി. അനുമിതികാരണങ്ങളായ ഹേതുക്കൾ മൂന്നുതരത്തിലുണ്ടു്. 1. അന്വയവ്യതിരേകി, 2. കേവലാന്വയി, 3. കേവലവ്യതിരേകി. ഹേതു സാദ്ധ്യങ്ങൾക്കു സാഹചൎയ്യം വേണമെന്നു പ്രതിപാദിച്ചിട്ടുണ്ടു്. ഈ സാഹചൎയ്യത്തിന്നു വ്യാപ്തിയെന്നാണു പേരെന്നും പറഞ്ഞുകഴിഞ്ഞു. വ്യാപ്തി, അന്വയവ്യാപ്തിയെന്നും വ്യതിരേകവ്യാപ്തിയെന്നും രണ്ടുതരമാകുന്നു. അന്വയവ്യാപ്തിയും വ്യതിരേകവ്യാപ്തിയും കൂടിവരുന്ന ഹേതുവും അന്വയവ്യാപ്തിതന്നെ വരുന്ന ഹേതുവും വ്യതിരേകവ്യാപ്തിമാത്രം വരുന്ന ഹേതുവുമാകുമ്പോളാണു ഹേതുക്കൾ മൂന്നു് എന്നു നിൎദ്ദേശിച്ചതു്. പൎവ്വതത്തിൽ അഗ്നിയെ സാധിക്കുമ്പോൾ ധൂമമെന്ന ഹേതു രണ്ടു വ്യാപ്തിയുംകൂടി വരുന്ന അന്വയവ്യതിരേകിയാണു്. എവിടെ ധൂമമുണ്ടു് അവിടെ അഗ്നിയുണ്ടെന്നും; എവിടെ അഗ്നിയില്ല അവിടെ ധൂമമി

ല്ലെന്നും ആയ നിശ്ചയമുള്ളതിനാൽ പ്രസ്തുത ഹേതു അന്വയവ്യതിരേകിയാകാൻ വിരോധമില്ല. അന്വയവ്യാപ്തിമാത്രമുള്ള ഹേതു കേവലാന്വയി എന്നു പറയുന്നു. അഭിധേയത്വം—അഭിധാവിഷയത്വം (ഇച്ഛാവിഷയത്വമെന്നു താല്പര്യം) പ്രമേയത്വം—പ്രമാവിഷയത്വം (ജ്ഞാനവിഷയത്വമെന്നർത്ഥം) ഇവരണ്ടും ലോകത്തിൽ ഏതുപദാർത്ഥത്തിലും വരുന്ന വിഷയതകളാണ്. "സർവ്വം അഭിധേയം പ്രമേയത്വാൽ" എന്നൊരനുമിതി പ്രയോഗിച്ചാൽ പ്രമേയത്വമെന്ന ഹേതു അന്വയവ്യാപ്തിമാത്രമുള്ളതാകുന്നു. എവിടെ പ്രമേയത്വമുണ്ടു് അവിടെ അഭിധേയത്വമുണ്ടു് എന്നു പറയുവാൻ സാധിക്കുന്നതരത്തിൽ എവിടെ അഭിധേയത്വമില്ല അവിടെ പ്രമേയത്വമില്ല എന്നു പറയുവാൻ അഭിധേയത്വവും പ്രമേയത്വവും ഇല്ലാത്ത പദാർത്ഥം ലോകത്തിൽ പ്രസിദ്ധമല്ലായ്കയാൽ സാധിക്കുന്നതല്ലെന്നു തീർച്ചതന്നെ. അതുകൊണ്ടു പ്രമേയത്വമെന്ന കേവലാന്വയി ഹേതു അന്വയവ്യാപ്തിമാത്രമുള്ളതെന്നു വ്യക്തമായി. വ്യതിരേകവ്യാപ്തിമാത്രമുള്ള ഹേതുവിനെ കേവലവ്യതിരേകി എന്നു പറയുന്നു. വ്യതിരേകം അഭാവമാണ്. അഭാവങ്ങൾ തമ്മിലുള്ള വ്യാപ്തിയെ വ്യതിരേകവ്യാപ്തിയെന്നു പറയാം. "പൃഥിവി ഇതരഭിന്നാ ഗന്ധവത്വാൽ" എന്ന അനുമിതിയിൽ ഗന്ധമെന്ന ഹേതുവിൽ സാദ്ധ്യത്തിന്റെ വ്യതിരേകവ്യാപ്തിവരുന്നു. എവിടെ ഇതരഭേദാഭാവമുണ്ടു് അവിടെ ഗന്ധാഭാവമുണ്ടു് എന്ന വ്യതിരേകവ്യാപ്തി ഇവിടെ ഉപപാദിപ്പാൻ സാധിക്കുന്നതാണ്. പൃഥിവീതരത്തിന്റെ ഭേദം പൃഥിവിയിലും തദഭാവം ജലത്തിലും വരുന്നു. അവിടെ ഗന്ധാഭാവവുമുണ്ടല്ലോ. ജലമെന്ന ദൃഷ്ടാന്തത്തിൽ വെച്ചു് ഈ വ്യതിരേകവ്യാപ്തി എളുപ്പത്തിൽ ഗ്രഹിപ്പാൻ സാധിക്കുന്നു. ഇങ്ങനെ സംക്ഷിപ്തമായി സദ്ധേതുക്കളുടെ സ്വരൂപം ഊഹിച്ചുകൊള്ളുക.

അനുമിതികാരണങ്ങളായ വ്യാപ്തിവിശിഷ്ടഹേതുക്കളെ നിരൂപണംചെയ്തു. രാമകഥാ പ്രസംഗത്തിൽ രാവണോദന്തത്തിന്റെ പ്രസക്തിവരുമാറു സദ്ധേതു നിരൂപണാനന്തരം ദുഷ്ടഹേതുനിരൂപണത്തിൽ ആകാംക്ഷ ജനിക്കുവാൻ അവകാശമുണ്ടു്. ദുഷ്ടഹേതുക്കൾക്കു ഹേത്വാഭാസങ്ങൾ എന്നു പേർ പറയും. ഹേതുവൽ ആഭാസന്തേ ഇതിഹേത്വാഭാസാഃ എന്ന വ്യുൽപ്പത്തികൊണ്ടു സദ്ധേതുക്കൾപോലെ തോന്നുന്ന ഒരുതരം ദോഷവിശിഷ്ടഹേതുക്കളാണു ഹേത്വാഭാസങ്ങൾ എന്നു പറയപ്പെട്ടിട്ടുള്ളതു് എന്ന അർത്ഥബോധം ശ്രവണമാത്രയിൽ ഉണ്ടാകുന്നു. സവ്യഭിചാരൻ, വിരുദ്ധൻ, സൽപ്രതിപക്ഷൻ, അസിദ്ധൻ, ബാധിതൻ എന്നു അഞ്ചുതരത്തിൽ ഹേത്വാഭാസങ്ങൾ ഉണ്ടു്. ഹേത്വാഭാസജ്ഞാനം അനുമിതി പ്രതിബന്ധകമാണു്. ഹേത്വാഭാസങ്ങൾ താദൃശജ്ഞാനത്തിൽ വിഷയങ്ങളാകുന്നു. അതുകൊണ്ടു അനുമിതി പ്രതിബന്ധകയഥാർത്ഥജ്ഞാനവിഷയത്വമെന്നു് അവയ്ക്കു പൊതുവിൽ ലക്ഷണം പറയാം. സവ്യഭിചാരം എന്ന ഹേത്വാഭാസം മൂന്നുതരത്തിലുണ്ടു്. 1. സാധാരണം 2. അസാധാരണം 3. അനുപസംഹാരി. സാദ്ധ്യം ഇല്ലാത്ത ദിക്കിൽ ഇരിക്കുന്ന ഹേതുവായാൽ അതു സാധാരണമാകുന്നു. ഉദാഹരണം—പർവ്വതഃ വഹ്നിമാൻ പ്രമേയത്വാൽ. ഈ അനുമാനത്തിലെ പ്രമേയത്വാൽ എന്ന ഹേതു വഹ്നിയില്ലാത്ത ജലാശയത്തിൽകൂടി ഇരിക്കുന്നതാകയാൽ സാധാരണമെന്ന ഹേത്വാഭാസമാകുന്നു. സാദ്ധ്യനിശ്ചയമുള്ള അധികരണത്തെ സപക്ഷമെന്നും തൽസന്ദേഹമുള്ള ആശ്രയത്തെ പക്ഷമെന്നും സാദ്ധ്യാഭാവനിശ്ചയം ക്ലിപ്തമായ സ്ഥലത്തെ വിപക്ഷമെന്നും പറഞ്ഞുവരുന്നു. പർവ്വതൊ വഹ്നിമാൻ ധൂമാൽ എന്ന അനുമിതിയിൽ പർവ്വതം പക്ഷവും മഹാനസം സപക്ഷവും ജലാശയം വിപക്ഷവുമാണു്. സപക്ഷത്തിലും വിപക്ഷത്തിലുമിരിക്കാത്ത ഹേതുവായാൽ

ആ ഹേതു അസാധാരണമെന്ന ദുഷ്ടമാണ്. ശബ്ദോനിത്യഃ ശബ്ദത്വാൽ എന്ന അനുമാനത്തിൽ നിത്യത്വം സാദ്ധ്യവും തദഭാവം (അനിത്യത്വം) സാദ്ധ്യാഭാവവുമാകുന്നു. നിത്യത്വമെന്ന സാദ്ധ്യത്തിന്റെ നിശ്ചയമുള്ള ആകാശത്തിലും അനിത്യത്വമെന്ന തദഭാവത്തിന്റെ നിൎണ്ണയമുള്ള ഘടാദികാൎയ്യങ്ങളിലും ശബ്ദത്വമെന്ന ഹേതുവരുന്നതല്ലായ്കയാൽ ശബ്ദത്വം അസാധാരണമായി. അന്വയവ്യാപ്തിയും വ്യതിരേകവ്യാപ്തിയും ഗ്രഹിപ്പാൻ ദൃഷ്ടാന്തമില്ലാതെ വരുന്ന അനുമിതിയിലുള്ള ഹേതു അനുപസംഹാരിയാകുന്നു. പക്ഷഭിന്നദൃഷ്ടാന്തത്തിൽ വെച്ചുവേണം വ്യാപ്തി ഗ്രഹിപ്പാൻ എന്നു നിയമമുണ്ടു്. സൎവ്വമഭിധേയം പ്രമേയത്വാൽ എന്ന അനുമാനത്തിൽ സൎവ്വപദാൎത്ഥം പക്ഷമാകയാൽ തൽഭിന്നദൃഷ്ടാന്തം പ്രസിദ്ധിയ്ക്കായ്കയാൽ അന്വയവ്യാപ്തി ഗ്രഹിയ്ക്കുവാൻ തരമില്ല. അതുപോലെതന്നെ അഭിധേയത്വപ്രമേയത്വങ്ങളായ സാദ്ധ്യഹേതുക്കളുടെ അഭാവത്തിന്നു പ്രസിദ്ധിയില്ലായ്കയാൽ വ്യതിരേകവ്യാപ്തിയും ഗ്രഹിയ്ക്കുവാൻ സാധിയ്ക്കുന്നതല്ല. സാദ്ധ്യത്തിന്റെ അധികരണത്തിൽ വൃത്തിയല്ലാത്ത ഹേതു വിരുദ്ധമാകുന്നു. പൎവ്വതോവഹ്നിമാൻ ജലാൽ എന്ന അനുമാനം പ്രയോഗിച്ചാൽ സാദ്ധ്യമായ വഹ്നിയുടെ അധികരണത്തിൽ ജലം ഇരിയ്ക്കായ്കയാൽ അതു വിരുദ്ധമെന്ന ഹേത്വാഭാസമാകുന്നു. പ്രകൃതമായ അനുമാനത്തിലെ സാദ്ധ്യത്തിന്റെ വിപരീതസാദ്ധ്യത്തെ സാധിയ്ക്കുവാനുള്ള മറെറാരു പ്രതിഹേതു ഉണ്ടായാൽ പ്രകൃതാനുമാനത്തിലെ ഹേതു സൽപ്രതിപക്ഷമാകുന്നു; ഹ്രദോവഹ്നിമാൻ ധൂമാൽ എന്നു പ്രയോഗിച്ചാൽ അഗ്ന്യഭാവസാധകമായി ജലമെന്ന ഹേതു ഹ്രദത്തിലുണ്ടാകയാൽ ധൂമമെന്ന ലിംഗം ദുഷ്ടമാകുന്നു. അസിദ്ധമെന്ന ഹേത്വാഭാസം മൂന്നുതരത്തിലുണ്ടു്. ആശ്രയാസിദ്ധം, സ്വരൂപാസിദ്ധം, വ്യാപ്യത്വാസിദ്ധം, ശശശൃംഗം, നിശിതം ശൃംഗത്വാൽ എന്ന അനുമാനത്തിൽ ആശ്രയം (പക്ഷം) പ്രസിദ്ധിയ്ക്കായ്കയാൽ

ശൃംഗത്വമെന്ന ഹേതു ആശ്രയാസിദ്ധമായി. പക്ഷത്തിൽ വരാത്ത ഹേതു പ്രയോഗിച്ചാൽ അതിന്നു സ്വരൂപാസിദ്ധമെന്നാണു പേർ. ശബ്ദോ ഗുണഃ ചാക്ഷുഷത്വാൽ എന്ന അനുമാനത്തിൽ ചാക്ഷുഷത്വം പക്ഷമായ ശബ്ദത്തിൽ വരുകയില്ലല്ലോ. സാദ്ധ്യത്തിന്റെ വ്യാപകത്വവും ഹേതുവിന്റെ അവ്യാപകത്വവും ഉള്ള ഉപാധിയോടുകൂടിയ ഹേതുവിനെ വ്യാപ്യത്വാസിദ്ധമെന്ന ഹേത്വാഭാസമെന്നു പറയുന്നു. പർവ്വതോ ധൂമവാൻ വഹ്നേഃ എന്ന അനുമാനത്തിൽ ധൂമമെന്ന സാദ്ധ്യത്തിന്റെ വ്യാപകത്വവും വഹ്നിയെന്ന ഹേതുവിന്റെ അവ്യാപകത്വവും ഉള്ള ഒരു ഉപാധിയാണ് ആർദ്രേന്ധനസംയോഗം. ആ ആർദ്രേന്ധനസംബന്ധമാകുന്ന ഉപാധിയോടുകൂടിയ ഹേതുവായി വഹ്നിയെന്നതു നിമിത്തം അഗ്നിവ്യാപ്യത്വാസിദ്ധിയെന്ന ദോഷമുള്ള ഹേത്വാഭാസമായി പരിണമിച്ചു. സാദ്ധ്യാഭാവനിശ്ചയമുള്ള പക്ഷത്തോടുകൂടിയ ഹേതു ബാധിതമാണ്. ഹ്രദോ വഹ്നിമാൻ ഹ്രദത്വാൽ എന്ന അനുമാനത്തിൽ ഹ്രദത്വമെന്ന ഹേതു വഹ്ന്യഭാവവിശിഷ്ടപക്ഷത്തോടു കൂടിയതാവുകയാൽ ബാധിതമാകുന്നു.

പദത്തിന്നും അർത്ഥത്തിന്നുമുള്ള സംബന്ധജ്ഞാനമാണ് ഉപമിതി. ഇതിന്നും ഉപമാനമെന്ന കരണമുണ്ട്. ഗവയമെന്ന മൃഗത്തെ അറിയാത്ത ഒരുവൻ ഒരു വനപുരുഷനിൽനിന്നു ഗോസദൃശോ ഗവയഃ എന്ന വാക്യം കേട്ടു വനത്തിലേയ്ക്കു പോയി. അവിടെ പശുവിന്നു തുല്യമായ ഒരു മൃഗത്തെക്കണ്ടു. അപ്പോൾ ആരണ്യകൻ പറഞ്ഞുകൊടുത്ത ഗോസദൃശോ ഗവയഃ എന്ന വാക്യം സ്മരിച്ചു. ഉടനടി അവന്നു മുമ്പിൽ കാണുന്ന ഈ മൃഗം ഗവയപദവാച്യമാണെന്ന ബോധം ഉണ്ടാകുന്നു. ഈ ബോധമാണ് ഉപമിതി. ഇവിടെ ഗോസദൃശോ ഗവയഃ എന്ന സാദൃശ്യജ്ഞാനമാണു കരണം. അന്യദേശത്തു വെച്ച് ആരണ്യകൻ പറഞ്ഞുകൊടുത്ത വാക്കിന്റെ സ്മരണമാണു വ്യാപാരം. അങ്ങിനെയുള്ള സ്മരണയോടുകൂടിയ സാ

ദൃശ്യജ്ഞാനം വ്യാപാരവൽകാരണമായി ഭവിയ്ക്കുകയാൽ കരണമാകാൻ വിരോധമില്ല. പദത്തിനും അർത്ഥത്തിനുമുള്ള സംബന്ധം ശക്തിയാണു്. പദം ശക്തിസംബന്ധേന അർത്ഥത്തിലിരിയ്ക്കുന്ന ശക്തിയ്ക്കു് സങ്കേതമെന്നുകൂടി സംജ്ഞയുണ്ടു്.

ശാബ്ദപ്രമിതിയ്ക്കു (ശാബ്ദബോധത്തിന്നു്) ശബ്ദമാണു് കരണം (പ്രമാണം) പദാർത്ഥോപസ്ഥിതി ഇതിന്റെ വ്യാപാരമാകുന്നു. മൌനിശ്ലോകത്തിൽനിന്നു ശാബ്ദബോധമുള്ളതിനാൽ പദജ്ഞാനം ശാബ്ദബോധകരണമായി സ്വീകരിയ്ക്കണം. പദജ്ഞാനം കരണമെന്നുപറയുമ്പോൾ പദമെന്നാൽ എന്തെന്നു് ഇവിടെ ആലോചിയ്ക്കേണ്ടതു് അത്യാവശ്യമാണു്. ശക്തം പദം—ശക്തത്വം പദലക്ഷണം. ശക്തിയോടുകൂടിയതു് പദമെന്നു താല്പര്യം. പടമെന്നുപറയുമ്പോൾ പടപദത്തിന്റെ ശക്തി തന്തുക്കളാൽ നിർമ്മിതമായ വസ്തുവിലാണെന്നു ഗ്രഹിയ്ക്കുന്നു. പദം ശക്തമാണെങ്കിൽ അർത്ഥം ശക്യവുമാകും. പടപദത്തിന്റെ ശക്യം വസ്ത്രമാണു്. ഇപ്രകാരമുള്ള ശക്തിവിശിഷ്ടപദങ്ങളുടെ സമുദായം (സമൂഹം) ആണു് വാക്യമെന്നുപറയുന്നതു്. പദസമൂഹത്വം വാക്യലക്ഷണമായി പറയുവാൻ വിരോധമില്ല. വൈയാകരണൻ സുപ്തിങന്തം പദമെന്നാണു പദസ്വരൂപം നിർവ്വചിച്ചിട്ടുള്ളതു്. സുപ്പ് എന്ന പ്രത്യയം അന്തത്തിൽ (അവസാനത്തിൽ) ഉള്ള പദം സുബന്തവും തിങ്പ്രത്യയം അന്തത്തിലുള്ള പദം തിങന്തവുമാകുന്നു. മേൽപ്പറഞ്ഞ പദസമൂഹങ്ങളാകുന്ന വാക്യങ്ങളിൽനിന്നും അർത്ഥബോധമുണ്ടാകുന്നവായാണു ശാബ്ദം (ശാബ്ദബോധം) എന്നുപറയുന്നതു്. രാമഃ ഗ്രാമം ഗച്ഛതി എന്നവാക്യത്തിൽനിന്നും ഗ്രാമനിഷ്ഠസംയോഗാനുകൂല വ്യാപാരാനുകൂലകൃതിമാൻ രാമഃ എന്നബോധമുണ്ടാകുന്നു. ഇതുപോലെ ചൈത്രഃ തണ്ഡുലം പചതി എന്ന വാക്യത്തിൽനിന്നു തണ്ഡുലകർമ്മക പാകാനുകൂല കൃതിമാൻ ചൈത്രഃ എന്ന ബോധം ജനിയ്ക്കുന്നു. ഇതു നൈയായികമതത്തിലെ

ബോധമാണ്. നൈയായികൻ പ്രഥമാന്താർത്ഥം മുഖ്യവിശേഷ്യമായ ബോധമാണ സ്വീകരിച്ചിരിക്കുന്നതു്. വൈയാകരണൻ ധാത്വർത്ഥമുഖ്യവിശേഷ്യകബോധം അംഗീകരിച്ചിരിക്കുന്നു. നോക്കുക:— ചൈത്രഃ തണ്ഡുലം പചതി എന്ന വാക്യത്തിൽ നിന്നും ചൈത്രകർത്തൃകഃ തണ്ഡുലകർമ്മകഃ പാകഃ എന്നു വൈയാകരണന്റെ ബോധം. വാക്യത്തിന്നു ശക്തി സ്വീകരിച്ചിട്ടുണ്ടു്. വൈയാകരണനെന്നു് ഈ സന്ദർഭത്തിൽ സ്മർത്തവ്യമാണ്. ആകാംക്ഷ, യോഗ്യത, സന്നിധി ഇവ മൂന്നും ശാബ്ദബോധത്തിന്നു കാരണമാണ്. ഏതൊരു പദത്തിന്നു് ഏതൊരു പദത്തിന്റെ അഭാവം നിമിത്തം ശാബ്ദബോധമുണ്ടാകുന്നില്ലയോ ആ പദത്തിൽ ആ പദവിത്വം വന്നാൽ അതു് ആകാംക്ഷയാണ്. ഘടഃ എന്നു മാത്രം പ്രയോഗിച്ചാൽ ശാബ്ദബോധമുണ്ടാകുന്നില്ല. അസ്തിയെന്ന പദവും കൂടി അദ്ധ്യാഹരിച്ചാൽ ഘടമുണ്ടു് എന്നു ബോധം വരികയും ചെയ്യുന്നു. അതുകൊണ്ടു് ഒരു പദത്തിൽ അത്യാവശ്യകമായ മറെറാരു പദത്തിന്റെ സംബന്ധം വന്നാൽ ആകാംക്ഷ വരുന്നുണ്ടു് എന്നും അതു ശാബ്ദബോധത്തെക്കുറിച്ചു കാരണമായിത്തീരുന്നു എന്നും വിശദമായി. അർത്ഥത്തിന്നു ബാധവരാതിരിക്കുകയാണ യോഗ്യതയെന്നു പറയുന്നതു്. തീയ്യുകൊണ്ടു നനയ്ക്കുന്നു എന്നു പറഞ്ഞാൽ ആ വാക്യത്തിൽ അർത്ഥബാധയുണ്ടു്. അതുകൊണ്ടു് ഈദൃശങ്ങളായ വാക്യങ്ങൾ യോഗ്യതാശൂന്യങ്ങളാകയാൽ അവയിൽനിന്നു ശാബ്ദബോധമുണ്ടാകുന്നില്ല. യോഗ്യതാവിശിഷ്ടങ്ങളായ വാക്യങ്ങളിൽനിന്നേ ശാബ്ദബോധം ജനിക്കുകയുള്ളു എന്നു തീർച്ചയായി. പദങ്ങളുടെ താമസം കൂടാതെയുള്ള ഉച്ചാരണമാണ സന്നിധിയെന്നു പറയുന്നതു്. സാന്നിദ്ധ്യമില്ലാത്ത പദപ്രയോഗത്തിൽനിന്നു വാക്യബോധം വരികയില്ല. രാമഃ എന്നു കാലത്തും കന്ദുകം എന്നു ഉച്ചയ്ക്കും ക്രീഡതി എന്നു വൈകുന്നേരവും ഉച്ചരിച്ചാൽ രാമഃ കന്ദുകം ക്രീഡതി—രാമൻ പന്തു കളിക്കുന്നു എന്നബോധം ഉണ്ടാകുന്നതല്ലല്ലൊ.

ഇതേവരെ യഥാത്ഥാനുഭവനിരൂപണമായിരുന്നു; ഇനി അയഥാത്ഥാനുഭവത്തെപ്പററി ചിന്തിയ്ക്കാം. അയഥാത്ഥാനുഭവത്തിൻെറ സംക്ഷിപ്തമായ സ്വരൂപം മുമ്പുപറഞ്ഞിട്ടുണ്ടു്. സംശയം, വിപൎയ്യയം, തക്കം എന്നിങ്ങനെ അയഥാത്ഥാനുഭവം മൂന്നുവിധം പറയാം. ഒരു വിശേഷത്തിൽ (ഒരധികരണത്തിൽ) വിരുദ്ധങ്ങളായ (അന്യോന്യം അസമാനാധികരണങ്ങളായ) പല ധമ്മങ്ങളുടെ സംബന്ധം വിഷയീകരിയ്ക്കുന്ന ഒരു ജ്ഞാനമാണു സംശയം. "അയംസ്ഥാണുർവ്വാ പുരുഷോവാ" ഇതു മരക്കററിയോ പുരുഷനോ എന്നു് ഉദാഹരണം. ഇവിടെ അയം പദാത്ഥംകൊണ്ടു വിഷയീകരിയ്ക്കുന്ന (മുമ്പിൽക്കാണുന്ന വസ്തുവിൽ) സ്ഥാണുത്വപുരുഷത്വമെന്നു വിരുദ്ധങ്ങളായ രണ്ടുധമ്മങ്ങളുടെ വൈശിഷ്ട്യം തോന്നുന്നുണ്ടല്ലോ. അതുകൊണ്ടു് ഈ ജ്ഞാനം സംശയമായി. സപ്പത്തെക്കണ്ടു കയറെന്നോ കുന്നിക്കുരുകണ്ടു തീക്കനലെന്നോ തോന്നിയാൽ ആ ജ്ഞാനം വിപൎയ്യയമാണു്. വ്യാപ്യത്തിൻെറ ആരോപംകൊണ്ടു വ്യാപകത്തിൻെറ ആരോപമാണു തക്കം. അഗ്നിയില്ലെങ്കിൽ ധൂമവുമുണ്ടാകാൻ തരമില്ല എന്നാണു് അതിൻെറ സ്വരൂപം. ഇവിടെ അഗ്ന്യഭാവമാകുന്ന വ്യാപ്യംകൊണ്ടു ധൂമാഭാവമാകുന്ന വ്യാപകത്തിൻെറ ആരോപം ഭവിയ്ക്കുകയാൽ ഈ വിശേഷഗുണത്തിൻെറ നിരൂപണം ഇപ്പോൾ ചുരുക്കത്തിൽ അവസാനിച്ചു എന്നു പറയാം. ബുദ്ധികഴിഞ്ഞാൽ പിന്നത്തെ ഗുണം സുഖമാണു്. എല്ലാവക്കും അനുകൂലമായ ജ്ഞാനത്തിന്നു വിഷയമായ ഗുണത്തെ സുഖമെന്നു പറയുന്നു. പനിനീർപ്പൂവു മണത്തുനോക്കിയാലും ചന്ദനം പൂശിയാലും മററും നമുക്കു് അനുകൂലജ്ഞാനം (ആനന്ദം) ഉണ്ടാകുന്നു. അതിന്നു സുഖം വിഷയമാകുന്നതു പ്രത്യക്ഷ ദൃഷ്ടമാകുന്നു. ഇതുപോലെ തലവേദന, വയറുനോവൽ മുതലായ നമുക്കു പ്രതികൂലമായ ഒരു ജ്ഞാനവിശേഷത്തിന്നു ഗോച

രീഭവിക്കുന്ന ഗുണത്തെ ദുഃഖമെന്നുപറയുന്നു. ഇച്ഛാ, ദ്വേഷം എന്നീ ഗുണങ്ങളുടെ സ്വരൂപം സ്പഷ്ടമായതിനാൽ വിവരിക്കുന്നില്ല. ആത്മാവിലുള്ള ഒരു കൃതിയെയാണു പ്രയത്നമെന്നു പറഞ്ഞുവരുന്നതു്. പുണ്യപാപങ്ങളെ ധർമ്മാധർമ്മങ്ങൾ എന്നു വ്യവഹരിക്കുന്നു. സംസ്കാരം മൂന്നുതരത്തിലുണ്ടു്. വേഗം, ഭാവന, സ്ഥിതിസ്ഥാപകം. ഇവയിൽ വേഗം പൃഥിവ്യപ്തേജോവായുമനസ്സുകളിൽ ഇരിക്കുന്നു. ഭാവന സ്മരണഹേതുവായി ആത്മാവിൽ ഉള്ളതാണു്. ചുരുട്ടിയ പായ, പരമ്പു മുതലായവ നീർത്തിയാൽ പിന്നേയും ചുരുളുന്നതു സ്ഥിതിസ്ഥാപകമെന്ന സംസ്കാരം കൊണ്ടാണു്. അതുകൊണ്ടു് അതു പൃഥിവിയിൽ മാത്രമുള്ളതാണെന്നു മനസ്സിലാകുന്നു. പൃഥിവ്യാദിചതുഷ്ടയത്തിലും അതുണ്ടെന്നു വാദിക്കുന്ന മതം അത്ര യുക്തിയുക്തമല്ല. ഗുണനിരൂപണം കഴിഞ്ഞാൽ ഇനി കർമ്മത്തെയാണു നിരൂപിക്കുവാനുള്ളതു്. ഉൽക്ഷേപണം, അപക്ഷേപണം, ആകുഞ്ചനം, പ്രസാരണം, ഗമനം ഇങ്ങനെ അഞ്ചുകർമ്മങ്ങൾ ഉണ്ടു്. ഊർദ്ധ്വഭാഗത്തിലേക്കുള്ള ഹസ്താദിക്രിയയെ ഉൽക്ഷേപണമെന്നും അധോഭാഗത്തേക്കുള്ള കരാദിക്രിയയെ അപക്ഷേപണമെന്നും ശരീരസമീപഭാഗത്തേക്കുള്ള കർമ്മത്തെ ആകുഞ്ചനമെന്നും ദേഹദൂരഭാഗത്തേക്കുള്ള ക്രിയയെ പ്രസാരണമെന്നും പറഞ്ഞുവരുന്നു. ഉത്തരദേശസംയോഗത്തിന്നു കാരണമായ കർമ്മത്തെ ഗമനമെന്നു പറയാം. ഉത്തരദേശസംയോഗാനുകൂലവ്യാപാരമാണു ഗമ് ധാതുവിന്റെ അർത്ഥം. ഭ്രമണം, രേചനം, സ്പന്ദനം, ഊർദ്ധ്വജ്വലനം തിര്യക്ഗമനം എന്നീ കർമ്മങ്ങളുണ്ടല്ലോ എന്നു് ആശങ്കയുണ്ടെങ്കിലും ആവക കർമ്മങ്ങൾ ക്ലിപ്തങ്ങളായ മുൻപ്രസ്താവിച്ച ഗമനത്തിൽത്തന്നെ അന്തർഭവിച്ചിരിക്കുന്നു. അനേകത്തിലിരിക്കുന്നതും നിത്യവുമായ ധർമ്മത്തെയാണു സാമാന്യമെന്നു പറയുന്നതു്. ദ്രവ്യത്വം, പൃഥിവീത്വം, ഘടത്വം

എന്നീ ധമ്മങ്ങളെ സാമാന്യങ്ങറം എന്നു പറയും. അനേകം ദ്രവ്യങ്ങളിൽ ദ്രവ്യത്വം അനന്തപൃഥിവികളിൽ പൃഥിവീത്വവും അസംഖ്യ ഘടങ്ങളിൽ ഘടത്വവുമുണ്ടല്ലോ. അതിനാൽ അവ അനേകവസ്തുക്കളിൽ ഇരിയ്ക്കുന്ന നിത്യധമ്മങ്ങളായ സാമാന്യങ്ങളായി. പരമാണുക്കറംക്കു പരസ്പരഭേദം സിദ്ധിപ്പാൻ നിത്യദ്രവ്യങ്ങളായ അവയിൽ സ്വീകരിച്ച പദാത്ഥത്തെ വിശേഷമെന്നു പറയുന്നു. നിത്യസംബന്ധമാണു സമവായമെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടു്. അവയവാവയവികറം (കപാലഘടാദികറം), ഗുണഗുണികറം (രൂപഘടാദികറം), ക്രിയാക്രിയാവത്തുകറം (കമ്മകരാദികറം) ഇവയ്ക്കും മററുമുള്ള സംബന്ധം സമവായമാണു്. പ്രാഗഭാവം, പ്രധ്വംസാഭാവം, അത്യന്താഭാവം എന്നു് അഭാവങ്ങറം നാലാണു്. ഒരു വസ്തു ഉണ്ടാകുന്നതിനു മുമ്പിലുള്ള അഭാവത്തെ പ്രാഗഭാവമെന്നു പറയുന്നു. ഇതിനു നാശമുണ്ടു്, ഉല്പത്തിയില്ല. ഒരു കാര്യ്യം നശിച്ചാൽ ആ നാശത്തെ പ്രധ്വംസാഭാവമെന്നു പറയുന്നു. ഇതിനു് ഉല്പത്തിയുണ്ടു്, നാശമില്ല. ചത്വരാദികളിൽ ദേശഭേദേന അതാതു വസ്തുക്കളുടെ അഭാവത്തെ പറയുന്നതിനു് അത്യന്താഭാവമെന്നു പറയുന്നു. പടമുള്ള ഭൂതലത്തിൽ ഘടാഭാവവും, ഘടമുള്ള ഭൂതലത്തിൽ പടാഭാവവും അനുഭവവേദ്യമാണല്ലോ. നാസ്തിയെന്ന നഞുല്ലിഖിത പ്രതീതികൊണ്ടാണു് ആ അഭാവം ഉണ്ടെന്നു് അറിയുന്നതു്. അതു നിത്യവുമാണു്. ഭേദ (വ്യത്യാസ)ത്തെയാണു് അന്യോന്യാഭാവമെന്നു പറയുന്നതു്. "കമലം ന കുമുദം" എന്നിത്യാദികളായി പ്രതീതികളിൽനിന്നു് അതു വേദ്യമാകുന്നു. താമരപ്പൂവു് ആമ്പൽപ്പൂവല്ലെന്നും അതുപോലെ ആമ്പൽപ്പൂവു താമരപ്പൂവല്ലെന്നുമായ വ്യത്യാസത്തിനു നൈയായികൻ അന്യോന്യാഭാവമെന്നു പറയുന്നു.

# ശ്രീ ശങ്കരാചാൎയ്യരും കാവ്യങ്ങളും.

ജനനമരണങ്ങളാകുന്ന തിരമാലകളും അജ്ഞാനങ്ങളാകുന്ന തിമിരങ്ങളും അത്യാപത്തുകളാകുന്ന അഗാധഗൎത്തങ്ങളും ക്ലേശങ്ങളാകുന്ന ക്രൂരജന്തുക്കളും മററും നിറഞ്ഞ ഒരു ഗംഭീരമായ സാഗരമാണു സംസാരം. അതിന്റെ അനന്തമായ അന്ധകാരത്തിൽ അട്ടിമറിഞ്ഞു ആണ്ടുവാണു് എത്തുംപിടിയും കിട്ടാതെ കഷ്ടപ്പെടുന്നവരെ വിജ്ഞാനമാകുന്ന വെളിച്ചം കാണിച്ചു മോക്ഷമാകുന്ന കരയ്ക്കണച്ചു് ഇന്നും യശശ്ശരീരനായി നമ്മുടെ മുമ്പിൽ സൎവ്വോൽകൎഷേണ വൎത്തിക്കുന്ന മഹാത്മാവായ ദേശികവൎയ്യനാണു്—അഥവാ, ദിവ്യനായ ദൈവം തന്നെയാണു്—ജഗൽഗുരു ശ്രീ ശങ്കരാചാൎയ്യസ്വാമികൾ. ആ പുണ്യാത്മാവിന്റെ അപദാനം പ്രതിപാദിക്കാത്തതൂലികയില്ല. പാടിപ്പുകഴ്ത്താത്ത രസജ്ഞയില്ല. എങ്കിലും അല്പജ്ഞനായ ഈയുള്ളവന്റെ തൂവലിന്റെ വെമ്പലിനേയും അടക്കവാനോ പിടിച്ചൊതുക്കുവാനോ പ്രയാസമാണു്. അതുകൊണ്ടു യഥാമതി സ്വാമികളേയും അദ്ദേഹത്തിന്റെ കവിതകളേയും കുറിച്ചു കുറഞ്ഞൊന്നു കുത്തിക്കുറിക്കുന്നതിൽ തെററുണ്ടാകുമെന്നു തോന്നുന്നില്ല.

സ്വാമിതൃപ്പാദങ്ങൾ—ജഗൽഗുരു, ഭഗവൽപാദർ, സൎവ്വജ്ഞൻ, അദ്വൈതസ്ഥാപകൻ എന്നിങ്ങനെ പലസംജ്ഞകളാലും വിശ്വവിദിതനായിത്തീൎന്ന മഹാനുഭാവനാണു്. കേരളത്തിന്നല്ല, ഭാരതത്തിന്നൊട്ടാകെയും കോൾമയിർക്കൊണ്ടു സ്മരിക്കത്തക്കതാണു് ആചാൎയ്യരുടെ തിരുനാമധേയം. ആബ്ഭൂപാലഗോപാലം, അവിടുത്തെ ആരാധിക്കാത്തവർ ഉണ്ടായിട്ടില്ല. അത്യത്ഭുതകരമായ അദ്ദേഹത്തിന്റെ പ്രവൃത്തികൾ ആനന്ദബാഷ്പത്തിൽ മുഴുകിയ കേരളിയൎക്കു് തികച്ചും അഭിമാനജനകങ്ങളാണു്. സ്വാമികളുടെ മാഹാത്മ്യത്തെ എ

ടുത്തുകാണിക്കുവാൻ അധികമൊന്നും പണിപ്പെടേണ്ടതായിട്ടില്ല. "കൂരിരുട്ടുനിറഞ്ഞ രാത്രിയിൽ നേരുവഴികാണാതെ ചുററിത്തിരിഞ്ഞു വലിയ കുഴികളിൽ ചെന്നു വീണു് അവിടെ അനാഥന്മാരായിക്കിടന്നു തങ്ങളേയും അന്യന്മാരേയും തിരിച്ചറിയാതെ മത്സരിച്ചും കലഹിച്ചും കഷ്ടപ്പെട്ടു കഴിയുന്നവരെ ഉജ്ജ്വലമായ പ്രകാശം കൊടുത്തു ദൃഷ്ടസന്മാൎഗ്ഗരാക്കി ഗൎത്തങ്ങളിൽനിന്നു മുകളിൽ കയററി സ്വസ്ഥന്മാരാക്കുന്ന ഒരു രക്ഷിതാവിനോടു് അപ്രകാരമുള്ള ജനങ്ങൾക്കു് എത്രമാത്രം ഭക്തിബഹുമാനവും കൃതജ്ഞതയുമുണ്ടാകുമെന്നു നമുക്കു് ഊഹിക്കാവുന്നതാണല്ലോ. ഈ ഒരു വിശുദ്ധമായ മനസ്ഥിതിയാണു ഭാരതീയൎക്കു് ആചാൎയ്യസ്വാമിയെ സംബന്ധിച്ചുമുള്ളതു്. അജ്ഞാനതിമിരംകൊണ്ടു കബളിതമായ ഒരു കാലത്തു സദസന്മാൎഗ്ഗങ്ങൾ തിരിച്ചറിയാതെ അലഞ്ഞു നാനാപ്രകാരങ്ങളായ കൎമ്മഗൎത്തങ്ങളിൽ ചെന്നുവീണു് ആത്മപരചിന്തയില്ലാതെ മതസംബന്ധമായ മത്സരവും കലഹവും മൂത്തു് അധഃപതിച്ചവരെ വിശിഷ്ടമായ വേദാന്തദീപം കാണിച്ചു ദൃഷ്ടജ്ഞാനമാൎഗ്ഗന്മാരാക്കി കരയേററി അവൎക്കു് അക്ഷയസുഖത്തെ പ്രദാനം ചെയ്ത ഒരു രക്ഷിതാവാണു് ശ്രീ ശങ്കരാചാൎയ്യസ്വാമിയെന്ന വസ്തുത വിചാരിക്കുമ്പോൾ ആ ജഗൽഗ്ഗുരു ഏതാദൃശമായ സ്മരണയ്ക്കു് അൎഹനായി ഭവിച്ചതിൽ അല്പവും അത്ഭുതപ്പെടുവാനില്ല." ഇങ്ങനെയാണു് ആചാൎയ്യരെപ്പററി കവിതിലകൻ വടക്കുംകൂർ രാജരാജവൎമ്മ അവർകൾ പ്രസ്താവിച്ചിട്ടുള്ളതു്. "കലങ്ങിമറിഞ്ഞു കുത്തിയൊലിച്ചു തട്ടിത്തകൎത്തൊഴുകുന്ന വെള്ളം നിരപ്പിലെത്തി നിലനില്ക്കുമ്പോൾ നിറഞ്ഞും തെളിഞ്ഞും അഗാധമായി അനക്കംകൂടാതെ ഇരിക്കുന്ന സമ്പ്രദായം ലോകത്തിലുള്ളിടത്തോളം കാലം ആ പൂജ്യപാദർ പ്രപഞ്ചകോലാഹലത്തിൽനിന്നു മോക്ഷസ്ഥിതിയിലേക്കു കാണിച്ചുതന്നിട്ടുള്ള വഴിക്കും യാതൊരു നീക്ക

പോക്കും വരുന്നതല്ല" എന്നും മററും വേറെ ചില ഗ്രന്ഥകാരന്മാരും പ്രതിപാദിച്ചിരിക്കുന്നതു് എല്ലാം ആലോചിച്ചുനോക്കുന്നതായാൽ ആചാര്യസ്വാമികളെപ്പോലെ ഒരു മഹാൻ ലോകത്തിൽ അവതരിച്ചിട്ടില്ലെന്നു നിർവ്വിവാദം പറയാവുന്നതാകുന്നു.

പ്രകൃതീദേവിയുടെ തൂമുത്തുമാലപോലെ പരിലസിക്കുന്ന കാലടിപ്പുഴയുടെ—ചൂർണ്ണിയെന്ന ചിരകാലസംജ്ഞയ്ക്കുപാത്രമായ പെരിയാററിന്റെ—വടക്കേക്കരയിലാണു് ആചാര്യസ്വാമികളുടെ ഇല്ലം. കയ്പള്ളി എന്നു കേളികേട്ട ആ ദ്വിജാലയം ഇന്നും നിലനിന്നുവരുന്നു. ആ ഇല്ലത്തു ശിവഗുരുവെന്നു പേരായി ഒരു വിശിഷ്ടനായ വിപ്രവര്യൻ ഉണ്ടായിരുന്നു. അദ്ദേഹമാണു സ്വാമികളുടെ അച്ഛൻ. ഈ ദ്വിജോത്തമൻ മൂവാററുപുഴത്താലൂക്കിലുൾപ്പെട്ട പാഴൂർ ദേശത്തുള്ള മേൽപ്പാഴൂരില്ലത്തുനിന്നു് ആര്യയെന്നു പേരായ ഒരു കന്യകയെ വിവാഹം ചെയ്തു. ഈ ദമ്പതിമാർക്കു് പരമേശ്വരപ്രസാദത്താൽ ലഭിക്കപ്പെട്ട ദിവ്യസന്താനരത്നമാണു് ശ്രീ ശങ്കരാചാര്യസ്വാമികൾ.

സ്വാമികൾ ഏതുകാലത്തു ജീവിച്ചിരുന്ന ആളാണു് എന്നുള്ള കാര്യത്തിൽ പണ്ഡിതന്മാരുടെ ഇടയിൽ പലവാദങ്ങളും നടപ്പുണ്ടു്. പ്രാചീനാർവ്വാചീനന്മാരായ വിദ്വാന്മാർ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങളിൽ പ്രാചീനരുടേതിന്നു ശങ്കരാചാര്യചരിതാദിഗ്രന്ഥങ്ങൾ അടിസ്ഥാനങ്ങളും യുക്തിദായകങ്ങളുമായിട്ടുകാണാം. കൊല്ലവർഷാരംഭത്തിന്നു മുപ്പത്തിയേഴു വർഷത്തിന്നു മുമ്പു് ആണു് സ്വാമികൾ അവതരിച്ചതെന്നു പ്രാചീനപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തെ ഉറപ്പിക്കുവാൻ പലപ്രമാണങ്ങളുമുണ്ടു്.

"ദുഷ്ടാചാരവിനാശായ പ്രാദുർഭൂതോ മഹീതലേ
സഏവശങ്കരാചാര്യഃ സാക്ഷാൽ കൈവല്യനായകഃ

നിധിനാഗേഭവഹ്ന്യബ്ദേവിഭവേശങ്കരോദയഃ

* * * * * *

കല്യബ്ദേചന്ദ്രനേത്രാങ്കവഹ്ന്യബ്ദേതുഗുഹാവശഃ
വൈശാഖേപൂർണ്ണിമായാംതു ശങ്കരശ്ശിവതാമഗാൽഃ

ഈ പദ്യങ്ങളിൽനിന്നു് ആചാര്യരുടെ അവതാരം കലി 3889-ലും സ്വർഗ്ഗപ്രാപ്തി 3022-ലും ആണെന്നു തെളിയുന്നു. ആചാര്യർ മുപ്പത്തിരണ്ടു വയസ്സുവരെ ജീവിച്ചിരുന്നു എന്നു വൃദ്ധന്മാർ പരക്കെ പറഞ്ഞുവരാറുണ്ടെന്നു പരമാർത്ഥമാകുന്നു. ആക്കാര്യം ആലോചിച്ചുനോക്കുന്ന പക്ഷം ഈ കാലനിർണ്ണയത്തിനു യുക്തിയുണ്ടെന്നു സമ്മതിയ്ക്കണം.

ശ്രീ ശങ്കരാചാര്യസ്വാമികളുടെ ജീവിതത്തെപ്പററി പണ്ടേയ്ക്കുപണ്ടേ ഒരു ഐതിഹ്യം നടപ്പുണ്ടു്. അതു താഴെ പറയുംപ്രകാരമാണ്. ശങ്കരാചാര്യരുടെ അച്ഛനായ ശിവഗുരുവും അമ്മയായ ആര്യാദേവിയും സന്താനമില്ലാതെ വളരെ പരിതപിച്ചുംകൊണ്ടാണു കാലം നയിച്ചിരുന്നതു്. അങ്ങനെയിരിയ്ക്കെ വിപ്രന്റെ ധർമ്മപത്നിയായ ആര്യ അദ്ദേഹത്തോടു് ഇപ്രകാരം പ്രസ്താവിച്ചു:—"പ്രാണനാഥ! നമുക്കു സന്തതിയില്ലാതെ ഇങ്ങനെ കാലം കഴിയ്ക്കേണ്ടിവന്നുവല്ലോ. ഇതു് ഏററവും കഷ്ടാൽകഷ്ടതരമായ ഒരു കാര്യമാകുന്നു. എന്തു ചെയ്യാം. ദൈവംതന്നെ നമ്മെ അനുഗ്രഹിയ്ക്കണം. ശ്രീ ശങ്കരന്റെ കാരുണ്യമുണ്ടായാൽ നമുക്കു സന്തതിയുണ്ടാകും. ആശ്രിതവത്സലനും ഭക്തപ്രിയനുമാണല്ലോ പരമശിവൻ. അതിനു് ഉദാഹരണമായി ഞാൻ ഒരു കഥ കേട്ടിട്ടുണ്ടു്. ഉപമന്യ എന്ന പേരായി വിഖ്യാതനായ ഒരു വിപ്രസുതൻ പണ്ടു ദാരിദ്ര്യപീഡിതനായി വർത്തിച്ചുകൊണ്ടിരുന്നു. ആ ഉണ്ണി ഒരു ദിവസം അമ്മയൊരുമിച്ചു തന്റെ അമ്മാത്തേയ്ക്കു പോയി. ആ ദ്വിജബാലന്റെ അമ്മാമൻ അനവധി സ്വത്തുള്ള ആളായിരുന്നു. ഉണ്ണി—"പാലപ്പം മലർ പായസം മധുഗുളംതൊട്ടുള്ള ഭോജ്യങ്ങളെ" പരിശീലിച്ചു കുറെ ദിവസം അമ്മാമന്റെ

ഗൃഹത്തിൽ താമസിച്ചു തിരികേപോരികയും ചെയ്തു. തന്റെ ഭവനത്തിൽ വന്നതിന്നുശേഷം ദുഗ്ദ്ധാന്നാദികൾ കിട്ടാതെ ആ ബാലൻ പ്രരോദനം ചെയ്തുതുടങ്ങി. ദാരിദ്ര്യപീഡിതയായ മാതാവു കരയുന്ന ബാലനോടു, "നാം ശിവനെ ഇതേവരെ സേവിയ്ക്കുകയുണ്ടായിട്ടില്ല. പരമേശ്വരനെ പൂജിയ്ക്കാതിരുന്നാൽ എങ്ങനെയാണു നമുക്കു സമ്പത്തുണ്ടാവുക? അതു കേട്ടപ്പോൾ ഉപമന്യു ശിവനെ തപസ്സുചെയ്യാനായി തീർച്ചപ്പെടുത്തി.

ഉപമന്യു പരിപാവനമായ ഒരു വനപ്രദേശത്തേയ്ക്കു പോയി. അവിടെ ഒരു തടാകതീരത്തു ദൃഢചിത്തനായി അഞ്ചുകൊല്ലത്തോളം ഭഗവാനെ തപസ്സുചെയ്തു. വിപ്രസൂനുവിന്റെ തപസ്സിന്റെ താപം നിമിത്തം ഭുവനത്രയവും കരിഞ്ഞുതുടങ്ങി. അപ്പോൾ ജഗദീശ്വരന്മാരായ ബ്രഹ്മാവു്, വിഷ്ണു, മഹേശ്വരൻ എന്നു തുടങ്ങിയുള്ള ദേവന്മാർ അവിടെ പ്രത്യക്ഷീകരിയ്ക്കപ്പെട്ടു. അവരിൽ ശിവൻ ഇന്ദ്രവേഷം കൈക്കൊണ്ടു ദ്വിജബാലന്റെ അടുക്കൽ ചെന്നു അവന്നു വേണ്ട വരവും സമ്പത്തുകളും കൊടുത്തു അവനെ തപസ്സിൽനിന്നും നിർമ്മുക്തനാക്കി. അങ്ങനെ ഉപമന്യു ശിവപ്രസാദത്താൽ സമ്പന്നനായിത്തീൎന്നു. അതുകൊണ്ടു് നാം തീർച്ചയായും ശിവനെ തപസ്സുചെയ്തു സന്താനവരം സ്വീകരിയ്ക്കണം." അതു കേട്ടു ശിവഗുരു പുത്രനുണ്ടാവാൻവേണ്ടി പരമേശ്വരനെ തപസ്സുചെയ്തു. അങ്ങനെയിരിയ്ക്കെ ഒരു ദിവസം ഭഗവാൻ പരമശിവൻ ശിവഗുരുവിനു സ്വപ്നത്തിൽ സാക്ഷാല്ക്കരിച്ചു:—"നിനക്കു യോഗ്യനോ, അയോഗ്യനോ ആയ ഏതുപുത്രനെയാണു് ആവശ്യം. യോഗ്യനായാൽ ആയുസ്സുകുറയും" എന്നു പറഞ്ഞു. അതിന്നുത്തരമായി ശിവഗുരു ആയുസ്സുകുറഞ്ഞാലും യോഗ്യനായ പുത്രൻ മതി എന്നു പറയുകയും അതുപ്രകാരം ആചാര്യസ്വാമികളാകുന്ന സുതനെ ലഭിയ്ക്കുകയും ചെയ്തു. ആചാര്യ

സ്വാമികൾക്കു മുപ്പത്തിരണ്ടു വയസ്സുവരെ ജീവിതം ഉണ്ടാവാൻ ഇതാണു കാരണമത്രേ.

സ്വാമികൾ വിധവാപുത്രനാണെന്ന് ഒരു ആക്ഷേപം അക്കാലത്തു നടപ്പുണ്ടായിരുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തിയും ഒരു ഐതിഹ്യമുണ്ട്. "നമ്പൂരിമാർ സ്വാമിയുടെ കുടുംബവുമായി കൂടിക്കഴിയാതെ വിരോധമായിനിന്നുവെന്നും പരസഹായംകൂടാതെ അമ്മയുടെ സംസ്കാരം സ്വാമി കഴിച്ചു എന്നും ഐതിഹ്യങ്ങളിൽനിന്നു തെളിയുന്നു. പിന്നീട് (അമ്മയുടെ മരണശേഷം) വേണ്ടതായ സംസ്കാരത്തിന് അവിടെയുള്ള ബന്ധുക്കളായ നമ്പൂരിമാർ യാതൊരു സഹായവും ചെയ്തില്ലെന്നു മാത്രമല്ല, തൽകാലമുണ്ടായ ഈർഷ്യ നിമിത്തം (എന്നാൽ സന്യസിച്ചാൽ ശവസ്പർശം പാടില്ലെന്നു പ്രസിദ്ധമായിരിയ്ക്കെ ഈ ആൾ അതു ചെയ്യുന്നതുകൊണ്ടു ഭ്രഷ്ടനാണെന്നും മററും ചില ആക്ഷേപവാക്കുകൾ പറയുകയും ചെയ്തു.) സംസ്കാരത്തിന് അഗ്നികൂടി കൊടുക്കാത്തതിനാൽ ശങ്കരഗുരു ഇല്ലപ്പറമ്പിൽത്തന്നെ ഒരു കുണ്ഡമുണ്ടാക്കി വിറകുനിറച്ചു സ്വയമായി അവിടെ അഗ്നിയുണ്ടാക്കി മാതാവിന്റെ ശവത്തെ തുണ്ടമാക്കി അഗ്നിയിൽവെച്ചു ശരിയായി സംസ്കാരംചെയ്തു" എന്നു ശങ്കരാചാര്യചരിതസംക്ഷേപത്തിൽ പറഞ്ഞിരിയ്ക്കുന്നു. വേറൊരു ഗ്രന്ഥത്തിൽ—"അന്ന് ആചാര്യസ്വാമികൾ മര്യാദക്കാരായ ശൂദ്രാദികളുടെ പ്രബലമായ സഹായത്തോടുകൂടി ഒരു വലിയ ഹോമകുണ്ഡമുണ്ടാക്കി അതിൽ അമ്മയുടെ ദേഹത്തെ ഖണ്ഡം ഖണ്ഡമാക്കി ഹോമിച്ചു സംസ്കരിയ്ക്കുകയാണ് ഉണ്ടായതു്" എന്നു പറയുന്നു. ഇതെല്ലാംകൊണ്ടും നമ്പൂരിമാർ ആചാര്യകുടുംബവുമായി കൂടിക്കഴിഞ്ഞിരുന്നില്ലെന്നു വ്യക്തമാകുന്നുണ്ടല്ലോ.

നമ്പൂരിമാർ ആചാര്യകുടുംബവുമായി യോജിച്ചുകഴിയാതെ ഇരുന്നതിനു കാരണം ആലോചിയ്ക്കുമ്പോൾ അദ്ദേഹം വിധവാപുത്രനാണെന്ന ആക്ഷേപമല്ലാതെ മററൊന്നുമല്ല.

അഞ്ചാമത്തെ വയസ്സിൽ സ്വാമികൾ അക്ഷരാഭ്യാസം ആരംഭിച്ചു. കുറച്ചുകാലംകൊണ്ടു് ആചാര്യർ സവ്വ വിദ്യകളിലും നൈപുണ്യം സമ്പാദിപ്പാൻ ഇടയായി.

"അഷ്ടവർഷേ ചതുർവേദാൻ ദ്വാദശേ സവ്വശാസ്ത്രകൃൽ
ഷോഡശേ കൃതവാൻ ഭാഷ്യം ദ്വാത്രിംശേ മുനിരഭ്യഗാൽ"

എന്നു ശങ്കരാചാര്യചരിതത്തിൽ പറഞ്ഞിരിക്കുന്നു. എട്ടാമത്തെ വയസ്സിൽ ചതുർവ്വേദങ്ങളെ പഠിച്ചു. പന്ത്രണ്ടാം വയസ്സിൽ ശാസ്ത്രകാരനായിത്തീന്നു. പതിനാറാമത്തെ വയസ്സിൽ മഹാഭാഷ്യം നിമ്മിച്ചു എന്നാണല്ലോ ഈ പദ്യത്തിൻെറ സാരം. പതിനാറുവയസ്സായതോടുകൂടി സവ്വശാസ്ത്രപാരംഗതനായി പണ്ഡിതമണ്ഡലത്തിൻെറ പ്രശംസക്കു സ്വാമികൾ പാത്രീഭവിച്ചു എന്നു പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു.

ശ്രീ ശങ്കരഗുരുവിനെപ്പററി—കവിതിലകൻ വടക്കങ്കൂർ അദ്ദേഹത്തിൻെറ "കേരളീയസംസ്കൃത സാഹിത്യചരിത്ര"ത്തിൽ—"ചെറുപ്പത്തിൽത്തന്നെ പ്രഭാവശക്തികൊണ്ടു് ആചാര്യർ പല അത്ഭുതങ്ങളും കാണിച്ചതായി ഐതിഹ്യങ്ങൾ ഘോഷിക്കുന്നു. സ്വന്തം ഗൃഹത്തിൽനിന്നും അല്പം അകലെ ഒഴുകിയിരുന്ന ചൂണ്ണീനദിയെ, വൃദ്ധയായ അമ്മയുടെ സ്നാനസൌകയ്യത്തിന്നുവേണ്ടി ഗൃഹസമീപത്തിൽക്കൂടി പ്രവഹിപ്പിച്ചു എന്നും, തന്നിമിത്തം ആ നദിക്കു് അംബാനദിയെന്നു പേരുണ്ടായി എന്നും ഐതിഹ്യമുണ്ടു്. സന്യാസത്തിന്നു ചെറുപ്പത്തിൽത്തന്നെ സ്വാമിക്കു് ആഗ്രഹമുണ്ടായി. എന്നാൽ അതു് അമ്മ സമ്മതിച്ചില്ല. അങ്ങനെയിരിക്കുന്ന കാലത്തു് ഒരുദിവസം കളിക്കുവാൻ നദിയിൽ ഇറങ്ങിയപ്പോൾ സ്വാമിയെ മുതല പിടിച്ചു. അതുകണ്ടു് അമ്മ പരിഭ്രമിച്ചു സങ്കടപ്പെട്ടു. അപ്പോൾ "സന്യസിക്കുവാൻ അനുവാദം തന്നാൽ മുതലവിടും" എന്നു് അമ്മയോടു പറഞ്ഞു. അപ്രകാരം അമ്മ

സമ്മതിയ്ക്കുകയുംചെയ്തു. ഉടനെ മുതല സ്വാമിയെ വിട്ടു മാറി. ഇപ്രകാരമാണു സ്വാമി അമ്മയോടു സന്യാസത്തിനു സമ്മതം വാങ്ങിയതെന്നുമുള്ള ഐതിഹ്യം സുപ്രസിദ്ധമാകുന്നു. ഇവിടെ സ്വാമിയെ പിടികൂടിയ മുതല സംസാരമാണെന്നും അതുകൊണ്ടാണു് അതു സംന്യാസത്തിനു് ഒരുങ്ങിയപ്പോൾ വിട്ടുമാറിയതെന്നും അഭിജ്ഞന്മാർ പറഞ്ഞുവരുന്നു. ഈവക ഐതിഹ്യങ്ങളിൽനിന്നെല്ലാം ചെറുപ്പത്തിലേതന്നെ ആചാൎയ്യരുടെ ദിവ്യമായ പ്രഭാവം പ്രകാശിച്ചുതുടങ്ങിയെന്നു വിശ്വസിയ്ക്കണം.

ആചാൎയ്യർ അമ്മയുടെ അനുഗ്രഹം വാങ്ങി സ്വഗൃഹത്തിൽനിന്നു പുറപ്പെട്ടു പല പുണ്യസ്ഥലങ്ങളിലും സഞ്ചരിച്ചു് ഒടുവിൽ കാശിയിൽ ചെന്നുചേൎന്നു. പിന്നീടു കാശിയിൽ താമസിയ്ക്കുന്ന ചില യോഗികളുടെ ഉപദേശം അനുസരിച്ചു ഹിമവൽപാൎശ്വത്തിൽ ഒരു ഗുഹയിൽ തപസ്സുചെയ്യുന്ന ഗോവിന്ദഭഗവൽപാദരെ ചെന്നുകണ്ടു, സ്വാമി, ആ മഹാന്റെ ശിഷ്യത്വം സ്വീകരിച്ചു. ഈ ഗോവിന്ദയോഗി അനന്തന്റെ അവതാരമാണെന്നു പറയപ്പെടുന്നു.

"ചൎയ്യങ്കതാം വ്രജതിയഃ പതഗേന്ദ്രകേതോഃ
പാദാംഗദത്വമഥവാപരമേശ്വരസ്യ
തസ്സ്യൈവ മൌലിധൃതസാൎണ്ണവ ശൈലഭൂമേഃ
ശേഷസ്യവിഗ്രഹവിശേഷമഹോഭജേത്വാം"

എന്ന പദ്യം ചൊല്ലിസ്തുതിച്ചു നമസ്കരിച്ചാണു സ്വാമി ഗോവിന്ദയോഗിയെകണ്ടതു്. സ്തുതി കേട്ടു് അത്യന്തം സന്തുഷ്ടനായ ഗോവിന്ദയോഗി "അങ്ങു ആരാണെ"ന്നു ബാലനായ സ്വാമിയോടു ചോദിച്ചു. അതിനു സ്വാമി സമാധാനം പറഞ്ഞതു പത്തു ശ്ലോകങ്ങളെ കൊണ്ടാണു്. ഈ ശ്ലോകങ്ങൾ "ദശശ്ലോകി" എന്ന പേരിൽ പ്രസിദ്ധമാകുന്നു. അവയിൽ രണ്ടുപദ്യങ്ങൾ ചേൎക്കാം.

"നഭൂമിർന്നതോയം നതേജോനവായുർ-
നഖം നേന്ദ്രിയം വാനതേഷാം സമൂഹം
അനേകാന്തികത്വാൽ സുഷുപ്ത്യേകസിദ്ധ-
സ്തദേകോവശിഷ്ടഃ ശിവഃ കേവലോഹം
നവർണ്ണാ നവർണ്ണാ ശ്രമാചാരധർമ്മാ
നമേധാരണാധ്യാനയോഗാദയോപി
അനാത്മാശ്രയോഹം മമാദ്ധ്യാസഹാനാ-
ത്തദേകോവശിഷ്ടഃ ശിവഃ കേവലോഹം"

സ്വാമിയുടെ ഈ ഉത്തരം കേട്ട ഗോവിന്ദയോഗി ആനന്ദമഗ്നനായി ഭവിച്ചുവെന്നു വിശദമാകുന്നുവല്ലോ. ഉടനെതന്നെ സ്വാമിയുടെ അഭിപ്രായപ്രകാരം ബ്രഹ്മോപദേശം ചെയ്തു ഗോവിന്ദയോഗി ആചാൎയ്യൎക്കു സംന്യാസം കൊടുത്തു. സ്വാമി ഗുരുശുശ്രൂഷ ചെയ്തു് അല്പകാലം അവിടെ താമസിച്ചു. അക്കാലത്തു ഗുരുവിൻെറ നിയോഗം അനുസരിച്ചു് ആചാൎയ്യർ ബ്രഹ്മസൂത്രത്തിനും ഉപനിഷത്തുകൾക്കും ഭാഷ്യം തീൎത്തു എന്നു സുവ്യക്തം പ്രതിപാദിച്ചിരിക്കുന്നു.

അതിൽപിന്നെ ശങ്കരാചാൎയ്യസ്വാമികൾ അദ്വൈതമതപ്രചാരണത്തിന്നുവേണ്ടി പല സ്ഥലങ്ങളിലും പൎയ്യടനം ചെയ്തു. ബദൎയ്യാശ്രമത്തുവെച്ചു സ്വാമികൾക്കു പല പണ്ഡിതന്മാരുമായി പരിചയപ്പെട്ടുവാനും വൈദഗ്ദ്ധ്യവിഷയത്തിൽ അവരുമായി ശാസ്ത്രവിചാരം ചെയ്യുവാനും സാധിച്ചു. ആ സൂരിവൎയ്യന്മാർ എല്ലാവരും ആചാൎയ്യരെ നമസ്കരിക്കുകതന്നെചെയ്തു. സ്വാമികൾ അദ്ദേഹത്തിൻെറ മഹാഭാഷ്യം ആ പണ്ഡിതന്മാൎക്കു കാണിച്ചുകൊടുത്തു. അവർ അതിനെ എന്നെന്നില്ലാതെ ശ്ലാഘിച്ചു.

അക്കാലത്തു ദിവ്യചക്ഷുസ്സായ ജഗൽഗുരു തൻെറ മാതാവു തന്നെക്കാണ്മാൻ താല്പൎയ്യപ്പെടുന്നു എന്നു യോഗദൃഷ്ടികൊണ്ടു് അറിഞ്ഞു കാലടിയിൽച്ചെന്നു് അമ്മയെ വന്ദിച്ചു,

ജ്ഞാനോപദേശം ചെയ്തു് അവരെ ആനന്ദസാഗരത്തിൽ ആറാടിപ്പിച്ചു. ആസന്നമരണയും വൃദ്ധയുമായ മാതാവിന്റെ ഹിതമനുസരിച്ചാണു് ആ സന്ദൎഭത്തിൽ ആചാൎയ്യർ ശിവഭുജംഗവും വിഷ്ണുഭുജംഗവും നിൎമ്മിച്ചതു്. സ്വാമികളുടെ ഭുജംഗപ്രയാതാ വൃത്തത്തിലുള്ള കൃതികൾക്കു് അനന്യലഭ്യമായ മാധുൎയ്യവും ഭക്തിരസവുമുണ്ടു്. ശിവഭുജംഗത്തിൽനിന്നു് ഉദാഹരണമായി ഒന്നു രണ്ടു പദ്യങ്ങൾ താഴെ കാണിയ്ക്കാം.

"അനുദ്യല്ലലാടാക്ഷി വഹ്നിപ്രരോഹൈ-
രവാമസ്ഫുരച്ചാരുവാമോതതേജൈ:
അനംഗഭ്രമൽഭോഗിഭൂഷാവിശേഷൈ:
അചന്ദ്രാൾച്ചൂഡൈരലം ദൈവതൈന്ന:

അകണ്ഠേ കളങ്കാദനംഗേഭുജംഗാ-
ദപാണൌകപാലാ ദഫാലേനലാക്ഷാൽ
അമൌലൌ ശശാങ്കാദവാമേകളത്രാ-
ദഹം ദേവമന്യം നമന്യേനമന്യ."

ഈ പദ്യങ്ങളുടെ ശബ്ദസൌകുമാൎയ്യവും അതുവഴിയായി സ്ഫുരിക്കുന്ന ഭക്തിരസവും പ്രത്യേകിച്ചു ശബ്ദാൎത്ഥാലങ്കാരപ്രൌഢിയും സഹൃദയന്മാൎക്കു മാത്രമേ തിരിച്ചറിവാൻ കഴികയുള്ളു. ആചാൎയ്യരുടെ ഭുജംഗങ്ങൾ ആസന്നമരണരായവരെ മോക്ഷം പ്രാപിക്കുവാനായി ചൊല്ലിക്കേൾപ്പിച്ചു വരാറുണ്ടത്രേ. മാതാവിന്റെ സൽഗതിയ്ക്കായി സ്വാമികൾ പ്രയാഗതീൎത്ഥത്തിൽ ത്രിവേണീസ്നാനവും കഴിച്ചു, വാരാണസീ ഗംഗാസ്നാനം, വിശ്വനാഥദൎശനം മുതലായവ നിൎവ്വഹിച്ചു മാഹാത്മ്യമേറിയ കാശിയിൽ ഭഗവൽ ഭക്തിയിൽ മുഴുകി കുറെക്കാലം താമസിച്ചിട്ടുണ്ടു്. അക്കാലത്തു് ആചാൎയ്യൎക്കു് ഉണ്ടായിട്ടുള്ള ശിഷ്യന്മാരിൽ പത്മപാദാചാൎയ്യർ എന്നു പ്രസിദ്ധനായ സന്യാസി ഏററവും പ്രധാനിയായിത്തീൎന്നു.

പത്മപാദാചാൎയ്യരും ആചാൎയ്യരെപ്പോലെതന്നെ പ്രസിദ്ധഭക്തനും പരമമുക്തനുമായിത്തീൎന്നു. പത്മപാദാചാൎയ്യ

രുടെ ചരിത്രം ശങ്കരാചാര്യചരിതത്തിൽ പറയുന്നതു കവിതിലകൻ വടക്കുങ്കൂർ കേരളീയ സംസ്കൃത സാഹിത്യചരിത്രത്തിൽ—"തൃക്കണ്ടിയൂർക്കാരനായ സോമശർമ്മൻ എന്ന ബ്രാഹ്മണൻ (നമ്പൂരി) പുത്രനില്ലാതെ വിഷാദിച്ചു സന്താനലാഭത്തിന്നു വേണ്ടി നരസിംഹമൂർത്തിയെ ഭജിച്ചു. അദ്ദേഹത്തിന്നു നരസിംഹാംശത്തോടുകൂടിയ ഒരു പുത്രനുണ്ടായി. വിഷ്ണുശർമ്മാവെന്നു പേരായ ഈ ബാലൻ യഥാകാലം വിദ്യാഭ്യാസാദികം ചെയ്തു വളർന്നുവന്നു. ദാരിദ്ര്യശക്തികൊണ്ടു, വിഷ്ണുശർമ്മാവു കച്ചവടത്തിലേർപ്പെട്ടു ധനവാനായിഭവിച്ചു. അങ്ങനെ സുഖമായിരിക്കുന്നകാലം ഒരു ദിവസം അദ്ദേഹം ഒരു ദേശയാത്രയ്ക്കൊരുങ്ങി. കുതിര, കഴുത മുതലായ കച്ചവടക്കോപ്പുകളോടുകൂടി സഞ്ചരിച്ച് അദ്ദേഹം ഒരു കാട്ടിൽ എത്തിച്ചേർന്നു. ഹിംസ്രജന്തുക്കളും കള്ളന്മാരും നിറഞ്ഞതായിരുന്നു ആ കാട്ട് തസ്കരന്മാർ കൂടി കാട്ടിൽവെച്ചു വിഷ്ണുശർമ്മാവിന്റെ സർവ്വവും അപഹരിച്ചു. ഭാഗ്യത്താൽ അദ്ദേഹത്തിന്ന് അപായമൊന്നും സംഭവിച്ചില്ല. ഈ സംഭവംകൊണ്ടു വിഷ്ണുശർമ്മാവു വിരക്തനായിരുന്ന കാലത്ത് അദ്ദേഹത്തിന് ആചാര്യസ്വാമിയെ കാണ്മാൻ ഇടയായി. വിഷ്ണുശർമ്മാവു സ്വാമിയുടെ ശിഷ്യത്വം സ്വീകരിച്ചു. ഇപ്രകാരമാണ സംന്യാസിയായി ഭവിച്ചതു്". പത്മപാദൻ ആലത്തൂര് വേമണ്ണംശക്കാരനായ ഒരു നമ്പൂരിയാണെന്നു "പത്മപാദചരിത്രം" എന്ന ഗ്രന്ഥത്തിൽ പറയുന്നതായി കുഞ്ഞിക്കുട്ടൻ തമ്പുരാൻ കേരളത്തിൽ പറയുന്ന സംഗതിയും ഇവിടെ സ്മരിച്ചുകൊള്ളുന്നു.

ഇദ്ദേഹത്തിന്നു പത്മപാദൻ എന്ന പേരുണ്ടാകുന്നതിന്നു കാരണമായി ഒരു ഐതിഹ്യം പ്രസിദ്ധമായിട്ടുണ്ടു്. ഒരിയ്ക്കൽ ഗുരുപാദരായ ആചാര്യസ്വാമി ഒരു പുഴയുടെ (ഗംഗയുടെ) മറുകരയിൽനിന്നു ശിഷ്യന്മാരെ വിളിച്ചു. വിളികേട്ട ഉടനെ മററുശിഷ്യന്മാർ പുഴകടക്കുന്നതിന്നു തോണിയും

മറുകര അന്വേഷിച്ചുതുടങ്ങി. എന്നാൽ തൽക്ഷണംതന്നെ ഗുരുഭക്തിപരവശനായ സനന്ദൻ വെള്ളത്തിൽ ഇറങ്ങിനടന്നു. അപ്പോൾ വെള്ളത്തിന്മീതെ ഇദ്ദേഹത്തിന്റെ കാലു വയ്ക്കുന്നിടത്തെല്ലാം താമരപ്പൂക്കൾ ഉണ്ടായി. ഗുരുഭക്തികൊണ്ടു സന്തുഷ്ടചിത്തയായ ഗംഗാഭഗവതിയാണ്, ഇപ്രകാരം കാലുവയ്ക്കുന്നിടത്തെല്ലാം താമരപ്പൂക്കൾ ഉണ്ടാക്കിത്തീൎത്തതു്. ഈ സംഭവം മുതൽ സനന്ദനു പത്മപാദൻ എന്നു പേരുപ്രസിദ്ധമായി." സുരേശ്വരൻ, ഹസ്താമലകൻ എന്നു തുടങ്ങിയവരും ആചാൎയ്യരുടെ പ്രധാനശിഷ്യന്മാർതന്നെയാകുന്നു.

അദ്വൈതമതപ്രചാരണവും, മഹാഭാഷ്യാദിഗ്രന്ഥങ്ങളും പ്രബലമായ ശിഷ്യസമ്പത്തും, അപ്രതിഹതമായ പ്രതിഭാപ്രവാഹവും അതിനിശിതമായ കുശാഗ്രീയബുദ്ധിയും സ്വാമിയുടെ യശസ്സിനെ കേരളത്തിലെന്നല്ല, ഭാരതത്തിലൊട്ടാകെയും വ്യാപിപ്പിച്ചു. അടിയിളകി ഉന്മൂലനാശം വരാറായിക്കിടന്നിരുന്ന അദ്വൈതമതത്തെ പ്രതിഷ്ഠ ചെയ്യണമെന്ന ഏകാഗ്രബുദ്ധിയോടുകൂടിത്തന്നെ ആചാൎയ്യർ ജീവിതം നയിച്ചു.

അപ്രമേയഗാംഭീൎയ്യശാലിയായ ശാസ്ത്രത്തിലും കാന്താസമ്മിതമായ കാവ്യകലയിലും ഒരുപോലെ പാണ്ഡിത്യം സമ്പാദിച്ച ഒരു മഹാനുഭാവൻ—അതേ, സൎവ്വജ്ഞപീഠം അലങ്കരിച്ച ദിവ്യപുരുഷൻ, ശ്രീശങ്കരൻ, ശ്രീശങ്കരൻ തന്നെയായിരുന്നു എന്നു പറയണം. ആചാൎയ്യരുടെ മറ്റു ചില കൃതികളുടെ രാമണീയകത്തെക്കുറിച്ചും നമുക്കൊന്നു പരിശോധിക്കുക:—ഗണേശപഞ്ചരത്നത്തിൽ—

"മുദാകരാത്തമോദകം സദാ വിമുക്തിസാധകം
കലാധരാവതംസകം വിലാസിലോകരക്ഷകം

അനായകൈകനായകം വിനാശിതേഭദൈത്യകം
നതാശുഭാശുനാശകം നമാമി തം വിനായകം
................................................................
................................................................
നിതാന്തകാന്ത ദന്തകാന്തിമന്തകാന്തകാത്മജം
അചിന്ത്യരൂപമന്തഹീനമന്തരായകൃന്തനം
ഹൃദന്തരേനിരന്തരം വസന്തമേവയോഗിനാം
തമേകദന്തമേകമേവ ചിന്തയാമിസന്തതം"

എന്നിപ്രകാരമുള്ള പദ്യങ്ങളുടെ ശബ്ദാലങ്കാരമാധുൎയ്യവും പ്രസാദവും അന്യാദൃശംതന്നെ. ആചാൎയ്യരുടെ കവിതാശക്തിയെ അത്യന്തം പ്രകാശിപ്പിക്കുന്നവയാണ് ഈദൃശപദ്യങ്ങൾ എന്നു തീൎത്തുപറയാം. സുബ്രഹ്മണ്യഭുജംഗത്തിലെ:—

"വിധൌക്ലുപ്തദണ്ഡാൻ സ്വലീലാധൃതാണ്ഡാ—
ന്നിരസ്തേഭശുണ്ഡാൻ ദ്വിഷൽകാലദണ്ഡാൻ
ജിതേന്ദ്രാരിഷണ്ഡാൻ ജഗത്രാണശൌണ്ഡാൻ
സദാതേപ്രചണ്ഡാൻ ശ്രയേബാഹുദണ്ഡാൻ"

ഈ പദ്യത്തിൽ ശബ്ദത്തിനെന്നല്ല അൎത്ഥത്തിന്നും ഒന്നുപോലെയുള്ള സൌന്ദൎയ്യഗാംഭീൎയ്യങ്ങൾ കണ്ടറിയേണ്ടവ തന്നെയാകുന്നു. സുബ്രഹ്മണ്യവിഷയകമായ കവിയുടെ ഭക്തിയും തദ്വാരാ ഭാവുകഭക്തിയും അത്യന്തം സ്ഫുരിക്കുന്ന ഒരു പദ്യമാണ് ഇതെന്നു് ഏതു സഹൃദയന്നുമറിയാവുന്നതത്രേ.

വാസനാഭാസുരവും പാണ്ഡിത്യമണ്ഡിതവുമായിരിക്കണം സാഹിത്യമെന്നു് ആചാൎയ്യരുടെ ഏതുകൃതികളും തെളിയിക്കുന്നവയാകുന്നു. അവയിലും വെച്ചു ശിവപാദാദികേശാന്തവൎണ്ണനസ്തോത്രം അത്യന്തഹൃദ്യമായിട്ടുണ്ടു് എന്നു പറയണം. ആ സ്തോത്രത്തിലെ എല്ലാപദ്യങ്ങളും പരമരമണീയങ്ങളാകുന്നു. അതിലുംവെച്ചു്.

"അംഭോജാഭ്യാം ചരംഭാരഥ ചരണലതാ—
ദ്വന്ദ്വകുംഭീന്ദ്രകുംഭൈ?

ബിംബേനേന്ദോശ്ചകംബോരുപരിവിലസതാ
    വിദ്രുമേണോല്ലലാഭ്യാം
അംഭോദേനാപി സംഭാവിതമുപജനിതാ—
    ഡംബരം ശംബരാരേഃ
ശംഭോ സംഭോഗയോഗ്യം കിമപിധനമിദം
    സംഭവേൽ സംപദേനഃ
വേണീസൌഭാഗ്യ വിസ്മാപിതതപനസുതാ
    ചാരുവേണീവിലാസാൻ
വാണീനിഷ്കൃതവാണീകരതലവിധൃതോ
    ദാരവീണാവിരാവാൻ
ഏണീനേത്രാന്ത ഭംഗീനിരസനനിപുണാ—
    പാംഗകോണാനുപാസേ
ശോണാൻ പ്രാണാനു ദൃഢപ്രതിനവസുഷമാ—
    കന്ദളാനിന്ദുമൌലേഃ

ഈ പദ്യങ്ങളുടെ മാധുര്യത്തെക്കുറിച്ച് എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ.

ശ്രീ ശങ്കരഗുരുവിന്റെ—ശിവാപരാധക്ഷമാപണസ്തോത്രം, ദശശ്ലോകീസ്തുതിഃ, ശ്രീ മൃത്യുഞ്ജയമാനസികപൂജാസ്തോത്രം, ശിവനാമാവല്യഷ്ടകം, ശിവപഞ്ചാക്ഷരസ്തോത്രം, ഉമാമഹേശ്വരസ്തോത്രം, ത്രിപുരസുന്ദരീമാനസപൂജാസ്തോത്രം, ത്രിപുരസുന്ദര്യഷ്ടകം, ലളിതാപഞ്ചരത്നം, ഭവാനീഭുജംഗം ഇടങ്ങിയുള്ള മററുസ്തോത്രങ്ങൾ ഏററവും ഹൃദ്യങ്ങൾ എന്നു മാത്രമേ തല്ക്കാലം പറയുന്നുള്ളൂ. എങ്കിലും ത്രിപുരസുന്ദര്യഷ്ടകത്തിലെ ഹൃദയംഗമങ്ങളും പുളകോൽഗമകാരികളുമായ ചില പദ്യങ്ങൾകൂടി താഴെ ഉദ്ധരിയ്ക്കാം.

"കദംബവനചാരിണീം മുനികദംബകാദംബിനീം
നിതംബജിതഭൂധരാം സുരനിതംബിനീസേവിതാം

നവാംബുരുഹലോചനാമഭിനവാംബുദശ്യാമളാം
ത്രിലോചനകുടുംബിനീം ത്രിപുരസുന്ദരീമാശ്രയേ.
കദംബവനവാസിനീം കനകവല്ലകീധാരിണീം
മഹാർഹമണിഹാരിണീം മുഖസമുല്ലസദ്വാരിണീം
ദയാവിഭവകാരിണീം വിശദരോചനാചാരിണീം
ത്രിലോചനകുടുംബിനീം ത്രിപുരസുന്ദരീമാശ്രയേ
കദംബവനശാലയാ കുചഭരോല്ലസന്മാലയാ
കുചോപമിതശൈലയാ ഗുരുകൃപാലസദ്വേലയാ
മദാരുണകപോലയാ മധുരഗീതവാചാലയാ
കയാപി ഘനനീലയാ കവചിതാവയം ലീലയാ”

ശിവാനന്ദലഹരി, സൌന്ദൎയ്യലഹരി മുതലായ സുപ്രസിദ്ധങ്ങളും ശബ്ദാൎത്ഥഗംഭീരങ്ങളുമായ കൃതികളെക്കുറിച്ചു ഗ്രന്ഥവിസ്തരഭയത്താൽ ഒന്നുംതന്നെ പ്രസ്താവിക്കുന്നില്ല. അവയുടെ മാധുൎയ്യവും, ഭക്തിരസവും ഭാവുകന്മാർ ആസ്വദിച്ചുകൊള്ളട്ടെ.

# കാവ്യവിഭാഗം

സഹിത്യസിദ്ധാന്തങ്ങളെ പലതും പ്രസ്താവിച്ചതിൽ കാവ്യവിഭാഗത്തെക്കുറിച്ച് ഒന്നും പറയാതിരിക്കുന്നതു യുക്തമല്ല. പലതരത്തിലും കാവ്യങ്ങളെ വിഭാതിച്ചിട്ടുണ്ടു്. ഗദ്യം, പദ്യം എന്നിങ്ങനെ രണ്ടായി കാവ്യത്തെ വിഭജിക്കുന്നു. രഘുവംശാദികളായ കാവ്യങ്ങൾ പദ്യകാവ്യവും കാദംബരി തുടങ്ങിയുള്ളവ ഗദ്യകാവ്യവുമാകുന്നു. ഇതുപോലെ ദൃശ്യം, ശ്രാവ്യം എന്നും രണ്ടായികാവ്യത്തെ വിഭാഗിക്കുന്നു. ശാകുന്തളാദി നാടകാദികൾ ദൃശ്യകാവ്യങ്ങളും, രഘുവംശാദികൾ ശ്രാവ്യകാവ്യങ്ങളുമാകുന്നു. ഏവംവിധമായ ദ്വൈവിധ്യം ഉള്ളതായ കാവ്യം ഉത്തമം, മദ്ധ്യമം, അധമം എന്നു മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ധ്വനിപ്രധാനമായ കാവ്യത്തെയാണു് ഉത്തമകാവ്യമെന്നു പറയുന്നതു്. ഉദാഹരണമായി—

"നിശ്ശേഷച്യുതചന്ദനം സ്തനതടം
നിർമ്മൃഷ്ടരാഗോധരോ
നേത്രേ ദൂരമനഞ്ജനേ പുളകിതാ
തന്വീതവേയം തനുഃ
മിത്ഥ്യാവാദിനി ദൂതി ബാന്ധവജന—
സ്യാജ്ഞാതപീഡാഗമേ
വാപീംസ്നാതുമിതോഗതാസി നപുന—
സ്തസ്യാധമസ്യാന്തികം"

എന്ന പദ്യമെടുക്കാവുന്നതാകുന്നു.

പ്രണയപരവശയായ ഒരു നായിക, നായകസമീപത്തേയ്ക്കു ദൂതിയെ പറഞ്ഞയയ്ക്കുകയും അയാളെകണ്ടില്ലെന്നു പറകയും അയാളുമായി ക്രീഡിച്ചു മടങ്ങിവരികയും ചെയ്ത ദൂതിയോടു് പറയുന്ന വാക്കാണു് ഈ പദ്യം. ബാന്ധവഖിവരം അറിയാതെ അവൾ മടങ്ങിവന്നപ്പോൾ അവൾ ക

ളിയ്ക്കുവാനാണ് പോയതെന്നു നായിക സമർത്ഥിയ്ക്കുകയാണു "നിശ്ശേഷച്യുത ചന്ദനം" എന്നിത്യാദികൊണ്ടു്. ഇവിടെ അധമപദം കൊണ്ടാണു ദൂതി തന്റെ പ്രിയതമനുമായി രതിക്രീഡചെയ്തു എന്നു അർത്ഥം വ്യഞ്ജനാവൃത്തിമുഖേന അഭിവ്യഞ്ജിയ്ക്കപ്പെടുന്നതു്. ഈ അർത്ഥത്തിന്നു വാച്യാർത്ഥത്തേക്കാൾ പ്രത്യേകമായ തന്മയത്വവും സഹൃദയഹൃദയാഹ്ലാദകത്വവുമുണ്ടെന്നു പറഞ്ഞേതീരൂ.

വാച്യാർത്ഥത്തേക്കാൾ വ്യംഗ്യാർത്ഥത്തിന്നു കൂടുതൽ ചമൽക്കാരകാരിത്വം ഇല്ലാതെവന്നാൽ—വാച്യാർത്ഥത്തിൽ വ്യംഗ്യാർത്ഥം ഗുണീഭൂതമായാൽ ആ കാവ്യം ഗുണീഭൂതവ്യംഗ്യം എന്ന വ്യവഹാരത്തിന്നു് അർഹമാകുന്നു. ശബ്ദചിത്രം, അർത്ഥചിത്രം എന്നു് അധമകാവ്യങ്ങൾ രണ്ടു വിധമുണ്ടു്. പ്രത്യേകമായ ചമൽക്കാരവിശേഷമില്ലാതെ കേവലം കാഠിന്യം മാത്രം പദമാലകളെക്കൊണ്ടു പ്രസ്താവിയ്ക്കുന്നതായ:—

"സ്വച്ഛന്ദോച്ഛലദച്ഛകച്ഛകുഹര-
ച്ഛാതേതരാംബുച്ഛടാ-
മൂർച്ഛന്മോഹമഹർഷിഹർഷവിഹിത-
സ്നാനാഹ്നികാഹ്നായ വഃ
ഭിദ്യാദുദ്യദുദാരദർദ്ദുരദരീ
ദീർഘാദരിദ്രദ്രുമ
ദ്രോഹോദ്രേകമഹോർമ്മിമേദുരമദാ
മന്ദാകിനീമന്ദതാം"

ഈ പദ്യം ശബ്ദചിത്രമെന്ന അധമമാകുന്നു. കവിയുടെ പദപാണ്ഡിത്യപ്രകടനം മാത്രമേ ഇതുകൊണ്ടു തെളിയുന്നുള്ളൂ. മാഘമഹാകവിയുടെ കാവ്യത്തിൽ പലപദ്യങ്ങളും ശബ്ദചിത്രത്തിന്നു് ഉദാഹരണമായി എടുക്കാവുന്നവയുണ്ടു്.

"മധുരയാമധുബോധിതമാധവീ-
മധുസമൃദ്ധിസമേധിതമേധയാ

മധുകരാംഗനയാമുഹുരുന്മദ-
ധ്വനിഭൃതാനിഭൃതാക്ഷരമുജ്ജഗേ"

എന്ന പദ്യത്തിൽ കേവലം യമകാനുപ്രാസാദികളല്ലാതെ പ്രത്യേകമായ അൎത്ഥവിശേഷമൊന്നുമില്ല. എന്നാൽ ശബ്ദാലങ്കാരത്തിന്നും കാവ്യത്തില പ്രധാനസ്ഥാനമുണ്ടെന്നു പറയണം. "കാവ്യേഷുമാഘഃ" എന്ന വ്യവഹാരം സുപ്രസിദ്ധമായിത്തീൎന്നതു മാഘമഹാകവിയുടെ ശബ്ദാലങ്കാരസംഘടനകൊണ്ടും വിവിധമഹാകാവ്യലക്ഷണനിൎവ്വചനംകൊണ്ടും അന്യാദൃശവൎണ്ണനാവൈചിത്ര്യംകൊണ്ടുമാകുന്നു. ഈ സന്ദൎഭത്തിൽ ചില കാൎയ്യങ്ങൾ സംസ്മരിക്കപ്പെടുകയാൽ എടുത്തു പറയാതെ നിവൃത്തിയില്ല.

പൂൎവ്വകാലത്തു പൌരസ്ത്യസാഹിത്യത്തിന്നു് അത്യന്തം പ്രകാശമുണ്ടായിരുന്നു എന്നും കവികളെല്ലാം രാജാക്കന്മാരുടെ ആശ്രിതന്മാരും അഭിനന്ദനാൎഹന്മാരുമായിരുന്നു എന്നും ഐതിഹ്യംകൊണ്ടറിയപ്പെടുന്നു. സംസ്കൃതകവികളായ കാളിദാസാദികൾക്കെന്നപോലെ മലയാളകവികളായ കുഞ്ചൻ നമ്പ്യാർ തുടങ്ങിയുള്ളവൎക്കും രാജഭക്തിയും തൽബ്ബഹുമാനവുമുണ്ടായിരുന്നു. കാലത്തിന്റെ ഗതിയനുസരിച്ചു് ഇന്നു കവിപ്രോത്സാഹനവും കലാപോഷണവും എല്ലാം തീരെ ഇല്ലാതായിത്തീൎന്നു. കവിതയുടെ ഗതിയും വളരെ അധികം വ്യത്യസ്തനിലയിലായിരിക്കുന്നു. സാഹിത്യത്തിൽ അടിക്കടി പരിഷ്കാരം വൎദ്ധിച്ചുവരികയും ചെയ്തിരിക്കുന്നു. എന്നാൽ ഇന്നു മഹാകവികളായിത്തീൎന്നിട്ടുള്ള ചുരുക്കം ചില പേർ, വള്ളത്തോൾ, ഉള്ളൂർ തുടങ്ങിയുള്ളവർ ഒഴികെ ഒട്ടുമുക്കാലും യുവജനങ്ങൾ പഴയതിനെ ഒക്കെ പുച്ഛിക്കുവാനും പുതിയ പ്രസ്ഥാനം കണ്ടുപിടിക്കുവാനും സന്നദ്ധരായിരിക്കുന്നു. പൌരസ്ത്യസാഹിത്യത്തിൽ പറഞ്ഞിട്ടുള്ള കാവ്യനിയമങ്ങൾ ഒന്നുംതന്നെ ഇക്കൂട്ടർ സമ്മതിക്കുന്നുമില്ല. തുഞ്ചൻ,

കുഞ്ചൻ, ചെറുശ്ശേരി, കുഞ്ഞിക്കുട്ടൻതമ്പുരാൻ, വെൺമണി, കേരളകാളിദാസൻ തുടങ്ങിയുള്ളവക്കു തീരെ കവിതയില്ലെന്നു വാദിക്കുകയും ചെയ്യുന്നു. ശബ്ദാലങ്കാരത്തിൽ ഏററവും പ്രശസ്തിനേടിയ കേരളവമ്മ പ്രാസത്തിന്നു ഒട്ടുംതന്നെ സ്ഥാനമില്ല എന്നു ശഠിക്കുന്നു. മാത്രമല്ല, ശബ്ദാലങ്കാരമുംകൊള്ളുന്ന കാവ്യം നിമ്മിച്ചാൽ അതിൽ അത്ഥചമൽകാരം ഉണ്ടാവുകയില്ലെന്നു സമത്ഥിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിന്നെല്ലാം കാരണം ഇക്കൂട്ടക്കു തീരെ അന്തഃസാരമില്ലാ എന്നുള്ളതു മാത്രമാണു. സംസ്കൃതസാഹിത്യത്തിൽ പരിശ്രമിച്ചിട്ടുള്ളവരോടും പാണ്ഡിത്യവാസനകൾ പരിപൂണ്ണമായിട്ടുള്ള മഹാകവികളോടും ഇവർ വെറുക്കുന്നതു വെറും ഭോഷ്ക്കുതന്നെയാണെന്നാണു ചിലക്കു പറവാൻ നിവൃത്തിയുള്ളൂ. കാലാനുസാരേണ കാവ്യത്തിന്നു പരിഷ്കാരം ആവശ്യംതന്നെ. എന്നിരുന്നാലും, രസം, ധ്വനി, അലങ്കാരം ഗുണങ്ങൾ തുടങ്ങിയുള്ളവ അതിൽ സംഘടിപ്പിക്കേണ്ടുണ്ടു എന്നു വെക്കുന്നതു മാത്രം പരിതാപകരമാകുന്നു. എത്രകണ്ടു സ്വാതന്ത്ര്യമായാലും കവിക്കു ജന്മാന്തരവാസനാവൈഭവവും ഗുരുത്വവും അത്യാവശ്യമാകുന്നു. മഹാകവി കേരളകാളിദാസൻ അത്ഥത്തിന്നു ലേശംപോലും കോട്ടം നേരിടാതെ കാവ്യകലക്കു ശബ്ദാലങ്കാരഭംഗിവരുത്തിയിട്ടുള്ള മഹാകവികളിൽ അദ്വിതീയൻ ആകുന്നു. കവിതയിൽ സൌന്ദയ്യബോധമില്ലാതെ കേവലം ശാസ്ത്രംപഠിച്ചു വൃത്തംകൊണ്ടുമാത്രം അതിനെ നാലുകാലിയാക്കി നിത്തിയാൽ—വൃത്തികെട്ട വരികൾ മാത്രം നിമ്മിച്ചാൽ—അതു കാവ്യമാണെന്നു പറഞ്ഞാലും അതുകൊണ്ടു കൃതകൃത്യരാവാത്തവർ ചിലരെങ്കിലും ലോകത്തിലുണ്ടെന്നു പരിഷ്കൃതാശയന്മാർ മനസ്സിലാക്കിയാൽ കൊള്ളാം.

പ്രാചീനന്മാരുടേയും അപ്രാചീനന്മാരുടേയും മതങ്ങൾ ലേശംപോലും പുച്ഛിക്കാതെ സ്വന്തപരിശ്രമത്താൽ കാവ്യക

ലയിൽ പരിഷ്കാരം വരുത്തിയിട്ടുള്ള മഹാകവികളാണ് ഉള്ളൂരും വള്ളത്തോളും. ഇവർ ഇന്നേവരെ ഈ ഉപരിപ്ലവബുദ്ധികളായവരെപ്പോലെ പൌരാണികന്മാരെ അപലപിക്കുന്നില്ല. കേരളകാളിദാസൻെറ തിരുനാമധേയം കോൾമയിർക്കൊണ്ടാണ് ഈ മഹാകവികൾ ഇന്നും സ്മരിച്ചുവരുന്നതു്. കേരളവൎമ്മയുടെ ശിഷ്യാഭിമാനത്താൽ സന്തുഷ്ടചിത്തനായിട്ടാണ് ഉള്ളൂർ സൎവ്വോൽകൎഷേണ വൎത്തിച്ചിരുന്നതു്.

പ്രസക്താനുപ്രസക്ത്യാ ചില വിഷയങ്ങൾ ഇവിടെ പ്രസ്താവിച്ചു എന്നേ ഉള്ളു. മുമ്പു പ്രതിപാദിച്ചതരത്തിലുള്ള ശബ്ദാലങ്കാരം ഏതായാലും കാവ്യശോഭാദായകമാകുന്നു. അധമകാവ്യവകുപ്പിലാണെങ്കിലും ശബ്ദചിത്രത്തിന്നും കവനകലയിൽ കുറവില്ലാത്ത സ്ഥാനമുണ്ടു്. അല്ലെങ്കിൽ മാഘം, യുധിഷ്ഠിരവിജയം മുതലായവയ്ക്കു കാവ്യത്വമില്ലാതായിത്തീരും. മാഘൻ, വാസുഭട്ടതിരി, അനന്തഭടൻ, മേപ്പത്തൂർ, ശങ്കരകവി, ഉദണ്ഡൻ തുടങ്ങിയുള്ള മഹാകവികൾ ശബ്ദാലങ്കാരത്തിൽ അത്യന്തം മനസ്സിരുത്തുന്നവരാകുന്നു. മാഘൻ ശബ്ദാലങ്കാരത്തിലെന്നപോലെ അൎത്ഥാലങ്കാരത്തിലും ശ്രദ്ധിക്കുന്ന മഹാകവിയാകുന്നു. ഇതിനു് ഉദാഹരണമായി ഒരു കഥ പറയാം.

മാഘൻ തൻെറ ശിശുപാലവധം ഉണ്ടാക്കി അതു് ഭോജസദസ്സിൽ ചൊല്ലിക്കേൾപ്പിക്കുവാനായി കൊണ്ടുചെന്നു. അതിലെ ആദ്യത്തെ ശ്ലോകമായ—

"ശ്രിയഃ പതിഃ ശ്രീമതിശാസിതും ജഗ-
ജ്ജഗന്നിവാസോ വസുദേവസത്മനി
വസൻദദൎശാവതരന്തമംബരാ-
ദ്ധിരണ്യഗൎഭാംഗഭുവം മുനിം ഹരിഃ"

ഇതിലെ "അംബരാദ്ധിരണ്യ" എന്ന ശബ്ദം ഉച്ചരിച്ചപ്പോൾ സദസ്സിൽ പ്രധാനിയായിട്ടുണ്ടായിരുന്ന മഹാകവി

കാളിദാസൻ പെട്ടെന്നു ഞെട്ടി പീഠത്തിൽനിന്നും മറിഞ്ഞു വീണു. ഈ ഒരു സംഗതി മാഘനു ഏററവും വിഷാദത്തിനു കാരണമായി. അപ്പോൾ അദ്ദേഹം താൻ ഇത്രയും പരിശ്രമിച്ചു് എഴുതിത്തീൎത്ത ഗ്രന്ഥത്തെക്കുറിച്ചു് ഇങ്ങനെയല്ലേ അപലപിച്ചതു് എന്നു വിചാരിച്ചു കാളിദാസരെ കൊല്ലുവാൻ തീരുമാനിച്ചു. അങ്ങനെയുറച്ചു ഒരു വലിയ കരിങ്കല്ലുമെടുത്തു ഒരു രാത്രി കാളിദാസൻ സാധാരണമായി കടന്നുപോകാറുള്ള വഴിയുടെ അരികിൽ ഉണ്ടായിരുന്ന ഒരു വൃക്ഷത്തിന്മേൽ കയറിയിരുന്നു. ആ കല്ലു കാളിദാസരുടെ തലയിൽ ഇട്ടു് അദ്ദേഹത്തെ ഹിംസിയ്ക്കണമെന്നായിരുന്നു മാഘൻെറ നിശ്ചയം. മാഘൻെറ ഈ വിചാരം കാലേക്കൂട്ടി കാളിദാസൻ അറിഞ്ഞു. അപ്പോൾ ബുദ്ധിമാനായ അദ്ദേഹം മാഘൻ ഉണ്ടാക്കിയതായ ശിശുപാലവധമഹാകാവ്യത്തിലെ രൈവതകപൎവ്വതവൎണ്ണനത്തിലുള്ള—

"ഉദയതിവിതതോൎദ്ധ്വരശ്മിരജ്ജാ-
വഹിമകരേഹിമധാമ്നിയാതിചാസ്തം
വഹതിഗിരിരയം വിലംബിഘണ്ടാ-
ദ്വയപരിവാരിതവാരണേന്ദ്രലീലാം"

എന്ന പദ്യം ചൊല്ലി രസിച്ചുംകൊണ്ടാണു് വന്നിരുന്നതു്. "ഉപമാകാളിദാസസ്യ" എന്നു അഭിയുക്തവചനം ഉണ്ടെങ്കിലും മേൽക്കാണിച്ച പദ്യത്തിലെ ഉപമ കാളിദാസനുപോലും അസൂയാവഹമായിരുന്നു. സൂൎയ്യനുദിയ്ക്കുമ്പോഴും ചന്ദ്രൻ അസ്തമിക്കുമ്പോഴും ഉള്ള ഊൎദ്ധ്വരശ്മിയാകുന്ന കയറിൽ കോൎത്തിട്ട സൂൎയ്യചന്ദ്രന്മാരാകുന്ന മണികളണിഞ്ഞ ഒരാനയെപ്പോലെയാണു രൈവതകപൎവ്വതമെന്നുള്ള ഉപമാലങ്കാരം എത്ര കേമമായിരിയ്ക്കുന്നു!

അൎത്ഥാലങ്കാരസംഘടനയാൽ അൎത്ഥചമൽക്കാരത്തിന്നുമാത്രം പ്രാധാന്യം കല്പിയ്ക്കുന്ന കാവ്യം അൎത്ഥചിത്രമെന്ന നിലയ്ക്കു് അധമമാകുന്നു.

"വിനിർജ്ജിതം മാനദമാത്മമന്ദിരാൽ
ഭവത്യുപശ്രുത്യയദൃച്ഛയാപിയം
സസംഭ്രമേന്ദ്രദ്രുതപാതിതാർഗ്ഗളാ
നിമീലിതാക്ഷീവഭിയാമരാവതീ"

ഹയഗ്രീവന് തന്നോടു യുദ്ധത്തിന്നു വരുന്നു എന്നു കേട്ടതിൽ പെട്ടന്നു് ഇന്ദ്രൻ സാക്ഷയിട്ടു് അമരാവതി ഭയന്നു കണ്ണുചിമ്മിയിരിക്കുയാണോ എന്നു തോന്നും എന്ന ഈ ഉൽപ്രേക്ഷക്കു മാത്രമാണു കവി ഇതിൽ പ്രാധാന്യം കല്പിച്ചിട്ടുള്ളതു് എന്നു കാണാവുന്നതാകുന്നു. ശബ്ദാർത്ഥാലങ്കാരങ്ങളുടെ തുല്യഭംഗി ഒരുപോലെ പ്രകാശിക്കുന്ന കാവ്യമാണല്ലോ ശ്രീഹർഷൻെറ നൈഷധീയചരിതം. അതിൽ—

"തദോജസസ്തദ്യശസഃ സ്ഥിതാവിമൌ
വൃഥേതിചിത്തേകുരുതേയദായദാ
തനോതിഭാനോഃ പരിവേഷകൈതവാ-
ത്തദാവിധിഃ കുണ്ഡലനാം വിധോരപി"

എന്നിപ്രകാരമുള്ള അർത്ഥാലങ്കാരഭംഗി തികഞ്ഞ പദ്യങ്ങൾ വളരെ അധികമുണ്ടു്. നളൻെറ തേജസ്സും യശസ്സും ലോകത്തിൽ നിലനില്ക്കുന്നിടത്തോളം കാലം സൂർയ്യചന്ദ്രന്മാരെക്കൊണ്ടു് ആവശ്യമില്ല എന്നു് എപ്പോഴൊക്കെ ബ്രഹ്മാവു വിചാരിച്ചുവോ അപ്പോഴൊക്കെ അവരെ പരിവേഷമാകുന്ന വ്യാജത്താൽ കുണ്ഡലിതരാക്കി എന്നാണല്ലോ ഈ പദ്യത്തിൻെറ അർത്ഥം. ഇതിൽ കവി കൈതവാപഹ്നുതിക്കു പ്രാധാന്യം കല്പിച്ചിട്ടുണ്ടെന്നു തികച്ചും കാണാവുന്നതാകുന്നു.

# ആനന്ദവൎദ്ധനനും ധ്വന്യാലോകവും

സാഹിത്യശാസ്ത്രത്തിൽ ധ്വന്യാലോകത്തിന്നു പണ്ഡിതന്മാരെല്ലാവരും പരമമായ സ്ഥാനം കല്പിച്ചുകൊടുത്തിട്ടുണ്ടു്. വാമനഭാമഹാദികളായ പ്രാചീനാലങ്കാരികന്മാർ അലങ്കാരശാസ്ത്രതത്വത്തെ അവരവരുടെ ഗ്രന്ഥങ്ങളിൽ സയുക്തികമായും സനിഷ്കൃഷ്ടമായും നിരൂപണം ചെയ്തിട്ടുണ്ടു്. എന്നാൽ ധ്വനിമാൎഗ്ഗത്തെ സംബന്ധിച്ചിടത്തോളം ധ്വന്യാലോകമാണു് അധികം ഉപയുക്തമായിട്ടുള്ളതു്. പുതിയതായ ഒരു മാൎഗ്ഗം മഹാകവികൾക്കും സഹൃദയന്മാൎക്കും വെട്ടിത്തെളിയിച്ച ഒരു ഗ്രന്ഥമാണു ധ്വന്യാലോകം. ഈ ഗ്രന്ഥത്തെ സമാശ്രയിക്കുന്നവരും സമാദരിക്കുന്നവരും തീൎച്ചയായും മഹാകവിതാപദത്തിന്നു് അൎഹന്മാരാകുന്നു. മമ്മടഭട്ടാദികളായ ആലങ്കാരികന്മാർ സൎവ്വാത്മനാ ധ്വന്യാലോകം അവലംബിച്ചു കാവ്യപ്രകാശാദികളായ അനേകം പ്രബന്ധങ്ങൾ വിരചിച്ചിട്ടുള്ളവരാകുന്നു. അവരുടെ ഗ്രന്ഥങ്ങൾക്കും അവൎക്കും ലോകത്തിൽ ലബ്ധപ്രതിഷ്ഠകിട്ടുവാൻ ഈദൃശഗ്രന്ഥങ്ങൾ അവലംബിച്ചതുകൊണ്ടാണെന്നു പൂൎണ്ണമായി സമ്മതിച്ചേ കഴിയൂ. എന്തിന്നധികം പറയുന്നു? സാഹിത്യത്തിനു് ഊൎജ്ജസ്വലതയും ചൈതന്യവും പ്രദാനംചെയ്യുന്ന ഒരു ഒന്നാന്തരം പ്രബന്ധമത്രേ ധ്വന്യാലോകം.

സകല സഹൃദയാനന്ദസന്ദായകമായും സമസ്തകവികാവ്യോപനിഷൽഭൂതമായും സലക്ഷണലക്ഷിതമായും നിഖിലഭേദവിഭാഗസങ്കലിതമായും വൎത്തിക്കുന്ന അത്യുത്തമമായ ധ്വന്യാലോകത്തിന്റെ കൎത്താവാണു ശ്രീമദാനന്ദവൎദ്ധനാചാൎയ്യർ. പണ്ഡിതമണ്ഡലാഖണ്ഡലനായ ഈ മഹാനുഭാവൻ പരമരമണീയമായും വിശേഷോത്തരാനന്ദജനകമായുമുള്ള കാവ്യശരീരത്തിന്നു് ആത്മാവെന്നപോലെയാണു ധ്വനിയെ ഗണിച്ചിരിക്കുന്നതു്.

ഉത്തമകാവ്യമെന്ന് മമ്മടഭട്ടനാൽ ഉൽഘോഷിക്കപ്പെട്ട ധ്വനിപ്രധാനകാവ്യത്തിന്റെ ആസ്വാദ്യത ധ്വനിമാൎഗ്ഗത്തെ അറിയാതെ അത്രതന്നെ ഉണ്ടാകുന്നതല്ല. ധ്വനിപ്രസ്ഥാനത്തെ അനിതരസാധാരണമായ വിഷയോപപാദനചാതുൎയ്യത്താൽ പണ്ഡിതവരേണ്യനായ ആനന്ദവൎദ്ധനൻ വിരചിച്ചു സഹൃദയന്മാൎക്ക് ആനന്ദത്തെ വൎദ്ധിപ്പിക്കുന്നവനായും അന്വൎത്ഥസംജ്ഞകനായും വൎത്തിച്ചു. മഹാപണ്ഡിതനായ രാജശേഖരൻ.

"ധ്വനിനാതിഗഭീരേണ കാവ്യതത്വനിവേദിനാ
ആനന്ദവൎദ്ധനഃ കസ്യനാസീദാനന്ദവൎദ്ധനഃ"

ഇങ്ങനെയാണ് ആനന്ദവൎദ്ധനനെക്കുറിച്ചു പറയുന്നത്. ഇത്രയും പ്രസ്താവിച്ചതുകൊണ്ട് ആലങ്കാരികന്മാരിൽ വെച്ച് അഗ്രഗണ്യനായ ആനന്ദവൎദ്ധനന്റെ ലഘുവായ ചരിത്രമെങ്കിലും അറിവാൻ ഏതു സഹൃദയനാണ് ആശ ജനിക്കാതിരിക്കുക.

ആനന്ദവൎദ്ധനൻ ഏതുകാലത്തു ജീവിച്ചിരുന്നു? ഏതു ദേശത്തെ അലങ്കരിച്ചിരുന്നു? എന്നും മററുമുള്ള ചോദ്യങ്ങൾക്കു ശരിയായ ഉത്തരം പറവാൻ പ്രയാസമാകുന്നു. എങ്കിലും ഇതിഹാസഗ്രന്ഥപരിശോധനത്താൽ ചിലസംഗതികൾ മനസ്സിലാക്കുവാൻ കഴിയുന്നതാകുന്നു. ക്രിസ്തുവിനുമുമ്പു കാശ്മീരങ്ങളിൽ (855-884 എ. ഡി.) എന്നീകാലത്തു രാജ്യം ഭരിച്ചുകൊണ്ടിരുന്ന അവന്തിവൎമ്മരാജാവിന്റെ സഭയിൽ ആനന്ദവൎദ്ധനൻ ആ മഹാരാജാവിനാൽ അഭിവന്ദിതനായി വൎത്തിച്ചിരുന്നു എന്നു താഴെ കാണിക്കുന്ന അഭിയുക്തവചനത്താൽ അറിയപ്പെടുന്നു.

"മുക്താമണിഃ ശിവസ്വാമീ
കവിരാനന്ദവൎദ്ധനഃ
പ്രഥാംരത്നാകരശ്ചാഗാൽ
സാമ്രാജ്യേവന്തിവൎമ്മണഃ"

പണ്ഡിതചൂഡാമണിയായ ആനന്ദവല്ധനൻ ധ്വന്യാലോകത്തിൽ കാളിദാസൻ, പുണ്ഡരീകൻ, ബാണൻ, ഭട്ടോത്ഭടൻ, ഭാമഹൻ, മനോരഥൻ, സവ്വസേനൻ, സാതവാഹനൻ, അമരുകൻ, ധമ്മകീത്തി, മധുമഥനവിജയൻ തുടങ്ങിയുള്ളവരെ സ്മരിച്ചുകാണുന്നു ഇവരിൽ തത്വബിന്ദുകത്താവും ബൌദ്ധമതാവലംബിയും ആയ ധമ്മകീത്തി ക്രിസ്തുവിനുമുമ്പു (635_650 എ. ഡി.) സപ്തമശതകത്തിൽ ഭവിച്ചിരുന്നു എന്നു സർവ്വേതിഹാസവേദികളും വിവാദമെന്നിയേ സമർത്ഥിക്കുന്നു ഇക്കാര്യത്തിൽ പൌരാണികചരിത്രഗവേഷണപടുവായ ശ്രീ സതീശചന്ദ്രവിദ്യാഭൂഷണപണ്ഡിതൻ സ്വകൃതമായ (The History of Indian Logic) എന്ന പേരായ ഗ്രന്ഥത്തിൽ യുക്തികൾ എടുത്തുകാണിച്ചിട്ടുണ്ടു. മഹാനായ, എം. കൃഷ്ണമാചാര്യരും തന്റെ സംസ്കൃതേതിഹാസഗ്രന്ഥത്തിൽ ക്രിസ്തുവിനുമുമ്പു ഷഷ്ഠശതകാവസാനത്തിലും സപ്തമശതകാദിയിലും ധമ്മകീത്തി വത്തിച്ചിരുന്നു എന്നു് അഭിപ്രായപ്പെടുന്നു. എല്ലായുക്തികളും പരിശോധിക്കുന്നതായാൽ ആനന്ദവല്ധനന്റെകാലം നവമശതകമദ്ധ്യത്തിലാണെന്നാണു തെളിയുക. ആനന്ദവല്ധനാചാര്യരുണ്ടാക്കിയ ദേവീശതകവ്യാഖ്യയിൽനിന്നും അഷ്ടമദശമ ശതകങ്ങളുടെ ഇടയ്ക്കാണു് അദ്ദേഹത്തിന്റെകാലമെന്നും വ്യക്തമാകും.

ആനന്ദവല്ധനൻ ധ്വന്യാലോകത്തോടൊപ്പം "ദേവീശതകം", "വിനിശ്ചയടീകാവിവൃതി", "അജ്ജുനചരിതമഹാകാവ്യം", "വിഷമബാണലീല", "തത്വാലോകം", എന്നും വേറെ ചിലഗ്രന്ഥങ്ങൾ വിരചിച്ചിട്ടുണ്ടു് എന്നറിയുന്നു. ഇവയിൽ ധ്വന്യാലോകം തന്നെ "കാവ്യാലോകം" "സഹൃദയാലോകം" എന്ന പേരുകളാൽ വ്യവഹരിക്കപ്പെടുന്നു. ധ്വന്യാലോകം കാരികാരൂപേണയും വൃത്തിരൂപേണയും രണ്ടായി നിബന്ധിക്കപ്പെട്ടിരിക്കുന്നതിന്റെ രണ്ടിന്റേയും കത്താവു ഒരാൾ

തന്നേയോ അഥവാ വിഭിന്നന്മാരോ എന്നകാൎയ്യം സംശയഗ്രസ്തമായിട്ടാണിരിയ്ക്കുന്നതു്. എങ്കിലും ബലവത്തരമായ ചില പ്രമാണമുള്ളതുകൊണ്ടു കാരികാവൃത്തികൾ ഏകകൎത്തൃകങ്ങൾ എന്നുതന്നെ സിദ്ധാന്തിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

പണ്ഡിതാഗ്രേസരനായ പട്ടാഭിരാമശാസ്ത്രികൾ വൃത്തികാരനും കാരികാകാരനും രണ്ടാൾതന്നെയാണെന്നു് അഭിപ്രായപ്പെടുന്നു. അദ്ദേഹം പറയുന്നു "ഞാൻ ഇക്കാൎയ്യത്തിൽ സംശയിച്ചു് ഈ സന്ദേഹം തീൎക്കാൻ എന്റെ ഗുരുപൂജ്യപാദരും പണ്ഡിതകുലതിലകന്മാരുമായ മഹോപാദ്ധ്യായപ്രമഥനാഥ തൎക്കഭൂഷണാചാൎയ്യരെ കാണുകയുണ്ടായി. അദ്ദേഹം വളരെ ആലോചിച്ചതിന്റെശേഷം കാരികാവൃത്തികാരന്മാർ രണ്ടുപേർതന്നെയാണെന്നു് അഭിപ്രായപ്പെട്ടു. ഇതു യുക്തിയുക്തമാണെന്നു് എനിയ്ക്കും തോന്നുന്നുണ്ടു. ലോചനവ്യാഖ്യയിൽ അഭിനവഗുപ്തപൂജ്യപാദർ കാരികാകാരനേയും വൃത്തികാരനേയും ഭിന്നന്മാരായിപ്പറയുന്നു. പ്രഥമോദ്യോതത്തിൽ ഏകോനവിംശകാരികാവ്യാഖ്യാനാവസരത്തിൽ "ദ്വിതീയോദ്യോതേ കാരികാകാരോ അവാന്തരവിഭാഗം വിശേഷലക്ഷണം ച വിദധദനുവാദമുഖേന മൂലവിഭാഗം ദ്വിവിധം സൂചിതവാൻ തദാശയാനുസാരേണതു വൃത്തികൃദത്രൈവോദ്യോതേ മൂലവിഭാഗമവോചൽ" എന്നും, അപ്രകാരം ഷഡ്വിംശകാരികയാൽ ലോചനത്തിൽ "ഇത്യത്ര ശ്ലോകേ വൃത്തികൃൽ, എന്നും, "വൃത്തികാരേണതു അന്വയപൂൎവ്വകോ വ്യതിരേക ഇതിശൈലീമനുസൃത്യ അന്വയഃ പൂൎവ്വമുപാത്തഃ" എന്നും, ഇപ്രകാരം ദ്വിതീയോദ്യോതത്തിൽ പ്രഥമകാരികാ വ്യാഖ്യാനാവസരത്തിൽ—"തത്രപ്രഥമോദ്യോതേ വൃത്തികാരേണ പ്രകാശിതഃ........ഭവതിമൂലതോദ്വിഭേദത്വം കാരികാകാരസ്യാപിസമ്മതം." എന്നും, ഇങ്ങനെ മററു പല സ്ഥലങ്ങളിലും "കാരികാരസ്തു", "വൃത്തികാരേണതു", എന്നിപ്ര

കാരവും പറഞ്ഞു രണ്ടുപേൎക്കും ഭേദത്തെത്തന്നെ അഭിപ്രായപ്പെടുന്നു. ധ്വന്യാലോകത്തിന്നു ചന്ദ്രികയെന്നും, ലോചനമെന്നും രണ്ടു വ്യാഖ്യാനങ്ങൾ ഉണ്ടു്.

ആനന്ദവൎദ്ധനനെപ്പററി മറെറാരു പണ്ഡിതൻ ഇങ്ങനെ അഭിപ്രായപ്പെടുന്നു. "ആലോകാദിവിവിധസന്ദൎഭാചയിതാവും രാജാനകസംജ്ഞകബ്രാഹ്മണകുലോല്പന്നനുമായ ആനന്ദവൎദ്ധനൻ കാശ്മീരങ്ങളിൽ ഭവിച്ചു. ഇദ്ദേഹം കാരികാവൃത്തിവിഭക്തമായി ആലോകമെന്ന പേരോടുകൂടി ധ്വനിപ്രതിപാദകമായ പ്രബന്ധത്തെ നിൎമ്മിച്ചു. കാവ്യവിഷയകമായ സവിശേഷതത്വനിരൂപണമാണു് ഈ ഗ്രന്ഥത്തിൽ ചെയ്തിരിയ്ക്കുന്നതു്. രാജശേഖരൻ ഈ ഗ്രന്ഥത്തെ കാവ്യസംസാരാലോകമെന്നും, ആലോകമെന്നും, ധ്വന്യാലോകമെന്നും മററും വ്യവഹരിയ്ക്കുന്നു. വാസ്തവത്തിൽ ആലോകത്തിൽനിന്നു ധ്വനികാരികാത്വേന വ്യവഹരിയ്ക്കപ്പെടുന്ന മൂലകാരിക ഭിന്നകൎത്തൃകയാകുന്നു. ധ്വനികാരികാകാരന്റെ പേരു് അറിയപ്പെടുന്നില്ലെങ്കിലും ആലോകവ്യാഖ്യാതാവായ ലോചനനിൎമ്മാതാവിന്റെ ഉക്തികളെക്കൊണ്ടു ധ്വന്യാലോകങ്ങൾ വിഭിന്നങ്ങളാണെന്നുള്ളതു ശരിയാണു്. അതിനെത്തന്നെ— "അത ഏവ മൂലകാരികാ സാക്ഷാത്തന്നിരാകരണാൎത്ഥാനശ്രൂയതേ. വൃത്തികൃത്തു നിരാകൃതമപിപ്രമേയ സംഖ്യാ പൂരണായ കണ്ഠേന തൽപക്ഷമനൂദ്യ നിരാകരോതി" എന്നു് ഉപപാദിയ്ക്കുന്നു.

ഉത്തമകാവ്യമാണു ധ്വനിയെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അതിനുള്ള കാരണത്തെ തെളിയിയ്ക്കുവാൻ അതിന്റെ യോഗ്യതയെ ആചാൎയ്യൻതന്നെ—

"പ്രതീയമാനം പുനരന്യദേവ
വസ്ത്വസ്തിവാണീഷു മഹാകവീനാം

യത്തൽ പ്രസിദ്ധാവയവാതിരിക്തം
വിഭാതിലാവണ്യമിവാംഗനാസു."

ഇപ്രകാരം പ്രതിപാദിക്കുന്നു. കാവ്യഭാവനാപരിപാകാധിഷണനായ സഹൃദയന് കാവ്യത്തിൽനിന്നും എന്തെന്നില്ലാത്ത ഒരാനന്ദവിശേഷത്തെ, ബ്രഹ്മാനന്ദസദൃശമായ ആഹ്ലാദത്തെ ജനിപ്പിക്കുന്നതിൽ ധ്വനിപ്രസ്ഥാനപരിജ്ഞാനം അത്യാവശ്യകമാകുന്നു. എല്ലാ അലങ്കാരശാസ്ത്രങ്ങളിലുംവെച്ചു ധ്വന്യാലോകത്തിന്നു സവിശേഷമായ മെച്ചമുണ്ടെന്നു പറഞ്ഞേ കഴിയൂ. ഇതുകൊണ്ടു ധ്വനിമാൎഗ്ഗപ്രതിപാദകനായ ആനന്ദവൎദ്ധനനെ ആരാധിക്കാത്തവർ സഹൃദയന്മാരാരും ഉണ്ടായിരിക്കയില്ല.

# മഹാകവി കാളിദാസൻ

“കാവ്യേഷുമാഘഃ,” “കവികാളിദാസഃ” എന്ന വചനാമൃതത്തെ ആസ്വദിയ്ക്കാത്ത കണ്ണുപുടങ്ങൾ ഉള്ളവർ വിദ്യാസമ്പന്നന്മാരായി ഗണിയ്ക്കപ്പെടുന്നവരല്ല. “കാളിദാസാദീനാമിവയശഃ” എന്ന് ആലങ്കാരികന്മാർ പലരും ഉൽഘോഷിയ്ക്കുന്നുണ്ട്. ദിക്കാലാതിവർത്തിയായ ഒരു മാഹാത്മ്യം കാളിദാസകാവ്യത്തിന്നുണ്ടെന്ന സമ്മതിയ്ക്കാത്തവരും സമർത്ഥിയ്ക്കാത്തവരും ലോകത്തിന്റെ ഏതു കോണിലും ഉണ്ടാകുമെന്നു തോന്നുന്നില്ല. മഹാകവി കാളിദാസനേയും അദ്ദേഹത്തിന്റെ കവനതല്ലജങ്ങളേയും കുറിച്ചു വർണ്ണിയ്ക്കാത്ത സഹൃദയന്മാർ ആരും ഇതേവരെ ഉണ്ടായിട്ടില്ല. ഏതു പരിഷ്കൃത കാലത്തിലും ലോകത്തിലും കാളിദാസാപദാനത്തിന്നു പ്രധാനമായ സ്ഥാനമുണ്ട്. ദൃശ്യകാവ്യങ്ങളിൽ ശാകുന്തളവും ശ്രാവ്യകാവ്യങ്ങളിൽ രഘുവംശവുമാണ് അത്യുത്തമങ്ങൾ എന്നു വിശ്വമഹാകവി രവീന്ദ്രനാഥടാഗോർ പലയിടത്തും പ്രസംഗിയ്ക്കയുണ്ടായിട്ടുണ്ടെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. ശാസ്ത്രകാരന്മാർതന്നെ കാളിദാസരെ അപലപിയ്ക്കുന്നതിൽ വിമുഖന്മാരായിരുന്നു. അവർ കാളിദാസപദപ്രയോഗങ്ങൾ മാററുന്നതിൽ ശ്രദ്ധിയ്ക്കുകയോ, ധൈര്യപ്പെടുകയോ ചെയ്തിരുന്നില്ല. “മഹാകവിപ്രയോഗാൽ സാധു” എന്നു മാത്രമാണു കാളിദാസപദങ്ങളെക്കുറിച്ചു ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടുകൊണ്ടിരുന്നതു്. “സകീചകൈർമ്മാരുതപൂർണ്ണരന്ധ്രൈഃ” എന്ന രഘുവംശപദ്യത്തിൽ കീചകശബ്ദത്തിന്നുതന്നെ തുമ്പി തുളച്ചുമുള എന്നർത്ഥമുള്ളതിനാൽ “മാരുതപൂർണ്ണരന്ധ്രൈഃ” എന്ന പദം പുനരുക്തമായില്ലേ എന്നു ശങ്കിച്ചു “വിശിഷ്ടവാചകാനാം പദാനാം സതിപൃഥക് വിശേഷണവാചകപദസമവധാനെ വിശേഷ്യമാത്രപരതായാഃ പ്രായശോദൃഷ്ടത്വാൽ”

എന്നു നിയമം പറഞ്ഞു് ആ ദോഷം പരിഹരിക്കുവാൻ മാത്രമേ നൈയായികൻ മുതിൎന്നിട്ടുള്ളൂ. ഇതുകൊണ്ടൊക്കെ ആ ലോകോത്തരാനന്ദസന്ദായകനായ മഹാകവി അനന്യലഭ്യമായ മാഹാത്മ്യത്തിന്നു് ഇരിപ്പിടമായിരുന്നു എന്നു തെളിയുന്നു. അങ്ങനെയിരിക്കെ അദ്ദേഹത്തിന്റെ ലഘുവായ ചരിത്രം അല്പമൊന്നു പ്രതിപാദിക്കാം.

പ്രാചീനന്മാരും അൎവ്വാചീനന്മാരുമായ പണ്ഡിതന്മാർ കാളിദാസചരിത്രവിഷയകമായിട്ടു കാൎയ്യത്തിൽ ഭിന്നാഭിപ്രായക്കാരാകുന്നു. കാളീപ്രസാദംകൊണ്ടു് ആ മഹാകവിക്കു കാളിദാസൻ എന്ന പേരുകിട്ടി എന്നു പ്രാചീനർ പറയുന്നു. അൎവ്വാചീനർ ആ മഹാകവിയുടെ യഥാൎത്ഥനാമം എന്താണെന്നു് അറിയുന്നില്ല. കാളിദാസൻ എന്നതു് അദ്ദേഹത്തിന്റെ ബിരുദനാമധേയമാണെന്നു് അഭിപ്രായപ്പെടുന്നു. കാളിദാസന്റെ ജന്മഭൂമി ഏതാണെന്നു് അറിയുന്നില്ല. എങ്കിലും അല്പാല്പഗവേഷണഫലമായി അറിയപ്പെട്ട ചില കാൎയ്യങ്ങൾ പ്രസ്താവിക്കാം. ചരിത്രഗവേഷണപടുവായ ഒരു നിരൂപകൻ ഇങ്ങനെ അഭിപ്രായപ്പെടുന്നു.

“കാളിദാസന്റെ ജനനസ്ഥലത്തെപ്പററി മൂന്നു വാദങ്ങളാണു് ഇന്നു നിലവിലിരിക്കുന്നതു്. അദ്ദേഹത്തിന്റെ ജന്മഭൂമി വിദൎഭമാണെന്നു ഒരുകൂട്ടരും, കാശ്മീരമാണെന്നു മററൊരുകൂട്ടരും, മാലവമാണെന്നു വേറെ ചിലരും വാദിക്കുന്നു. പ്രസ്തുത മൂന്നു വാദങ്ങളിൽ മാലവവാദമാണു് ഇന്നത്തെ നമ്മുടെ അറിവിന്റെ സ്ഥിതിക്കു് കൂടുതൽ സ്വീകാൎയ്യമായി തോന്നുന്നതു്. ആലങ്കാരികന്മാരായ ദണ്ഡിയും വാമനനും വൈദൎഭീ, ഗൌഡീ, പാഞ്ചാലീ, ലാടീ എന്ന നാലു രീതികളുടെ നാമങ്ങൾ അവയെ യഥാക്രമം വിദൎഭം, ഗൌഡം, പാഞ്ചാലം, ലാടം, എന്ന പ്രദേശങ്ങളിലെ കവികൾ സ്വീകരിച്ചിരുന്നതിൽനിന്നാണു്, ഉത്ഭവിച്ചതെന്നു സൂചിപ്പിച്ചിട്ടുണ്ടെന്നും,

തന്മൂലം വൈദർഭീരീതിയിലുള്ള കാവ്യങ്ങൾക്ക മകുടോദാഹരണമായിട്ടുള്ള കൃതികളുടെ കർത്താവായ കാളിദാസൻ ജനിച്ചതു വിദർഭയിലായിരിയ്ക്കണമെന്നും വിദർഭവാദക്കാർ വാദിയ്ക്കുന്നു, പ്രസ്തുതനാമങ്ങളുടെ ഉത്ഭവം മുകളിൽ വിവരിച്ച പ്രകാരമായിരിയ്ക്കാമെങ്കിലും പിന്നീട് ഉണ്ടായ കവികളെല്ലാവരും അവരവർ ജനിച്ച ദേശത്തിന്റെ രീതിതന്നെ സ്വീകരിയ്ക്കണമെന്നു നിർബ്ബന്ധമില്ലായ്കയാൽ വിദർഭവാദം സ്വീകാര്യമല്ല. കാളിദാസന്റെ ജന്മഭൂമിയായി വിചാരിയ്ക്കേണ്ടിയിരിയ്ക്കുന്ന മാലവം വിദർഭയ്ക്കും, പാഞ്ചാലത്തിന്നും മദ്ധ്യേ സ്ഥിതിചെയ്തിരുന്നതിനാൽ മാലവത്തിലും വൈദർഭീരിതി പ്രചാരത്തിലിരുന്നു എന്നു വിചാരിയ്ക്കാവുന്നതുമാണ്. ഉത്തരഭരതത്തിലെ, പ്രത്യേകിച്ച കാശ്മീരത്തെ, ഭൂപ്രകൃതിയോട കാളിദാസൻ അടുത്ത പരിചയം പ്രദർശിപ്പിയ്ക്കുന്നതിനാലും ദിവ്യപ്രണയത്തിന്റെ അദ്വൈതഭാവത്തെ ഒരു സിദ്ധാന്തമായി വരിച്ചിരുന്ന കാശ്മീരത്തെ പ്രത്യഭിജ്ഞാനശാസ്ത്രത്തെക്കുറിച്ചുള്ള ഗാഢമായ ജ്ഞാനം അദ്ദേഹത്തിന്റെ കൃതികളിൽ കാണാവുന്നതിലും ആണ ചിലർ അദ്ദേഹത്തിന്റെ ജന്മദേശം കാശ്മീരമാണെന്നു വാദിയ്ക്കുന്നതു്, കാശ്മീരത്തിനു സമീപമുള്ള അളകാപുരിയിലേയ്ക്കു മേഘദൂതിലെ യക്ഷൻ സന്ദേശമയയ്ക്കുന്നതും തങ്ങളുടെ വാദത്തിനു മറ്റൊരു താങ്ങായി ഇവർ കരുതുന്നു. ഇവയെല്ലാം സമ്മതിച്ചാൽ തന്നേയും ഇവയിൽനിന്നു കാളിദാസൻ കാശ്മീരത്തിൽ ജനിച്ചവനാണെന്നു വരണമെന്നില്ല. കാശ്മീരത്തിൽ ദീർഘകാലം പാർത്തു് അവിടത്തുകാരിയായ ഒരു സ്ത്രീയെ വിവാഹം കഴിച്ചിരുന്ന അന്യദേശക്കാരനായ ഒരു പ്രതിഭാശാലിയ്ക്കു് ഈ പരിജ്ഞാനമെല്ലാം കരസ്ഥമാക്കാവുന്നതാണ്. കാശ്മീരത്തെ ഭൂപ്രകൃതിയോടുള്ള പരിചയത്തേക്കാൾ അധികം പരിചയം കാളിദാസന്റെ കൃതികൾ കാണിയ്ക്കുന്നതു പശ്ചിമമാലവത്തിലുള്ള, പ്രത്യേകിച്ച ചർമ്മണ്വാവതി (ചംബൽ) നദിയുടെ വലത്തേക്കരയിൽനിന്നു 15

മെൽ അകലെ സ്ഥിതിചെയ്യുന്നതും യശോവമ്മൻ വിക്രമാദിത്യൻെറ രാജധാനികളിൽ ഒന്നായിരുന്നതുമായ ദശപുരം (മണ്ഡസോർ) എന്ന നഗരത്തിനു സമീപമുള്ള ഭൂപ്രകൃതിയോടാണെന്നു മഹാമഹോപാദ്ധ്യായൻ ഡോക്ടർ ഹരപ്രസാദശാസ്ത്രി സ്ഥാപിച്ചിട്ടുണ്ട്. നേർവഴി വിട്ടുപോകേണ്ടതായി വന്നാലും മാലവത്തിലുള്ള ഉജ്ജയിനിയെ സന്ദശിയ്ക്കണമെന്നുള്ളതായ മേഘത്തോടു മേഘദൂതിലെ യക്ഷൻ പറയുന്നതും ചമ്മണ്ണാവതീനദിയേയും രന്തിദേവനേയും ഘടിപ്പിയ്ക്കുന്ന "ആരാധ്യൈനം ശരവണഭവം" എന്നു തുടങ്ങുന്ന മേഘദൂതിലെ ശ്ലോകവും, ദശപുരത്തിനു സമീപമുള്ള ഗംഭീരാനദിയുടെ തീരത്തു സ്ഥിതിചെയ്തിരുന്നതും, ഖന്ദേരസ (സ്കന്ദരാജാ) എന്ന് ഇന്നു പേരുള്ളതുമായ സ്കന്ദക്ഷേത്രത്തെ പററിപറയുന്ന "തത്രസ്കന്ദം നിയതവസതിം" എന്നുതുടങ്ങുന്ന ശ്ലോകവും മാലവത്തോടു കാളിദാസനുണ്ടായിരുന്ന ഏററവും അടുത്ത പരിചയം കാണിയ്ക്കുന്ന ഋതുസംഹാരത്തിൽ പ്രസ്താവിച്ചിട്ടുള്ള സസ്യമൃഗാദികളുടെ ഒരു പൂർണ്ണമായ പട്ടികയുണ്ടാക്കി അവമുഴുവനും മാലവത്തിലല്ലാതെ മറെറാരു സ്ഥലത്തും കാണുന്നില്ലെന്നും ഡാക്ടർ ഹരപ്രസാദശാസ്ത്രി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാലവത്തിലെ ഭൂപ്രകൃതിയുമായുള്ള ഈ അടുത്ത പരിചയം അവിടെയുള്ള തൻെറ ദീർഘകാലത്തെ താമസം മുഖേന കാളിദാസനു സിദ്ധിച്ചു എന്നു വന്നേയ്ക്കാം. എന്നാൽ പ്രസ്തുത പരിചയത്തോടുകൂടി കാളിദാസനും മാലവരാജാവായ യശോവമ്മവിക്രമാദിത്യനും തമ്മിലുള്ള ബന്ധവും, മാലവ കവിയായ വത്സഭട്ടിയുടെ കവിതയുമായി കാളിദാസനുണ്ടായിരുന്ന പരിചയവും, മാലവത്തിലെ പുഷ്കരതീർത്ഥത്തെ കേന്ദ്രമാക്കി രചിച്ചിട്ടുള്ള പത്മപുരത്തിൽ നിന്നാണ കാളിദാസൻ തൻെറ പ്രധാന കൃതികളായ രഘുവംശത്തിൻേറയും, ശാകുന്തളത്തിൻേറയും, കുമാരസംഭവത്തിൻേറയും ഇതിവൃത്തങ്ങൾ എടുത്തിട്ടുള്ളതു എന്ന് ഇന്നു കണ്ടു

പിടിച്ചിട്ടുള്ള സംഗതിയും കൂട്ടിച്ചേൎത്തു നോക്കുമ്പോൾ, നമ്മുടെ ഇന്നത്തെ അറിവിന്റെ സ്ഥിതിക്കു മാളവമാണു കാളിദാസന്റെ ജന്മഭൂമി എന്നുള്ള വാദമാണു കൂടുതൽ സ്വീകാൎയ്യമായിരിക്കുന്നതെന്നു സമ്മതിച്ചേ മതിയാവൂ."

കാളിദാസന്റെ നാമം എന്തായിരുന്നു എന്നു പരിശോധിച്ചുനോക്കാം. പൌരാണികരുടെ അഭിപ്രായപ്രകാരം വെറും മൂഢനായിരുന്ന ഒരാൾ കാളീപ്രസാദത്താൽ കവിയായതോടുകൂടി കാളിദാസൻ എന്ന പേരോടുകൂടിയവനായി എന്നു സമ്മതിക്കണമല്ലോ. നവീനന്മാരിൽ ചിലർ കാളിദാസന്റെ പേർ "മേധാവിരുദ്രൻ" എന്നായിരുന്നു എന്നു പറയുന്നു. ചിലർ കാളിദാസനു കോടിജിത്തു് എന്നാണു പേർ എന്നു വാദിക്കുന്നു. കോടിജിത്തു് എന്നു പേർവരുവാൻ കാരണം, അദ്ദേഹത്തിന്റെ പ്രതിഭ പരമകോടിയെ അതിശയിക്കുകകൊണ്ടോ, "കോടി" എന്ന പണ്ഡിതനെ വാദത്തിൽ തോല്പിച്ചതുകൊണ്ടോ ആയിരിക്കണമെന്നാണു് ഇവരുടെ മതം. രഘുകാരൻ എന്നു ചിലർ കാളിദാസന്റെ പേരാണെന്നു പറയുന്നു. എന്നാൽ, ഇതു് രഘുവംശവിരചനക്കുശേഷം വന്നതാവാനേ തരമുള്ളു. അൎവ്വാചീനരുടെ അഭിപ്രായങ്ങളിൽ മേധാവിരുദ്രൻ എന്ന പേരാണു കാളിദാസനുള്ളതെന്നു തെളിയിക്കുവാൻ കഴിയും. ഭാമഹൻ എന്ന പൌരാണികാലങ്കാരികൻ കാളിദാസനുശേഷം ജീവിച്ചിരുന്ന ആളാണെന്നു തെളിയിക്കാൻ കഴിയുന്നതാകുന്നു. അദ്ദേഹം പലയിടങ്ങളിലും സ്മരിച്ചിരിക്കുന്ന മേധാവിരുദ്രൻ നമ്മുടെ കാളിദാസരാണെന്നു പറയണം. മേധാവി എന്നതു് ഒരു ഗോത്രത്തിന്റെ പേരാണു്. കാഞ്ചീപുരത്തെ പല്ലവരാജാവായ നന്ദിവൎമ്മൻ പല്ലവമല്ലന്റെ ചെമ്പുപട്ടയത്തിൽ, അതു രചിച്ചതു മേധാവീകുലത്തിലെ ചന്ദ്രദേവന്റെ പുത്രനായ പരമേശ്വരനാണെന്നു പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടു് മേധാവി എന്നതു വംശപ്പേരാകയാൽ കേവലം രുദ്രൻ എന്നു

തന്നെയാണു കാളിദാസ നാമധേയമെന്നു തെളിയുന്നു. രുദ്രഭട്ടൻ എന്ന കവി ഒരു അലങ്കാരശാസ്ത്രവും ശൃംഗാരതിലകമെന്ന കൃതിയും വിരചിച്ചു എന്നു പറഞ്ഞുവരുന്നുണ്ടു്. ശൃംഗാരതിലകം കാളിദാസന്റേതാണെന്നു മിക്കവരും പാകയും ചെയ്യുന്നു. ഇതുകൊണ്ടും കാളിദാസന്റെ പേരു രുദ്രഭട്ടൻ എന്നായിരുന്നു എന്നു കാണിയ്ക്കുന്നു ഈ പേരിനെപ്പററി ആലോചിച്ചുനോക്കുമ്പോൾ ആ മഹാകവി ജാതിയിൽ ബ്രാഹ്മണനായിരുന്നു എന്നു നിശ്ചയിയ്ക്കാം.

കാളിദാസന്റെ കാലത്തെക്കുറിച്ചും അല്പം പ്രതിപാദിയ്ക്കാം. രവികീൎത്തി എന്ന ഒരു ജൈനകവി ബോംബേ പ്രസിഡൻസിയുടെ തെക്കുള്ള അയ്യാവോളെ എന്ന സ്ഥലത്തെ ജൈനക്ഷേത്രത്തിൽ എ. ഡി. 624-ൽ കൊത്തിയിട്ടുള്ള ശിലാലേഖനത്തിൽ കാളിദാസന്റെ പേരു പ്രസ്താവിയ്ക്കുന്നുണ്ടു്. രഘുവിന്റെ ദിഗ്വിജയത്തെ വൎണ്ണിയ്ക്കുന്ന രഘുവംശത്തിലെ നാലാംസൎഗ്ഗത്തെ മാതൃകയാക്കിയും അതിലെ ചില പദങ്ങളെ കവൎന്നുമാണു രവികീൎത്തി മുൻപറഞ്ഞ ശിലാലേഖനം മുഴുമിപ്പിച്ചിട്ടുള്ളതു്. ഈ ശിലാലേഖനത്തിൽ ദക്ഷിണാപദത്തിലെ ചാലുക്യചക്രവൎത്തിയായ പുലകേശി രണ്ടാമന്റെ പ്രശസ്തിയായിരുന്നു വൎണ്ണിച്ചിരുന്നതു്. രഘുവംശത്തിലെ "യഥാവിധി ഹുതാഗ്നീനാം, യഥാ കാമാൎച്ചിതാൎത്ഥിനാം" എന്നതിനെ എ. ഡി. 602-ൽ കൊത്തപ്പെട്ട ചാലുക്യരാജാവായ മംഗളീശന്റെ മഹാകൂടസ്തംഭലേഖനത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. കംബോഡിയായിൽ എ. ഡി. ഏഴാം ശതാബ്ദത്തിന്റെ പൂൎവ്വാൎദ്ധത്തിൽ കൊത്തപ്പെട്ടിട്ടുള്ള ശിലാലേഖനങ്ങൾ അവയുടെ കൎത്താക്കന്മാർ രഘുവംശം വായിച്ചിരുന്നു എന്നു കാണിയ്ക്കുന്നു. കാളിദാസന്റെ പേരു് ആദ്യമായി പറഞ്ഞു് അദ്ദേഹത്തെ സ്മരിയ്ക്കുന്നതു് എ. ഡി. 607 മുതൽ 648 വരെ നാടുവാണിരുന്ന ഹൎഷചക്രവൎത്തിയുടെ സദസ്യനായ ബാണനാ

കുന്നു. ബാണന്റെ മുമ്പിലത്തെ തലമുറയിൽ ജീവിച്ചിരുന്ന സുബന്ധു തന്റെ വാസവദത്തയിൽ കാളിദാസകൃതികളെ ഉപജീവിച്ച് എഴുതിയതായി തോന്നിയ്ക്കുന്ന പല ഭാഗങ്ങളുമുണ്ട്. ഇങ്ങനെ ചുരുക്കം ചില ലക്ഷ്യങ്ങളെ ലാക്കാക്കി നോക്കുമ്പോൾ, എ. ഡി. ഏഴാം ശതാബ്ദത്തിലെ ശിലാലേഖനങ്ങളിൽനിന്നും കാവ്യങ്ങളിൽനിന്നും യുക്തികൾ പരിശോധിയ്ക്കുമ്പോൾ എ. ഡി. 600-ന്നു മുമ്പു കാളിദാസൻ ജീവിച്ചിരുന്നു എന്നു പറയാവുന്നതാകുന്നു.

ഈ മഹാകവിയുടെ കൃതികളെക്കുറിച്ചു പല സന്ദർഭത്തിലും സ്മരിച്ചിട്ടുള്ളതുകൊണ്ടും പ്രതിപാദിയ്ക്കുകമൂലവും ഇവിടെ എടുത്തുപറയുന്നില്ല. മാത്രമല്ല അതു ഗ്രന്ഥവിസ്തരഭയത്താൽ ക്ഷിപ്രസാദ്ധ്യവുമല്ല.

# സുകുമാര മഹാകവി

സുലളിതകോമളകലയായ സാഹിത്യത്തിൻെറ വാചാമഗോചരമായ സൌകമാൎയ്യം സുകമാരനിൎമ്മിതമായ ശ്രീ കൃഷ്ണവിലാസത്തിൽ അത്യന്തം പ്രതിബിംബിച്ചിട്ടുണ്ടെന്നു സൎവ്വലോകവിദിതമായ സംഗതിയത്രേ. ഉച്ചണ്ഡവാക്ചാതുൎയ്യത്തിന്നു മാത്രം മനസ്സിരുത്താതെ അൎത്ഥഗാംഭീൎയ്യവും സരളപദസൌന്ദൎയ്യവും സൎവ്വോപരി മികച്ചുനില്ക്കുന്ന മാധുൎയ്യവും ദ്രാക്ഷാപാകത്തിലിണക്കിയിരിക്കുന്ന പദരചനാപ്രസാദാദികളും തിങ്ങിവിളങ്ങി പ്രകാശിക്കുന്നതും സഹൃദയന്മാരെ വിശേഷാന്തരാനന്ദാമൃതത്തിൽ മുഴുകിപ്പിക്കുന്നതുമാണു കൃഷ്ണവിലാസമഹാകാവ്യം. വിദ്യാൎത്ഥികൾക്കും സഹൃദയന്മാൎക്കും ഒരുപോലെ പ്രയോജനപ്രദമായ ഒരു കാവ്യം കൃഷ്ണവിവീലാസത്തിന്നു തുല്യമായി മറെറാന്നില്ലതന്നെ. അതിൻെറ ഏവംവിധമായ ഗുണോൽകൎഷത്താലായിരിക്കുന്നു അതിന് അനന്യസുലഭമായ പ്രചാരവും അനിൎവ്വചനീയമായ മാഹാത്മ്യവും ലഭിച്ചിരിക്കുന്നതു്. പൌരസ്ത്യഭാഷാഭിമാനികളായ കേരളീയർ ഈ സുലളിതകാവ്യത്തെ എത്രകണ്ടു ബഹുമാനിക്കുന്നു എന്നുള്ള സംഗതി പറഞ്ഞറിയിക്കത്തക്കതല്ല.

ശ്രീ കൃഷ്ണവിലാസമഹാകാവ്യത്തിൻെറ കൎത്താവു മഹാകവി സുകുമാരനാകുന്നു എന്നു "ഇതി ശ്രീ കൃഷ്ണവിലാസെ സുകുമാരസ്യകൃതൌ എന്നു സൎഗ്ഗാവസാനത്തിൽ എഴുതിക്കാണുന്നതുകൊണ്ടു തീൎച്ചയാക്കാം. ഈ മഹാകാവ്യത്തിൻെറ വ്യാഖ്യാതാവായ രാമപാണിവാദൻ പറഞ്ഞിരിക്കുന്നു.

"സുകുമാരകവേർവാചാം
വിലാസ:കൃഷ്ണഗോചര:
സുകുമാരപദാൎത്ഥശ്രീ:
ശേമുഷീം മേ വിശോധയേൽ"

എന്ന പദ്യംകൊണ്ടും അതിന്റെ കൎത്താവു സുകുമാരൻ തന്നെയെന്നു തെളിയുന്നു. ഈ സുകുമാരൻ കേരളീയൻതന്നെയെന്നാണു മലയാളികൾ വിശ്വസിച്ചുവരുന്നതു്. ചില പണ്ഡിതന്മാർ, ചോളദേശക്കാരനും രഘുവീരചരിതനാടകത്തിന്റെ കൎത്താവുമായ ഭട്ടസുകുമാരനും, കൃഷ്ണവിലാസകൎത്താവായ സുകുമാരനും ഒരാൾ തന്നെയാണെന്നു് അഭിപ്രായപ്പെടുന്നു. ഈ വാദം ശരിയാണെന്നുവന്നാൽ സുകുമാരൻ പരദേശക്കാരനാണെന്നു പറയേണ്ടിവരും. എങ്കിലും ഈ അഭിപ്രായം തീരെ സ്വീകാൎയ്യമായിരിക്കുന്നില്ല. രണ്ടു സുകുമാരന്മാരും ഭിന്നന്മാർതന്നെയാണെന്നു തീൎച്ചപ്പെടുത്തുന്നതിനാണു യുക്തിയുള്ളതു്.

സുകുമാരനു ഭട്ടൻ എന്ന പേരിൽ പ്രസിദ്ധിയുണ്ടെങ്കിൽ കൃഷ്ണവിലാസത്തിന്റെ സൎഗ്ഗാവസാനഭാഗത്തിലും അതു ചേൎത്തുകാണുമായിരുന്നു. അങ്ങനെ എഴുതിക്കാണുന്നുമില്ല. ഈ രണ്ടുകവികളുടേയും കവിതകളുടെ സ്വഭാവം നോക്കുമ്പോൾ വളരെ അധികം വൈലക്ഷണ്യമുണ്ടുതാനും. ഭട്ടസുകുമാരന്റെ കൃതി, ഓജസ്സ്, പ്രൌഢി മുതലായ ഗുണങ്ങളോടും നീണ്ടസമാസപദങ്ങളോടും കൂടിയതാകുന്നു. കൃഷ്ണവിലാസത്തിലാണെങ്കിൽ സുലളിതപദരചനയും മററുമാണുള്ളതു്. അതുകൊണ്ടു ഭട്ടസുകുമാരനും കൃഷ്ണവിലാസകാരനും ഒന്നാകുന്നില്ല. സഹൃദയഹൃദയാഹ്ലാദകത്വവിഷയത്തിലും കൃഷ്ണവിലാസത്തോടു കിടപിടിക്കുവാൻ ഭട്ടസുകുമാരന്റെ കൃതിക്കു കഴിവില്ല.

ചോളദേശകവിയായ ഭട്ടസുകുമാരന്റെ പിതാവു ശങ്കരനും മാതാവു പാൎവ്വതിയും ആകുന്നു. അദ്ദേഹത്തിനു ഭാരതീഭൂഷണൻ എന്നു് ഒരു ബിരുദപ്പേരുണ്ടായിരുന്നുവത്രേ. ശ്രീരംഗനാഥഭക്തനാണു് ഈ കവി എന്നറിയപ്പെടുന്നു. രഘുവീരചരിതനാടകം ഇദ്ദേഹത്തിന്റെ പ്രധാനകൃതിയാണു്.

കേരളീയ കവികളുടെ കവിതാരീതിയ്ക്കു ചില സഹജങ്ങളായ വിശേഷഗുണങ്ങൾ ഉള്ളവ മിക്കവയും കൃഷ്ണവിലാസത്തിൽ കാണാകുന്നതാകുന്നു. അതിന്നുദാഹരണമായി താഴെ കാണിയ്ക്കുന്ന പദ്യം നോക്കുക.

"പശ്യമാതുലമിതി പ്രദർശിതം
യാമിനീഷുഗഗനേയശോദയാ
ആജുഹാവലലിതേനപാണിനാ
ശീതഭാനുമരവിന്ദലോചനഃ"

എന്നതുകൊണ്ടു സ്ത്രീകൾ സന്ധ്യയ്ക്കു മുററത്തുനിന്നു കുട്ടികളെ "അമ്പിളിയമ്മാമനെ" കാണിച്ചുകൊടുത്തു വിനോദിപ്പിയ്ക്കുന്നതിന്റെ ചിത്രം പ്രകാശിപ്പിയ്ക്കുകമൂലം സുകുമാരൻ കേരളീയനാണെന്നു നിർണ്ണയിയ്ക്കുന്നതിൽ ഒട്ടുംതന്നെ തെററില്ലെന്നു സമ്മതിയ്ക്കണം.

ഇങ്ങനെ പല കാരണങ്ങളാലും സുകുമാരകവി കേരളീയനാണെന്നും ഭട്ടസുകുമാരനിൽനിന്നും ഭിന്നനാണെന്നും സമത്ഥിയ്ക്കേണ്ടിയിരിയ്ക്കുന്നു. മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും പണ്ഡിതരാജൻ പുന്നശ്ശേരി നീലകണ്ഠശർമ്മ മുതലായവരും സുകുമാരന്റെ കേരളീയത്വത്തിൽ അഭിപ്രായമുള്ളവരാകുന്നു. ഇവരുടെ പരിശ്രമത്തിൽ വളരെക്കാലം നടത്തിയിരുന്ന "കേരള ഗ്രന്ഥമാല"യിൽ ചേർത്തു കൃഷ്ണവിലാസം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

സുകുമാരകവിയെപ്പററി പഴമക്കാരുടെ ഇടയിൽ ഒരു ഐതിഹ്യം ഇന്നും നടപ്പുണ്ടു്. സുകുമാരൻ വിദ്യാത്ഥിയായിരുന്ന കാലത്തു് ഒരു ഗുരുദ്രോഹം ചെയ്യുന്നതിന്നു ഒരുങ്ങി. അതിന്നുകാരണം ഗുരു തന്നെ എല്ലായ്പോഴും ഇതരന്മാരായ അന്തേവാസികളേക്കാൾ കൂടുതൽ ശാസിയ്ക്കുന്നതുകൊണ്ടാണെന്നും അറിയപ്പെടുന്നു. ഒരു ദിവസം ഗുരു സുകുമാരനെ കണക്കിലധികം ശിക്ഷിച്ചു. അപ്പോൾ ആ വിദ്യാത്ഥിയായ സുകുമാ

രൻ ഗുരുവിനെ അദ്ദേഹം കിടക്കുന്ന മുറിയുടെ തട്ടിൻപുറത്തു കയറി ഒളിച്ചിരുന്നു ഒരു വലിയ കല്ലിട്ടുകൊല്ലുവാൻ തീരുമാനിച്ചു. അന്നു വിമലാംബരത്തിൽ മേഘാദിമാലിന്യലേശമെന്നിയേ അമ്പിളിമാമൻ തിളങ്ങിവിളങ്ങിക്കൊണ്ടുനില്ക്കുകയായിരുന്നു. ഗുരുവും പത്നിയും കിടപ്പറയിൽ കിടക്കുമ്പോൾ അമൃതകിരണൻെറ വെൺകിരണകന്ദളങ്ങൾ ആ മുറിയുടെ ജാലരന്ധ്രത്തിൽക്കൂടിവന്നു് അവരുടെ അംഗങ്ങളെ കോൾമയിർക്കൊള്ളുമാറു പുണരുകയും ഗുരുപത്നി ഗുരുവിനോടു— "ഹാ ഈ ചന്ദ്രൻെറ മോഹന ബിംബം എത്രയധികം ആഹ്ലാദകമാണു്" എന്നു പറയുകയും ചെയ്തു.

ഗുരു—"ഇതിൽ ഞാനൊട്ടും ആശ്ചര്യപ്പെടുന്നില്ല. ചന്ദ്രബിംബത്തേക്കാൾ ആനന്ദദായകമാണു് എൻെറ സുകുമാരൻെറ മുഖം"

പത്നി—എന്നാൽ എന്തുകൊണ്ടാണു് അവിടുന്നു് ആയാളെ അത്യന്തം ശിക്ഷിയ്ക്കുന്നതു്?

ഗുരു—"ആയാൾ ശാസിയ്ക്കുകമൂലം ഇനിയും നന്നാവട്ടെ എന്നു കരുതി"

പത്നി—"ഇതു് എനിയ്ക്കു പിടിയ്ക്കുന്നില്ല, അത്ര വാത്സല്യമുണ്ടെങ്കിൽ ഇങ്ങനെ ശാസിയ്ക്കുകയില്ല."

ഗുരു—"തീർച്ചയായും എനിയ്ക്കു് എൻെറ പ്രിയശിഷ്യനിൽ ഉള്ളിടത്തോളം വാത്സല്യം മറ്റൊന്നിനോടില്ല."

ഇങ്ങനെ ഗുരുപത്നിമാർ പരസ്പരം സംഭാഷണം ചെയ്തു കിടക്കുമ്പോൾ ഗുരുഹിംസയ്ക്കു് ഒരുമ്പെട്ട സുകുമാരൻ കല്ലു താഴത്തിട്ടു് ഇറങ്ങിവന്നു സാക്ഷയിട്ട വാതിൽ മുട്ടി ഗുരുവിനെ വിളിച്ചു ഗുരുഹിംസയിൽ ഏർപ്പെട്ട ആളിൻെറ പാപപരിഹാരത്തിന്നു് എന്തു ചെയ്യണമെന്നു ചോദിച്ചു. സുകുമാരനാണു് ഈ പാപത്തിന്നു ഒരുങ്ങിയതെന്നു് അറിയാത്ത ഗുരു, "ഉമിത്തീയിൽ ദേഹം ദഹിപ്പിച്ചു കളയണം" എന്നു മറുപടി

പറഞ്ഞു. സുകുമാരൻ വലിയ ഹോമകുണ്ഡമുണ്ടാക്കി തന്റെ ദേഹം ഭസ്മമാക്കിക്കളെയുകയും ചെയ്തു. ഈ ഐതിഹ്യം തീരെ തെററാണെന്നു പറവാൻ ഇയ്യുള്ളവൻ ഒരുക്കമില്ല. സുകുമാരൻ പ്രഭാകരൻ എന്ന പേരുകൊണ്ടും വിളിയ്ക്കപ്പെടാറുണ്ടത്രേ.

ശ്രീകൃഷ്ണവിലാസം അപൂർണ്ണമായ ഒരു മഹാകാവ്യമാണല്ലോ. അതിനെ പൂരിപ്പിയ്ക്കുവാൻവേണ്ടി കാളിദാസൻ—"പശ്യപ്രിയേ കൊങ്കണഭൂവിഭാഗാൻ" എന്നു വിരചിച്ചപ്പോൾ "പട്ടിന്റെകൂടെ വാഴനാരു ചേർക്കേണ്ട" എന്ന അശരീരിവാക്കുണ്ടായി എന്നും ഐതിഹ്യദ്രഷ്ട്യാ അറിയപ്പെടുന്നു. എന്നാൽ ഈ ഐതിഹ്യത്തിന്നു യുക്തി മതിയാകുന്നില്ല. ഇതു ശരിയാണെങ്കിൽ കാളിദാസനേക്കാൾ പ്രാചീനനാണു സുകുമാരൻ എന്നു പറയേണ്ടിവരും. അതു് അവാസ്തവമത്രേ. കാളിദാസരേക്കാൾ അപ്രാചീനതയാണു സുകുമാരനു് ഉള്ളതെന്നതിന്നു പല യുക്തികളുമുണ്ടു്. രഘുവംശമഹാകാവ്യത്തെ സുകുമാരൻ പല സന്ദർഭത്തിലും അനുകരിച്ചിട്ടുണ്ടു്. കൃഷ്ണവിലാസത്തിന്നു രഘുവംശത്തേക്കാൾ അപ്രാചീനത ഉണ്ടെന്നു പറവാൻ പല പ്രമാണങ്ങളും കാണാം. മുൻപറഞ്ഞ ഐതിഹ്യം കൃഷ്ണവിലാസത്തിന്നു രഘുവംശത്തേക്കാൾ മെച്ചമുണ്ടെന്നു സ്ഥാപിയ്ക്കുവാനായിരിയ്ക്കാം. പക്ഷെ, കാവ്യരോചനാപരിപാകധിഷണന്മാരായ സഹൃദയന്മാർ അക്കാര്യത്തിൽ വിമുഖന്മാരാവാനേ വഴിയുള്ളൂ, കൃഷ്ണവിലസമെന്നല്ല, പൌരസ്ത്യസാഹിത്യത്തിൽ രഘുവംശത്തെ ജയിയ്ക്കുന്ന മഹാകാവ്യം മറെറാന്നില്ല. ശ്രീകൃഷ്ണവിലാസമഹാകാവ്യത്തെക്കുറിച്ചു വടക്കുങ്കൂർ രാജരാജവർമ്മ അവർകൾ താഴെ കാണിയ്ക്കുംപ്രകാരം എഴുതിയിരിയ്ക്കുന്നതു് ഇവിടെ ഉദ്ധരിയ്ക്കാം.

"ശ്രീമഹാഭാഗവതം ദശമസ്കന്ധത്തിൽ വിവരിയ്ക്കുന്ന ശ്രീകൃഷ്ണഭഗവാന്റെ ലീലകളാണു ശ്രീകൃഷ്ണവിലാസകാവ്യത്തിലെ ഇതിവൃത്തം. ഭൂമിദേവി അസുരപീഡയാൽ നേരിട്ട സങ്കടം ബ്രഹ്മാവിനെ അറിയിയ്ക്കുന്ന കഥാംശത്തോടുകൂടി കാവ്യമാരംഭിയ്ക്കുന്നു. പാരിജാതഹരണം കഴിഞ്ഞു ഭഗവാൻ

സത്യഭാമയോടുമൊരുമിച്ചു ഗരുഡന്റെ പുറത്തുകയറി ആകാശത്തിൽക്കൂടി തിരിയേ ദ്വാരകയിലേയ്ക്കു മടങ്ങുകയും അപ്പോൾ വഴിയ്ക്കുകാണുന്ന ദേശങ്ങളെ ദേവിയ്ക്കു കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. പന്ത്രണ്ടാംസർഗ്ഗം 76-ാം ശ്ലോകത്തിന്റെ പൂർവ്വാർദ്ധത്തോടുകൂടി കാവ്യം അവസാനിയ്ക്കുന്നു.

"അസ്മിൻവസന്തോ വിഷയേ മനുഷ്യാ
ന്നസ്വർഗ്ഗമിച്ഛന്തി ന ചാപവർഗ്ഗം"

എന്നാണ് എഴുപത്തിയാറാമത്തെ പദ്യത്തിന്റെ പൂർവ്വാർദ്ധം. ഈ ഭാഗം നിർമ്മിച്ചതോടുകൂടി കവിയുടെ നാക്കിനു തീപിടിച്ചു എന്നും അങ്ങനെ കാവ്യം അവസാനിച്ചു എന്നും ആണ് ഐതിഹ്യം.

കൃഷ്ണവിലാസത്തിനു രഘുവംശത്തിന്റെ അനുകരണമുണ്ടെന്നു മുമ്പു പറഞ്ഞുവല്ലോ. അതുപോലെ കുമാരസംഭവവും അനുകരിച്ചു നിർമ്മിച്ച കാവ്യമാണു കൃഷ്ണവിലാസമെന്നും പറയണം. ഒന്നാമതായി മേരുവർണ്ണനത്തിനു മാർഗ്ഗപ്രദർശകമായിട്ടുള്ളതു കുമാരസംഭവത്തിലെ ഹിമവദ്വർണ്ണനമാകുന്നു. കാളിദാസന്റെ കുമാരസംഭവത്തിലെ ആദ്യത്തെ "അസ്തി" പദപ്രയോഗംതന്നെ സുകുമാരൻ കൃഷ്ണവിലാസത്തിൽ "അസ്തി ശ്രീയഃ" എന്നതുകൊണ്ടു് അനുകരിച്ചിരിയ്ക്കുന്നു. രഘുവംശത്തിൽ 16-ാം സർഗ്ഗത്തിലെ അയോദ്ധ്യാശ്രീയുടെ കുശനോടുള്ള സങ്കടം ബോധിപ്പിയ്ക്കലിനെ, കാളിയന്റെ ഉപദ്രവംകൊണ്ടു വിവശയായ കാളിന്ദിഭഗവാനോടു് ഉണർത്തിയ്ക്കുന്ന സങ്കടപ്രസ്താവം അനുകരിച്ചിട്ടുണ്ടു്. രചനാരീതികൊണ്ടും ശയ്യാപാകാദികൾകൊണ്ടും രഘുവംശത്തെ കൃഷ്ണവിലാസം അനുകരിച്ചിട്ടുണ്ടു് എന്നു പറയണം. രഘുവംശം 13-ാം സർഗ്ഗത്തിലെ, പുഷ്പകവിമാനത്തിൽക്കൂടിയുള്ള ശ്രീരാമന്റെ വിമാനയാത്രയെ കൃഷ്ണവിലാസം പന്ത്രണ്ടാം സർഗ്ഗത്തിലെ വ്യോമയാത്ര തീർച്ചയായും അനുകരിച്ചിട്ടുണ്ടു്. രഘുവംശത്തിലെ സമുദ്രവർണ്ണനവും കൃഷ്ണവിലാസത്തിലെ സമുദ്രവർണ്ണനവും ഏതാണ്ടു് ഒരേമാതിരിയിരിയ്ക്കുന്നു. എല്ലാംകൊണ്ടും ആലോചി

ച്ചുനോക്കിയാൽ സുകുമാരൻ കാളിദാസഭക്തനും അദ്ദേഹത്തിന്റെ അനുയായിയുമാണെന്നു തെളിയും.

ഇനി കൃഷ്ണവിലാസത്തിലെ കവിതാസ്വഭാവത്തെക്കുറിച്ചും സ്വല്പം പ്രതിപാദിക്കാം. സുകുമാരൻ സുകുമാരപദരചനയിൽ ഒന്നാമതായി ശ്രദ്ധിക്കുന്ന ആളാണെന്നു തെളിയുന്നതാകുന്നു. അദ്ദേഹത്തിന്റെ ഏതു പദ്യങ്ങൾക്കും ആ ഒരു ഗുണവിശേഷം വിശേഷിച്ചുമുണ്ടെന്നു പറയാവുന്നതാണു്. പ്രസാദവും ഭക്തിരസവും കൃഷ്ണവിലാസത്തിന്റെ യോഗ്യതയെ വിളിച്ചുപറയുന്നു. അല്ലയോ സഹൃദയന്മാരേ! നിങ്ങൾ താഴെ കാണിക്കുന്ന പദ്യത്തിന്റെ മാധുര്യമൊന്നു് ആസ്വദിച്ചുനോക്കുവിൻ!

"ആനന്ദയാമാസദിവൌകസസ്താ-
നാഘ്രാതശേഷോമുനി മണ്ഡലേന
പ്രകാമപുണ്യഃ പവനോപനീതോ
വൈകുണ്ഠവക്ഷസ്ഥലസീസുഗന്ധഃ"

പദങ്ങളുടെ കോലാഹലവും ആർഭാടവും അധികമില്ലാതെ ആവശ്യകമായ അർത്ഥം രസതുന്ദിലമായി വ്യംഗ്യാദിചർവ്യമാണമായിരിക്കുമ്പോൾ ഒരു സഹൃദയനു് ഉണ്ടാകുന്ന ആനന്ദവിശേഷം അവാച്യമാകുന്നു. ഈ വാസ്തവം മുകളിൽ ഉദ്ധരിച്ച, അത്യുൽകൃഷ്ടവും അക്ലിഷ്ടവുമായ പദ്യംകൊണ്ടു പ്രകാശിക്കുന്നുണ്ടല്ലോ. ശബ്ദാലങ്കാരത്തോടു് ഇണങ്ങുന്ന അർത്ഥാലങ്കാരവും അർത്ഥാലങ്കാരത്തോടു യോജിക്കുന്ന ശബ്ദാലങ്കാരവും കൃഷ്ണവിലാസത്തിന്റെ ഔൽകൃഷ്ട്യത്തെ ഉദ്ദീപിപ്പിക്കുന്നുണ്ടു്. ശ്രീകൃഷ്ണവിലാസത്തിന്റെ മാഹാത്മ്യത്തെ പ്രകാശിപ്പിക്കുന്ന പല പദ്യങ്ങളും ഉദാഹരണമായി ഉദ്ധരിക്കുവാനുണ്ടെങ്കിലും ഗ്രന്ഥത്തിലെ സ്ഥലദൌർലഭ്യത്താൽ അതു മറ്റൊരു സന്ദർഭത്തിലേക്കു നീട്ടിവെക്കുന്നു.

# ഉദ്ദണ്ഡശാസ്ത്രികൾ.

പുരാതനകാലത്തു പൌരസ്ത്യസാഹിത്യത്തിന്നു പ്രചുരപ്രചാരം ഉള്ളേടത്തോളം ഇപ്പോൾ ഇല്ലെന്നു തീൎച്ചയാണു്. ദാരിദ്ര്യപീഡയനുഭവിച്ചു വല്ലാതെ കുഴങ്ങിത്തുടങ്ങി നമ്മുടെ അമ്മയായ അമരഭാരതി എന്നുള്ള വസ്തുത വ്യസനസമേതം പറയേണ്ടിവന്നിരിക്കുന്നു. "പണ്ഡാ തത്വാനുഗാ ബുദ്ധിൎയ്യസ്യ സഃ പണ്ഡിതഃ" എന്ന വ്യുൽപ്പത്തിസിദ്ധമായ അൎത്ഥത്തിന്നു അൎഹന്മാരായ പണ്ഡിതന്മാർ ഇപ്പോൾ ഇല്ലാതായി. സാഹിത്യശാസ്ത്രാദികൾ കാലവ്യയം ചെയ്തും വിഷമിച്ചും പഠിച്ചുണ്ടാക്കുവാൻ ജനങ്ങൾ വിമുഖന്മാരായിത്തീൎന്നു. ഇതിന്നെല്ലാം പ്രധാനകാരണം പ്രഭുക്കന്മാരും പാൎത്ഥിവന്മാരും മററും പ്രോത്സാഹനാദികൾ കൊടുക്കാതെ ജീവിതത്തിൽ വിഷമിക്കുന്നവരെ അങ്ങനെതന്നെ കഷ്ടപ്പെടുത്തുകകൊണ്ടാണു്. ദുൎവ്യയത്തിന്നു കണ്ണടച്ചു പണം ചിലവാക്കുമ്പോൾ കലാപോഷണം കവിമാൎഗ്ഗപാലനം മുതലായ ഉത്തമധൎമ്മങ്ങളിൽ ഇക്കൂട്ടർ വിമുഖന്മാരാകുന്നതു ഒട്ടുംതന്നെ അഭിമാനകരമല്ല. നമുക്കു മുന്നോട്ടൊന്നു കണ്ണോടിക്കുമ്പോൾ കാണാം മാനവിക്രമശക്തൻ സാമൂതിരിപ്പാടു മുതലായവർ ചെയ്തിരുന്ന അഭിവന്ദ്യമായ സാഹിതീസേവനം. യഥാൎത്ഥപണ്ഡിതനും കവിയുമായ അവിടുന്നു് എത്രയെത്ര കവികളേയും എത്രയധികം പണ്ഡിതകേസരികളേയും പുലൎത്തിവന്നിരുന്നു എന്നതിന്നു പതിനെട്ടരക്കവികൾ സമ്മേളിച്ചു വന്നിരുന്ന വിദ്വൽസദസ്സുതന്നെ വലിയ പ്രമാണമാകുന്നു.

സാഹിത്യസാമ്രാജ്യസാൎവ്വഭൌമനും വിക്രമവൈദുഷ്യാദികൾകൊണ്ടു് അസാമാന്യശക്തനുമായ മാനവിക്രമ മഹീവല്ലഭൻ,

"ഉദ്ദണ്ഡഃ പരദണ്ഡഭൈരവ! ഭവദ്യാത്രാസു ജൈത്രശ്രിയോ
ജേതുഃ കേതുരതീത്യസൂര്യസരണിംഗച്ഛന്നിവാശ്വസ്തയാ
നോമേത്തൽപടസമ്പുടോദരലച്ഛാർദ്ദൂലമുദ്രാദ്രവൽ-
സാരംഗം ശശിബിംബമേഷ്യതിതുലാം തൽപ്രേയസീനാം
മുഖൈഃ"

ഈ ശബ്ദാർത്ഥഗംഭീരപദ്യത്താൽ പരിതോഷിപ്പിക്കപ്പെട്ട് "ഉദണ്ഡൻ" എന്ന ബിരുദംകൊടുത്തതും വാങ്ങി ഉജ്വലിക്കുന്ന ഉദ്ദണ്ഡശാസ്ത്രികളെക്കുറിച്ച് അല്പമെങ്കിലും പ്രസ്താവിക്കുന്നതു് അത്യാവശ്യകമാകുന്നു. ശാസ്ത്രികളുടെ അപദാനത്തെ പ്രശംസിച്ചു് ഒരു നിരൂപകൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"അടുത്തതായി നമ്മുടെ ശ്രദ്ധയെ അർഹിക്കുന്ന കവി മഹാനഭാവനായ ഉദ്ദണ്ഡശാസ്ത്രികളാകുന്നു. കേരളത്തിലെ സംസ്കൃതസാഹിത്യത്തിനു് ഉദണ്ഡൻെറ പേരിനോടു സംഭവിച്ചിരിക്കുന്നതുപോലെ അത്ര ദൃഢമായ ബന്ധം മററൊരു പരദേശകവിയുടേയും നാമത്തോടു് ഉണ്ടായിട്ടുണ്ടെന്നു കാണുകയില്ല. ജന്മനാ പരദേശിയെങ്കിലും കർമ്മണാ ഒരു കേരളീയനായി സകലവിദ്വജ്ജനങ്ങളുടേയും അകൈതവബഹുമതിക്കു പാത്രമായി ജീവിതത്തിൻെറ ഭൂരിഭാഗവും കേരളത്തിൽനയിച്ചു സാഹിത്യവ്യവസായം ചെയ്തു് അക്ഷയമായ യശഃസ്തംഭത്തെ സ്ഥാപിച്ചിട്ടുള്ള ഒരു മഹാകവിയാകുന്നു ഉദ്ദണ്ഡൻ എന്നു പറഞ്ഞുവെങ്കിൽ മാത്രമേ അദ്ദേഹത്തിൻെറ മാഹാത്മ്യം അല്പമെങ്കിലും വിശദമാകുകയുള്ളു. ഉദണ്ഡനേയും കാക്കശ്ശേരിയേയും പററിയുള്ള ഐതിഹ്യങ്ങളിൽ ഒന്നു രണ്ടെങ്കിലും കേട്ടിട്ടില്ലാത്ത കേരളീയർ ദുർല്ലഭമായിരിക്കും. അത്രക്കു പ്രസിദ്ധി ശാസ്ത്രികൾക്കു നമ്മുടെ നാട്ടിൽ ലഭിച്ചിട്ടുണ്ടു്. മല്ലികാമാരുതം പ്രകരണത്തിൽനിന്നും ശാസ്ത്രികളെപ്പററി ചില വിവരങ്ങൾ അറിയുവാൻ കഴിയും. അവ താഴെ ചേക്കാം:—

"അസ്തി ദക്ഷിണാപഥേ ദയമാനകാമാക്ഷീകടാക്ഷകളാംബുദതാണ്ഡവിതകവിശിഖണ്ഡിമണ്ഡലേഷു തുണ്ഡീരേഷു ക്ഷീരനദീതരംഗക്ഷാളിതോപശല്യേ ലാടപുരോ നാമ മഹാനഗ്രഹാരഃ അത്ര ച:—

"തപശ്ചരണചഞ്ചവസ്സകലശാസ്ത്രമൃഷ്ടിസ്ഥയാഃ
സ്വനുഷ്ഠിതമഹാധ്വരാഃ ശ്രുതിപരായണാഃ ശ്രോത്രിയാഃ
മഹാഭിജനശാലിനോ വദനവർത്തിവാക്‌ദേവതാ
വസന്ത്യതിഥിസൽകൃതിക്ഷപിതവാസരാഃ ഭൂസുരാഃ"

തത്രചാമുഷ്യാം യണസ്യാപസ്തംബ ശാഖാദ്ധ്യായിനോ വധൂകുല തരുപല്ലവസ്യ കവിതാവല്ലഭസ്യ വിപഞ്ചീപഞ്ചമോദഞ്ചിത കീർത്തേരുപാദ്ധ്യായ ഗോകുല നാഥപൌത്രസ്യ കൃഷ്ണസൂനോഃ പുത്രോ ഭട്ടരംഗനാഥസ്യ ഉട്ടണ്ഡ കവീരിത്യുദാരമഭിജന്മ * * * * * * *

സകിലവിധിവദുപാസിതാർത്ഥീത്ഥാദധിഗതസകലവിദ്യോ ദിദൃക്ഷുർദിഗന്തരാണ്യാന്ധ്രകലിംഗകർണ്ണാടനാടീക്യകേരളാനവതിർണ്ണോമജ്ജന്മഹാനദീഷുപശ്യൻദേവതാസ്ഥാനാനി സേവമാനസ്സുജനാനഭിനന്ദന്നന്ത്വാണീനിദമേവതാമ്രചൂഡക്രോഡനഗരമാലോകത.

ഈ ഭാഗങ്ങൾ എന്തെല്ലാം വിവരങ്ങൾ വെളിവാക്കുന്നു എന്നു നോക്കാം. ദക്ഷിണാപഥത്തിൽ തൊണ്ടമണ്ഡലത്തിൽ ലാടപുരം എന്നു പേരായി ഒരു ഗ്രാമം ഉണ്ടു. തപസ്വികളും സകലശാസ്ത്രപാരംഗതന്മാരും വേദനിരതന്മാരും സൽകുലജാതന്മാരും മുഖങ്ങളിൽ വാക്‌ദേവതാധിവാസത്തോടുകൂടിയവരും ആയ മഹാബ്രാഹ്മണരുടെ സങ്കേതമാണീ ഗ്രാമം. ഇവിടെ "ആപസ്തംബശാഖാദ്ധ്യായി" യായി ഗോകുലനാഥൻ എന്നു പേരായ ഒരു പണ്ഡിതൻ ഉണ്ടായിരുന്നു. ഇദ്ദേഹത്തിൻെറ പൌത്രനും ഒരു കൃഷ്ണൻെറ പുത്രനും ആയ രംഗനാഥഭട്ടൻെറ മകനാകുന്നു ഉട്ടണ്ഡൻ. ഇരുഗുവനാഥൻ എന്നാണു ശാസ്ത്രിയുടെ പിതൃകൃതമായ നാമം.

ഉദ്ദണ്ഡശാസ്ത്രികൾതന്റെ മല്ലികാമാരുതാങ്കാവസാനപദ്യങ്ങളിൽ മാതാപിതാക്കന്മാരുടെ നാമം പ്രതിപാദിച്ചിട്ടുണ്ട്. അനവധികാലം ഉത്തമഗുരുക്കന്മാരെ ശുശ്രൂഷിച്ചു സകലശാസ്ത്രങ്ങളും പഠിച്ചു്, ആന്ധ്രം, കലിംഗം, കർണ്ണാടകം മുതലായദിക്കുകൾ സഞ്ചരിച്ചു തീർത്ഥസ്നാനവും ക്ഷേത്രദർശനവും കഴിച്ചു ശാസ്ത്രികൾ നിർവൃതനായി ഒടുവിൽ കോഴിക്കോട്ടുവന്നു ചേരുകയും ചെയ്തു.

കോഴിക്കോട്ടുവന്നതിൽ പിന്നെ ഉദ്ദണ്ഡൻ മാനവിക്രമരാജാവിന്റെ വിദ്വൽസദസ്സിൻ ഒരംഗമായിത്തീൎന്നു. ഉദ്ദണ്ഡശാസ്ത്രികൾ ബാല്യവും വിദ്യാഭ്യാസവും മററും കഴിച്ചുകൂട്ടിയതു സ്വദേശമായ ലാടപുരത്തുവെച്ചുതന്നെയാകുന്നു, സർവ്വവിദ്യാഭ്യാസവും നിർവ്വഹിച്ചു് പലസ്ഥലങ്ങളിലും സഞ്ചരിച്ചു കേരളത്തിൽ വന്നപ്പോൾ ശാസ്ത്രികൾക്കു 25 വയസ്സോളം പ്രായമായിരുന്നു. പലരാജ്യങ്ങളിലും ശാസ്ത്രികൾ സഞ്ചരിച്ചിട്ടുണ്ടു് എങ്കിലും അദ്ദേഹത്തിന്നു മനസ്സിനു പററിയതായരാജ്യം കേരളം മാത്രമായിരുന്നു എന്നൂഹിക്കാം. കേരളത്തിൽത്തന്നെ ആയുസ്സിന്റെ ഭൂരിഭാഗവും ശാസ്ത്രികൾ കഴിച്ചുകൂട്ടി എന്നതിന്നു പലതെളിവുകളുമുണ്ടു. ശക്തൻ സാമൂതിരിയുടെ സദസ്യനായ ചേന്നാസ്സു നമ്പൂരിപ്പാടു് ആണ്യമായി ഉദ്ദണ്ഡനെ ആരാജാവിന്നു പരിചയപ്പെടുത്തിക്കൊടുത്തു. അപ്പോൾ അദ്ദേഹം ചൊല്ലിയ പദ്യം താഴെ ചേൎക്കാം.

"പ്രക്രീഡൽകാൎത്തവീൎയ്യാൎജ്ജുനഭുജവിധുതോ-
 ന്മുക്തസോമൽഭവാംഭ-
സ്സംഭാരാഭോഗഡംഭപ്രശമനപടുവാ-
 ഗ്ഗുംഭഗംഭീരിമശ്രീഃ
ശുണ്ഡീരക്ഷോണിഭാഗാന്തവഖല്വവിഷയം
 ഹിണ്ഡിതോദ്ദണ്ഡസൂരി-

സ്സോയംതേവിക്രമക്ഷ്മാവര! നകിമുഗതഃ-
ശ്രോത്രിയഃ ശ്രോത്രദേശം"

ഈ ശ്ലോകം കൊണ്ടു ശാസ്ത്രികളുടെ പ്രതിഭാവിലാസം എത്രയാണെന്നു നമ്പൂരിപ്പാട്ടു തെളിയിച്ചിട്ടുണ്ടല്ലോ. ശാസ്ത്രികളുടെ യോഗ്യതകളെ പയ്യൂർ മഹൻഭട്ടതിരിയും—

"വേദേസാദരബുദ്ധിരുദ്ധതതരേ
തർക്കേപരംകർക്കശ-
ശ്ശാസ്ത്രേശാന്തമതിഃ കലാസുകുശലഃ
കാവ്യേഷുഭവ്യോദയഃ
ശ്ലാഘ്യഃ സൽകവിതാസുഷഡ്സ്വപിപടു-
ർഭാഷാസുസത്വംക്ഷിതൌ
സർവ്വോദ്ദണ്ഡകവിപ്രകാണ്ഡ! ദദസേ
കസ്മൈന്നവിസ്മേരതാം."

ഇപ്രകാരം പ്രകാശിപ്പിച്ചിരിക്കുന്നു.

ഉദ്ദണ്ഡശാസ്ത്രികൾ ഒരു രാജഭക്തനായിരുന്നു എന്നു തികച്ചും പറയാവുന്നതാകുന്നു. അദ്ദേഹം അനേകം രാജാക്കന്മാർക്കും പദ്യങ്ങൾ അടിയറവെച്ചിട്ടുണ്ടു് എന്നു തെളിയുന്നതാണു. കർണ്ണാടകദേശത്തു സഞ്ചരിക്കുമ്പോൾ ഒരിക്കൽ ശാസ്ത്രികൾ ആ രാജ്യത്തെ രാജാവിനെ കണ്ടു നമസ്കരിച്ചു താഴെ കാണിക്കുന്ന പദ്യം സമർപ്പിച്ചു എന്നു് ഐതിഹ്യം മുഖേന അറിയപ്പെടുന്നു-

മാഗാഃ പ്രത്യുപകാരകാതരതയാ
വൈകർണ്ണമാകർണ്ണയ
"ശ്രീ കർണ്ണാടവസുന്ധരാധിപ! സുധാ-
സിക്താനി സൂക്താനിനഃ
വർണ്ണ്യന്തേകവിഭിഃ പയോനിധിസരിൽ-
സന്ധ്യാഭ്രവിന്ധ്യാടവീ-
ഝംഝാമാരുതനിർഝരപ്രഭൃതയ-
സ്തേഭ്യഃ കിമാപ്തം ഫലം."

ഉദ്ദണ്ഡശാസ്ത്രികൾ മല്ലികാമാരുതം പ്രകരണം നിൎമ്മിച്ചിട്ടുള്ളതു സാമൂതിരിപ്പാടിന്റെ ആജ്ഞയനുസരിച്ചാണെന്നു തെളിയുന്നു.

ശ്രീമന്നുദ്ദണ്ഡവിദ്വൻ! ശൃണുവചനമിദം
മാമകം കാമദോൎശ്രീ
വാണീനാണീയസീതേനനു പരിഷദിയം
ജാഗ്രതീവാഗ്വിലാസേ
തസ്മാദഹ്നായ സമ്യക് പ്രകരണമതുലം
മല്ലികാമാരുതാഖ്യം
കിഞ്ചിദ്വ്യഞ്ജദ്രസാൎദ്രം വിരചയവിധിനാ
സൽകവേ! സൽക്രിയാം മേ.”

സാമൂതിരിപ്പാട്ടിലേയ്ക്കു ശാസ്ത്രികളോട് വലിയ ബഹുമാനമായിരുന്നു എന്നു് ഈ പദ്യം വ്യക്തമാക്കുന്നുണ്ടു. ശാസ്ത്രികൾ സരസങ്ങളായ പല ഒററശ്ലോകങ്ങളും വിരചിച്ചിട്ടുണ്ടു. ഒരിയ്ക്കൽ ശാസ്ത്രികൾ വിശന്നുവലഞ്ഞു് ഉച്ചസമയത്തു് പയ്യൂർഭട്ടതിരിയുടെ ഇല്ലത്തു ചെന്നുചേൎന്നു. അന്നു് അവിടത്തെ ഉച്ചഭക്ഷണത്തിനു കഞ്ഞിയുടെ വട്ടമായിരുന്നു കൂട്ടിയിരുന്നതു. വെയിലുകൊണ്ടു വലഞ്ഞു വിശപ്പും ദാഹവും ധാരാളമുള്ളപ്പോൾ കഞ്ഞികുടിയ്ക്കുക എന്നതു് ഏററവും ആശ്വാസജനകമാകുന്നു എന്നു് അനുഭവസിദ്ധമായ കാൎയ്യമാകുന്നു. ഉദ്ദണ്ഡൻപയ്യൂരില്ലത്തെ കഞ്ഞിയെപ്പററി:—

“ശുണ്ഠീകുണ്ഠീകൃതാംഭോഗതഗരിമഭരാം
പൈഠരീം ജാഠരാഗ്നേ—
സ്താപം നിൎവ്വാപയന്തീം ശ്രമശമനകരീ—
മാൎയ്യജായൂഭവന്തീം
മൌൽഗ്ഗൈൎഗ്ഗുൎൽക്കൈഃ പരീതാം പരിമളബഹുളാം
മണ്ഡിതാം കേരഖണ്ഡൈ—
ൎന്നൃണാം ശ്രാണാം സുരാണാം പുനരകൃതസുധാം
യസ്സുവേധാസ്സുമേധഃ”

ഇപ്രകാരം പ്രസ്താവിക്കുകയും സന്തോഷിക്കുകയും ചെയ്തു. ഒരിക്കൽ ഇതുപോലെ വഴിനടന്നു ക്ഷീണിച്ചു ശാസ്ത്രികൾ ഊരകത്തു ക്ഷേത്രത്തിൽ ചെല്ലുകയും അവിടെ ആഹാരത്തിന്നു ഒന്നും തരമാകാതെവരികയും ചെയ്തപ്പോൾ വലയാധീശ്വരിയെക്കുറിച്ചു്—

"കാന്തഃ കപാലീ കഠിനഃ പിതാ തേ മേനേതി മാതുസ്തവ നാമധേയം കഥം നു ഭോ ഊരവലയാലയസ്ഥേ വദാന്യതാമാട്ടതി ബോഭവീതു" ഇങ്ങനെ ഒരു പദ്യം ചൊല്ലി. നിന്റെ ഭർത്താവു തെണ്ടി; പിതാവു കക്കശൻ (നിർദ്ദയൻ) അമ്മയാണെങ്കിൽ എനിക്കില്ല എന്ന അർത്ഥത്തോടുകൂടിയ (മേ—ന) യുമാകുന്നു. നിശ്ലോവലയാ (ശൂന്യ) ലയസ്ഥ; ഇതാണു നിന്റെ സ്ഥിതി. നിനക്കു പിന്നെയെങ്ങിനെ ദാതൃത്വം ഭവിക്കും? എന്നാണല്ലോ പദ്യത്തിന്റെ സാരം.

അത്യന്തം ഔദ്ധത്യം ഉള്ള ഒരു കവിയാണു് ഉദ്ദണ്ഡനെന്നു ചിലർ പറയാറുണ്ടു്. ആടോപപൂർവ്വകമായ അദ്ദേഹത്തിന്റെ ഒട്ടുമുക്കാലും പദ്യങ്ങൾ ആ വസ്തുത വെളിവാക്കുന്നതുമാണു്. എന്നാൽ സംസ്കൃതസാഹിത്യത്തിന്നു കോകിലസന്ദേശാദികളായ ഉത്തമകാവ്യരത്നങ്ങളെ പ്രദാനം ചെയ്തിട്ടുള്ള ഒരു പണ്ഡിതകവിയെക്കുറിച്ചു മുൻപറഞ്ഞ ആക്ഷേപം പുറപ്പെടുവിക്കുവാൻ ഒരു വിധം ഹൃദയമുള്ളവർ മുതിരുകയില്ല. ഇക്കാര്യത്തിൽ ഉദ്ദണ്ഡനെ അപലപിക്കുകയാണെങ്കിൽ ജഗന്നാഥപണ്ഡിതൻ, ഭവഭൂതിമുതലായവരും ആക്ഷേപാർഹന്മാരായിത്തീരും. അവർ പോലും ഓരോ സന്ദർഭത്തിൽ അവരവരുടെ പാണ്ഡിത്യവിലാസത്താൽ വാദപ്രതിവാദങ്ങൾ ചെയ്കയും പ്രഗൽഭകാവ്യങ്ങൾ വിരചിക്കുകയുമുണ്ടായിട്ടുണ്ടു്. "യേ നാമ കേചിദിഹ നഃ പ്രഥയന്ത്യവജ്ഞാം" എന്നു ഭവഭൂതിയും "സൂക്ഷ്മം വിഭാവ്യ മയകാ" എന്നു പണ്ഡിതരാജനും മറ്റും പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ടു് ഉദ്ധതവാഗ്മിയാണു

ശാസ്ത്രിയെങ്കിലും അദ്ദേഹത്തെ അപലപിയ്ക്കണമെന്നില്ല. ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശം അതികമനീയമായ ഒരു കാവ്യരത്നമാകുന്നു. ശാസ്ത്രികൾ തന്റെ പൂർവ്വികന്മാരായ കാളിദാസൻ, ലക്ഷ്മീദാസൻ മുതലായവരുടെ കൃതികളായ മേഘസന്ദേശം, ശുകസന്ദേശം എന്നു തുടങ്ങിയുള്ളവയെ ഉപജീവിച്ചാണു കോകിലസന്ദേശം വിരചിച്ചതെന്നു കാണാവുന്നതാണ്. ശാസ്ത്രികളുടെ മററുള്ള കൃതികളിലും, ഒററശ്ലോകങ്ങളിലും ഉള്ളപോലെയുള്ള പാണ്ഡിത്യപ്രകടനവും കഠിനപദസംഘടനയും കോകില സന്ദേശത്തിലില്ല. സുലളിത പദരചനകൊണ്ടു് ആ ലഘുകാവ്യം സഹൃദയന്മാരെ അത്യന്തം ആകർഷിയ്ക്കുന്നതാകുന്നു. അതിലെ ശബ്ദാർത്ഥങ്ങളുടെ തുല്യഭംഗിയുള്ള ഓരോ പദ്യങ്ങളും ഏററവും ഹൃദ്യങ്ങളാകുന്നു. ശാസ്ത്രികളുടെ കൃതികളിൽ ശയ്യാമാധുര്യംകൊണ്ടു മികച്ചുനില്ക്കുന്ന ഒരു കാവ്യമാണു കോകിലസന്ദേശം. ഇതിനു ദൃഷ്ടാന്തമായി പല ശ്ലോകങ്ങളും ഉദ്ധരിയ്ക്കാവുന്നതാണെങ്കിലും സ്ഥലദൌർല്ലഭ്യത്താൽ രണ്ടെണ്ണം മാത്രം എടുത്തുകാണിയ്ക്കാം. വിരഹകാതരനായ നായകൻ നായികയുടെ നില വർണ്ണിയ്ക്കുന്ന ഒരു പദ്യമാണു താഴെ കാണിയ്ക്കുന്നതു്.

"തത്രദ്രക്ഷ്യസ്യഖിലമഹിളാമൌലിമാലായമാനാം
ബാലാമേനാം നിയതമധുനാമദ്വിയോഗേനദീനാം
കല്യാണീസാകനകകദളീകന്ദളീകോമളാംഗീ
കന്ദർപ്പാഗ്നിം കഥമിവകുകൂലാഗ്നികല്പം സഹേത."

കോഴിക്കോട്ട നഗരത്തെ വർണ്ണിയ്ക്കുന്ന—

"ഗേഹേഗേഹേ നവനവസുധാക്ഷാളിതം യത്ര സൌധം
സൌധേ സൌധേ സുരഭികുസുമൈഃ കല്പിതം കേളിതല്പം
തല്പേ തല്പേ രസപരവശം കാമിനീകാന്തയുഗ്മം
യുഗ്മേ യുഗ്മേ സഖലുവിഹരൻ വിശ്വവീരോമനോഭൂഃ

ഈ പദ്യവും എത്ര രമണീയമായിരിയ്ക്കുന്നു!

കോകിലസന്ദേശത്തെപ്പററിയുള്ള ഒരു വിവരണം ഒരു വിമശ്കൻ എഴുതിയിരിയ്ക്കുന്നതു് ഇപ്രകാരമാണ്.

"സന്ദേശസരണിയിൽ കൂടി സഞ്ചരിയ്ക്കുന്നതിനു ശാസ്ത്രികൾക്കു കൌതുകം ജനിപ്പിച്ചതു് കവികുലഗുരുവിൻെറ മേഘസന്ദേശമാണെന്നു വിചാരിയ്ക്കണം. ലക്ഷ്മീദാസൻെറ ശുകസന്ദേശവും കോകിലസന്ദേശരചനയ്ക്കു ശാസ്ത്രികളെ സാരമായവിധം പ്രേരിപ്പിച്ചിട്ടുണ്ടെന്നു സ്പഷ്ടമാകുന്നു. കൊച്ചിയിയിൽ ചേന്നമംഗലത്തു മാരക്കര എന്നു പേരായ ഭായ്യയുടെ ഭവനത്തിൽ ഉറങ്ങിക്കിടന്ന ഒരു കാമുകൻ അവളോടുകൂടാതെ കാഞ്ചിയിൽ കമ്പയാററിൻെറ കരയിൽ തനിയേ ഉണരുന്നു. ദേവാച്ചനയ്ക്കുപോയിവരുന്ന സ്ത്രീകൾ ആണു കാമുകനെ ഇപ്രകാരം നായികയുമായി വേർപെടുത്തിയതു്. ഗൌരീദേവിയുടെ കിങ്കരന്മാർ അരുളിച്ചെയ്തതനുസരിച്ചു് അവർ അവനെ അവിടെ വിട്ടുപോകുന്നു. പിന്നീടു വിരഹഖിന്നനായ കാമുകൻ അവിടെ ഏതാനും മാസം കഴിച്ചുകൂട്ടി. അപ്പോൾ കണ്ടുകിട്ടിയ കോകിലത്തെ ദൂതനായി കല്പിച്ചു് അതിനോടു സന്ദേശം പറഞ്ഞയയ്ക്കുന്നു. ഇതാണു കോകിലസന്ദേശത്തിലെ കഥയുടെ തന്തു."

ഉദ്ദണ്ഡശാസ്ത്രികൾ തൻെറ ഭായ്യയേയും തന്നേയും നായികാനായകന്മാരായി കല്പിച്ചാണ് ഈ കാവ്യം വിരചിച്ചതെന്നു വിചാരിയ്ക്കണം. അതിന്നെന്താണു കാരണമെങ്കിൽ— ശാസ്ത്രിയ്ക്കു ചേന്നമംഗലത്തു ഒരു വീട്ടിൽ സംബന്ധമുണ്ടായിരുന്നു എന്ന ഐതിഹ്യമാണ്. കവിയുടെ സ്വദേശമായ കാഞ്ചിയിൽനിന്നു ചേന്നമംഗലത്തേയ്ക്കാണു സന്ദേശമയയ്ക്കുന്നതു്. അതുകൊണ്ടു് ഇക്കായ്യം പരമാത്ഥമാകാനാണു വഴി കാണുന്നതു്.

കേരളത്തിലെ ഭൂപ്രകൃതി, ക്ഷേത്രങ്ങൾ, രാജാക്കന്മാർ, പ്രഭുക്കന്മാർ മുതലായവരെക്കുറിച്ചു ശരിയായ ജ്ഞാനം ശാ

സ്ത്രീയ്ക്കുണ്ടായിരുന്നു. തിരുനെല്ലി, കോലത്തുനാട്ട്, കോട്ടയം, കോഴിക്കോട്ട്, വെട്ടം, പോർക്കളം, തൃത്തൂർ, പെരുവനം എന്നു തുടങ്ങിയ പ്രദേശങ്ങളെപ്പററിയുള്ള വർണ്ണനകളെക്കൊണ്ടെല്ലാം അവയെക്കുറിച്ചുള്ള പരിചയം ധാരാളം ശാസ്ത്രികൾക്കുണ്ടായിരുന്നു എന്നു സ്പഷ്ടമാകുന്നു. ഈ വക സ്ഥലങ്ങളിൽ ഈ കവി സഞ്ചരിക്കുകയും താമസിക്കുകയും ചെയ്തിട്ടുണ്ടായിരിക്കണം. ഉദ്ദണ്ഡൻ ദൂതിന്നയക്കുന്ന കോകിലം കാഞ്ചിയിൽനിന്നു യാത്രതുടൎന്നു കേരളത്തിൻെറ വടക്കേയററത്തുവന്നു, തിരുനെല്ലി, കോലത്തുനാട്ട മുതലായ പ്രദേശങ്ങളിൽക്കൂടി ചേന്നമംഗലത്തു് എത്തിച്ചേരുന്നു.

ഉദ്ദണ്ഡശാസ്ത്രികൾ "മല്ലികാമാരുതം" എന്ന ഒരു പ്രകരണവുംകൂടി വിരചിച്ചിട്ടുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ചും ഒന്നു രണ്ടു വാക്കു പറഞ്ഞു് ഈ ലേഖനം അവസാനിപ്പിക്കാം.

"മല്ലികാമാരുതം" ഒരു കല്പിതകഥയാകുന്നു. ഭവഭൂതിയുടെ മാലതീമാധവത്തെ അനുകരിച്ചിട്ടാണ് ഉദ്ദണ്ഡൻ ഈ പ്രകരണമുണ്ടാക്കിയിട്ടുള്ളതു്. ആദ്യത്തെ നാന്ദീപദ്യംതന്നെ മാലതീമാധവത്തിലെ നാന്ദിയുടെ സാമ്യം വഹിക്കുന്നു. നോക്കുക:—

മാലതീമാധവത്തിലെ:—

"ചൂഡാപീഡകപാലസങ്കുലഗല-
ന്മന്ദാകിനീവാരയോ
വിദ്യുൽപ്രാന്തലലാടലോചനപുട-
ജ്യോതിർവ്വിമിശ്രത്വിഷഃ
പാന്തു ത്വാമകഠോരകേതകശിഖാ-
സന്ദിഗ്ദ്ധമുഗ്ദ്ധേന്ദവോ
ഭൂതേശസ്യ ഭുജംഗവല്ലിവലയ-
സ്രങ്നദ്ധജൂടാ ജടാഃ"

ഈ നാന്ദിയെ അനുകരിച്ചു്—

"ചൂഡാശീകെരസ്തനംധയസുധാ-
നീരസ്സുഗന്ധസ്പൃശഃ
ക്രീഡാകങ്കണപന്നഗേശ്വരഫണാ-
പീതാവശേഷോമരുതഃ
അങ്കാസീനഗിരീന്ദ്രജാസ്തനതടീ-
ഹാരാവലീലാളനാ-
സ്സന്താപംശമയന്തുവോ ഹരജടാ-
ഗംഗാതരംഗാനിലാഃ"

ഇങ്ങനെ മല്ലികാമാരുതത്തിൽ മംഗളശ്ലോകം വിരചിച്ചിരിക്കുന്നു. ശാസ്ത്രികൾക്കു ഭവഭൂതിയോടുള്ള ഭക്തി എത്രയാണെന്നു മല്ലികാമാരുതത്തിലെ ഓരോ ഗദ്യപദ്യങ്ങളും വിശദമാക്കുന്നുണ്ടു്. എന്നാൽ അതെല്ലാം ഇവിടെ എടുത്തു പ്രസ്താവിക്കുവാൻ പ്രയാസമാണു്.

സാഗരസദൃശമായ സർവ്വശാസ്ത്രത്തിലും സുകുമാരകലയായ സാഹിത്യത്തിലും ഒരുപോലെ പ്രശസ്തിനേടി പണ്ഡിതകവിയായി വിരാജിച്ച ഉദ്ദണ്ഡശാസ്ത്രികൾ കേരളത്തിലും പരദേശത്തിലും ഒപ്പംതന്നെ കേളികേട്ട മഹാനുഭാവനായിരുന്നു. അമരഭാരതിക്കും ആ മഹാനുഭാവനുമുള്ള അമൂല്യബന്ധം അളക്കത്തക്കതല്ല. എല്ലാംകൊണ്ടും ആലോചിച്ചു നോക്കിയാൽ ശാസ്ത്രികൾ ഗൈർവ്വാണിക്കു സമർപ്പിച്ചിട്ടുള്ള വിലയേറിയ കാവ്യരത്നങ്ങൾ പരമാഹ്ലാദദായകങ്ങൾ എന്നു മാത്രം തല്ക്കാലം പ്രസ്താവിച്ചുകൊള്ളുന്നു.

# കാക്കശ്ശേരി ഭട്ടതിരി

അപ്രതിഹതവും അപ്രമേയവുമായ പ്രതിഭാവൈഭവംകൊണ്ടു പരദേശഭൈരവനായ ഉദ്ദണ്ഡനെക്കൂടി കൊമ്പുകുത്തിച്ച കുശാഗ്രീയബുദ്ധിയായ കാക്കശ്ശേരി ഭട്ടതിരിയെക്കുറിച്ചു കേട്ടറിവില്ലാത്തവർ കേരളത്തിലുണ്ടായിരിയ്ക്കാൻ വഴി കാണുന്നില്ല. പ്രാചീനകേരള ബ്രാഹ്മണരുടെ കൂട്ടത്തിൽ അഭിമാനപൂർവ്വകം സ്മരണീയനായും അനുകരണീയനായും ഇരിയ്ക്കുന്ന ഒരു പണ്ഡിതൻ ഉണ്ടായിട്ടില്ല. കാക്കശ്ശേരിയുടെ കോൾമയിർക്കൊള്ളിയ്ക്കുന്ന തിരുനാമധേയം ഇപ്പോൾ ഒരു പഴഞ്ചൊല്ലുപോലെ ആയിത്തീന്നിട്ടുണ്ടു്. ഐതിഹ്യദ്രഷ്ട്യാ അറിയപ്പെട്ട അദ്ദേഹത്തിന്റെ മനോജ്ഞകഥകൾ സ്മരിയ്ക്കാത്തവരും പ്രശംസിയ്ക്കാത്തവരും ഇന്നു് ആരെങ്കിലുമുണ്ടോ എന്നു സംശയമാകുന്നു. ഭട്ടതിരി പന്ത്രണ്ടു വയസ്സായപ്പോഴേയ്ക്കുംതന്നെ സർവ്വശാസ്ത്രവിചക്ഷണവരേണ്യനായി തളിയിൽ പട്ടത്താനത്തിന്നും മററും പൊയ്ക്കൊണ്ടിരുന്നു എന്നു് ഐതിഹ്യം പറയുന്നു. ആ സദസ്സിൽവെച്ചാണു് ഈ ഉണ്ണിനമ്പൂരി ഉദ്ദണ്ഡനോടു് ഏററുമുട്ടിയതും അദ്ദേഹത്തെ തോല്പിച്ചതുമെന്നു പറയണം.

കാക്കശ്ശേരി ഭട്ടതിരി ഏതു നാട്ടുകാരനാണെന്നും അദ്ദേഹത്തിന്റെ കാലം ഏതായിരുന്നു എന്നും മററുമുള്ള വിഷയത്തിൽ പണ്ഡിതന്മാരുടെ ഇടയിൽ ഇന്നും വാദപ്രതിവാദം നടക്കുന്നുണ്ടു്. എങ്കിലും പലഗ്രന്ഥങ്ങൾ പരിശോധിയ്ക്കുകയും ഗവേഷണം നടത്തുകയും ചെയ്തതിന്റെ ഫലമായി ഇയ്യുള്ളവൻ ധരിച്ചിട്ടുള്ളിടത്തോളം വിഷയങ്ങൾ യഥാമതി പ്രസ്താവിച്ചു കൊള്ളുന്നു. ഭട്ടതിരിയുടെ കാലദേശങ്ങളെക്കുറിച്ചു സുപ്രസിദ്ധപണ്ഡിതനും കവിയുമായ പി. വി. കൃഷ്ണവാ

രിയർ അവർകൾ, 1935-ലെ മാതൃഭൂമി വിശേഷാൽ പ്രതിയിൽ താഴെ പറയുംപ്രകാരം പ്രതിപാദിച്ചിരിക്കുന്നു:

"ശക്തൻ സാമൂതിരിപ്പാട്ടിലെ ആസ്ഥാനസദസ്സിന്നലങ്കാരഭൂതന്മാരായിരുന്ന പതിനെട്ടരക്കവികളിൽ ഭട്ടതിരിയുടെ പേരും പ്രധാനമായി പറഞ്ഞുവരുന്നുണ്ടല്ലോ. ആക്കൂട്ടത്തിൽ തന്ത്രസമുച്ചയകർത്താവായ ചേന്നാസ്സനമ്പൂതിരിപ്പാട്ടിലെ കാലം കൊല്ലംവഷം ഏഴാം ശതകത്തിന്റെ ആരംഭത്തിലാണെന്നു തീർച്ചപ്പെട്ടിട്ടുള്ളതുകൊണ്ടു പ്രസ്തുതചരിത്രനായകനും ആ ശതാബ്ദത്തിൽതന്നെയാണു ജീവിച്ചിരുന്നതെന്നു വിശ്വസിക്കാം. ജന്മദേശം: ഇതു വാദഗ്രസ്തമായിട്ടാണിരിക്കുന്നതു്. നമ്മുടെ ഇടയിൽ സുമാർ അഞ്ഞൂറോളം സംവത്സരത്തിനു മുമ്പു ജീവിച്ചിരുന്ന സുപ്രസിദ്ധനായ ഒരു മഹാപുരുഷന്റെ ജന്മദേശംപോലും ഇന്നു നമുക്കറിഞ്ഞുകൂടാ എന്നു വരുന്നതിൽപരം പരിതാപകരമായ ഒരു സംഗതിയെന്താണുള്ളതു്? എങ്കിലും വാസ്തവം അതാണു് മൂന്നു കൊല്ലത്തിലധികമായി ഞാനീവിഷയത്തിൽ പലവഴിക്കും അന്വേഷണങ്ങൾ നടത്തിയതിൽ കിട്ടിയ ചിലവിവരങ്ങൾ ഇവിടെ പ്രസ്താവിക്കാം.

പൊന്നാനിതാലൂക്കിൽ ഇളവള്ളിയ്ക്കടുത്തു ബ്രഹ്മകുളം അംശത്തിൽ കാക്കശ്ശേരി എന്നൊരു പ്രദേശമുണ്ടു്. അവിടെയായിരുന്നു നമ്മുടെ ചരിത്രനായകന്റെ ഇല്ലം. അവിടെ "കാക്കശ്ശേരി" എന്നൊരു പറമ്പും മറവും ഇന്നും കാണുന്നുണ്ടു്. നമ്മുടെ കഥാപുരുഷൻ ജനിച്ചുവളന്ന ഇല്ലവും സ്വത്തുക്കളും, ആ വംശം നശിച്ചതോടുകൂടി ബ്രഹ്മകുളത്തുതന്നെയുള്ള മംഗലത്തു ഭട്ടതിരിയുടെ ഇല്ലത്തേയ്ക്കാണൊതുങ്ങിയിട്ടുള്ളതു്. ഇന്നും ആ സ്ഥലവും പറമ്പും ചൂണ്ടിക്കാണിച്ചു്-"ഇവിടെയായിരുന്ന കാക്കശ്ശേരി ഭട്ടതിരിയുടെ ഇല്ലമെന്നു് ആ ദിക്കിലെ പഴമക്കാർ പറഞ്ഞുവരുന്നുമുണ്ടു്."

മഹാകവി ഉള്ളൂർ കാക്കശ്ശേരി ഭട്ടതിരിയുടെ ജന്മദേശവിഷയകമായ സംഗതിയിൽ ശ്രീ. വാരിയരുടെ അഭിപ്രായത്തോട് യോജിക്കുന്നില്ല. അദ്ദേഹം ഭട്ടതിരിയുടെ ജന്മഭൂമി തിരുവേഗപ്പുറയാണെന്ന് സാഹിത്യപരിഷത്തിന്റെ സപ്തമസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു. മഹാകവി ഈ വിഷയത്തിൽ പ്രമാണവും അടിസ്ഥാനവും ഉറപ്പിച്ചിരിക്കുന്നത് ഭട്ടതിരിയുടെ വസുമതീമാനവിക്രമം നാടകമാകുന്നു. അതിൽനിന്നും അദ്ദേഹം താഴെകാണിക്കുന്ന വരികൾ ഉദ്ധരിക്കുന്നുമുണ്ട്.

"അസ്തിദക്ഷിണാപഥേ ഭൃഗുസംഭവചണ്ഡദോർദ്ദണ്ഡനിത്യസാരശേഷചിവമൂർത്തിമത്തേഷു കേരളേഷു, സതതതതന്യമാനസപ്തതന്തു ധൂമധൂസരിത സത്യലോകൈഃ കലികാലകാമുഷ്യകന്ദളദളനദർശിത മഹിമഭിർമ്മഹീസുരൈരധ്യാസിതേ, മുഗ്ദ്ധകീരകുല തുണ്ഡഖണ്ഡിതമാതുലുംഗ ഫലശകലകിസലയിതമഹീതലേ, മദമന്ഥരബന്ധുരാക്ഷീകുടിലഭ്രൂലതാവശംവദയുവകദംബകസേവ്യമാനോപവനേ മന്ദമരുത്തരളിത പൂഗപാളീരേണുസിന്ദൂരിതാശാമൂലേ, നിളാസഹചരീകൂലേ, ദേശേ, കരഖണ്ഡമണ്ഡിതശിഖണ്ഡച്ഛണ്ഡിമ ശാലിനിശിത നിജശൂലനിർഭിന്നദന്താവളാസുരചർമ്മപരികർമ്മിതകടീതടഃ ശൈലാധിരാജതനയാദൃഢ കഠോരകുചകുഡ്മളി പീഡിതോരസ്ഥലഃ, പ്രളയസമയ സമുദിതഹുതവഹബഹുളകീലമാലാലോഹിതജടാഭാരഭരിതസുരതരംഗിണീവാതപോതപോഷിതളഷാളജംഗഃ, പത്രാഥഃ പരിവൃഢപരികല്പിതസപര്യാ വിശേഷഃ, സാക്ഷാദശോകപുരശാസനോ നാമജഗദവനജാഗരൂകോ ഭഗവാൻ പിനാകപാണിഃ

"അസ്ത്യദ്രികന്യാപതിപാദപീഠ—
വിചേഷ്ടമാനാശയ പുണ്ഡരീകഃ
നാരായണാചാര്യ ഇതി പ്രരൂഢിം
പ്രാപ്തഃ പരാം പ്രാജ്ഞധിയാം പുരോഗഃ"

തസ്യചരണാരവിന്ദയുഗളീ ഗളിതരേണു പരമാണു പാത പൂതചേതനാ സാരഃ സാരസ്വതനിധിനാ സാക്ഷാദദ്രിസുതാനായകേ നൈവ തേന ബാല്യാദേവാരഭ്യ വൈപശ്ചിതീം വൃത്തിമധികൃത്യപരാം കാഷ്ഠാമധിരോപിതഃ സതതസാഹിതീ പരിഷദിവൽമാന വാണീവിലാസ സുരഭിലവദനേന്ദുഃ ഇന്ദുശേഖരകുടുംബിനീ കരുണാകടാക്ഷപാത വിജൃംഭമാണ വൈഭവോയം കവിരസാധാരണമഹീമൈവ"

ഈ ഗദ്യത്തിൻെറ ആദ്യഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്ന "നിളാസഹചരീകൂലത്തി"ലുള്ള അശോകപുരേശ്വരൻ തിരുവേഗപ്പുറയുള്ള പരമേശ്വരനാണത്രേ. ഈ ഗദ്യപദ്യങ്ങൾകൊണ്ടു കവി തിരുവേഗപ്പുറ പ്രദേശങ്ങളേയും അശോകേശ്വരനേയും ആചാൎയ്യനേയും സ്മരിച്ചിരിക്കുന്നതുകൊണ്ടു് ആ പ്രദേശം അദ്ദേഹത്തിൻെറ ജന്മഭൂമിയായിരിക്കുന്നമെന്നാണു മഹാകവിയുടെ മതം. എന്നാൽ കാക്കശ്ശേരിഭട്ടതിരി ബാല്യകാലത്തു് അവിടെ പഠിച്ചുതാമസിച്ചിരുന്നു എന്നു വന്നാലും ആ പ്രദേശങ്ങളുടെ പരിചയവും അവ വൎണ്ണിക്കുവാനുള്ള ഔത്സുക്യവും ഉണ്ടാകാമല്ലോ.

വിശ്വവിസ്മാപകമായ ഒരു ചരിത്രമാണു് കാക്കശ്ശേരിയുടെ ജനനംകൊണ്ടു കിട്ടുന്നതു്. അതിബുദ്ധിമാനായ ആ ഉണ്ണിനമ്പൂരി ജനിച്ചകാൎയ്യം ഐതിഹ്യംകൊണ്ടു് അറിയപ്പെട്ടിട്ടുള്ളതു് ഏററവും ആനന്ദജനകമാകുന്നു. നെടിയിരിപ്പു സ്വരൂപത്തിലെ തമ്പുരാക്കന്മാർ കൊല്ലംതോറും നടത്തിവന്നിരുന്ന പട്ടത്താനത്തിൻെറ പ്രസിദ്ധി ഇന്നും ലോകത്തിൽ നിലനില്ക്കുന്നുണ്ടു്. "കോഴിക്കോട്ടു തളിയിൽ ക്ഷേത്രത്തിൽ വെച്ചു തുലാമാസരേവതി നാൾ ആരംഭിച്ചു തിരുവാതിരവരെ ഏഴുദിവസം നടത്തി അവസാനിപ്പിക്കുന്ന പട്ടത്താനത്തിനാണു തളിയിൽത്താനം എന്നു പറയുക. വിദ്വാന്മാരായ നമ്പൂതിരിമാരുടെ ഒരു സദസ്സുകൂട്ടുകയും അവസാനദിവസം അവൎക്കു് ഒരു ക്ലിപ്തസംഖ്യ സംഭാവനകൊടുക്കുകയും

ചെയ്യുകയാണ താനത്തിന്റെ ചടങ്ങ്. പുരാതനകാലത്ത് ഇതു യഥാൎത്ഥ വിദ്വൽസദസ്സായി പ്രശോഭിച്ചിരുന്നു എന്നാണ കേട്ടിട്ടുള്ളതു്. ഈ താനത്തിന്നു പരദേശികളായ പണ്ഡിതന്മാരും സന്നിഹിതരായിക്കൊണ്ടിരുന്നു. പാരദേശികപണ്ഡിതന്മാരെ ഈ സദസ്സുനിമിത്തം കേരളത്തിലേയ്ക്കു് ആകൎഷിച്ചിരുന്നു എന്നു് ഇനി എടുത്തുപറയേണ്ട ആവശ്യമില്ല. ഈ വിദ്വാന്മാരുടെ കൂട്ടത്തിൽ ചോളദേശീയനായ ഉദ്ദണ്ഡശാസ്ത്രികൾ എന്ന ഒരു മഹാപണ്ഡിതനുമുണ്ടായിരുന്നു. ശാസ്ത്രികൾ കോഴിക്കോട്ടുവന്നു കേരള ബ്രാഹ്മണരേയും മററും ജയിച്ചു് അവൎക്കു കിട്ടിക്കൊണ്ടിരുന്ന പണക്കിഴി കൈക്കലാക്കി. ഉദ്ദണ്ഡൻ വന്നുതുടങ്ങിയതു മുതൽ കേരളബ്രാഹ്മണൎക്കു സംഭാവനകളും മററും ചുരുങ്ങിപ്പോയി. ഇതു് അവൎക്കു ധനനഷ്ടത്തിന്നു കാരണമായി. എന്നുമാത്രമല്ല, അവമാനജനകവുമായിത്തീൎന്നു. അതു നിമിത്തം നമ്പൂതിരിമാരും തമ്പുരാക്കന്മാരും എല്ലാവരുംകൂടി ആലോചിച്ചു് ഒരു കാൎയ്യം നിശ്ചയിച്ചു. താനത്തിന്നു വിദ്വാന്മാരെ ചാൎത്തുന്നതു പന്തീരാണ്ടു കൂടുമ്പോളാകയാൽ ഒരു ചാൎത്തുകാലമായ പന്ത്രണ്ടുകൊല്ലത്തെ അവധി ആവശ്യപ്പെടുകയും, അതു ശാസ്ത്രികളെക്കൊണ്ടു സമ്മതിപ്പിയ്ക്കുകയും ചെയ്തു. അന്നത്തെ താനം കഴിഞ്ഞശേഷം നമ്പൂതിരിമാർ ഉടനെത്തന്നെ ഏതില്ലത്താണ ഗൎഭാധാനം തീൎച്ചപ്പെട്ടിട്ടുള്ളതെന്നു് അന്വേഷിയ്ക്കുകയും അപ്പോൾ പ്രസ്തുതചരിത്രനായകന്റെ അമ്മയായ അന്തൎജ്ജനം ഗൎഭിണിയായിട്ടുണ്ടെന്നു മനസ്സിലാകയും ചെയ്തു. പിന്നെ ഒട്ടും താമസിയ്ക്കാതെ തപസ്സ്വാദ്ധ്യായനിരതന്മാരും മന്ത്രജ്ഞന്മാരുമായ അനേകം നമ്പൂരിമാർ ആ ഇല്ലത്തുചെന്നു ഗൎഭസ്ഥനായ ശിശു ആയുഷ്മാനും അതിബുദ്ധിമാനുമായ ഒരു ഉണ്ണിയായി ജനിയ്ക്കുവാനും, ആ ഉണ്ണിയെക്കൊണ്ടു തങ്ങളുടെ ഉദ്ദേശസിദ്ധിവരുത്തുവാനുമുള്ള പ്രയത്നം ചെയ്തുതുടങ്ങി. ഗൎഭിണിയ്ക്കു ഭക്ഷിയ്ക്കുവാനുള്ള അരി നമ്പൂരിമാർ മന്ത്രസംസ്കാരം ചെയ്തുകൊടുത്തു.

അതുപോലെ നെയ്യ് ജപിച്ച് അവരെ സേവിപ്പിച്ചു. കാലോചിതമായ പുംസവനാദികളും കേമമായി കഴിച്ചുകൂട്ടി. ഇങ്ങനെ എല്ലാക്രിയകളും ഭംഗിയായി നിർവ്വഹിച്ചതിന്റെ ഫലമായിട്ടാണത്രെ നമ്മുടെ കഥാനായകൻ ഭൂജാതനായതു്.

ചരിത്രനായകന്റെ പേരു ദാമോദരൻ എന്നായിരുന്നു എന്നു് അദ്ദേഹത്തിന്റെ കൃതിയിൽ നിന്നുതന്നെ തെളിയുന്നതാണു്. മൂന്നാംവയസ്സിൽ ഉണ്ണിയുടെ അച്ഛൻ മരിച്ചുപോയതിനാൽ സംവത്സരദീക്ഷവേണ്ടിവരികയും ആ ദീക്ഷയ്ക്കു ബലിപിണ്ഡമർപ്പിക്കുമ്പോൾ അതു കൊത്തിത്തിന്നുവാൻ വരുന്ന കാക്കകളെ അദ്ദേഹം തിരിച്ചറികയും ചെയ്തിരുന്നു. "അമ്മേ! ഇന്നലെവന്ന കാക്ക ഇന്നു വന്നിട്ടില്ലല്ലോ" എന്നു് ഉണ്ണി പറഞ്ഞിരുന്നതായി ഐതിഹ്യമുണ്ടു്. ഓരോതരത്തിലിരിക്കുന്ന കാക്കകളെ തിരിച്ചറിവാൻ കഴിഞ്ഞതുകൊണ്ടാണു "കാക്കശ്ശേരി" എന്ന പേരുണ്ടായതെന്നു പറഞ്ഞുവരുന്നു. അതിന്നു മുമ്പു് ആ ഇല്ലപ്പേരു് എന്തായിരുന്നു എന്നു ചിന്തനീയമായിട്ടാണിരിക്കുന്നതു്. ഉണ്ണിക്കു് അഞ്ചുവയസ്സു പ്രായമായപ്പോൾ അമ്പലത്തിൽ-മൂക്കതല (മൂക്കോല) ക്ഷേത്രത്തിൽ തൊഴീക്കാൻ കൊണ്ടുപോയി വരും വഴിക്കു ചിലർ നേരംപോക്കായി "ഉണ്ണി എങ്ങോട്ടാണു പോയിരുന്നതു്?" എന്നു ചോദിക്കുകയും "ഭഗവതിയെ തൊഴാൻ" എന്നു മറുവടിപറകയും ചെയ്തു. അതിന്നു ശേഷം അക്കൂട്ടർ വീണ്ടും കൌതൂഹലത്താൽ "എന്നാൽ ഭഗവതി എന്തു പറഞ്ഞു?" എന്നു ചോദിക്കുകയും അതിന്നു മറുവടിയായി ആ പഞ്ചവയസ്കനായ ബാലൻ—

"യോഗിമാർ സതതംപൊത്തും
കൊമ്പനാനത്തലയായാഹോ
നാഴിയിൽ പാതിയാടീലാ
പലാകാരേണവാനവാ"

ഇപ്രകാരം പ്രസ്താവിയ്ക്കയും ചെയ്തു. യോഗിമാർ സതതം (എല്ലായ്പോഴും) പൊത്തുന്നതു മൂക്ക്. മൂക്കു പിടിച്ചുകൊണ്ടാണല്ലോ യോഗികളും മററും ജപിയ്ക്കാറുള്ളതു്. ആ മൂക്കിന്റെ തുമ്പ് എന്നുവെച്ചാൽ തലയാകയാൽ മൂക്കുതല എന്നു കിട്ടി. അവിടത്തെതള്ളയായ ഭഗവതിതന്നെ നാഴിയിൽ പാതി(ഉരി) ആടീല എന്നതിന്നു് ഉരിയാടീല എന്നു താല്പര്യം. പല എന്നു വെച്ചാൽ ബഹു എന്നും ആകാശമെന്നാൽ മാനമെന്നും അർത്ഥം. പലാകാശേനവാനവാ ബഹുമാനംകൊണ്ടോ അല്ലയോ എന്നു നല്ലനിശ്ചയമില്ല എന്നു വിവക്ഷിതാർത്ഥം. ഇതുകൊണ്ടു് ആ ഉണ്ണിയുടെ വൈദുഷ്യാതിശയവും ബുദ്ധിശക്തിയും ഏറെക്കുറെ ഊഹിയ്ക്കാമല്ലോ.

മുമ്പു പറഞ്ഞ നാരായണാചാര്യരുടെ അടുക്കൽ നിന്നും കാലേക്കൂട്ടിത്തന്നെ കാക്കശ്ശേരി ഭട്ടതിരി വിദ്യാഭ്യാസവും മററും കഴിച്ചു സർവ്വശാസ്ത്രങ്ങളിലും വിലയേറിയ പാണ്ഡിത്യം സമ്പാദിച്ചു. ഭട്ടതിരിയുടെ വിദ്യാഭ്യാസത്തിൽ സാമൂതിരിപ്പാടു് അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരുന്നു. എന്നു് അദ്ദേഹത്തിന്റെ ഗദ്യപ്രസ്താവത്തിൽ നിന്നും അറിയാം. അങ്ങനെ വിദ്യാഭ്യാസം നിർവ്വഹിച്ചു വാദത്തിനു് ഒരുമ്പെട്ടു സദസ്സിൽ സന്നിഹിതനായ ഉണ്ണിനമ്പൂതിരിയെക്കണ്ടപ്പോൾ ചിലർ—"ഈ താടിമീശ മുളയ്ക്കാത്ത കുട്ടിയാണോ പ്രചണ്ഡപണ്ഡിതനായ ഉദ്ദണ്ഡനോടു നേരിടാൻ പോകുന്നതു്?" എന്നു പറഞ്ഞു പരിഹസിയ്ക്കുകയും അതിനുത്തരമായി ആ ഉണ്ണി—

"നഛത്രം, നതുരംഗമോ, നവദതാം
വൃന്ദാനി, നോവന്ദിനോ,
നശ്മശ്രൂണി, നഫാലപട്ടതിലകം,
നഹ്യംബരാഡംബരം,

നാസ്ത്യസ്മാകമമന്ദമന്ദരഗിരി-
പ്രോദ്ധൂതദുഗ്ദ്ധോദധി-
പ്രേംഖദ്വീചിപരമ്പരാപരിണതാ
വാണീതുനാണീയസീ"

എന്നു പറകയും ചെയ്തു. അക്കാലത്തു നെടിയിരിപ്പു രാജാക്കന്മാർ ചില വിദ്വാന്മാർക്കു കുട, കുതിര മുതലായവ ഓരോന്നു കല്പിച്ചുകൊടുത്തിരുന്നതു് ഒന്നും തനിയ്ക്കില്ലെന്നും, മീശതന്നെ മുളച്ചിട്ടില്ലെന്നും, ഉദ്ദണ്ഡശാസ്ത്രിയെപ്പോലെ ബഹുമതിചിഹ്നമായ ഫാലപട്ടതിലകവുമില്ലെന്നും മന്ദരപർവ്വതംകൊണ്ടു കടയുന്ന പാൽക്കടലിൽ ഇളകിമറിയുന്ന തിരമാലക്കൂട്ടത്തിന്നു തുല്യമായ വാക്കുമാത്രമാണു തനിയ്ക്കുള്ളതെന്നും അഹംകാരപുരസ്സരം പരസ്യമായി ഈ പദ്യം കൊണ്ടു ഭട്ടതിരി പ്രതിപാദിച്ചിരിക്കുന്നു!

ഭട്ടതിരി വാദസ്ഥലത്തു് എത്തുന്നസമയം മഹാരാജാവും ശാസ്ത്രികളും അവിടെയുണ്ടായിരുന്നു. വാദത്തിന്നു വന്ന ആളെ കണ്ടപ്പോൾ ഉദ്ദണ്ഡനു കണ്ണിനു പിടിക്കുകയുണ്ടായില്ല. ഗർവ്വിഷ്ഠനായ ആ പണ്ഡിതകേസരി "ആകാരഹ്രസ്വഃ" എന്നു പറഞ്ഞു. ഉടനെ നമ്മുടെ കഥാപുരുഷനായ ഭട്ടതിരി-"നഹി, നഹി അകാരോഹ്രസ്വഃ, ആകാരോദീർഘഃ" എന്നു പറഞ്ഞു. ആ സന്ദർഭത്തിൽ ആ മറുപടി ഉരുളയ്ക്കു് ഉപ്പേരി കൊടുക്കംപോലെയായിത്തീർന്നു എന്നു പറയേണ്ടതില്ലല്ലോ. അങ്ങനെ അവർ പരസ്പരം വീരവാദങ്ങൾ തുടങ്ങി.

ഉദ്ദണ്ഡൻെറ അഹംകാരത്തോടും ആർഭാടത്തോടും കൂടിയുള്ള വാക്കുനോക്കുക:-

"ഉക്തിപ്രത്യുക്തമാർഗ്ഗക്രമപരിചയവാ-
നസ്തികശ്ചിദ്വിപശ്ചി-
ദ്യദ്യസ്മിൻ സപ്രസ്തിതസ്സ്മബുധവരസമിതൌ
ബിഭ്യദഭ്യാഗതോഭൂൽ

ഭാംകുർവ്വൻ ഭേകകുക്ഷിംഭരേ! ഷുഭയഭരാൽ-
ഭ്രാന്തഭോഗീന്ദ്രസുഭ്രൂ-
ഭൃണഭ്രംശീകിമംഭഃഫണിഷുപതഗരാൾ
സംഭ്രമീബംഭ്രമീതി"

ഇതിനേക്കാൾ പ്രഗൽഭമായ ഭട്ടതിരിയുടെ-

"വേദം ബഹ്വൃചമദ്ധ്യഗീഷി, കവിതാ-
മപ്യാദൃഷി, വ്യാവൃഷി
ന്യായേവ്യാകരണം വ്യജൈഷിവിഷമേ
വൈശേഷികേക്ലേശിഷി
മീമാംസാമപിപര്യചൈഷമുഭയീം
വ്യാഖ്യാം ച സാംഖ്യംസ്മൃതീ-
രഭ്യാസ്ഥം ശ്രുതധാം പുരാണപദവീം
യോഗേ ചപര്യശ്രമം,
ശബ്ദവ്യാകൃതിനർമ്മകർമ്മണിപടീ
യസ്താതവസ്യാദ്യദി
തച്ചംകസ്യാപിപദസ്യഭദ്രയദ്ധാം
ഭാക്പ്രക്രിയോപക്രിയാം
മീമാംസാരസമാംസളായദിശിരോ
ന്യായോപികോവീശ്വതാം
തർക്കേവായദികക്ഷശോസ്യന്നമിതിം
കാമപ്യനൽപീകുരു."

ശാസ്ത്രികളുടെ നേരിട്ടുനിന്നിട്ടുള്ള ഉണ്ണിനമ്പൂരിയുടെ പോർ വിളിയാണു് ഇതെല്ലാം. സദസ്യരുടെ സമക്ഷത്തിൽ വെച്ചു ഭട്ടതിരിചെയ്യുന്ന പ്രതിജ്ഞയാണു താഴെ കാണിക്കുന്നതു്:-

"കുർവ്വേഗർവ്വോദ്ധതസ്യപ്രതിവദിതുരഹം
ഭാരതീമപ്യസാധ്വീം
സാധ്വീംസാധ്വീമസാധ്വീംബുധവരസമിതൌ
ലക്ഷണേനക്ഷണേന

മാനാഭാസം പ്രമാണം പ്രകൃതിഗതിവശാ-
ദപ്രമാണം പ്രമാണം
സച്ചാസത്തഥാസന്നിശമയതബുധാ
മച്ചരിത്രം വിചിത്രം”

മഹാഗർവ്വിഷ്ഠനായ എതിരാളിയുടെ തെററായവാക്കു ശരിയാണെന്നും ശരിയായതു തെററാണെന്നും ഈ വിദ്വൽസദസ്സിൽ വെച്ചു ഞാൻ സയുക്തികം സമർത്ഥിയ്ക്കാം. ആ പ്രകാരം പ്രമാണമല്ലാത്തതിനെ പ്രമാണമാക്കിയും പ്രമാണത്തെ അപ്രമാണമാക്കിയും സത്തിനെ അസത്താക്കിയും അസത്തിനെ സത്താക്കിയും തീർക്കുവാനും ഞാൻ സസന്നദ്ധനാകുന്നു. എന്റെ ഈ അത്ഭുതചരിത്രം പണ്ഡിതശ്രേഷ്ഠന്മാരായ നിങ്ങളെല്ലാവരും കേട്ടുകൊള്ളുവിൻ! ഭട്ടതിരിയുടെ ഈ പുറപ്പാടു് എത്ര ഭയങ്കരമായിരിയ്ക്കുന്നു!

ശാസ്ത്രികൾ ഒരു തത്തയെ മുമ്പിൽവെച്ചാണു വാദം നടത്താറ പതിവുള്ളതു്. ആ തത്തയാണു ശാസ്ത്രിയ്ക്കു പകരം വാദം നടത്തിയിരുന്നതു്. അതിനെവാദിച്ചു ജയിച്ചാലല്ലാതെ ശാസ്ത്രിയോടു് ആരും നേരിടുക പതിവില്ല. ഈ സംഗതി അറിഞ്ഞശേഷം ഭട്ടതിരി കാലേക്കൂട്ടി ഒരു പൂച്ചയെ വാദത്തിന്നു വരുമ്പോൾ കൊണ്ടുവന്നിരുന്നു. ശാസ്ത്രി തത്തയെ മുമ്പിൽ വെച്ചപ്പോൾ ഭട്ടതിരി പൂച്ചയേയും അഭിമുഖമായി നിർത്തി “അന്ന തത്തയ്ക്കിന്നപൂച്ച” എന്നു പറകയും ചെയ്തു. പൂച്ചയെ കണ്ടപ്പോൾ പ്രാണഭയം നിമിത്തം തത്ത ഒരക്ഷരംപോലും സംസാരിയ്ക്കുകയുണ്ടായില്ലെന്നു പറയേണ്ടതില്ലല്ലോ. ഭട്ടതിരി ശാസ്ത്രികൾ പറഞ്ഞതിനെ ഒക്കെ ഉടൻതന്നെ ഖണ്ഡിച്ചു. സാഹിത്യത്തിലും ശാസ്ത്രത്തിലുമായി അവർ തമ്മിൽ വലിയ പോരാട്ടമുണ്ടായി. ഏതുതരത്തിലും ഭട്ടതിരിയെ ജയിപ്പാൻ ശാസ്ത്രിയ്ക്കു നിവൃത്തിയില്ലാതായിത്തീർന്നു. സദസ്സിൽക്കൂടിയി

രുന്ന പണ്ഡിതന്മാരെല്ലാവരും മഹാരാജാവും ആ ഉണ്ണിനമ്പൂതിരിയെ അഭിനന്ദിച്ചു. ഒടുവിൽ ഉദ്ദണ്ഡൻ തോട്ടിവെച്ച കൊലക്കൊമ്പനെപ്പോലെ വല്ലാതെ ഒതുങ്ങി പിന്നോക്കം ഇരിക്കുകയും പരാജിതനാവുകയും ചെയ്തു. പിന്നെ താനത്തിന്നു വിധിച്ചിരുന്ന വിദ്വാന്മാരുടെ പണക്കിഴി ഭട്ടതിരിക്കും കിട്ടിവന്നു. ഇങ്ങനെ പല ഐതിഹ്യങ്ങളും ഭട്ടതിരിയെപ്പറ്റി കേട്ടിട്ടുണ്ട്. ഏതായാലും അസാമാന്യപണ്ഡിതനായിരുന്നു ബുദ്ധിമാനായ കാക്കശ്ശേരി ഭട്ടതിരി.

# ലക്ഷ്മീദാസൻ.

സകലകവികുലലലാമഭൂതനായ കാളിദാസമഹാകവിയുടെ വിശ്വജനീനമഹിമാതിരേകത്തിന്നു പാത്രീഭവിച്ച പരമാഹ്ലാദജനകമായ മേഘസന്ദേശകാവ്യരത്നത്തിന്റെ തോളോടുതോൾചേർത്തു് അടുത്തുനില്ക്കുന്ന കനിഷ്ഠസഹോദരനായ ശുകസന്ദേശമെന്ന കാവ്യതല്ലജത്തിന്റെ കർത്താവെന്ന നിലയിൽ യശഃശരീരനായി വിരാജിക്കുന്ന ലക്ഷ്മീദാസനെ (കരിങ്ങമ്പള്ളി നമ്പൂരിപ്പാടിനെ) കേട്ടറിവില്ലാത്തവർ സംസ്കൃതസാഹിത്യരസികന്മാരിൽ ആരുമുണ്ടായിരിക്കയില്ല. ശബ്ദാർത്ഥഗംഭീരമായ അദ്ദേഹത്തിന്റെ ശുകസന്ദേശകാവ്യത്തിന്നു് അത്രത്തോളം ആകർഷകത്വമുണ്ടെന്നു തീർത്തുപറയാം. ധ്വനിപ്രാധാന്യംകൊണ്ടും അർത്ഥഗാംഭീര്യംകൊണ്ടും ആ കാവ്യം ഏതുസഹൃദയന്മാരേയും സശിരഃകമ്പം സമ്മതിപ്പിക്കുന്നതും രസിപ്പിക്കുന്നതുമത്രേ. എന്താണെങ്കിൽ ആ കാവ്യത്തിൽ ആദ്യഭാഗത്തുള്ള—

"സൌജന്യാബ്ധേ! ഭവതുഭവതേ
സ്വാഗതം വേഗതോഗാ-
മാഗാഃ സമ്പ്രത്യമരതടിനീ
നന്ദനാന്നന്ദനാന്ന
ഉത്സംഗാദ്വാകരപരിലസ
ദ്വല്ലകീകോണവേല്ലൽ-
നീലക്ഷൌമാഞ്ചലപടലികാ-
മുദ്രിതാദ്ഗളിജായാഃ"

ഈ പദ്യംതന്നെ അതിന്റെ പ്രൌഢിയും ഗാംഭീര്യവും അലങ്കാരഭംഗിയും പ്രകാശിപ്പിക്കുന്നു!

മനോജ്ഞമായ ശുകസന്ദേശകാവ്യത്തിന്റെ കർത്താവായ ലക്ഷ്മീദാസനെപ്പററി അധികമൊന്നും വിവരം അറിവു

കിട്ടിയിട്ടില്ലെങ്കിലും അറിഞ്ഞിട്ടുള്ളിടത്തോളം കഥ പ്രസ്താവിക്കാം. ഒരു സാഹിത്യരസികൻ—

"കൊച്ചി സക്കാരിൽ കണയന്നൂർ താലൂക്കിൽ വെള്ളാരപ്പള്ളിയിൽ വടക്കം ഭാഗത്തു തൃപ്പൂതമംഗലം എന്നൊരു ക്ഷേത്രം ഉണ്ടു്. അവിടന്നു ശങ്കരാചാര്യരുടെ ജനനസ്ഥലമായ കാലടിയിൽനിന്നു രണ്ടു മൂന്നു നാഴിക ദൂരമുണ്ടാകും. തൃപ്പൂതമംഗലത്തിന്നടുത്തുള്ള പോലീസ് സ്റ്റേഷന്റെ തെക്കെപ്പുറത്തിലായിരുന്നു കരിങ്ങമ്പള്ളിമന ഇരുന്നിരുന്നതു്. ആ സ്വരൂപത്തിലേക്കു് ആ ക്ഷേത്രത്തിലെ കാരാഴ്മസ്ഥാനവും ഉണ്ടായിരുന്നു. ആ സ്വരൂപം അന്യംവന്നിട്ടു് ഏകദേശം ഇരുനൂറ്റിച്ചില്വാനം സംവത്സരമായി എന്നു പ്രവൃത്തിക്കണക്കുകൊണ്ടു കാണുമത്രെ. ഇപ്പോൾ ക്ഷേത്രം സക്കാർവകയാണു്. ദേവസ്വം വക വസ്തുക്കളൊഴിച്ചിട്ടുള്ള ആ മനയ്ക്കലെ വസ്തുക്കളെ കൈകാര്യം ചെയ്യുന്നതു കുണ്ടൂരുള്ള കോമനനമ്പൂരിപ്പാടന്മാരാകുന്നു" എന്നു പ്രസ്താവിച്ചിട്ടുണ്ടു്.

ലക്ഷ്മീദാസന്റെ ജീവിതകാലത്തെക്കുറിച്ചു പണ്ഡിതന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായക്കാരുണ്ടു്. "ലക്ഷ്മ്യാരംഗേശരദി" എന്ന കാവ്യാരംഭംകൊണ്ടു് ആ കവിയുടെ ജീവിതകാലം കുറിക്കുന്നു എന്നു ചിലരും, "ദൂരനീത: സതസ്യാ:" എന്നു കലിയാണെന്നു മററു ചിലരും അഭിപ്രായം വ്യക്തമാക്കിയിരിക്കുന്നു. ആദ്യത്തെ പക്ഷപ്രകാരം കലി 3213—അതായതു കൊല്ലവഷാരംഭത്തിന്നു 713 സംവത്സരം മുമ്പു ലക്ഷ്മീദാസൻ ജീവിച്ചിരുന്നു എന്നു തീരുമാനിക്കാം. രണ്ടാമത്തെ അഭിപ്രായത്തിൽ കലി 4592-അതായതു് കൊല്ലം 666 ആണു കവിയുടെ കാലം എന്നു തെളിയുന്നു.

ശുകസന്ദേശത്തിൽ-കൂപകം, മഹോദയപുരം എന്ന പുരങ്ങളിലെ രാജാക്കന്മാരെ വർണ്ണിക്കുകകൊണ്ടു കവിയുടെ കാലത്തു് ഈ നഗരങ്ങൾക്കു വലിയമാഹാത്മ്യമുണ്ടായിരുന്നു എ

ന്നു നിശ്ചയിക്കാം. മഹോദയപുരത്തിൽ സന്ദേശകാലത്തു താമസിച്ചിരുന്നതു കൊച്ചിരാജകുടുംബമാകുന്നു. കവി പ്രശംസിക്കുന്ന രാജാവു കൊച്ചിരാജാവുതന്നെ. ലക്ഷ്മീദാസന്റെ കാലത്തു തൃപ്പൂണിത്തുറ രാജധാനിയോ രാജാക്കന്മാരുടെ താമസമോ ഇല്ലായിരുന്നു. പെരുമാക്കന്മാരുടെ ഭരണം 3444_ാം വർഷത്തിൽ അവസാനിച്ചിരിക്കുന്നു. അതുകൊണ്ടു ക്രി. പി. അഞ്ചാം ശതവർഷമായിരിക്കാം ലക്ഷ്മീദാസന്റെ കാലം. ലക്ഷ്മീദാസൻ ബാല്യകാലത്തു മന്ദബുദ്ധിയായിരുന്നു. അദ്ദേഹത്തെ പഠിപ്പിച്ചിരുന്ന ശാസ്ത്രികൾ പഠിപ്പിക്കുന്നതിൽ അശ്രാന്തനായിഭവിച്ചു. "ഈ കുട്ടിയെ എനിക്കു് ഇനി പഠിപ്പിക്കുവാൻ ഞെരുക്കമാണു്" എന്നു ശാസ്ത്രികൾ ലക്ഷ്മീദാസന്റെ അമ്മയോടു തുറന്നുപറകയുണ്ടായി. അപ്പോൾ ഉണ്ണിയുടെ മാതാവു്—"ശാസ്ത്രികളേ! ശാസ്ത്രികൾ കൊട്ടത്തളത്തിലെ കരിങ്കല്ലു ഒന്നു നോക്കു കുടംകമിഴ്ത്തിയിട്ടുപോലും അതു തേഞ്ഞിരിക്കുന്നു."

ലക്ഷ്മീദാസന്റെ അമ്മയായ അന്തർജ്ജനം ഇപ്രകാരം പറഞ്ഞപ്പോൾ ശാസ്ത്രിവീണ്ടും ഉണ്ണിയെ പഠിപ്പിച്ചുതുടങ്ങി. ഈ ശാസ്ത്രികൾ 19 പ്രാവശ്യം ലക്ഷ്മീദാസനെ രഘുവംശം പഠിപ്പിച്ചിട്ടുണ്ടത്രേ. അതിൽപിന്നെ ശൈലപുത്രിയുടെ അകമഴിഞ്ഞ അനുഗ്രഹത്താൽ ആ ഉണ്ണി മഹാവിദ്വാനും കവിയുമായിത്തീർന്നു.

"വിദ്യാഭിലാഷകുപിതാം നിജബാലസഖ്യാ
തന്ദ്ര്യാകഥഞ്ചിദനുനീയ സമീപനീതാം
ചേതോഹരാം പ്രണയിനീമഖിലേന്ദ്രിയേഷ്ടാം
നിദ്രാം പ്രസാദയിതുമദ്യനമസ്കരോമി"

എന്ന ഒററശ്ലോകം ലക്ഷ്മീദാസൻ ബാല്യകാലത്തു വലിയ മടിയനായിരുന്നു എന്നുള്ളതു വ്യക്തമാക്കുന്നുണ്ടു്.

ഈ വാസ്തവം ആലോചിക്കുമ്പോൾ മുമ്പുപറഞ്ഞ ഐതിഹ്യം ശരിയായിരിക്കാം.

ലക്ഷ്മീദാസന്റെ സുപ്രസിദ്ധകൃതിയായ ശുകസന്ദേശകാവ്യത്തെക്കുറിച്ചും രണ്ടുവാക്കു പറയട്ടെ. ശുകസന്ദേശം പ്രൌഢകാവ്യങ്ങളിൽ ഒന്നാകുന്നു. ദ്രാക്ഷാപാകത്തേക്കാൾ നാളികേരപാകമാണു് അതിലധികം കാണുക. അൎത്ഥഗാംഭീൎയ്യത്തിലും വ്യംഗ്യത്തിലും മേഘസന്ദേശത്തോടു് അടുത്തുനില്ക്കുന്നുണ്ടു് ആ. കാവ്യമെന്നു പറഞ്ഞാൽ അതിശയോക്തിയില്ല. ലക്ഷ്മീദാസന്റെ വിപ്രലംഭശൃംഗാരവൎണ്ണന ഏററവും ഭംഗിയായിട്ടുണ്ടു്. ആ സന്ദൎഭങ്ങളിൽ രസത്തിന്നിണങ്ങുന്ന സുലളിതപദങ്ങൾ കവിക്കു സുലഭങ്ങളായിരിക്കുന്നതു കാണാവുന്നതാണു്.

# ശങ്കരകവി.

സുകുമാരകലയാണു സാഹിത്യമെന്ന സംഗതി മാക്കാത്തവരും സൌന്ദൎയ്യബോധം അത്യാവശ്യകമാണെന്നു ധരിച്ചിട്ടുള്ളവരുമായിരിയ്ക്കണം വാസനാഭാസുരന്മാരായ മഹാകവികഠം എന്ന വസ്തുത വാസ്തവികമായി അറിയാവുന്ന അത്യുത്തമനായ മഹാകവിയാണ് ശ്രീ ശങ്കരകവി. അദ്ദേഹത്തെപ്പററിയുള്ള അല്പമായ വിവരമെങ്കിലും അറിഞ്ഞിട്ടില്ലാത്തവർ പൌരസ്ത്യസാഹിത്യത്തിൽ ആരുമുണ്ടായിരിയ്ക്കയില്ല. ശ്രീകൃഷ്ണവിലാസത്തിന്റെ സഹോദരനായി വിരാജിയ്ക്കുന്ന കൃഷ്ണവിജയത്തിന്റെ കൎത്താവെന്നനിലയിൽ ശങ്കരകവിയ്ക്കുള്ളസ്ഥാനം അത്യന്തം അഭിവന്ദ്യമായിട്ടുള്ളതാകുന്നു. ശബ്ദത്തിലെന്നപോലെ അൎത്ഥത്തിലും അൎത്ഥത്തിലെന്നപോലെ ശബ്ദത്തിലും ഒരുപോലെ മനസ്സിരുത്തി വ്യംഗ്യഭംഗിയോടും രസാത്മകതയോടും വിരചിച്ചിട്ടുള്ള ഇത്തരം മനോഹരകൃതികഠംതന്നെ ചുരുക്കമെന്നു തീൎത്തു പറവാൻ ഇയ്യുള്ളവനു ധൈൎയ്യമുണ്ട്. ശ്രീകൃഷ്ണവിലാസത്തിന്റെ മാധുൎയ്യവും, രഘുവംശത്തിന്റെ ആശയഗാംഭീൎയ്യവും, മാഘത്തിന്റെ ശബ്ദസൌന്ദൎയ്യവും നൈഷധീയചരിതത്തിന്റെ അലങ്കാരവൈചിത്ര്യവും മററുമെല്ലാം കൃഷ്ണവിജയത്തിനുണ്ടെന്നു പറഞ്ഞാൽ അതിശയോക്തി ലേശമില്ല എന്നാണ് എനിയ്ക്കു തോന്നുന്നതു്.

സുകുമാരകാവ്യംപോലെ സുകുമാരവും മധുരഗംഭീരവുമായ കൃഷ്ണവിജയത്തിന്റെ കൎത്താവിനെക്കുറിച്ചു ചില വിവരം ഇവിടെ പ്രതിപാദിയ്ക്കുന്നതു നന്നായിരിയ്ക്കും.

സുകുമാരകലാബോധം സൎവ്വതോമുഖമായിട്ടുള്ള മഹാകവിയായ ശങ്കരൻ ഒരു മാരാരാണെന്നും, അല്ല, വാരിയരാണെന്നും സഹൃദയന്മാർ രണ്ടു പക്ഷം പറയുന്നുണ്ടു്. മാ

രാരാണെന്നു പറയുന്ന പക്ഷക്കാർ താഴെ കാണിക്കുന്ന ഐതിഹ്യം മുറുകെ പിടിക്കുന്നു.

"ഒരിക്കൽ ഉദ്ദണ്ഡശാസ്ത്രികൾ ഒരു ദേവീക്ഷേത്രത്തിൽ ദർശനത്തിന്നുവന്നു. സ്വതവേ ഉദ്ധതനായ ഉദ്ദണ്ഡൻ ഭഗവദ്ദർശനാദികളിലൊക്കെ അപ്പപ്പോൾ ഉണ്ടാകുന്ന പദ്യങ്ങളാണു സ്തോത്രമായി ഗണിക്കാറുള്ളതു്. എന്നാൽ ദേവീപ്രസാദത്താലും പരമപാണ്ഡിത്യത്താലും പ്രശസ്തവാസനയാലും ശാസ്ത്രികൾ അതു സാധിച്ചിരുന്നു എന്നു പറയണം. അതുപോലെ അന്നും

"സംഭരിതഭ്രരികൃപമംബ! തുഭമംഗം
ശുംഭതു ചിരന്തനമിദംതവമദന്തഃ"

ഇങ്ങനെ ദേവിയെ സ്തുതിച്ചു ശ്ലോകം ഉണ്ടാക്കി ചൊല്ലിയപ്പോൾ ഉത്തരാർദ്ധം വിരചിക്കുവാൻ വിളംബം നേരിട്ടു. അപ്പോൾ ആ അമ്പലത്തിൽത്തന്നെ ഇടയ്ക്കു കൊട്ടി കൊണ്ടുനിന്നിരുന്ന ഒരു മാരാർ, ആ പദ്യത്തിന്റെ ഉത്തരാർദ്ധം—

"ജംഭരിപുകുംഭിവരകുംഭയുഗഡംഭ-
സ്തംഭികുചകുംഭപരിരംഭപരശംഭു"

ഇങ്ങനെ പൂരിപ്പിച്ചു. ഇദ്ദേഹമാണു ശങ്കരകവി. ഉദ്ദണ്ഡന്റെ പൂർവ്വാർദ്ധത്തേക്കാൾ ഉത്തരാർദ്ധം തുലോം അഭിനന്ദനാർഹമായിരിക്കുന്നു എന്നു പറയണമെന്നില്ലല്ലോ. ഇതു കൊണ്ടു് ആ കവികോകിലം ഉദ്ധതനായ ശാസ്ത്രികളുടെ പ്രീതിബഹുമാനങ്ങൾക്കു പാത്രമായിത്തീർന്നു.

"പലായദ്ധ്വം പലായദ്ധ്വം
രേ! രേ! ദുഷ്കവികുഞ്ജരാഃ"

എന്നു പറഞ്ഞു കേരളത്തിലേക്കു കടന്ന പരദേശിബ്രാഹ്മണനായ ഉദ്ദണ്ഡൻ, ശങ്കരൻ, കാക്കശ്ശേരി എന്നിങ്ങനെ ചുരുക്കം ചില കേരളീയരെ മാത്രമേ ഉള്ളുകൊണ്ടു ബഹുമാനി

ച്ചിരുന്നുള്ളു എന്നാണു പറയേണ്ടതു്. കോകിലസന്ദേശത്തിൽ, “ശങ്കരാദ്യാഃ കവീന്ദ്രാഃ” എന്നു ശാസ്ത്രികൾ സബഹുമാനം സ്മരിച്ചിരിക്കുന്നതും ഈ ശങ്കരകവിയെത്തന്നെയാണു്. ശങ്കരകവി, മാരാരാണെന്നുള്ള അഭിപ്രായത്തോടു കവിതിലകൻ വടക്കുങ്കൂർ രാജരാജവൎമ്മ യോജിക്കുന്നില്ല. അദ്ദേഹം പറയുന്നു:—

“കേരളവൎമ്മ കോലത്തിരിയുടെ വിദ്വൽസദസ്സിനെ അലങ്കരിച്ചിരുന്ന ഒരു കവിരത്നമാണു രാഘവശിഷ്യനും ശ്രീകൃഷ്ണവിജയകൎത്താവും ആയ ശങ്കരവാരിയർ. പള്ളിക്കുന്നു (വിഹാരാചലം) ക്ഷേത്രത്തിന്നു ഏറവും അടുത്തു വടക്കുകിഴക്കു മാറി ഒരു സ്ഥലത്താണു വാരിയരുടെ ഭവനം നിലനിന്നിരുന്നതു്. ഈ ക്ഷേത്രത്തിലെ കഴകം വാരിയരുടെ കുടുംബക്കാൎക്കായിരുന്നു. ശങ്കരവാരിയർ സംഗതിവശാൽ ജ്യേഷ്ഠനുമായി രസമില്ലാതെയായി തറവാട്ടിൽനിന്നു മാറി വേറെയൊരു സ്ഥലത്തു താമസിച്ചു എന്നു് ഒരു ഐതിഹ്യം കേട്ടിട്ടുണ്ടു്. “ശങ്കരൻകണ്ടി” എന്നു പേരായ ഒരു പറമ്പു പള്ളിക്കുന്നുക്ഷേത്രത്തിന്നു അടുത്തായി കാണുന്നു. ശങ്കരവാരിയർ പ്രത്യേകം താമസിച്ചിരുന്നതിവിടെയാണെന്നു് അറിയുന്നു. ഈ സ്ഥലത്തിന്നു വാരിയരുടെ പേരുമായുള്ള ബന്ധം വിചാരിക്കുമ്പോൾ ഈ ഐതിഹ്യം വിശ്വാസയോഗ്യം എന്നു പറയണം. വാരിയരുടെ കുടുംബം ഇപ്പോൾ ഇല്ല. കൃഷ്ണവിജയകൎത്താവായ ശങ്കരൻ ഒരു മാരാരാണെന്നു ചില പണ്ഡിതന്മാർ പറയുന്ന അഭിപ്രായം വാസ്തവമല്ലെന്നുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.” ഇപ്രകാരമുള്ള അഭിപ്രായഭേദങ്ങൾ ഉണ്ടായിരുന്നാലും കൃഷ്ണവിജയകൎത്താവാണു ശങ്കരൻ എന്നും, അദ്ദേഹം ബഹുമാനപുരസ്സരം,

“ചകാസ്തിരാജാ ചതുരന്തവീര-
ചൂഡാതടീചുംബിതപാദപീഠഃ

കാലാഗ്നികൂലങ്കഷബാഹുതേജാഃ
കോലാധിപഃ കേരളവർമ്മനാമാ”

ഇങ്ങനെ സ്മരിക്കുന്ന കോലത്തിരി കേരളവർമ്മയുടെ അഭിപ്രായപ്രകാരമാണ് ആ കാവ്യരത്നം നിർമ്മിച്ചതെന്നും കാവ്യത്തിന്റെ ആദ്യഭാഗംകൊണ്ടു മനസ്സിലാക്കാം.

ഇനി കൃഷ്ണവിജയത്തിന്റെ ശയ്യാമാധുര്യവും ശബ്ദഭംഗിയും മററും മനസ്സിലാക്കുവാനായി ഒന്നു രണ്ടു പദ്യങ്ങൾ താഴെ ഉദ്ധരിക്കാം. ആദ്യത്തെ മംഗളങ്ങളായി ചേർത്തിട്ടുള്ള മനോജ്ഞപദ്യങ്ങൾ നോക്കുക:—

“മദാപഗാശീകരസേകശീതാഃ
മാധ്വീലിഹാം മാംസളിതാനിനാദൈഃ
ഹരന്തുതാപം ഹരനന്ദനസ്യ
കല്യാണദാഃ കർണ്ണസമീരണാമേ
ആകല്പമന്ദാരരുചം കവീന്ദ്ര-
മാകന്ദവാസന്തരമാവിലാസം
ഏകം നിധാനം വചസാമുപാസേ
പാകം പയോജാസനപുണ്യരാശേഃ
ശൃംഗാരസർവ്വസ്വഹരേക്ഷണാനി
കുമുദ്‌വതീഭംഗ്യവതംസിതാനി
വീക്ഷാമഹേ ചേതസി മൂർത്തിമന്തി
ദാക്ഷായണീലോചനകൌതുകാനി
കല്യാണബീജാങ്കുരജന്മഹേതുഃ
കടാക്ഷകാളാംബുധരോഗ്ഗ്രണാം
പ്രനർത്തയതാച്ഛകൃപാംബുവർഷൈഃ
പ്രജ്ഞാമയൂരീം മമദീനദീനാം”

ശബ്ദാർത്ഥാലങ്കാരഭംഗികൊണ്ടും വ്യംഗ്യമര്യാദയാഭാസിക്കുന്ന ഭക്തിരസവൈശിഷ്ട്യംകൊണ്ടും എത്രയധികം ഹൃദ്യങ്ങളാണ് ഈ ശ്ലോകങ്ങൾ എന്നു എടുത്തുപറയേണമോ?

# മാനവിക്രമ ശക്തൻസാമൂതിരി.

സാഹിത്യമണ്ഡപത്തിലെന്നപോലെ സമരരംഗത്തിലും ഒരുപോലെ ഇറങ്ങിനിന്നു പോരാടി വിജയശ്രീസമാലിംഗിതന്മാരായി ഇതരക്ഷത്രിയന്മാരെ ഏവരേയും ആകർഷിച്ചു അസൂയാവഹമായ അഗ്രിമസ്ഥാനം കൈക്കലാക്കിയിരുന്ന വീരകേസരികളായിരുന്നു ശൈലാബ്ധീശ്വരർ എന്നു വിശ്വവിദിതന്മാരായ കോഴിക്കോട്ടുരാജാക്കന്മാർ. കുന്നിന്റേയും കടലിന്റേയും അധീശ്വരന്മാരാവുകനിമിത്തം അവൎക്കു "കുന്നലക്കോൻ" എന്ന നാമം സിദ്ധിച്ചു. നെടിയിരിപ്പുസ്വരൂപം എന്നു പറഞ്ഞുവരുന്ന ആ രാജവംശത്തിന്റെ പൂൎവ്വചരിത്രം അത്ഭുതാവഹവും ഐതിഹ്യജടിലവും ആണെന്നു തീൎച്ചയാണു്. മാനവിക്രമൻ, മാനവേദൻ എന്നു തുടങ്ങി അനേകം രാജാക്കന്മാർ കുന്നലക്കോന്മാരായി പരിലസിച്ചിരുന്നു. അവരുടെ പ്രതാപകീർത്തികളുടെ ഉജ്ജ്വലപ്രകാശം ഇന്നും ലോകത്തിൽനിന്നു മാഞ്ഞിട്ടില്ല. പാണ്ഡ്യരാജാവിനെ തോല്പിച്ചു് അതു വഴിയായി ചേരമാൻ പെരുമാളിന്റെ പ്രീതിഭാജനമായിത്തീൎന്നു് അദ്ദേഹത്തിന്റെ അനുഗ്രഹവും രാജ്യാവകാശസംഭാവനകളും കൈക്കൊണ്ടു് ലോകോത്തരവിഖ്യാതി നേടിയവരാണു് ആ രാജവംശത്തിലെ യുവാക്കന്മാരായ രണ്ടു തമ്പുരാക്കന്മാർ—മാനവിക്രമ,മാനവേദന്മാർ. വിശ്വവീരന്മാരായ ആ രാജവംശ ശശാങ്കന്മാരിൽ അദ്വിതീയനും വിദ്വദഗ്രേസരനും അസമാനവിക്രമനും ആയിരുന്നു നമ്മുടെ കഥാപുരുഷനായ മാനവിക്രമ ശക്തൻസാമൂതിരിപ്പാടു്. അപ്രമേയവും അസാമാന്യവുമായ മഹിമാതിരേകത്തിനു പാത്രമായ അവിടുത്തെ അപദാനങ്ങൾ എത്രയെത്ര മഹാകവികളുടേയും പണ്ഡിതന്മാരുടേയും പ്രശംസയ്ക്കാണ വിഷയമായിട്ടുള്ളതു് എന്നു പറഞ്ഞറിയിയ്ക്കുവാൻ പ്രയാസമാകുന്നു.

മാനവിക്രമമഹാരാജാവു നാടുവാണിരുന്ന കാലത്തു സംസ്കൃതസാഹിത്യത്തിന്നു് ഉണ്ടായിക്കൊണ്ടിരുന്ന പ്രസിദ്ധിയും വളർച്ചയും ഒന്നു വേറെത്തന്നെയായിരുന്നു. പണ്ഡിതന്മാരേയും മഹാകവികളേയും ബഹുമാനിയ്ക്കുവാനും പ്രോത്സാഹിപ്പിയ്ക്കുവാനും അവിടേയ്ക്കുള്ള ഔത്സുക്യവും സന്നദ്ധതയും അന്യാദൃശമാണു്. അവിടുത്തെ നേതൃത്വത്തിൽ നടത്തിവന്നിരുന്ന വിദ്വൽസദസ്സിനോളം വിഖ്യാതി നേടിയ ഒരു പണ്ഡിതമഹാമഹം കേരളത്തിലെന്നല്ല, പരദേശത്തും ഉണ്ടായിട്ടില്ല. പതിനെട്ടരക്കവികളും മററും മാനവിക്രമന്റെ വിദ്വൽസദസ്സിന്നു് അലങ്കാരഭൂതന്മാരായിരുന്നു. അപ്രതിഹതപാണ്ഡിത്യമണ്ഡിതന്മാരായ കാക്കശ്ശേരിയും ഉദ്ദണ്ഡനും തമ്മിലുള്ള വൈദുഷ്യസമരം നടത്തിയതു ശക്തന്റെ സദസ്സാകുന്ന തളിയിൽ തറവാത്തിൽവെച്ചാണു്. കോഴിക്കോട്ടു രാജാക്കന്മാൎക്കു "മാനവിക്രമൻ" എന്ന നാമം എങ്ങനെ സിദ്ധിച്ചു എന്നു നോക്കാം. ചില ചരിത്രകാരന്മാർ താഴെ പറയും പ്രകാരം പ്രസ്താവിയ്ക്കുന്നു.

"ഒട്ടുവിലത്തെ പെരുമാൾ ചേരമാൻ ആയിരുന്നു. അദ്ദേഹം ചോളരാജസാമ്രാജ്യത്തിലെ ഒരാൾ ആയിരുന്നു. പതിവുപോലെ പന്ത്രണ്ടുകൊല്ലം വാഴുവാനായി അയാൾ കേരളത്തിൽവന്നു. ജനങ്ങൾക്കു് അദ്ദേഹത്തെ വളരെ താല്പൎയ്യമായിത്തീൎന്നു. അതുകൊണ്ടു നിശ്ചയിയ്ക്കപ്പെട്ട കാലം കഴിഞ്ഞിട്ടും കുറെക്കാലവുംകൂടി രാജാവായിരിപ്പാൻ അവർ അദ്ദേഹത്തോടു് അപേക്ഷിച്ചു. രാജ്യഭരണതന്ത്രമാകുന്ന ചക്രവാളത്തിൽ ശത്രുക്കളാകുന്ന കാർമേഘങ്ങൾ നിറഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ ഏകോപിച്ചുകൂടിയ കേരളത്തിന്റെ നായകത്വം ജനനായകശപ്രകാരം ആക്കിത്തീൎപ്പാനുള്ള ആലോചനയുടെ ഉത്ഭവം ഇവിടെനിന്നു തുടങ്ങുമായിരുന്നു. പെരുമാളുടെ അധികാരം കണ്ടു് അയൽപക്കത്തുള്ള രാജാക്കന്മാൎക്കു്

അസൂയ മുഴുത്തു് അവരിൽ ഒരു രാജാവു്—പാണ്ഡിയൻ എന്നാണു കഥയിൽ പറയുന്നതു്—അദ്ദേഹത്തിന്റെ നേരെ യുദ്ധത്തിനു പുറപ്പെട്ടു. അതേ കാലത്തുതന്നെ ഇലങ്കരുടെ ഒരു യുദ്ധയാത്രയും ഉണ്ടായി. എന്നാൽ ചേരമാൻ വളരെ ധീരനായ ഒരു യോദ്ധാവല്ലായിരുന്നതുകൊണ്ടു് അദ്ദേഹം തിരുനാവായെയുള്ള തന്റെ രാജധാനിയിൽ ഭയപ്പെട്ടു വിറച്ചുകൊണ്ടിരിയ്ക്കയായിരുന്നു. അപ്പോൾ ഒരു ആഢ്യൻനമ്പൂരി വന്നു രണ്ടു പൂന്തുറകുമാരന്മാരെപ്പററി രാജാവിനെ അറിയിയ്ക്കയും പാണ്ടിയൻ അക്രമിയെ ഓടിപ്പാനുള്ള ഭാരം അവരെ ഏല്പിയ്ക്കണമെന്നു പറയുകയും ചെയ്തു. പെരുമാൾ തന്റെ രാജ്യത്തിന്റെ വടക്കേ ഖണ്ഡത്തിലെ പ്രമാണിയെ തുളുരാജാവിന്റെ നേരേ യുദ്ധത്തിന്നയച്ചു. അതിന്റെ ശേഷം ആ രണ്ടു കുമാരന്മാരെ വരുത്തുവാൻ ആളെ അയച്ചു. ആ കുമാരന്മാർ യുദ്ധശാസ്ത്രപാരംഗതന്മാരായ 10,000 ഭടന്മാരെ തിരഞ്ഞെടുത്തു പെരുമാളുടെ ആശീർവാദത്തോടും ബ്രാഹ്മണരുടെ അനുഗ്രഹത്തോടുംകൂടി യുദ്ധത്തിനു പുറപ്പെട്ടു. പാണ്ടിവാററിനിയെ വാളയാറിൽവച്ചു പരാജിതനാക്കുകയും പാണ്ടിരാജാവിനെ ഒരു മലയാളപ്പട കൊല്ലുകയുംചെയ്തു. ഇപ്രകാരം ആക്രമത്തിൽനിന്നു കേരളത്തെ രക്ഷിച്ച ആ രണ്ടു യുവാക്കൾ സാമൂതിരികളുടെ പൂർവ്വികന്മാരാകുന്നു. സാമൂതിരികൾ ഇപ്പോഴും ആ രണ്ടു യുവാക്കളുടെ നാമങ്ങളായ മാനിച്ചൻ, വിക്കിരൻ എന്ന രണ്ടു പദങ്ങളുടെ സമ്മേളനത്തിൽനിന്നു ജനിച്ച മാനവിക്രമൻ എന്ന പേരു ധരിച്ചുവരുന്നു."

തന്ത്രസമുച്ചയത്തിന്റെ കർത്താവാണു ചേന്നാസ്സു നമ്പൂരിപ്പാടു്. അദ്ദേഹം ശക്തൻ സാമൂതിരിപ്പാട്ടിലെ ആശ്രിതനും സദസ്യനുമായിരുന്നു. തന്ത്രസമുച്ചയം നിർമ്മിച്ചതു് ഏതുകാലത്താണെന്നു വ്യക്തമാക്കിയിട്ടുണ്ടു്. മാനവിക്രമനും അദ്ദേഹത്തിന്റെ സദസ്യാംഗങ്ങളും കൊല്ലം 550-നു മേൽ

630-ന്നു മദ്ധ്യേ ജീവിച്ചിരുന്നു എന്നു് ഏതാണ്ടു മനസ്സിലാക്കാം.

ഇനി നമുക്കു ശക്തന്റെ സദസ്യരായ പതിനെട്ടരക്കവികൾ ഏവരാണെന്നു നോക്കാം. പയ്യൂർ പട്ടേരിമാർ അച്ഛനും, മകനും, സഹോദരന്മാർ ഏഴുപേരും കൂടി ഒമ്പതുപേർ, തിരുവേഗപ്പുറക്കാർ അഞ്ചു നമ്പൂതിരിമാർ, മുല്ലപ്പള്ളിപ്പട്ടേരി, ചേന്നാസ്സു നമ്പൂരിപ്പാടു്, ഉദ്ദണ്ഡശാസ്ത്രികൾ, കാക്കശ്ശേരി ഭട്ടതിരി ഇങ്ങനെ പതിനെട്ടു കവികളും അരക്കവി പുനവും കൂടിയാൽ പതിനെട്ടരക്കവികളായി. ഭാഷാകവിയായതുകൊണ്ടു പുനത്തെ അരക്കവി മാത്രമായിട്ടാണു ഗണിച്ചിരുന്നതെന്നാണു പറയുന്നതു്.

ശക്തൻ സാമൂതിരിപ്പാട്ടിലെ വിശാലമായ ചരിത്രം കവിധർമ്മമർമ്മജ്ഞന്മാരും ഗവേഷണപടുക്കളുമായ പണ്ഡിതന്മാർ കണ്ടുപിടിച്ചു് എഴുതിവെയ്ക്കേണ്ടതാണു്. അത്രയ്ക്കുണ്ടു് അതിന്റെ മാഹാത്മ്യം. ഏതായാലും സാഹിത്യശാസ്ത്രം ഉള്ളേടത്തോളം കാലം ശക്തന്റെ നാമധേയം ലോകം മറക്കുകയില്ല. വിശ്വവിഖ്യാതന്മാരായ ഇത്തരം മഹാരാജാക്കന്മാർ ഇനി അവതരിക്കുകയില്ല എന്നാണു് എനിക്കു തോന്നുന്നതു്.

# അശ്വഘോഷനും ബുദ്ധചരിതവും.

"ഭാസോഹാസഃ കവികുലഗുരുഃ കാളിദാസോവിലാസഃ" എന്നും മററും അനന്തരകവികളാൽ സബഹുമാനം സംസ്തുതനായ ഭാസമഹാകവിയുടെ കാവ്യതല്ലജങ്ങളെപ്പോലെ കുറെക്കാലം ഇരുളിനിടനിൽ കിടന്നു് എന്തോ ഗൈർവ്വാണിയുടെ പരമഭാഗ്യത്താൽ ആണു് ഇക്കാലത്തെങ്കിലും വെളിച്ചത്തുവന്നു സഹൃദയഹൃദയാഹ്ലാദകത്വത്തിന്നു തികച്ചും പാത്രമായി വിശ്വോത്തരമായ പ്രശംസയെ അർഹിക്കുന്ന ആശയഗംഭീരമായ ഒരു കാവ്യതല്ലജമാണു മഹാകവി അശ്വഘോഷൻെറ ബുദ്ധചരിതം. ആ കാവ്യരത്നത്തെ തേടിപ്പിടിച്ചു പുറത്തുകൊണ്ടുവന്നതു് ഒരു പാശ്ചാത്യപണ്ഡിതനാണെന്നും അദ്ദേഹം തന്മൂലം അമരഭാരതിയോടും അത്യന്തം ഭക്തിപ്രദർശിപ്പിച്ച ആളാണെന്നും ഈ സന്ദർഭത്തിൽ നന്ദിയോടുകൂടി സ്മരിക്കേണ്ടിയിരിക്കുന്നു. കാലപ്രവാഹത്തിന്നടിയിൽ കുറെക്കാലം മറഞ്ഞുകിടന്നിരുന്നുവെങ്കിലും ഈ കാവ്യത്തിൻെറ സുരഭിലയശസ്സു വാചാമഗോചരംതന്നെ.

കാലവൈപരീത്യത്താൽ ബുദ്ധമതത്തിന്നും ബുദ്ധചരിതത്തിന്നും തൽപ്രതിപാദകഗ്രന്ഥങ്ങൾക്കും സ്വദേശത്തു ലഭിക്കേണ്ട സ്ഥാനവും ബഹുമാനവും മററും വിദേശത്തുനിന്നാണു സിദ്ധിച്ചിട്ടുള്ളതു് എന്നു പറയേണ്ടിയിരിക്കുന്നു. ബുദ്ധമതം—ചൈന, ജപ്പാൻ മുതലായ രാജ്യങ്ങളിൽ സ്ഥാനമുറപ്പിക്കുകയും അതോടുകൂടി ബുദ്ധചരിത്രപ്രതിപാദകഗ്രന്ഥങ്ങൾ നമ്മുടെ രാജ്യത്തുനിന്നും അന്തർദ്ധാനം ചെയ്കയും ചെയ്തു. അക്കൂട്ടത്തിൽപ്പെട്ടതാണു് അശ്വഘോഷൻെറ ബുദ്ധചരിതം. അതു ചൈനയിലും തിബററിലും മററും തൻെറ ഉജ്വലമായ വിഖ്യാതിയോടുകൂടി ഏവരാലും സാദരം സ്വീ

കരിയ്ക്കപ്പെട്ടു. ക്രിസ്തുവഷം അഞ്ചാംശതവഷത്തിൽ ചീനഭാഷയിലും ഏഴാം ശതവഷത്തിൽ തിബറ്റഭാഷയിലും തജ്ജിമചെയ്യപ്പെട്ട വിലയേറിയ ഒരു കാവ്യമാണു ബുദ്ധചരിതം. ഏഴാംനൂററാണ്ടിൽ ഇന്ത്യ സന്ദശിച്ച "ഹ്യൂയിൻസാങ്ങ്" എന്ന ബുദ്ധഭക്തനായ ചൈനക്കാരനും, എ. ഡി. 673-ൽ ഇന്ത്യയിൽവന്ന "ഇററ്സിങ്ങ്" എന്ന മറെറാരു ചീനക്കാരനും അശ്വഘോഷനേയും അദ്ദേഹത്തിൻെറ കാവ്യത്തേയും അത്യന്തം പ്രശംസിയ്ക്കയുണ്ടായിട്ടുണ്ടു്. അശ്വഘോഷനെ ഒരു മതാചാൎയ്യൻ എന്ന നിലയിൽക്കൂടി അവർ പുകഴ്ത്തിയിരുന്നതായി അറിയപ്പെടുന്നു. ബുദ്ധമതക്കാരുടെ ഇടയിൽ അശ്വഘോഷനെപ്പററിയുള്ള മതിപ്പു് അസാമാന്യമായിരുന്നു.

അശ്വഘോഷൻെറ ജീവിതകാലം ഏതായിരുന്നു എന്ന സംഗതി വാദഗ്രസ്തമായിട്ടാണിരിയ്ക്കുന്നതു്. ചില ചരിത്രകാരന്മാർ, കാനിഷ്കചക്രവത്തിയുടെ സദസ്യനാവുകയാലും ബുദ്ധമതോപദേഷ്ടാവായിത്തീരുകകൊണ്ടും ബുദ്ധമതപ്രചാരത്തിന്നായി പല പരിശ്രമങ്ങൾ അദ്ദേഹം ചെയ്തിരുന്നു എന്നുവരികയാലും ക്രിസ്തുവഷം, 79-നും, 120-നും മദ്ധ്യത്തിൽ അശ്വഘോഷൻ ജീവിച്ചിരുന്നു എന്നു് അഭിപ്രായപ്പെടുന്നു.

അശ്വഘോഷൻെറ ബുദ്ധചരിതകാവ്യം ശബ്ദഭംഗിയേക്കാൾ അത്ഥപുഷ്ടിയിലാണു മികച്ചുനില്ക്കുന്നതു്. ചിലദിക്കിൽ-"സപാണ്ഡവം പാണ്ഡവതുല്യവീൎയ്യഃ"എന്നും മററുമുള്ള ഭാഗങ്ങളിൽ ശബ്ദത്തിലും അശ്വഘോഷൻ മനസ്സിരുത്തിയിട്ടുണ്ടു്. അവിടങ്ങളിൽ അത്ഥശക്തിയും കുറയും. ഉപമ, രൂപകം, ദൃഷ്ടാന്തം തുടങ്ങിയുള്ള സാദൃശ്യമൂലകങ്ങളായ അത്ഥാലങ്കാരങ്ങളാണു് അശ്വഘോഷൻ അധികം ഉപയോഗിച്ചിട്ടുള്ളതു്. കവിയുടെ കല്പനാശക്തി കാണിയ്ക്കുന്നഭാഗങ്ങൾ ബുദ്ധചരിതത്തിൽ നന്നെ കുറയും. വിഷയത്തിൻെറ വിശദീകരണം, വസ്തുസൌന്ദൎയ്യത്തിൻെറ പ്രകാശനം, വികാരത്തിൻെറ

ഉത്തേജനം എന്നിവയിൽ അശ്വഘോഷൻ ശ്രദ്ധിച്ചിട്ടുണ്ടെന്നു കാണാവുന്നതാണു്. വ്യംഗ്യഭംഗിയിലും അദ്ദേഹത്തിന്റെ ദൃഷ്ടി പതിഞ്ഞിട്ടുണ്ടു്. ഔചിത്യബോധം ധാരാളമുള്ള ഒരു കവിയാണു് അശ്വഘോഷൻ എന്നു തെളിയും.

അശ്വഘോഷന്റെ അർത്ഥാലങ്കാരഭംഗിയെ നമുക്കൊന്നു പരിശോധിക്കുക. ബാലനായ സിദ്ധാർത്ഥൻ ഭാവിയിൽ ബുദ്ധനായിഭവിച്ചു ലോകത്തെ സമുദ്ധരിക്കുമെന്നു് അസിതൻ എന്ന മഹർഷി ശുദ്ധോദന രാജാവിനോടു പറയുന്ന ഘട്ടത്തിലെ:—

"ദുഃഖാർണ്ണവാദ്വ്യാധിവികീർണ്ണഫേനാൽ
ജരാതരംഗാന്മരണോഗ്രവേഗാൽ
ഉത്താരയിഷ്യത്യയ മുഹ്യമാന—
മാർത്തംജഗൽ ജ്ഞാനമഹാപ്ലവേന"

ഈ പദ്യത്തിൽ പ്രയോഗിച്ചിരിക്കുന്ന രൂപകാലങ്കാരം എത്ര കേമമായിരിക്കുന്നു!

"അസ്യോത്തമാംകർമ്മനദീം പ്രവൃത്താം
തൃഷ്ണാകുല: പാസ്യതി ജീവലോകഃ:"

എന്നീപ്രകാരമുള്ള രൂപകങ്ങളും അത്യന്തം ഹൃദ്യമായിട്ടുണ്ടു് എന്നു പറയേണ്ടതില്ലല്ലോ. ബുദ്ധചരിതത്തിന്റെ വിശദമായ ഒരു നിരൂപണമല്ലായ്കയാൽ ഈ ലേഖനം തൽക്കാലം ഇത്രമാത്രം. ഏതായാലും അശ്വഘോഷനും അദ്ദേഹത്തിന്റെ കാവ്യവും ഏററവും വലിയ ഒരു സ്ഥാനം അർഹിക്കുന്നുണ്ടു്.

# മാനവേദൻെറ കവിത.

അഭിനയകലയുടെ സൌന്ദൎയ്യഗാംഭീൎയ്യങ്ങളെ ഭാവുകഭാവനയിൽപ്പെടുത്തി അവരെ ആനന്ദതുന്ദിലരാക്കുന്നതിനുള്ളകഴിവു കഥകളിയോളം മറെറാന്നിനില്ലെന്നും അതുനിമിത്തം അതിൻെറ പ്രശസ്തി ഇന്നും ലോകത്തിൽ നിലനില്ക്കുന്നുവെന്നും പറയാവുന്നതാണു്. ഇപ്പോൾ വിദേശത്തുള്ളവർപോലും പരിഷ്കൃതമായ കഥകളിയുടെ രീതി കണ്ടു് അതിനെ കണക്കിലധികം ബഹുമാനിച്ചുവരുന്നു. അതിനു കാരണം അഭിനയക്കാരുടെ കലാപാടവമാകുന്നു. കുറച്ചുകാലംമുമ്പൊരു കേശവക്കുറുപ്പും ഇന്നൊരുകുഞ്ചുക്കുറുപ്പും അഭിനയത്തിൽ കേങ്കേമന്മാരാകുന്നു. ഒരിയ്ക്കൽ കേശവക്കുറുപ്പിനെക്കൊണ്ടു, കൂടല്ലൂർ കുഞ്ഞിക്കാവുനമ്പൂരിപ്പാടും വെൺമണി മഹൻ നമ്പൂരിപ്പാടും കൂടി പകലുച്ചനേരത്തു് ഉടുത്തമുണ്ടു തലച്ചുകുത്തി രണ്ടാമുണ്ടുകൊണ്ടു് അരയും മുറുക്കി തന്നത്താനൊരു കൈലാസോദ്ധാരണംചൊല്ലിയാടിപ്പിച്ചപ്പോൾ കൎക്കശമായ തൎക്കശാസ്ത്രമുരുവിടുകയല്ലാതെ ഒന്നും ചെയ്യുവരാത്ത പച്ചപ്പരദേശിയായ ശഠകോപാചാൎയ്യർ മേല്പോട്ടേറിഞ്ഞ കൈലാസവും നോക്കിക്കൊണ്ടു മിഴിച്ചിരുന്നു എന്നു വരുമ്പോൾ ചിരിയ്ക്കാത്തവർ ഉണ്ടായിട്ടില്ലെന്നും അതു് അഭിനയകലയുടേയും ആ കളിക്കാരൻെറയും സാമൎത്ഥ്യമാണെന്നു പറയേണ്ടതില്ലല്ലോ. ഇത്രത്തോളം മാഹാത്മ്യം കൈവന്നിരിയ്ക്കുന്ന കഥകളിയ്ക്കും അടിസ്ഥാനമായിട്ടൊരു നാട്യകല ഉണ്ടായിട്ടുണ്ടെങ്കിൽ അതു കൃഷ്ണാട്ടമാകുന്നു. അപ്പോൾ അതു നിൎമ്മിച്ച ആളുടെ കലാവൈദഗ്ദ്ധ്യത്തെക്കുറിച്ചു് എടുത്തു പറയേണമോ? ഭക്തിരസപ്രധാനമായ കൃഷ്ണാട്ടവും, മാനവേദചമ്പുവും അതിപ്രധാനമായ ഒരു സ്ഥാനമാണു സാഹിത്യത്തിൽ അൎഹിയ്ക്കുന്ന

തെന്നു സഹൃദയവേദ്യമത്രേ. അതുകൊണ്ടു നമുക്കു മാനവേദൻ എന്ന സാമൂതിരിപ്പാടിന്റെയും അദ്ദേഹത്തിന്റെ കൃതിയുടേയും സ്വഭാവത്തെപ്പററി ലഘുവായി നിരൂപിച്ചു നോക്കുക.—

മാനവേദൻ സാമൂതിരിപ്പാട്:—"കൃഷ്ണഗീതി" എന്നു വിഖ്യാതമായ "കൃഷ്ണാട്ടം" വിരചിയ്ക്കുന്നു എന്നും വിബുധജനങ്ങൾ സന്തുഷ്ടരാവട്ടെ എന്നും പറയുന്നു. താൻമാനവിക്രമസാമൂതിരിരാജാവിന്റെ മരുമകനാണെന്നു കൂടി അദ്ദേഹം പ്രസ്താവിയ്ക്കുന്നു. നോക്കുക:—

"വിക്രാന്ത്യാക്രാന്തവിശ്വദ്വിഷതളഹഗ്ഗരോ–
ർവ്വിക്രമാഖ്യസ്യരാജ്ഞഃ
സ്വസ്രീയോമാനവേദോമുരമഥനകഥാ–
വർണ്ണനാലോഭനുന്നഃ
വിഷ്ണോർവൃഷ്ണീശ്വരസ്യപ്രഥയതിപദരൂ–
പേണകിഞ്ചിൽ കഥാംതാം
കാന്താംവിശ്വവ്യഥാന്താമിഹവിബുധജനാ–
സ്സന്തുസന്തോഷവന്തഃ"

ഈ പദ്യംകൊണ്ടു മാനവേദന്റെ ശ്രീകൃഷ്ണഭക്തി എത്രത്തോളമാണെന്നു് അറിയാമല്ലോ.

നെടിയിരിപ്പുസ്വരൂപത്തിലെ രാജാക്കന്മാൎക്കു മാനവിക്രമൻ, മാനവേദൻ, വീരരായൻ എന്നു മൂന്നു നാമധേയങ്ങൾ മാത്രമേ ഉള്ളു എന്നും അവരിൽ ആരെങ്കിലും മഹാരാജാവായാൽ മാനവിക്രമൻ സാമൂതിരിയാകുമെന്നും നിശ്ചയമാണു്. മാനവേദൻ എന്ന പേരിൽ പല പണ്ഡിതരാജന്മാരും ആ രാജവംശത്തിൽ ഉണ്ടായിട്ടുണ്ടു്. എന്നാൽ അവരിൽ ആരാണു നാം ഉദ്ദേശിയ്ക്കുന്ന കൃഷ്ണാട്ടത്തിന്റെ കൎത്താവു് എന്നു വിചാരിയ്ക്കാം.

സുപ്രസിദ്ധ പണ്ഡിതകവിയായ ശ്രീമാൻ പി. വി. കൃഷ്ണവാരിയർ അവർകൾ കൃഷ്ണാട്ടം പുസ്തകത്തിന്റെ അവതാരി

കയിൽ ഈ പ്രശ്നത്തിന്നു സമാധാനം വരുമാറ് ഇപ്രകാരം പ്രതിപാദിച്ചുകാണുന്നു.

"ജംഭപ്രദ്വേഷിമുമ്പിൽ ത്രിദശ സദസിനിൻ
കീർത്തിപൂരങ്ങൾ വീണാ-
ശുംഭൽപാണൌ മുനൌ ഗായതി സുരസുദൃശാം
വിഭ്രമം ചൊല്ലവല്ലേ
കമ്പിട്ടാളുർവ്വശിപ്പെണ്ണു, കകമലമലി-
ഞ്ഞു, മ്മടിക്കുത്തഴിഞ്ഞു
രംഭ, സ്സ്വഞ്ചാരവട്ടം കബരിതിരുകിനാൾ
മേനകാമാനവേദ."

ഈ ശ്ലോകം ചിലരൂഹിയ്ക്കുന്നപോലെ മാനവിക്രമസദസ്സിലെ പതിനെട്ടരക്കവികളിൽപ്പെട്ട സരസകവിയായ പുനത്തിൻെറ കൃതിയാണെങ്കിൽ ഇതിൽപ്പറയുന്ന മാനവേദനേക്കാൾ നൃമർ രണ്ടു നൂററാണ്ടിന്നുമുമ്പു ജീവിച്ചിരുന്നാളായിരിയ്ക്കണം. എന്തുകൊണ്ടെന്നാൽ കൊല്ലവർഷം ഏഴാം ശതകത്തിൻെറ ആദ്യാൎദ്ധമാണു വിക്രമസദസ്സിൻെറ കാലമെന്നു പലവിധത്തിലും തീർച്ചപ്പെട്ടിട്ടുണ്ട്. കൃഷ്ണഗീതികർത്താവിൻെറ കാലം ഒമ്പതാം ശതകത്തിൻെറ പൂർവ്വാൎദ്ധമാണെന്നും ഇതിൽ വഴിയേകാണിയ്ക്കുന്നതാണ്. എന്നാൽ ഈ മാനവേദൻ രാജാവു പ്രസ്തുതകവിയുടെ പൂർവ്വികനാണെന്നു വിചാരിയ്ക്കണമല്ലോ. മേൽപ്പറഞ്ഞശ്ലോകം ചേലപ്പറമ്പിൻെറ കൃതിയാണെന്നും ഒരു കേൾവിയുള്ളതു വിശ്വസിയ്ക്കുന്ന പക്ഷം, ഈ മാനവേദൻ കൃഷ്ണഗീതികർത്താവിനേക്കാൾ വളരെ അർവ്വാചീനനാണെന്നും പറയണം. എന്തുകൊണ്ടെന്നാൽ, ചേലപ്പറമ്പിൻെറ കാലം പത്താംശതകത്തിൻെറ ഉത്തരാൎദ്ധമാണെന്നു പലതുകൊണ്ടും തീർച്ചയാണല്ലോ. ഇങ്ങനെ സ്ഥൂലദൃഷ്ട്യാ നോക്കുമ്പോൾ മൂന്നു മാനവേദന്മാർ നമ്മുടെ ദൃഷ്ടിപഥത്തിലെത്തുന്നതിൽ മദ്ധ്യത്തിലുള്ള ഒരു മാനവേദൻ രാജാവാണു പ്രസ്തുതകൃതിയുടെ കർത്താവെന്നു വി

ചാരിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഈ കവിയുടെകാലം അദ്ദേഹം തന്നെ അന്ത്യശ്ലോകത്തിലെ, "ഗ്രാഹ്യാസ്തുതിഗ്ഗാഥകൈഃ" എന്നതുകൊണ്ടു കിട്ടുന്ന കലിദിനസംഖ്യ (17,36,612) ആണെന്നു കാണിച്ചിട്ടുണ്ടു്. അതു കണക്കാക്കിനോക്കുമ്പോൾ കൊല്ലവർഷം 829-ാമതിലാണു് ഇതു് എഴുതിത്തീർത്തതെന്നു തീർച്ചപ്പെടുന്നു.

സുപ്രസിദ്ധമാനവേദചമ്പുവിന്റെ കർത്താവും ഈ മാനവേദരാജാവുതന്നെയാണു്. ചമ്പുനിർമ്മാണത്തിന്നു ശേഷമാണു് അദ്ദേഹം കൃഷ്ണാട്ടം ഉണ്ടാക്കിയതെന്നു വിശദമാകുന്നുണ്ടു്. കവിതാരീതിനോക്കുമ്പോൾ രണ്ടും ഒരാളുടെ കൃതികളാണെന്നതിന്നു സംശയമില്ല. മാലതീമാധവത്തിലെ ചില പദ്യം ഉത്തരരാമചരിതത്തിലും ഉത്തരരാമചരിതത്തിലേതു മാലതീമാധവത്തിലും പരസ്പരം സംക്രമിച്ചുകാണുന്നതുപോലെ മാനവേദകൃതികളായ ചമ്പുവിലേയും കൃഷ്ണഗീതിയിലേയും പദ്യങ്ങൾ അങ്ങുമിങ്ങും പ്രയോഗിച്ചുകാണാം.

"കേളീലോലമുദാരനാദമുരളീ-
നാളീനിലീനാധരം
ധൂളീധൂമളകാന്തകുന്തളഭരേ-
വ്യാസംഗിപിഞ്ഛാഞ്ചലം
നാളീകായതലോചനം നവഘന-
ശ്യാമം ക്വണൽകിങ്കിണീ-
പാളിദന്തുരപിംഗളാംബരധരം
ഗോപാലബാലം ഭജേ"

പരമരമണീയപദരചനാമധുരവും ഭക്തിരസതുന്ദിലവുമായ ഈ പദ്യം രണ്ടു കൃതികളിലുമുണ്ടു്.

മാനവിക്രമശക്തൻ സാമൂതിരിപ്പാടു് ഈ മാനവേദരാജാവിന്റെ അമ്മാമനാണെന്നു് ഇതിന്നുമുമ്പു് ഉദ്ധരിച്ച ഒരു പദ്യംകൊണ്ടു തെളിയുന്നതാണു്. മാനവേദൻ ശബ്ദശാസ്ത്രത്തിൽ അപാരപണ്ഡിതനായിരുന്നു എന്നുള്ള സംഗതി

"ശബ്ദാഗമാംഭോനിധിപാരദൃശാ-
ശ്രീമാനവേദാഭിധഭൂമിപേന
ഗ്രന്ഥഃകൃതോഭാരതചമ്പുസംജ്ഞ-
സ്തസ്യാസ്യസംക്ഷേപമുദാഹരാമി"

"കൃഷ്ണകവി"യുടെ കൃഷ്ണീയം എന്ന ഗ്രന്ഥത്തിൽക്കാണുന്ന ഈ പദ്യംകൊണ്ടു തീരുമാനിക്കാം. ഈ കൃഷ്ണീയം മാനവേദ ചമ്പുവിന്റെ സംക്ഷേപരൂപത്തിലുള്ളതാണത്രേ. മാനവേദന്റെ ഗുരു തിരുവേഗപ്പുറക്കാരനായ ആനായത്തു കൃഷ്ണപ്പിഷാരടിയാകുന്നു. അദ്ദേഹത്തെ ഈ കവിക്കു് എത്രമാത്രം ബഹുമാനമായിരുന്നു എന്നതിന്നു ചമ്പുവിലുള്ള താഴെകാണിക്കുന്ന പദ്യംതന്നെ ഉത്തമോദാഹരണമാകുന്നുണ്ടു്.

"അഖിലവിഹതികരാണാം കൃഷ്ണനാമ്നാം ഗുരൂണാ-
മനവരതമപാംഗപ്രാവൃഷേണ്യാംബുവാഹഃ
പ്രവിസരദനുകമ്പാവാരിസംഭാരസാന്ദ്രോ
മമഹൃദയമയൂരീം നർത്തയേദാത്തമോദം."

ഈ കവിയുടെ ഗുരുഭക്തി കൃഷ്ണഗീതിയിൽനിന്നും സുവ്യക്തം മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്.

"പ്രേക്ഷ്ണാലംലാള്യമാനസ്സദയമിഹസദാ-
നന്ദസംജ്ഞേനപിത്രാ
രാമേണജ്യായസാവാവിവശമതിയശോ-
ദാഖ്യയാവാജനന്യാ
ആ ദിവ്യൻ ദിവ്യഗവ്യാ വിബുധപരിവൃഢോ-
രിഷ്ടദാതാഖലമോക്ഷം
പൂർണ്ണൻ കൃഷ്ണോ ഗുരുർമ്മേ പരമതമപദോ-
ത്ഭാസകോബോഭവീതു"

ഇനി നമുക്കു മാനവേദരാജാവു "കൃഷ്ണഗീതി" വിരചിക്കുവാൻ കാരണമെന്താണെന്നു നോക്കാം. ഈ കവിയുടെ കാലത്തു ശ്രീകൃഷ്ണനെ പ്രത്യക്ഷമായി കണ്ടിരുന്ന ഒരു വില്വമംഗലം സ്വാമിയാർ ഉണ്ടായിരുന്നു. അദ്ദേഹം ദേശാടനം ചെ

സ്ഥകൊണ്ടിരിയ്ക്കവേ ഒരിയ്ക്കൽ കോഴിക്കോട്ട ചെല്ലുകയും മാനവേദൻെറ സബഹുമാനസ്വീകരണം കയ്യേറ്റുകൊള്ളുകയും ചെയ്തു. അവിടെവെച്ചു രാജാവു സ്വാമിയാരോട്— "ഹേയ്! സ്വാമിയാരേ! അങ്ങേയ്ക്കു ശ്രീകൃഷ്ണനെ പ്രത്യക്ഷമായിക്കാണ്മാൻ കഴിയുമെന്നു കേട്ടിട്ടുണ്ടല്ലോ. എനിയ്ക്കുംകൂടി ഭഗവാനെ ഒന്നു കാണിച്ചുതരുമോ?" എന്നു ചോദിച്ചു.

സ്വാമിയാർ—"എന്തിനാണ് ഉണ്ണികൃഷ്ണനെ കാണുന്നത്?"

രാജാവ്—"പ്രത്യേകിച്ചു ഒന്നിനുമല്ല; അവിടത്തെപ്പററിയുള്ള പരമഭക്തികൊണ്ടു മാത്രം."

സ്വാമിയാർ—"അതു ഞെരുക്കമാണ്. അതിനു തുനിയണമെന്നു തോന്നുന്നില്ല"

രാജാവ്—"എന്നാൽ എന്താണു വല്ല അബദ്ധവും പിണയുമോ?"

സ്വാമിയാർ—"അബദ്ധമൊന്നും ഉണ്ടായിട്ടല്ല, എങ്കിലും അക്കാര്യത്തിൽ അവിടുന്നു ശ്രമിയ്ക്കുണ്ട."

രാജാവ്—"സ്വാമിയാക്കു വിരോധമില്ലെങ്കിൽ എനിയ്ക്കു ബാലകൃഷ്ണനെ ഒന്നു കാണിച്ചുതരിക."

രാജാവിൻെറ നിർബ്ബന്ധം സഹിയ്ക്കവയ്യാതായപ്പോൾ സ്വാമിയാർ—"എന്നാൽ ഒരു വിജനമുറിയിൽ ഇരുന്നു കൃഷ്ണനെ ധ്യാനിച്ചുകൊള്ളുക, ഞാൻ അങ്ങോട്ടു പറഞ്ഞയയ്ക്കാം" എന്നു പറകയും അതുപ്രകാരം രാജാവ് അനുഷ്ഠിയ്ക്കുകയും ചെയ്തു. രാജാവ് ഉണ്ണികൃഷ്ണനെ ധ്യാനിച്ചിരുന്ന് അല്പനേരം കഴിഞ്ഞപ്പോഴേയ്ക്കും—

"തിരളൊളിപെറും പീലി നെറുകയിൽ
തിരുകിയും മുത്തുമാലയണിഞ്ഞുമേ,
കനകകിങ്കിണികെട്ടിയും കങ്കണ-
ക്കനലൊളിക്കാൽച്ചിലമ്പുകൾ ചാർത്തിയും,
പുതിയ പത്തരമാററൊളിത്തങ്കത്തോ-
ടെതിരിടുമുടയാടയുടുത്തുമേ,
ചെറിയ ചെണ്ടതോളത്തു, കക്ഷത്തിലാ-
ക്കറിയ കോലക്കുഴലുമേടുത്തുമേ,

വികൃതികാട്ടിക്കളിച്ചു പുളച്ചെത്തും
സുകൃതകന്ദമാം സുന്ദരക്കുട്ടനെ,
കുറുനിര, കുങ്കുമക്കുറിമായ്ക്കുന്ന
നറുമണിനെററിയേലുന്ന കുഞ്ഞിനെ"—
(സ്വന്തം)

അതേ കുറൂരമ്മ അന്നും കണ്ടുകൊണ്ടിരുന്ന കോമളകളേബരനായ കോടക്കാർവർണ്ണനെ, അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ കാണമാറായിത്തീന്നു. അപ്പോൾ ആനന്ദപരീതനും അത്ഭുതപരതന്ത്രനുമായിത്തീന്ന ഭൂവല്ലഭൻ വല്ലാതെ വിഭ്രമവശംവദനായിഭവിച്ചു് ആ ഉണ്ണിത്തിരുമേനിയെ പൊടുന്നനവെ വാരിയെടുത്തു. അപ്പോൾ ആ ആരോമലുണ്ണി "ഇതു് എന്നോടു വില്വമംഗലം പറഞ്ഞിട്ടില്ല" എന്നു് അരുളിച്ചെയ്യുകയും കൈകുതറി ഞൊടിയിടകൊണ്ടു് ഓടി മറയുകയും ചെയ്തു. അങ്ങനെ അന്നു രാജാവു കടന്നുപിടിച്ചപ്പോൾ തിരുമുടിയിലിരുണ്ട കണ്ണുള്ള ഒററ മയിൽപീലി തമ്പുരാന്റെ കയ്യിൽ കിട്ടിയെന്നും അതു വെച്ചിട്ടുള്ള മുടിയാണു കൃഷ്ണാട്ടത്തിലെ കൃഷ്ണനുപയോഗിച്ചിരുന്നതെന്നും പറഞ്ഞുവരുന്നു. തന്റെ സാഹസത്തിൽ പശ്ചാത്താപത്തോടുകൂടിയ തമ്പുരാൻ പിന്നെ സ്വാമിയാരുടെ ഉപദേശപ്രകാരം കൃഷ്ണഭക്തിപ്രചുരമായ ഇങ്ങനെ ഒരു കൃതി നിമ്മിച്ചു. മുമ്പു പറഞ്ഞ പീലിവെച്ച മുടി കൃഷ്ണാട്ടത്തിലെ എളുപ്രായക്കാരനായ വേഷക്കാരനും പാകമായിരുന്നു എന്നു് ആശ്ചര്യസമേതം സ്മരിക്കേണ്ടിയിരിക്കുന്നു.

മുമ്പു് ഉദ്ധരിക്കപ്പെട്ട ചില പദ്യങ്ങൾ മാനവേദന്റെ കവിതാവാസനയേയും പാണ്ഡിത്യപ്രഭാവത്തേയും പ്രകാശിപ്പിക്കുന്നവയാണെന്നു പറയേണ്ടതില്ലല്ലോ. പദഘടനാപാടവംകൊണ്ടു് ഈ കവി—അനന്തഭട്ടൻ, മേല്പത്തൂർ ഭട്ടതിരി, ശങ്കരകവി, ഉദ്ദണ്ഡൻ എന്നു തുടങ്ങിയുള്ളവരെക്കൂടി അതിശയിക്കുന്നുണ്ടോ എന്നു തോന്നും. ഏതായാലും സംസ്കൃതസാഹിത്യത്തിൽ സമുന്നതമായ ഒരു സ്ഥാനമാണു മാനവേദനുള്ളതു്.

# സന്ദേശകാവ്യപ്രസ്ഥാനം.

സാഹിത്യനഭോമണ്ഡലത്തിൽ സമുന്നതങ്ങളും സവിശേഷശോഭാസ്പദങ്ങളും സർവ്വാംഗീണസൌന്ദര്യസാരസർവ്വസ്വങ്ങളുമായ ഉത്തമരത്നങ്ങളാണു സന്ദേശകാവ്യതല്ലജങ്ങൾ. ഈ പ്രസ്ഥാനവിശേഷം വളരെക്കാലം മുമ്പുതന്നെ സാഹിത്യത്തിൽ അവതരിച്ചിട്ടുമുണ്ടു്. എന്നാൽ സംസ്കൃതകവിചക്രവർത്തിയായ കാളിദാസനാണു് സന്ദേശകാവ്യത്തിന്റെ പരമരാമണീയകം പുറത്തു പ്രകാശിപ്പിച്ചതും പ്രത്യക്ഷമായി അതിനെ ആസ്വാദ്യതരമാക്കിത്തീർത്തതുമെന്നു പറയേണ്ടിയിരിക്കുന്നു.

വാത്മീകിഹനൂമൽസന്ദേശമുണ്ടാക്കിയിട്ടുണ്ടു് എന്നും അതു മുതൽക്കാണു സന്ദേശകാവ്യം പുറപ്പെട്ടതെന്നും ഒഴുക്കനായി ഒന്നു പറയാം. കാളിദാസനുപോലും മാർഗ്ഗദർശകനാണു് ആദികവി എന്നതും വാസ്തവമാണു്. കാളിദാസനു് അദ്ദേഹത്തിന്റെ പേരിൽ ഉള്ള ഭക്തി എത്രത്തോളമായിരുന്നു എന്നു്—

"താമഭ്യഗച്ഛദ്രുദിതാനുസാരി
കവിഃകുശേദ്ധ്മാഹരണായയാതഃ
നിഷാദവിദ്ധാണ്ഡജദർശനോത്ഥഃ
ശ്ലോകത്വമാപദ്യതയസ്യശോകഃ

ഇത്യാദിഭാഗംകൊണ്ടു തെളിയുകയും ചെയ്യും. അങ്ങനെയൊക്കെയാണെങ്കിലും സന്ദേശകാവ്യരസംകൊണ്ടുണ്ടാകുന്ന ചർവ്വ്യമാണദിവ്യാനന്ദം ഭാവുകനു് അനുഭൂയമാനമാക്കിത്തീർത്തു് മഹാകവി കാളിദാസൻതന്നെ.

രസങ്ങളിൽവെച്ചു ശൃംഗാരമാണു പരമോൽകൃഷ്ടമെന്നു പലയിടത്തും പ്രസ്താവിച്ചിട്ടുള്ളതാകുന്നു. ശൃംഗാരവർണ്ണനയിൽ കാളിദാസനോളം കഴിവു സംസ്കൃതസാഹിത്യത്തിൽ

മറെറാരു കവിയ്ക്കുണ്ടായിട്ടില്ലെന്നും പ്രസ്താവിച്ചിട്ടുണ്ടു്. ദ്വിവിധഭേദേനയുള്ള ശൃംഗാരങ്ങളിൽ (സംഭോഗവിപ്രലംഭങ്ങളിൽ) വിപ്രലംഭത്തിന്നു സംഭോഗത്തെക്കാൾ അധികം സഹൃദയഹൃദയാഹ്ലാദകത്വമുണ്ടു്. അതുകൊണ്ടു രസാത്മകമായ ഒരു കാവ്യം വിരചിയ്ക്കണം. അതു വിപ്രലംഭശൃംഗാര പ്രധാനമായിരിയ്ക്കണം എന്ന ഔത്സുക്യമാണു കാളിദാസനെ മേഘദൂതനിർമ്മാണത്തിന്നു പ്രേരകമായിട്ടുള്ളതു്.

കുബേരശാപഗ്രസ്തനായ ഒരു യക്ഷൻ സ്വാമിയാൽ സ്വദയിതാവിദൂരനീതനാക്കിയ ശേഷം, വിരഹകാതരനായി ഉഴന്നുനടന്നു ചിത്രകൂടപർവ്വതസാനുപ്രദേശത്തൊരിടത്തു "വിപ്രക്രീഡാപരിണതഗജപ്രേക്ഷണീയ"നായി കണ്ടെത്തിയ മേഘത്തോടു നായികയ്ക്കു ദൂതയയ്ക്കുന്നകഥയാണു മേഘസന്ദേശകാവ്യത്തിലുള്ളതു്. ഔചിത്യത്തോടുകൂടി വിരചിയ്ക്കപ്പെട്ട ഈ കാവ്യത്തിലെ ഓരോപദ്യങ്ങളും എടുത്തുനോക്കിയാൽ കാളിദാസന്റെ പ്രകൃതിനിരീക്ഷണവൈചക്ഷണ്യവും അതാതു പ്രദേശങ്ങളുടെ പരിചയവും ധാരാളം വിശദമാകും. ഒന്നാമതായി ഒരു കാവ്യം വിരചിയ്ക്കുകയാണെങ്കിൽ അതിൽ ഏതു രസമാണു പ്രധാനമായി വർണ്ണിയ്ക്കേണ്ടതെന്ന പ്രഥമനിശ്ചയം വേണ്ടതാണു്. അതു് ഇന്നയിന്നപ്രകാരത്തിലായാൽ സഹൃദയസമാരാധ്യമാകുമെന്ന ബോധവും വേണം. അതിനുള്ള സാമഗ്രികൾ എന്തെല്ലാമാണെന്നു് ആദ്യമായി അറിഞ്ഞിരിയ്ക്കണം. പ്രകൃതത്തിൽ പ്രക്രാന്തമായ വിപ്രലംഭശൃംഗാരവർണ്ണനം ഔചിത്യപൂർവ്വകം മുറയ്ക്കു നിർവ്വഹിയ്ക്കപ്പെടേണമെങ്കിൽ അതിനു് അനുഗുണമായവൃത്തം കാവ്യത്തിൽ പ്രയോഗിയ്ക്കണം. വിപ്രലംഭപ്രധാനമായ സന്ദേശകാവ്യത്തിന്നു "മന്ദാക്രാന്താ" വൃത്തം ഏററവും പററിയതാകുന്നു. അതു തിരഞ്ഞെടുത്തതിൽ കാളിദാസന്റെ കവനകലാകൌശലം തികച്ചും പ്രകാശിയ്ക്കുന്നുണ്ടു്. അന്തർവ്വാഷ്പത്തോടും വിക്ലബഹൃദയത്തോടും വിരഹവൈവശ്യത്തോടും കൂടി യക്ഷൻ പറ

ഞ്ഞയയ്ക്കുന്ന സന്ദേശത്തിന്നു വിപ്രലംഭത്തിന്റെ പ്രസ്പഷ്ടമായ വിസ്തരണം വൃത്തനിബന്ധനത്താൽ ഉണ്ടാകുന്നുണ്ടു് എന്നു പറയണം. ഗൽഗദകണ്ഠനാവുകയും നെടുവീർപ്പിടുകയും ചെയ്യുന്ന നായകൻ ഉരയ്ക്കുന്ന സന്ദേശത്തിൽ വിപ്രലംഭം പ്രകാശിക്കുവാൻ ഈ വൃത്തത്തിന്റെ യതി അനുഗുണമായിരിക്കുന്നു. ഇക്കാര്യം വ്യക്തമായി ഉത്തരരാമചരിതത്തിലെ ഒരു പദ്യംകൊണ്ടു കാണാവുന്നതാണു്.

"സോയം ശൈലഃ കകുഭസുരഭി—
ർമ്മാല്യവാൻ നാമയസ്മിൻ
നീലസ്നിഗ്ദ്ധഃ ശ്രയതിശിഖരം
നൂതനസ്തോയവാഹഃ
ആര്യ്യേണാസ്മിൻ........വിരമവിരാമാ—
തഃപരംനക്ഷമോസ്മി
പ്രത്യാവൃത്തഃ സപുനരിവമേ
ജാനകീവിപ്രയോഗഃ"

മേഘസന്ദേശത്തിലെ യക്ഷനായ നായകൻ കാളിദാസൻ തന്നെയാണെന്നും സ്വാനുഭവമാണു കാവ്യത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതെന്നും ചില അർവ്വാചീനപണ്ഡിതന്മാർ പറയുന്നതു് എന്താണെന്നു മനസ്സിലാകുന്നില്ല. ഏതായാലും തുലോം ഹൃദ്യമായ മേഘസന്ദേശത്തിലെ വിപ്രലംഭഭരിതങ്ങളായ ഒന്നു രണ്ടു പദ്യങ്ങൾ താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

മേഘസന്ദേശത്തിൽ ഉത്തരഭാഗത്തിൽ ഉള്ളതായ—

"തന്വീശ്യാമാശിഖരിദശനാ
പക്വബിംബാധരോഷ്ഠീ
മദ്ധ്യേക്ഷാമാചകിതഹരിണീ—
പ്രേക്ഷണാനിമ്നനാഭിഃ
ശ്രോണീഭാരാദലസഗമനാ
സ്തോകനമ്രാസ്തനാഭ്യാം,

യാതത്രസ്യാദ്യുവതിവിഷയേ
    സൃഷ്ടിരാദ്യേവധാതുഃ”
താംജാനീഥാഃ പരിമിതകഥാം
    ജീവിതം മേദ്വിതീയം
ദൂരീഭൂതേമയി സഹചരേ
    ചക്രവാകീമിവൈകാം
ഗാഢോൽകണ്ഠാം ഗുരുഷുദിവസേ—
    ഷ്വേഷുഗച്ഛൽസുബാലാം
ജാതാം മന്യേശിശിരമഥിതാം
    പത്മിനീംവാന്യരൂപാം”

ഈ നായികാവണ്ണനം പരമരമണീയമാണെന്നല്ലാതെ എന്തു പറയട്ടെ. ഇതിൽനിന്നും വഴിഞ്ഞൊഴുകുന്ന വിപ്രലംഭരസം ഏതു സഹൃദയനെയാണ് ആനന്ദസാഗരത്തിൽ മുഴകിപ്പിയ്ക്കാത്തതു്? കാളിദാസന്റെ പ്രകൃതിപ്രേക്ഷണപാടവം അന്യാദൃശമാണെന്നു പറഞ്ഞുവല്ലോ. അതിന്നും ഒന്നു രണ്ടുദാഹരണശ്ലോകങ്ങൾ ഉദ്ധരിയ്ക്കാം.

“രത്നച്ഛായാവ്യതികരഇവ
    പ്രേക്ഷ്യമേതൽ പുരസ്താ—
ദ്വല്മീകാഗ്രാൽ പ്രഭവതിധനുഃ
    ഖണ്ഡമാഖണ്ഡലസ്യ
യേനശ്യാമം വപുരതിതരാം
    കാന്തിമാപത്സ്യതേതേ
ബർഹേണേവസ്ഫുരിതരുചിനാ
    ഗോപവേഷസ്യവിഷ്ണോഃ”

മഴവില്ലുകൊണ്ടു മേഘത്തിന്നു മയിൽപീലിയണിഞ്ഞ ഗോപാലകൃഷ്ണന്റെ അഴകുണ്ടാകുന്നതു കണ്ടുപിടിയ്ക്കുവാനുള്ള സാമർത്ഥ്യം കാളിദാസനോളം മറെറാരു കവിയ്ക്കുണ്ടാവുകയില്ല.

"തന്മദ്ധ്യേചസ്ഫടികഫലകാ
കാഞ്ചനീ വാസയഷ്ടിർ—
ന്മൂലേബദ്ധാ മണിഭിരനതി—
പ്രൗഢവംശപ്രകാശൈഃ
താളൈഃ ശിഞ്ജാവലയസുഭഗൈ—
ന്നർത്തിതഃ കാന്തയാമേ
യാമദ്ധ്യാസ്തേ ദിവസവിഗമേ
നീലകണ്ഠഃ സുഹൃദ്വഃ

രണ്ടു മരുത്തുവൃക്ഷങ്ങളുടെ നടുക്കു പളുങ്കുപലകവെച്ചു പൊന്നുതണ്ടുപൂണ്ടും മരതകമണിപട്ടത്തതായുമായുള്ള ഇരിപ്പിടത്തിൽ ദയിത കൈവള കിലുങ്ങുമാറു തുള്ളിപ്പിയ്ക്കാറുള്ള മയിൽ സന്ധ്യാസമയത്തു വന്നിരിയ്ക്കാറുണ്ടെന്നു സൂക്ഷ്മദൃഷ്ട്യാ നിരീക്ഷണം ചെയ്യാൻ മികച്ച ഭാവനവേണമെന്നു തീച്ചയാണു്.

"ഭർത്തുർമ്മിത്രം പ്രിയമവിധവേ!
വിദ്ധിമാമംബുവാഹം
തൽസന്ദേശൈർഹൃദയനിഹിതൈ-
രാഗതം ത്വൽസമീപം
യോവൃന്ദാനിത്വരയതിപഥി-
ശ്രാമ്യതാം പ്രോഷിതാനാം
മന്ദ്രസ്നിഗ്ദ്ധൈർദ്ധ്വനിഭിരബലാ-
വേണിമോക്ഷോത്സുകാനി":

എന്നു മേഘം യക്ഷഭാര്യയോടു പറയുന്നതിലെ "അവിധവേ" എന്ന സംബോധനകൊണ്ടു വ്യജ്യമാനമായ രസവിശേഷം വാചാമഗോചരമെന്നേ പറയുവാനുള്ളൂ. എല്ലാംകൊണ്ടും ആലോചിച്ചു നോക്കുന്ന പക്ഷം മേഘസന്ദേശത്തിനു് അനന്യലഭ്യമായ ഒരു മാധുര്യമുണ്ടെന്നു പറഞ്ഞേ തീരൂ.

മേഘസന്ദേശത്തിന്നു ശേഷം സന്ദേശകാവ്യവകുപ്പിൽപ്പെട്ട കാവ്യങ്ങളിൽ അത്യുത്തമമായിട്ടുള്ളതു് ശുകസന്ദേശമാകുന്നു. എന്നാൽ ഇതിനു മേഘസന്ദേശത്തേക്കാൾ അല്പം കൂടി പ്രൌഢിയുണ്ടെന്നു് പറയണം. ശബ്ദാർത്ഥവൈചിത്ര്യത്തിൽ ലക്ഷ്മീദാസൻ കാളിദാസനെ അതിശയിച്ചിട്ടുണ്ടോ എന്നു തോന്നും. ശുകസന്ദേശം കാളിദാസന്റെ മേഘസന്ദേശത്തെ അനുകരിച്ചിട്ടുതന്നെയാണു് നിർമ്മിച്ചിട്ടുള്ളതു്. എങ്കിലും ചില ദിക്കിൽ മേഘസന്ദേശപദ്യത്തെ അതിശയിക്കുന്ന പദ്യം ശുകസന്ദേശത്തിലുണ്ടു്. മേഘത്തിലെ

"ഭർത്തുർമ്മിത്രം പ്രിയമവിധവേ!
വിദ്ധിമാമംബുവാഹം"

എന്നതിന്റെ അനുകരണരൂപത്തിലുള്ള

"ആപ്തംപത്യുഃ കമപിശുകമാ-
ത്രാപ്തമായുഷ്മതോമാം
ദൂരസ്ഥസ്യദ്വിരദഗമനേ!
ദൂതഭാവാദവേഹി
മുക്തവ്യാജം പരജനമുഖാ-
കർണ്ണിതാനാമവാണീ
വാച്യേത്യേവം ഭുവനവിദിതം
യസ്യവംശവ്രതംമേ".

എന്ന തത്തയുടെ വാക്കു കുറച്ചധികം ലോകസാധാരണമായിട്ടുണ്ടു്. ആശയഗംഭീരവും രസപൂർണ്ണവുമായി കവിസമയസിദ്ധമായ സാഹിത്യം അധികം തുളുമ്പുന്നുണ്ടെങ്കിൽ വിപ്രലംഭത്തിന്റെ പരമകാഷ്ഠ തിളങ്ങിവിളങ്ങുന്നുണ്ടെങ്കിൽ, ലക്ഷ്മീദാസന്റെ "ആപ്തംപത്യുഃ" എന്ന ശ്ലോകത്തിൽ വാസ്തവികമായ ലൌകികത്വം—ക്രാന്തദർശിയായ കവിക്കു കാണേണ്ടതായ സൂക്ഷ്മതത്വം മുഴുവൻ പ്രകാശിക്കുന്നുമുണ്ടു്.

ത്തുകസന്ദേശത്തെക്കഴിച്ചാൽ പിന്നെയുള്ള സന്ദേശകാവ്യങ്ങളിൽ മുന്നിട്ടു നില്ക്കുന്നതു് ഉദ്ദണ്ഡശാസ്ത്രിയുടെ കോകിലസന്ദേശമാകുന്നു. പദരചനാരാമണീയകംകൊണ്ടു ശാസ്ത്രികൾ ലക്ഷ്മീദാസരെ എന്നല്ല കാളിദാസരെപ്പോലും അതിലംഘിച്ചിട്ടുണ്ടോ എന്നു തോന്നിപ്പോകും. കോകിലസന്ദേശത്തെക്കുറിച്ചു് മറ്റൊരു ദിക്കിൽ ഈ ലേഖകൻതന്നെ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു് ഇവിടെ പ്രത്യേകിച്ചു് എടുത്തു പറയുന്നില്ല. കോകിലത്തെത്തുടൎന്നു പവനസന്ദേശം ഭൃംഗസന്ദേശം എന്നിത്യാദി സന്ദേശകാവ്യങ്ങൾ സാഹിത്യത്തിൽ അവതരിച്ചിട്ടുണ്ടു്. അവയ്ക്കൊന്നും മുമ്പു പറഞ്ഞ മൂന്നു സന്ദേശങ്ങളോളം ആസ്വാദ്യതയില്ല.

സന്ദേശകാവ്യപ്രസ്ഥാനം സഹൃദയന്മാൎക്കു സവിശേഷമായ ആനന്ദം കൈവരുത്തുന്നതാണു്. അതുകൊണ്ടു് അതുണ്ടാക്കുവാൻ ഇനിയും സാഹിത്യരസികന്മാരായ കവികൾ ശ്രദ്ധിയ്ക്കേണ്ടിയിരിക്കുന്നു.

# കേരളക്ഷത്രിയന്മാർ.

കേരളത്തിൽ ബ്രാഹ്മണരെപ്പോലെയോ അവരിൽ കൂടുതലായോ അധികാരബലവും പ്രാധാന്യവും സിദ്ധിച്ചവംശക്കാരാണു ക്ഷത്രിയന്മാർ. ഇവർ മരുമക്കത്തായികളും ബ്രാഹ്മണപൌരോഹിത്യത്തിൽ ഷോഡശക്രിയകൾ നടത്തുന്നവരുമാകുന്നു. ക്ഷത്രിയരുടെ കർമ്മാനുഷ്ഠാനരീതിയെല്ലാം ബ്രാഹ്മണരുടേതുപോലെയാകുന്നു.

പുരാതനകാലത്തു കേരളരാജ്യം ഭരിച്ചുകൊണ്ടിരുന്ന ചേരമാൻപെരുമാൾ നാടുമുഴുവൻ തന്റെ മരുമക്കൾക്കായി പങ്കിട്ടുകൊടുത്തുവെന്നും അവരുടെ വംശക്കാരാണു നമ്മുടെ നാട്ടുരാജാക്കന്മാർ എന്നും ഐതിഹ്യമുണ്ടു്. കേരളക്ഷത്രിയന്മാരിൽ മൂന്നുപേർ ആണു പ്രധാനപ്പെട്ടവരും പ്രസിദ്ധന്മാരുമെന്നു കേൾവിയുണ്ടു്. അവരുടെ രാജസ്വരൂപങ്ങൾക്കു നെടുവിരുപ്പു, തൃപ്പാപ്പിയൂരു്, പെരുമ്പടപ്പു് എന്നാണു പേർ പറയുക. ഈ മൂന്നു രാജാക്കന്മാരും പ്രതാപശാലികളും ദീനത്രാണപരായണന്മാരും ധാർമ്മികന്മാരുമാകുന്നു. സാഹിത്യപോഷണം ഇവരുടെ കുലധർമ്മമാണു്. കലാകാരന്മാർ ഇവരുടെ ആശ്രിതന്മാരും അഭിനന്ദനാർഹന്മാരുമാകുന്നു. ഇവർ ഉത്തമഭക്തന്മാരാവുകയാൽ ദേവാലയനിർമ്മാണവും ഈശ്വരപ്രതിഷ്ഠയും അനേകം നിർവ്വഹിച്ചിട്ടുണ്ടെന്നു പറയാവുന്നതാകുന്നു. എല്ലാരാജകുടുംബങ്ങൾക്കും പരദേവതാക്ഷേത്രങ്ങൾ ഉണ്ടെന്നാണു പറയുന്നതു്. കേരളക്ഷത്രിയന്മാരോളം പ്രജാക്ഷേമതല്പരന്മാരായിട്ടു് ഇതരരാജാക്കന്മാർ ഉണ്ടോ എന്നു സംശയമാണു്.

കേരളീയരാജാക്കന്മാരുടെ ഭരണരീതിയെപ്പററി കൊച്ചിൻസ്റ്റേററമാന്വലിൽ പറഞ്ഞിരിക്കുന്നതു നോക്കുക:—

പരമ്പരയായിട്ടൊരു രാജാവാണ രാജ്യാധിപനെങ്കിലും, അദ്ദേഹത്തിന്റെ ശക്തി "പഞ്ചമഹാസഭകൾ" എന്ന പ്രസിദ്ധമായ അഞ്ചു് ആലോചനാസഭകളാൽ നിയന്ത്രിതമായിരുന്നു. അവ അഞ്ചിലും സഭ്യന്മാരായിട്ടു ജനങ്ങളുടെ പ്രതിനിധികൾ, വൈദികന്മാർ, വൈദ്യന്മാർ, ജോത്സ്യന്മാർ അല്ലെങ്കിൽ പ്രശ്നവാദികൾ, മന്ത്രിമാർ എന്നിങ്ങനെ അഞ്ചുവകക്കാരായിരുന്നു. ഒന്നാമത്തെ സഭ ജനങ്ങളുടെ അധികാരങ്ങളേയും അവകാശങ്ങളേയും രക്ഷിച്ചിരുന്നു. രണ്ടാമത്തേതു വൈദികകാൎയ്യങ്ങളെയെല്ലാം വേണ്ടപോലെ നടത്തിയ്ക്കുകയും, മൂന്നാമത്തേതു രാജാവിന്റേയും പ്രജകളുടേയും ആരോഗ്യരക്ഷയ്ക്കുള്ള സകലകാൎയ്യങ്ങളിലും മനസ്സുവെയ്ക്കുകയും, നാലാമത്തെ സഭ പൊതുവിലുള്ള അടിയന്തിരങ്ങൾക്കും ക്രിയകൾക്കും മററും നല്ല മുഹൂൎത്തങ്ങളെ ഗണിച്ചുണ്ടാക്കുകയും വരാൻപോകുന്ന വലിയ കാൎയ്യങ്ങളെപ്പററി പ്രശ്നം നോക്കിപ്പറയുകയും ചെയ്തിരുന്നു. ഒടുക്കത്തെ സഭ രാജ്യത്തുള്ള മുതലെടുപ്പു പിരിച്ചു ചിലവുചെയ്യുന്ന കാൎയ്യത്തിലും നീതിന്യായങ്ങളെ നടത്തുന്ന കാൎയ്യത്തിലും മേലന്വേഷണം ചെയ്തിരുന്നു. സഭ കൂടുന്നതിനും കാൎയ്യവിചാരം ചെയ്യുന്നതിനുമായി ഈ സഭകൾക്ക പ്രത്യേകം സ്ഥലങ്ങൾ തലസ്ഥാനത്തിൽ ഏൎപ്പെടുത്തിയിട്ടുണ്ടായിരുന്നു. വൈദികന്മാരിലുത്തമൻ, ജ്യോത്സ്യന്മാരിൽ പ്രമാണി, മന്ത്രിമാർ, സേനാധിപന്മാർ എന്നിവരായിരുന്നു രാജ്യത്തെ പ്രധാനോദ്യോഗസ്ഥന്മാർ. ജഡ്ജിമാരുടേയും മജിസ്ത്രേട്ടുമാരുടേയും കൃത്യങ്ങളെ നടത്തുന്നതിനു പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു. എന്നാൽ സിവിലായും ക്രിമിനലായും ഉള്ള എല്ലാ വ്യവഹാരങ്ങളിലും എല്ലാററിനും മേലെയായും ഒടുവിലായുമുള്ള വിധികൎത്താവു രാജാവായിരുന്നു. കക്ഷികൾക്ക യാതൊരു ചിലവും കൂടാതെയാണ നീതിന്യായങ്ങൾ നടത്തിയിരുന്നതു്. ശിക്ഷ, മഹാകഠിനമായിരുന്നു. അതിനാൽ കുററം അപൂൎവ്വവുമായിരുന്നു. വ്യ

ഭിചാരക്കുററത്തിന്ന ഒരുവനെ കൊല്ലുകയും കട്ടകള്ളന്റെ തല വീശുകയും ചെയ്തിരുന്ന. തീരുവകൾ, ചുങ്കങ്ങൾ, നികുതി എന്നിവയായിരുന്ന മുതലെടുപ്പിന്നുള്ള പ്രധാന ഇനങ്ങൾ. കീഴ്ക്കുറുകോയ്മമാരും പ്രഭുക്കന്മാരും കൊടുത്തിരുന്ന കപ്പം, അയൽനാടുകളെ കൊള്ളയിട്ടുകിട്ടിയ ദ്രവ്യം, കണ്ടുകൃഷിയിലെ ആദായം എന്നിവയും രാജാവിന്റെ മുതലെടുപ്പിന്റെ ഒരു പ്രധാനാംശമായിരുന്ന. വിളയിൽ ആറിൽ ഒന്ന (പ്രസിദ്ധഷഷ്ഠാംശം) ആയിരുന്നു ന്യായപ്രകാരം രാജാവിന്ന കിട്ടിയിരുന്ന ഭാഗം. ഗവർമ്മേന്റ ചിലവിന്മേൽ ശേഖരിച്ചു കൊടുത്തിരുന്ന വെള്ളത്തിന്ന കൃഷിക്കാരുടെ കയ്യിൽനിന്ന ഒരു നീർവാരവും പിരിച്ചിരുന്ന."

ഇപ്പറഞ്ഞ കാര്യങ്ങൾ യഥാർത്ഥങ്ങളാണെന്ന (തൃക്കണാമതിലകം) മഹാക്ഷേത്രത്തിന്റെ അതിവിശാലമായ കളപ്പുരയിൽ നടത്തിയിരുന്ന മഹായോഗം വിശദമാക്കുന്നുണ്ട്. മുൻപറഞ്ഞ സംഗതികളെല്ലാം ഈ സഭയിൽ ആലോചിച്ചിരുന്ന എന്നാണ കേൾവി, ഇതു കേരളചക്രവർത്തികളായ പെരുമാക്കന്മാരുടെ ഒരു പാർലിമെന്റ തന്നെയായിരുന്ന എന്ന പറയണം.

അപരിമേയപ്രഭാവം നിമിത്തം അത്യത്ഭുതജനകമായ ചരിത്രത്താൽ മൂടിക്കിടക്കുന്നതും അനേകം വീരകേസരികളുടെ അവതാരത്താൽ വിശ്വവിഖ്യാതവുമായ ഒരു രാജവംശമാണ നെടിയിരിപ്പുസ്വരൂപം. കേരളത്തിലെ മറെറല്ലാ രാജവംശങ്ങൾക്കൊപ്പം പ്രാചീനത്വവും തദധികമായ പ്രാബല്യവും പുരാതനകാലത്തു കോഴിക്കോട്ടു രാജവംശത്തിന്നുണ്ടായിരുന്ന. നെടിയിരിപ്പുരാജാക്കന്മാരുടെ പൂർവ്വികന്മാർ മാനിച്ചൻ, വിക്കിരൻ എന്ന രണ്ടുപേരുണ്ടായിരുന്ന എന്ന പറഞ്ഞിട്ടുണ്ട്. അവൎക്കാണ ചേരമാൻ പെരുമാൾ രാജ്യം പങ്കിട്ടുകൊടുത്തിട്ടുള്ളതു്. അവരുടെ പരമ്പരയാണത്രേ കോ

ഴിക്കോട്ട രാജവംശം. ഈ രാജാക്കന്മാക്കു ശൈലാബ്ധീശ്വരൻ എന്ന പദത്തിൻെറ മലയാളം (കുന്നലക്കോൻ) എന്നാണു പേരു് കുന്നിനും കടലിനും അധിപതികളാകയാൽ ആണു് ഈ പേർ അവക്കു സിദ്ധിച്ചതു്.

സാമൂതിരി രാജവംശത്തിൻെറ പരദേവത തിരുവളയനാട്ടുകാവിൽ ഭഗവതിയാണു്. സാമൂതിരി രാജാക്കന്മാർ ആ ദേവിയെ നിത്യം ചെന്നു വന്ദിയ്ക്കണമെന്നു നിശ്ചയമുണ്ടു്. അതിനു് അവക്കു സാധിയ്ക്കായ്കയാൽ ദേവിയെ ആവാഹിച്ചെടുത്ത വാറം രാജാവു് ഇരിയ്ക്കുന്നിടത്തുവെച്ചു പൂജിച്ചു വരുന്നു.

കൊച്ചിരാജ്യത്തു കടന്നു പല കൊള്ളകളും ചെയ്തിരുന്നവരാണു സാമൂതിരിരാജാക്കന്മാർ. സാമൂതിരി രാജകുടുംബം ഇപ്പോൾ മൂന്നു സ്ഥലങ്ങളിലായി താമസിയ്ക്കുന്നു. ഈ മൂന്നു സ്ഥലത്തും വസിയ്ക്കുന്ന പുരുഷന്മാരിൽ മൂത്തയാൾ സാമൂതിരി മഹാരാജാവാകുന്നു. മഹാരാജാവിൻെറ എളയവരായ നാലുപേക്കു് ഏറാൾപ്പാട്ടു്, മൂന്നാംപ്പാട്ടു്, എടത്രാൾപ്പാട്ടു്, നെടുത്രാൾപ്പാട്ടു് എന്നിങ്ങനെയുള്ള സ്ഥാനമുറകളുണ്ടു്.

പ്രകൃതിരമണീയവും സമുദ്രത്തോടു ബന്ധിച്ചുകിടക്കുന്നതും ആയ കോഴിക്കോട്ടനഗരം മാഹാത്മ്യപൂർണ്ണങ്ങളായ പട്ടണങ്ങളിൽ അതിപ്രധാനമാകുന്നു. ആവാസസുഗമവും വ്യവസായയോഗ്യവുമായ ഒരു നഗരമാണു കോഴിക്കോടെന്നു തികച്ചും പറയാവുന്നതാകുന്നു.

സാമൂതിരി കേരളത്തിലെ അതിസ്വതന്ത്രനായ ഒരു രാജാവാണു്. അദ്ദേഹത്തിൻെറ പ്രതാപശക്തി ഇതരരാജാക്കന്മാരെ എല്ലാവരേയും കിടുകിടെ വിറപ്പിച്ചിരുന്നു. ടിപ്പുവിൻെറ ആക്രമണം വരുന്നതുവരെ സാമൂതിരിയുടെ തേജസ്സു് നിലനിന്നുവന്നു. ഏതായാലും സാമൂതിരിയ്ക്കു കേരളക്ഷത്രിയന്മാരിൽ വിലയേറിയ ഒരു സ്ഥാനമുണ്ടായിരുന്നു എന്നു നിസ്സംശയം പറയേണ്ടിയിരിയ്ക്കുന്നു.

പ്രശസ്തിയും, പ്രാചീനതപവും തികഞ്ഞ ഒന്നാണു തിരുവിതാംകൂർ രാജവംശം. ചേരമാൻ പെരുമാളിൽനിന്നും വേണാട്ടരചന്മാർക്കും രാജ്യം ഭാഗിച്ചുകിട്ടിയിട്ടുണ്ട്. കേരളത്തിലെ തെക്കേ അററത്തെ രാജ്യമായ വേണാട്ട്.

"കാണാൻവരുന്നവരെയപ്പൊഴുതേ കരിങ്കൽ-
ത്തൂണാക്കി നിർത്തിടുമതിൻ സുഷമേന്ദ്രജാലം"

സചേതസ്സുകളെ ആകമാനം ആശ്ചര്യഭരിതരും ആനന്ദപരീതരുമാക്കിത്തീർക്കാതിരിയ്ക്കയില്ല. വേണാട്ടരചന്മാരുടെ മുൻകാലത്തെ തലസ്ഥാനം പത്മനാഭപുരമായിരുന്നു.

വഞ്ചിഭൂപന്മാരിൽ എല്ലാംകൊണ്ടും പ്രസിദ്ധിനേടിയ രാജാവായിരുന്നു മാർത്താണ്ഡവർമ്മ. എട്ടുവീട്ടിൽ പിള്ളമാരുടെ ഉപദ്രവം നീക്കി രാജ്യത്തിന്നും പ്രജകൾക്കും സമാധാനം നൽകിയ മന്നവമണിയാണു മാർത്താണ്ഡവർമ്മയെന്നു പറയണം. ബാഹാബലം, രണതന്ത്രം, ഭഗവൽഭക്തി, ധർമ്മനിഷ്ഠ, ദീനാനുകമ്പ, സാഹിത്യസേവനം തുടങ്ങിയവ എല്ലാം തികഞ്ഞ ആളായിരുന്നു ആ മഹാരാജാവ് രാജ്യത്തിന്നുവേണ്ടി എത്രവലിയ ത്യാഗവും ആ ഭൂപൻ അനുഷ്ഠിച്ചിട്ടുണ്ട്.

മാർത്താണ്ഡവർമ്മമഹാരാജാവു വാഴ്ചകയ്യേററ കാലത്തു കന്യാകുമാരി മുതൽ ഇടവാവരെ മാത്രമേ തിരുവിതാംകൂർ രാജ്യം ഉണ്ടായിരുന്നുള്ളു അനന്തരം അവിടുന്നു തെക്കുംകൂറ്, വടക്കുംകൂറ്, ചെമ്പകശ്ശേരി, പറവൂര്, ആലങ്ങാട്ടു മുതലായ രാജ്യങ്ങൾ പിടിച്ചടക്കി വേണാടിന്നു വിശാലത വർദ്ധിപ്പിച്ചു. ഇത്രയും സമാസന്നദ്ധനായ ഒരു രാജാവു കേരളത്തിലുണ്ടായിട്ടില്ല.

ചേരമാൻ പെരുമാളിന്റെ ഭാഗിനേയന്മാരാണു കൊച്ചീരാജാക്കന്മാർ. ഇതിന്നു് ഉദാഹരണമായി—"ചേരമാൻ പെരുമാളുടെ മരുമക്കളായിട്ടു് അഞ്ചു "പെൺവഴിത്തമ്പുരാക്കന്മാർ" (തമ്പുരാട്ടികൾ) ഉണ്ടായിരുന്നു. ഇവരാകുന്നു പെരു

മ്പടപ്പു സ്വരൂപത്തിന്റെ മൂലം. ഇവരിൽ എളയമ്മത്തമ്പുരാട്ടിയ്ക്കു് അല്ലാതെ മററ നാലുപേൎക്കും "ആൺവഴിത്തമ്പുരാക്കന്മാർ" ഉണ്ടായിരുന്നില്ല. ഈ എളയമ്മത്തമ്പുരാട്ടിയുടെ ഭൎത്താവു പെരുമ്പടപ്പിൽ നമ്പൂരിയായിരുന്നു. ഇദ്ദേഹത്തിന്റെ ഇല്ലത്തു സന്തതി ഇല്ലാതെ വരികയും അതുകാരണം അദ്ദേഹത്തിന്റെ തറവാട്ടുസ്വത്തു കൊച്ചീസ്വരൂപത്തിലേയ്ക്കു് ഒതുങ്ങുകയും ചെയ്തതുകൊണ്ടാണു കൊച്ചിരാജവംശത്തിനു പെരുമ്പടപ്പുസ്വരൂപമെന്നു പേരു സിദ്ധിച്ചതു്." ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

കൊച്ചീരാജാക്കന്മാരുടെ തലസ്ഥാനനഗരം ആദ്യം മഹോദയപുരവും പിന്നീടു കൊച്ചിയുമായിരുന്നു. കച്ചവടക്കാൎക്കു പററിയ ഒരു നഗരമാണു് ഇതു്. സാഹിത്യസേവനത്തിൽ കൊച്ചീരാജാക്കന്മാർ അത്യന്തം ഔത്സുക്യം പ്രദൎശിപ്പിച്ചിരുന്നു. ഇവർ വീരകേസരികളുമായിരുന്നു എന്ന സംഗതി നിസ്സന്ദേഹമത്രേ. അക്രമികളെ അടക്കിനിൎത്തിയവരിൽ അദ്വിതീയനാണു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്.

# ചാക്യാർകൂത്തു്.

അഭിനയകലകളിൽ അദ്വിതീയമായ ഒരു സ്ഥാനം ചാക്യാർകൂത്തിന്നുണ്ടു്. ജന്മാന്തരവാസനകൊണ്ടുള്ള വാഗ്വിലാസത്താൽ സർവ്വരേയും ആകർഷിക്കുവാൻ ത്രാണിയുള്ളവരാണു ചാക്യാന്മാർ. ശാസ്ത്രീയമായ അടിസ്ഥാനത്തോടുകൂടിയതാണു കൂത്തു്. ചാക്യാന്മാർ കൂത്തു പറയുവാൻ കഥ സ്വീകരിക്കുന്നതു രാമായണം, ഭാരതം മുതലായ ഗ്രന്ഥങ്ങളിൽനിന്നാണു്. ഓരോ കവികളും ഉണ്ടാക്കിയിട്ടുള്ള രാമായണഭാരതാദി പൌരാണികപ്രബന്ധങ്ങൾ കൂത്തിന്നു് ഉപയോഗപ്പെടുത്തുന്നു.

അർത്ഥപ്രകാശനത്തിൽ ചാക്യാന്മാർ പ്രത്യേകം മനസ്സിരുത്തുന്നുണ്ടു്. അവരുടെ മനോധർമ്മവും അതിൽത്തന്നെയാണു കാണാവുന്നതു്. പണ്ഡിതപാമരസാധാരണ്യേന ഹൃദയാഹ്ലാദകത്വം നൽകുവാൻ കൂത്തിന്നു കഴിവുണ്ടു്. അഭിനയവും ഫലിതപ്രയോഗവും കൂത്തിന്റെ അനന്യസുലഭങ്ങളായ മഹിമകളാണു്. കവിയുടെ ആശയത്തെ പൊടിപ്പും തൊങ്ങലും വെച്ചു പ്രകാശിപ്പിക്കുവാൻ ചാക്യാന്മാർക്കു കഴിവുണ്ടു്. മനോധർമ്മത്തിന്റെ മെച്ചംകൊണ്ടും വാസനാവിശേഷംകൊണ്ടും അരങ്ങത്തിരിക്കുന്നവരെ ശകാരിക്കുന്നതിന്നും പുകഴ്ത്തുന്നതിന്നും ചാക്യാർ സന്നദ്ധന്മാരായിരിക്കും. കൂത്തിന്നു വേണ്ടുന്ന ചാക്യാരുടെ ചടങ്ങുകളെക്കുറിച്ചു—“കൂത്തും കൂടിയാട്ടവും എന്ന ഗ്രന്ഥത്തിൽ താഴെ പറയുംപ്രകാരം വിവരിച്ചിരിക്കുന്നു—

“ചാക്കിയാർ അണിയറയിലിരുന്നു കാലു കഴുകി ആചമിച്ചു തലയിൽ “ചുകപ്പുതുണി” കെട്ടുകയാണു് ആദ്യത്തെ ചടങ്ങു്. പിന്നെ മുഖത്തു നെയ്യു—അവരുടെ ഭാഷയിൽ “ഉപസ്തരണം”—തേച്ചു് അരി, മഞ്ഞളു്, കരി എന്നിവകൊണ്ടു് മുഖമണിഞ്ഞു്, ഒരു കാതിൽ കുണ്ഡലമിട്ടു് മറ്റേതിൽ വെറ്റില തെരുത്തു തിരുകി ചെത്തി(തെച്ചി)പ്പൂവ് തൂക്കിയിട്ടു

വസ്ത്രം (അവർ മാററ് എന്ന പദമാണ് ഉപയോഗിയ്ക്കുക) ഞെറിഞ്ഞുടുത്തു് വസ്ത്രംകൊണ്ടു് ആസനം പിന്നിൽവെച്ചു കെട്ടി കയ്യിൽ കടകം, അരയിൽ കടിസൂത്രം, തലയിൽ "കുട്ടമ്മ" "ചുകപ്പുതുണി" "പീലിപ്പട്ടം" "വാസുകീയം" എന്നിങ്ങനെ സംജ്ഞിതങ്ങളായ അലങ്കാരങ്ങൾ ധരിച്ചു രംഗപ്രവേശനത്തിന്നു തെയ്യാറാവും. അപ്പോൾ നമ്പ്യാർ മാത്രം രംഗത്തിൽ പ്രവേശിച്ചു മിഴാവു തൊട്ടു തലയിൽവെച്ചു മിഴാവിട്ടിരിയ്ക്കുന്ന കൂടിന്മേൽ കയറിയിരുന്നു മിഴാവൊച്ചപ്പെടുത്തുകയായി. ഇതു വാക്ക തുടങ്ങാറായി എന്നും സാമാജികന്മാർ സദസ്സിൽ സന്നിഹിതരാകണമെന്നും അറിവു കൊടുക്കവാനാണ്. അതു കഴിഞ്ഞാൽ നങ്ങിയാരോടുകൂടി ചാക്യാർ രംഗത്തിൽ പ്രവേശിയ്ക്കും. ചാക്യാരുടെ ആദ്യത്തെ ക്രിയ "ചാരി" എന്ന നൃത്തമാണ്. ദേവലോകത്തു ദേവസഭയിലെ നടനത്തിന്റെ സ്ഥാനത്താണ് ഈ നൃത്തം ചെയ്യുന്നതെന്നാണ് സങ്കല്പം. ഈ നൃത്തം പിഴച്ചാൽ ചാക്യാർ പ്രായശ്ചിത്തം ചെയ്യണം. നൃത്തം കഴിഞ്ഞാൽ വിദൂഷകസ്തോഭം നടിയ്ക്കുകയായി; അതായതു് കവിളു വീർപ്പിയ്ക്കുക, അരയിൽ ചുററിയിരിയ്ക്കുന്ന രണ്ടാംമുണ്ടുകൊണ്ടു് ദേഹത്തിൽ വീത്തുക, കുടുമ്മ ചീകികെട്ടി വെയ്ക്കുക—എന്നൊക്കെ താൻ ചെയ്യുന്നതായി നടിയ്ക്കും. പിന്നെ രണ്ടാംമുണ്ടു് അരയിൽത്തന്നെ പൂവ്വപ്രകാരം ചുററികെട്ടി പിന്നോക്കം കൈ എറിഞ്ഞു കൊട്ടുനിത്തിച്ചു് അരയിലുള്ള രണ്ടാംമുണ്ടിന്റെ രണ്ടററവുംകൂട്ടി മുഖം പൊത്തി അവതാരികയോടുകൂടി ഈശപ്രാത്ഥനയായി."

ഈ വിവരണംകൊണ്ടു കൂത്തിന്റെ പ്രാരംഭഗതി ഏറെക്കുറെ മനസ്സിലാക്കാം. പിന്നെ ശ്ലോകം ഗദ്യം മുതലായവ ചൊല്ലി ഫലിതമയമായി അത്ഥം പറഞ്ഞു കഥാപ്രസ്താവം ചെയ്തു സാമാജികന്മാരെ രസിപ്പിയ്ക്കുകയും ചെയ്യും. ഗ്രന്ഥവിസ്തരഭയത്താൽ കൂത്തിന്റെ സംക്ഷിപ്തരൂപം മാത്രം ഇവിടെ എടുത്തു കാണിച്ചു എന്നേ ഉള്ളൂ.

# സംസ്കൃതവിദ്യാഭ്യാസം.

"വിദ്യാദാനവിശാരദാവിനമതാം
ബാഃലന്ദുരാജജ്ജടാ-
ജൂടാശാരദനീരദാവലിരുചീ-
നീകാശദാശാരദാ
ശബ്ദബ്രഹ്മമയീവിരിഞ്ചിവദനാം-
ഭോജന്മരംഗസ്ഥലീ-
ശൈലൂഷീ ലഘുമോമുഷീതുശമലം
മേ ശേമുഷീമീയുഷീ".

എന്നതുകൊണ്ടു നമ്മുടെ സുരസരസ്വതിയുടെ മഹനീയാതിരേകം എത്രമാത്രം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു! പുരാതനകാലം മുതൽക്കുതന്നെ സംസ്കൃതഭാഷയ്ക്കു കേരളത്തിൽ പ്രചുരപ്രചാരം ലഭിച്ചിട്ടുണ്ടു്. കേരളത്തിനും സംസ്കൃതത്തിനും തമ്മിലുള്ള ബന്ധം അമൂല്യവും അനിർവ്വചനീയവുമാകുന്നു. അന്യാദൃശമായ വിജയത്തോടു കൂടിയാണു നമ്മുടെ നാട്ടിൽ ഗൈർവ്വാണി വിലസിക്കൊണ്ടിരുന്നതു്. കേരളഭാഷയ്ക്കു സ്തുത്യർഹമായവിധം ഒരു വിലയും നിലയും പ്രദാനം ചെയ്തിട്ടുള്ളതു സംസ്കൃതഭാഷയാകുന്നു. തന്നിമിത്തം സംസ്കൃതഭാഷയ്ക്കും മലയാളികൾക്കും തമ്മിൽ പൂർവ്വസ്ഥിതിയിൽനിന്നും ഒരു പരിവർത്തനവും ദൃഢബന്ധവും സമുൽഭവിച്ചു. കേരളീയർ സംസ്കൃതത്തെ ധാരാളമായി അഭ്യസിച്ചുവരികയും ചെയ്തു.

മലയാളനാടു മുഴുവൻ പുരാതനകാലത്തു് ആവാസയോഗ്യമല്ലാത്ത കാട്ടുപ്രദേശമായി കിടന്നിരുന്നു. മഹാവനങ്ങളാൽ ആക്രാന്തങ്ങളായ പ്രദേശങ്ങൾ അവിടവിടെയായി ഇന്നും കേരളത്തിലുണ്ടു്. തയ്ക്കാടു്, പുതുക്കാടു്, വഴുതക്കാടു്

മുതലായ പ്രദേശങ്ങൾ പൂർവ്വകാലത്തു വലിയ കാടുകളായിരുന്നു എന്നും പിന്നീടു വെട്ടിത്തെളിയിച്ചു നാടുകളായതാണെന്നും തീരുമാനിയ്ക്കാം. ഇന്നത്തെ ചില കാവുകൾക്കും വനങ്ങളോടു ബന്ധമുണ്ടായിരുന്നു എന്നു തീർച്ചപ്പെടുത്താം.

ഇങ്ങനെ കാടുപിടിച്ചു കിടന്നിരുന്ന കേരളത്തിൽ കാടന്മാർ, മലയന്മാർ തുടങ്ങിയുള്ളവർ ആദിമനിവാസികളായിട്ടുണ്ടായിരുന്നു. മൃഗങ്ങളെ കൊന്നുതിന്നും ഫലമൂലാദികൾ ഭക്ഷിച്ചും അവർ ജീവിതം നയിച്ചിരുന്നു. കുന്നിൻചെരുവുകളിലും മററും ചെറിയ കുടിലുകൾ കെട്ടിയുണ്ടാക്കി അവർ താമസിയ്ക്കുകയും ചെയ്തുവന്നു. പറയൻ, പുലയൻ, മുതലായ വർഗ്ഗക്കാർ കേരളത്തിലെ ആദിമനിവാസികളോ, സന്താനപരമ്പരകളോ, ആയിരിപ്പാൻ വഴിയുണ്ടു്. എന്തുകൊണ്ടെന്നാൽ, അവരുടെ ആകൃതിയും പ്രകൃതിയും ഇക്കൂട്ടരോടു് അടുപ്പമുള്ളതാകുന്നു.

ഇങ്ങനെയിരിയ്ക്കുന്ന കാലത്തു പ്രാകൃതന്മാരായ ഇക്കൂട്ടർ കേരളത്തിൽ അധിവസിച്ചുകൊണ്ടിരിയ്ക്കുമ്പോൾ അന്യദേശങ്ങളിൽനിന്നും മററും അനേകം സമുദായക്കാർ ഇവിടെ വന്നു താമസമുറപ്പിച്ചു. കേരളത്തിൽ ആദ്യം കടന്നുകൂടിയവർ ഇന്നത്തെ നായന്മാരുടെ പൂർവ്വന്മാരാകുന്നു എന്നാണു പറഞ്ഞുവരുന്നതു്. പിന്നീടു് ഇവിടെ വന്നുചേൎന്ന സമുദായക്കാർ ബ്രാഹ്മണരാണു്. ശ്രീ പരശുരാമനാണു് അവരെ കേരളത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നതു്.

പരശുരാമനാൽ നമ്മുടെ നാട്ടിലേയ്ക്കു പൂർവ്വകാലത്തു ക്ഷണിയ്ക്കപ്പെട്ട ബ്രാഹ്മണരുടെ ഭാഷ സംസ്കൃതമായിരുന്നു. അതുനിമിത്തം അവൎക്കു സംസ്കാരാഭിവൃദ്ധിയും വൈദികാചാരവും ഉണ്ടായിരുന്നു എന്നു പറയണം. വ്യാവഹാരികമായി സംസ്കൃതഭാഷ പ്രചരിച്ചിരുന്ന പ്രദേശങ്ങളിൽനിന്നാണു ബ്രാഹ്മണർ വന്നു കേരളത്തിൽ സ്ഥാനമുറപ്പിച്ചു

തെന്നു് ഊഹിയ്ക്കാവുന്നതാകുന്നു. അവരാണു നമ്മുടെ നാട്ടിൽ സംസ്കൃതത്തെ ആദ്യമായി പ്രചരിപ്പിച്ചതു്. സംസ്കൃതത്തിന്റെ വ്യവഹാരദശയെപ്പററി ഒരു ഗ്രന്ഥകാരൻ ഇപ്രകാരം പ്രസ്താവിയ്ക്കുന്നു:—

"ചരിത്രകാലം ആരംഭിയ്ക്കുന്നതിനു് അനേകശതവർഷങ്ങൾക്കുമുമ്പു സംസ്കൃതം ഭാരതീയരുടെയെല്ലാം ഏകമാതൃഭാഷയായി ബ്ഭവിച്ചിരുന്നു. ഇക്കാലത്തു് എല്ലാദേശക്കാരും സർവ്വവ്യവഹാരങ്ങൾക്കും സംസ്കൃതത്തെയാണു് ആശ്രയിച്ചിരുന്നതു്. ഭാരതത്തിൽ ഏതുദേശത്തെ അധിവസിയ്ക്കുന്നവരും സംസ്കൃതത്തെ ഒരു പൊതുഭാഷയായി സ്വീകരിച്ചിരുന്നു. ത്രൈവർണ്ണികന്മാർ പൊതുവേ സംസ്കൃതത്തേയും, സ്ത്രീശൂദ്രാദികൾ അതിന്റെ അപഭ്രംശരൂപങ്ങളായ നാനാവിധം പ്രാകൃതഭാഷകളേയും ഉപയോഗിച്ചുവന്നിരുന്നു. സംസ്കൃതത്തിന്റെ ഈ വ്യവഹാരസ്വഭാവം, പില്ക്കാലത്തുണ്ടായ നാടകങ്ങളിലും മററും പ്രതിബിംബിച്ചിരിയ്ക്കുന്നതായി കാണ്മാൻ കഴിയും."

പുരാതനകാലത്തു ബ്രാഹ്മണർ സംസ്കൃതം വ്യാവഹാരികമായി സ്വീകരിച്ചിരുന്നു എന്നതിനു് അനിഷേധ്യമായ ലക്ഷ്യം പൌരാണികസാഹിത്യത്തിൽ ഉണ്ടെന്നു പറയാവുന്നതാകുന്നു.

"ധാരയൻ ബ്രാഹ്മണം രൂപമില്വലഃ സംസ്കൃതം വദൻ
ആമന്ത്രയതി വിപ്രാൻ സഃ ശ്രാദ്ധമുദ്ദിശ്യ നിർഘൃണഃ
യദിവാചം പ്രദാസ്യാമി ദ്വിജാതിരിവ സംസ്കൃതാം
രാവണം മന്യമാനാ മാം സീതാ ഭീതാ ഭവിഷ്യതി"*

ഇങ്ങനെ വാത്മീകിരാമായണത്തിൽ പറഞ്ഞിരിയ്ക്കുന്നു. രാക്ഷസനായ ഇല്വലൻ കൃത്രിമമായി ബ്രാഹ്മണവേഷംകെട്ടി തദനുസരണം സംസ്കൃതത്തിൽ സംഭാഷണംചെയ്തുകൊണ്ടാണു് അഗസ്ത്യമഹർഷിയുടെ ആശ്രമത്തിൽ പ്രവേശി

ച്ചതു്. ലങ്കയിൽകടന്നുകൂടിയ ഹനൂമാൻ താൻ സീതയോടു് ഏതുഭാഷയിലാണു് സംഭാഷണം തുടങ്ങേണ്ടതെന്നു വിചാരിക്കുന്നതിന്റെ സ്വഭാവം രണ്ടാമത്തെശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഞാൻ ബ്രാഹ്മണനെപ്പോലെ സംസ്കൃതത്തിൽ പറയുകയാണെങ്കിൽ സീത എന്നെ രാവണനെന്നു വിചാരിച്ചു ഭയപ്പെടും എന്നു പ്രകൃതത്തിൽ ഭാവം. ഇവിടെ ദ്വിജാതിപദത്തിന്നു ത്രൈവൎണ്ണികൻ എന്നു് അൎത്ഥം ഗ്രഹിക്കണം. രാവണൻ സീതയോടു സംസ്കൃതത്തിലാണു വ്യവഹരിക്കുക പതിവെന്നുകൂടി ഈ ഭാഗത്തിൽനിന്നു വിശദമാകും. "സോയംനവവ്യാകരണാൎത്ഥവേത്താ" എന്നതുകൊണ്ടു വാല്മീകിരാമായണത്തിൽ ഹനൂമാന്റെ വൈദുഷ്യത്തെ പ്രശംസിച്ചിട്ടുണ്ടു്.

"അഹംഹ്യതിതനുശ്ചൈവ വാനരശ്ച വിശേഷതഃ
വാചം ചോദാഹരിഷ്യാമി മാനുഷീമിവ സംസ്കൃതാം"

എന്ന ഹനൂമാന്റെ വിചാരംകൊണ്ടും സീതക്കു സംസ്കൃതമറിയാമായിരുന്നു എന്നു കണക്കാക്കാം.

സംസ്കൃതഭാഷയും ബ്രാഹ്മണരും ഒരുമിച്ചാണു കേരളത്തിൽ പ്രവേശിച്ചതെന്നു പറഞ്ഞുകഴിഞ്ഞു. ബ്രാഹ്മണർ കേരളത്തിൽ പ്രവേശിച്ചതു് ഏതുകാലത്താണെന്നു് അറിഞ്ഞാൽ സംസ്കൃതഭാഷയുടെ പഴക്കവും മനസ്സിലാക്കാവുന്നതാണെങ്കിലും അക്കാൎയ്യം വാദഗ്രസ്തമായിട്ടാണിരിക്കുന്നതു്. എന്നാൽ വളരെ പണ്ഡിതന്മാരും കലിവൎഷം 2500-ൽ ആൎയ്യബ്രാഹ്മണർ കേരളത്തിൽ കടന്നുകൂടി എന്നു അഭിപ്രായപ്പെട്ടുന്നസ്ഥിതിക്കു സംസ്കൃതത്തിന്നു് അത്രപഴക്കം കണ്ടേക്കും. ചരിത്രഗവേഷണപടുവായ ഒരു സാഹിത്യരസികൻ ഈ വിഷയത്തെക്കുറിച്ചു താഴെ പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"കേരളത്തിലേക്കുള്ള അവരുടെ (ബ്രാഹ്മണരുടെ) ആഗമനം ബുദ്ധമതസംബന്ധമായ ഉപദേശങ്ങൾക്കുണ്ടായിരുന്ന

പ്രാബല്യം നിമിത്തം വൈദികമതവും ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രസിദ്ധമായ ചില ഭേദഗതികളെ പ്രാപിച്ചതിന്നു ശേഷമായിരിയ്ക്കണം. എന്തെന്നാൽ, ഈ നൂതനസംപ്രദായങ്ങൾ മററുള്ള ബ്രാഹ്മണരെ സംബന്ധിച്ചുള്ളവയിൽ എന്നപോലെതന്നെ നമ്പൂരിമാരുടെ മതം ആചാരം അനുഷ്ഠാനം എന്നിവയിലും സർവ്വത്ര കാണാവുന്നതാണ്. എങ്കിലും വിവാഹം മുതൽ, എന്നിവയെസ്സംബന്ധിച്ച ചില ആചാരസമ്പ്രദായങ്ങൾ—ഒരിയ്ക്കൽ എല്ലാ ബ്രാഹ്മണരുടേയും ഇടയിൽ നടപ്പുണ്ടായിരുന്നതും, നമ്പൂരിമാരുടെ ഇടയിൽ ഇപ്പോഴും നടപ്പുള്ളതും ആയ സർവ്വസ്വദാനം എന്ന വിവാഹസമ്പ്രദായം, ഋതുവായതിന്നുശേഷം കന്യകകളുടെ വിവാഹം, ദായമുഷ്യായണം എന്ന ദത്തു സമ്പ്രദായം എന്നിങ്ങനെയുള്ള ചില സമ്പ്രദായവിശേഷങ്ങൾ—മററു ദിക്കുകളിൽ തീരേ നടപ്പില്ലാതാകുന്നതിന്നു മുമ്പുമായിരിയ്ക്കണം അതു സംഭവിച്ചിട്ടുള്ളതു്. ക്രിസ്തുവിന്നു മുമ്പുള്ള മൂന്നാം ശതവർഷത്തിൽ ബൌദ്ധസിദ്ധാന്തങ്ങളുടെ ശക്തി വൈദികമതത്തെ ബാധിച്ചുതുടങ്ങിയതിനാലും മേല്പറഞ്ഞ ആചാരവിശേഷങ്ങൾ കേരളത്തിന്നു പുറത്തുള്ള രാജ്യങ്ങളിൽ ക്രൈസ്തവം നാലാം നൂററാണ്ടിന്നു വളരെ മുമ്പുതന്നെ നടപ്പില്ലാതായിത്തീർന്നതിനാലും ആര്യന്മാർ കേരളത്തെ കൈവശപ്പെടുത്തിയതു് ഏകദേശം ക്രിസ്തുവിന്നു മുമ്പോ അല്ലെങ്കിൽ പിമ്പോ ഉള്ള അടുത്ത നൂററാണ്ടിൽ ആയിരിയ്ക്കണമെന്നു് അനുമാനിയ്ക്കാവുന്നതാണ്." ഈ അഭിപ്രായത്തോടു് അത്രതന്നെ യോജിയ്ക്കാത്ത മതമാണ്. കവിതിലകൻ, ശ്രീ. വടക്കങ്കൂറിന്നുള്ളതു് അദ്ദേഹം പറയുന്നു—

ബുദ്ധമതക്കാൎക്കു് അന്യനാടുകളിലും ഇവിടേയും പ്രാബല്യം ലഭിയ്ക്കുന്നതിന്നു് അനേകം ശതവർഷങ്ങൾക്കു മുമ്പു ബ്രാഹ്മണർ ഈ നാട്ടിൽവന്നു് അധിവാസം ഉറപ്പിച്ചതായി

വിചാരിക്കണം. ഈകാലം കലിവൎഷം തുടങ്ങി ഏകദേശം എട്ടോ പത്തോ ശതവൎഷങ്ങൾക്കശേഷം, അതായതു് ഇന്നേക്കു 4000 സംവത്സരങ്ങൾക്ക മുമ്പു് ആയിരിക്കുവാൻ ഇടയുണ്ടു്. സംസ്കൃതവിദ്യാഭ്യാസത്തിന്നു് ഇവിടെ ലഭിച്ച പ്രചാരവും, തന്മുഖേന മലയാളികളുടെ സംസ്കാരത്തിന്ന സംഭവിച്ച പരിവൎത്തനഗതിയും 2000 കൊല്ലത്തിനിപ്പുറം അത്രക്കു ചുരുങ്ങിയ ഒരു കാലത്തിന്നിടയിൽ സംഭവിച്ചതാണെന്ന വിശ്വസിക്കുവാൻ അവയുടെ സ്വഭാവം അനുവദിക്കുന്നില്ല. അതുകൊണ്ടു് എങ്ങനെയായാലും ബ്രാഹ്മണരുടെ ആഗമനകാലത്തിന്നു് ഏതാനും ശതവൎഷംകൂടി പഴക്കമുണ്ടെന്ന വിചാരിക്കുന്നതു യുക്തമായിരിക്കും. ഈ നിലയിൽ സംസ്കൃതത്തിന്റെ പ്രവേശനത്തിനും അത്രയും കാലത്തെ പ്രാചീനത്വം സിദ്ധിക്കാതെ തരമില്ല.”

സംസ്കൃതവിദ്യാഭ്യാസത്തിന്നു് ആദ്യമായി വിദ്യാൎത്ഥി ഉപയോഗിക്കുന്ന ഗ്രന്ഥം സിദ്ധരൂപമാകുന്നു. ബാലന്മാൎക്ക പദങ്ങളുടെ സാമാന്യമായ ഒരു സ്വരൂപജ്ഞാനം ഈ ചെറുപുസ്തകത്തിൽനിന്നും ലഭിക്കുന്നു. പണ്ടു സിദ്ധരൂപം മുഴുവൻ വിദ്യാൎത്ഥികൾ കാണാതെ പഠിക്കണമെന്ന നിൎബ്ബന്ധമുണ്ടായിരുന്നു. സിദ്ധരൂപത്തിന്നശേഷം ബാലപ്രബോധവും തദനന്തരം സമാസചക്രവുമാണ സംസ്കൃതവിദ്യാൎത്ഥിക്കു പഠിക്കുവാനുള്ള ഗ്രന്ഥം. ലിംഗവചനവിഭക്തികളുടെ അൎത്ഥങ്ങളും, കൎത്തൃകൎമ്മക്രിയകളുടെ സ്വഭാവങ്ങളും മററുമായ പ്രാഥമികശബ്ദശാസ്ത്രനിയമങ്ങളാണ ബാലപ്രബോധത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. ബാലപ്രബോധത്തെക്കാൾ കുറച്ചുകൂടി പ്രൗഢവും സമാസവിവേചനസമ്പ്രദായവും മററും സോദാഹരണം പ്രതിപാദിക്കുന്ന ഗ്രന്ഥമത്രെ സമാസചക്രം.

സിദ്ധരൂപം മുതലായ ഈവക ചെറുഗ്രന്ഥങ്ങൾ പഠിച്ചുകഴിഞ്ഞതിന്റെ ശേഷം സംസ്കൃതവിദ്യാർത്ഥിക്കു പഠിക്കുവാനുള്ള ഗ്രന്ഥം ശ്രീരാമോദന്തകാവ്യമാകുന്നു. ലളിതപദഘടനയോടും രാമായണകഥാ വർണ്ണനയോടും കൂടിയ ഈ ലഘുകാവ്യം സാഹിത്യസൌധത്തിലേറുവാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥിക്കു പ്രാഥമികവും പരമരമണീയവുമായ മണിസോപാനമാകുന്ന് എന്നു പറയാം. കേരളത്തിൽ വളരെ അധികം പ്രചാരം കിട്ടിയിട്ടുള്ള ഒരു ഗ്രന്ഥമത്രേ ശ്രീരാമോദന്തം.

പണ്ടെയ്ക്കു പണ്ടേതന്നെ പഠിപ്പിക്കുന്നസമ്പ്രദായം വളരെ സുഗമമായിട്ടാണ്. ആദ്യം ആചാര്യൻ ബാലന്മാരെക്കൊണ്ടു ശ്ലോകം ചൊല്ലിപ്പിക്കുകയും പിന്നീടു പദച്ഛേദം, വിഭക്തി, അന്വയം, അന്വയാർത്ഥം, പരിഭാഷ എന്നിവ പറയിപ്പിക്കുകയും താൻതന്നെ ഭാവം (സാരം) പറഞ്ഞുകൊടുക്കുകയും ചെയ്യും. ഇതുകൊണ്ടു വ്യുൽപിത്സുക്കളായ കുട്ടികൾക്കു പദാർത്ഥങ്ങളുടെ ഉറപ്പുകൂടിവരികയും അതുവഴിയായി വ്യുൽപ്പത്തിദാർഢ്യം ഉണ്ടാവുകയും ചെയ്യുന്നു.

ശ്രീരാമോദന്തം ഏകദേശം അമ്പതോ അറുപതോ ശ്ലോകങ്ങൾ ഈ രീതിയിൽ പഠിപ്പിച്ചുകഴിയുമ്പോഴേയ്ക്കും ബുദ്ധിമാന്മാരായ ബാലന്മാർക്കു തന്നത്താൻ പദച്ഛേദം ചെയ്വാനും അത്യാവശ്യം വിഭക്തിപറവാനും സാധിക്കുന്നു. അനന്തരം ശ്രീകൃഷ്ണവിലാസമാണ് ഉപാദ്ധ്യായന്മാർ പഠിപ്പിക്കുവാൻ നിശ്ചയിക്കുക. കൃഷ്ണവിലാസം ഉദ്ദേശം രണ്ടുസർഗ്ഗത്തോളം പഠിപ്പിച്ചു പിന്നെ രഘുവംശം, കുമാരസംഭവം എന്നിവയും പഠിപ്പിക്കുന്നു. ഇതെല്ലാം കഴിഞ്ഞാൽ യഥാക്രമം മാഘം, നൈഷധം എന്നീ പ്രൌഢകാവ്യങ്ങളും പഠനത്തിന്ന് ഉപയോഗപ്പെടുത്തും. ആകെക്കൂടി എട്ടൊമ്പതു സർഗ്ഗം കാവ്യം പഠിച്ചുകഴിയുമ്പോഴേയ്ക്കും ബാലന്മാർക്കു പൂത

ങ്ങിയ ലോകവ്യുൽത്തിയും വിഭക്തിജ്ഞാനവും സിദ്ധിക്കുകയും ചെയ്യും. പിന്നെ ശാകുന്തളാദിനാടകങ്ങളും കുവലയാനന്ദാദികളായ അലങ്കാരങ്ങളും പഠിപ്പിച്ചുകഴിഞ്ഞാൽ വ്യാകരണത്തിൽ കൌമുദിയും, തൎക്കത്തിൽ സംഗ്രഹം, മുക്താവലി തുടങ്ങിയുള്ളവയും ആചാൎയ്യന്മാർ ഉപദേശിച്ചുകൊടുക്കും. മുക്താവലി, ദിനകരം തുടങ്ങിയവ തൎക്കത്തിലും, കൌമുദി മുതലായവ വ്യാകരണത്തിലും പഠിച്ചുകഴിഞ്ഞാൽ ആ വിദ്യാൎത്ഥിക്കു പ്രകരണഗ്രന്ഥം പഠിച്ചുകഴിഞ്ഞു എന്നാണു പറയുകപതിവു്. അനന്തരം വ്യാകരണത്തിൽ ശേഖരം, ഭൂഷണസാരം മുതലായവയും ന്യായത്തിൽ പഞ്ചവാദാദികളും പഠിച്ചുകഴിഞ്ഞാൽ ആയാൾ ഒരുവിധം നല്ലപണ്ഡിതനായിത്തീരുകയും ചെയ്യും.

ഇങ്ങനെയാണു പുരാതനകാലം മുതല്ക്കു പൌരസ്ത്യസാഹിത്യത്തിൽ വിദ്യാഭ്യാസം നിൎവ്വഹിച്ചിരുന്നതെന്നു സംക്ഷിപ്തമായിപ്പറയാം. ഇപ്പോൾ ആ സമ്പ്രദായമെല്ലാം തീരെവിട്ടുപോയിരിക്കുന്നു. അതുനിമിത്തം വ്യുൽപ്പന്നന്മാരായ പണ്ഡിതന്മാരെ കണ്ടുകിട്ടുവാനും പ്രയാസമായിരിക്കുന്നു. ഇനി തത്താദൃശങ്ങളായ കാലങ്ങളും തൽസദൃശന്മാരായ പണ്ഡിതന്മാരും തദ്വിധങ്ങളായ വിദ്യാസമ്പ്രദായങ്ങളും നമ്മുടെ സ്മരണക്കുമാത്രം വിഷയങ്ങളാവാനേ വഴികാണുന്നുള്ളു.

# കഥകളി

അഭിനയകലകളിൽ ഏററവും പ്രധാനവും ശാസ്ത്രീയങ്ങളായ പല വശങ്ങൾ ഉള്ളതുമായ ഒരു വിനോദം കഥകളി മാത്രമാണ്. സംഗീതതാളമേളങ്ങളാൽ സമ്പൂർണ്ണങ്ങളും വിവിധ വേഷഭൂഷാദികളാൽ വിരാജിതങ്ങളുമായ അതിൻെറ ആകർഷകത്വവും ആന്തരതത്വവും ഒന്നു വേറെത്തന്നെയാകുന്നു. അങ്ങനെയിരിക്കെ ശ്രീമാൻ ഈ. വി. കൃഷ്ണപിള്ള ഒരിക്കൽ കഥകളിയെ തീരെ അപലപിച്ച് അതിൻെറ പ്രകൃതിസൌന്ദര്യവും ആശയഗാംഭീര്യവും നിസ്സാരമായി ഗണിച്ചു സംസാരിക്കുകയുണ്ടായി. ഇ. വി.യുടെ ആവക കഴമ്പില്ലാത്ത പരിഹാസവചനങ്ങൾക്കെല്ലാം മഹാകവി വള്ളത്തോൾ സമാധാനം പറയുകയും കഥകളിയുടെ സാഹിത്യസിദ്ധാന്തമനുസരിച്ചുള്ള ഹൃദയംഗമത്വത്തെ സയുക്തികം പ്രതിപാദിക്കുകയും ചെയ്തു. ഈ. വിയുടെ അർത്ഥഗൌരവമില്ലാത്ത—"കഥകളിയെ ഒരു കാഴ്ചബംഗ്ലാവിലേക്കു മാററി അതിന്നു വിശ്രമംകൊടുക്കേണ്ട കാലം ആസന്നമായിരിക്കുന്നു. അടുത്തു നില്ക്കുന്ന ഭാര്യയെ വിളിക്കുവാൻ താറയോളം കുനിഞ്ഞ് താമരയുടെ വളച്ചയിലുള്ള സസ്യശാസ്ത്രഘട്ടങ്ങളെയെല്ലാം തരണംചെയ്തു അരമണിക്കൂർകൊണ്ടു—"കുവലയവിലോചനേ!" എന്ന് ആംഗ്യംകാണിച്ചു ഫലിപ്പിക്കേണ്ടിയിരിക്കുന്ന ഒരു ദൃശ്യകല നമുക്ക് ആവശ്യമില്ല" എന്ന പ്രവചനം ആഭാസജനകമെന്നേ പറഞ്ഞുകൂടൂ. എന്നു മാത്രമല്ല, ഈ. വി. യുടെ ഹാസസാഹിത്യപ്രസ്ഥാനവും ആ രസത്തെ മുൻനിർത്തിക്കൊണ്ടുള്ള ചില പാമരസാധാരണമാത്രമായ രൂപകങ്ങളും അത്ര തൃപ്തികരമല്ല. "ഭിന്നരുചിർഹിലോകഃ" എന്നാണല്ലോ അഭിയുക്തവചനം.

ആരെന്തു പറഞ്ഞാലും നമ്മുടെ കഥകളിയെപ്പററി പ്രസിദ്ധ സാഹിത്യരസികനായ—കെ. ഭാസ്കരൻനായർ പ്രസ്താവിച്ചിട്ടുള്ളതു് തുലോം അഭിനന്ദനാർഹമായിരിക്കുന്നു. അദ്ദേഹം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ—"ഭാഗ്യവശാൽ കഥകളിക്കു ആ ദുർദ്ദശ ഇനിയും വന്നുകൂടിയിട്ടില്ലെന്നു് ഇവിടെ (തിരുവനന്തപുരത്തു) മിഥുനമാസം, 11-ാംനു-മുതൽ 20-ാംനു-വരെ കൃഷ്ണൻതമ്പിസ്മാരക കഥകളിസമാജത്തിൻെറ ആഭിമുഖ്യത്തിൽ നടന്ന കഥകളിമഹോത്സവം വീണ്ടും തെളിയിച്ചിരിക്കുന്നു. ആരെങ്കിലും മനഃപൂർവ്വം നശിപ്പിക്കണമെന്നു വിചാരിച്ചാലും അതു നശിക്കുമെന്നു തോന്നുന്നില്ല. നേരത്തിൻേറയും ദൂരത്തിൻേറയും അസൌകര്യങ്ങളുണ്ടായിട്ടും ആ കലാപ്രദർശനം കണ്ടു് ആനന്ദിക്കുവാൻതന്നെ നിശ്ചയിച്ചു എല്ലാ ദിവസവും ഹാൾ നിറയേ ആളുകൂടിയിരുന്നു. സിനമയും, നാടകവും നാടൊട്ടുക്കു് നിറഞ്ഞിരിക്കുന്ന ഇക്കാലത്തു കഥകളിക്കു ലഭിച്ച ഈ വിജയം യഥാർത്ഥകലയെ ഇഷ്ടപ്പെടുന്ന എവർക്കും ചാരിതാർത്ഥ്യജനകമായിരിക്കുമെന്നുള്ളതിൽ തർക്കമില്ല. കുറിച്ചി കുഞ്ഞൻപണിക്കർ, ചെങ്ങന്നൂർ രാമൻപിള്ള, മാങ്കുളം പോററി, കലാമണ്ഡലം കൃഷ്ണൻനായർ, വെച്ചൂർ രാമൻപിള്ള, കുടമാളൂർ കരുണാകരൻനായർ, എന്നിവരായിരുന്നു പ്രധാനനടന്മാർ. മാവേലിക്കര ഉണ്ണിത്താൻസഹോദരന്മാരുടെ പാട്ടും നല്ല മേളക്കാരും കൂടിയായപ്പോൾ എല്ലാം തികഞ്ഞു എന്നുതന്നെ പറയാം". എന്നിപ്രകാരം എഴുതിയിരിക്കുന്നു. ഈ പ്രതിപാദനത്തിൽനിന്നു് ഇന്നും കഥകളിയുടെ സ്ഥാനം പോയിട്ടില്ലെന്നും അതിനെ ആസ്വാദിക്കുവാനും അഭിനന്ദിക്കുവാനും രസികന്മാർ കേരളത്തിലെന്നപോലെ പരദേശത്തുകൂടി ഉണ്ടെന്നും തെളിയുന്നു. അടുത്ത കാലത്തു മഹാകവി വള്ളത്തോളിൻേറയും മററു മഹാന്മാരായ പല രസികന്മാരുടേയും ആഭിമുഖ്യത്തിൽ വിവേകോദയം ഹൈസ്കൂളിൽ വെച്ചു നടത്തപ്പെട്ട കഥകളിയോഗത്തിൽ ക

ഞ്ചുക്കുറുപ്പിന്റെ കുചേലവേഷം കണ്ടു്, പണ്ഡിത ജവഹരിലാൽ നെഹറുവും മകൾ ഇന്ദിരയും കണക്കിലധികം ചിരിച്ചു മണ്ണുകപ്പിയതും, ചെവി കേൾക്കാത്ത മഹാകവിയോടു് ആംഗ്യരൂപത്തിൽ ആ വേഷത്തിന്റെ സ്വഭാവം കഥാപ്രസ്താവം മുതലായവ ചോദിച്ചറിഞ്ഞതും ഞാനിന്നുമോർക്കുന്നുണ്ടു്. മഹാകവി പറഞ്ഞു മനസ്സിലാക്കിക്കൊടുത്തപ്പോൾ അഭിനയകലയുടെ അനന്യസുലഭമായ മാഹാത്മ്യത്തെ നെഹറു കണക്കിലധികം വാഴ്ത്തുകയുണ്ടായി.

അത്യന്തം ആയാസസാദ്ധ്യമായ ഒരു ചടങ്ങാണു കഥകളിയിൽ നിർവ്വഹിയ്ക്കപ്പെടേണ്ടതായിട്ടുള്ളതു്. ആ കലയിൽ ഒരു നല്ല നടനാകുവാൻ ജന്മാന്തരവാസനയും വളരെക്കാലത്തെ വിദ്യാപരിശീലനവും വേണ്ടിവരുന്നതാണു്. ആദ്യമായി സമർത്ഥനായ ഗുരുവിന്റെ അടുക്കൽനിന്നു് അഭ്യാസബലം സിദ്ധിച്ചിരിയ്ക്കണം. കളരിയിൽ കച്ചകെട്ടുക എന്ന ഒരു ചടങ്ങുണ്ടു്. കച്ചകെട്ടിയതിന്നുശേഷമാണു കഥകളി പഠിയ്ക്കുവാൻ ശ്രമിയ്ക്കുക പതിവു്. ചവിട്ടിത്തിരുമ്മുക എന്ന ചടങ്ങും അത്യാവശ്യമായ പ്രവൃത്തിയിലൊന്നാകുന്നു. ചവിട്ടിത്തിരുമ്മലിൽ അപകടം പിണയാതിരിപ്പാൻ നല്ല ആശാന്മാർ ആ കാര്യത്തിൽ ഏർപ്പെടണം. ചാട്ടം, നൃത്തം മുതലായ അഭ്യാസങ്ങളിൽ നല്ല മെയ്സ്വാധീനം വരുത്താതെ നിവൃത്തിയില്ല. ശരീരംകൊണ്ടു് എന്തും കാട്ടുവാൻ കഴിയുന്നതു ചവിട്ടിത്തിരുമ്മലിന്റെ മെച്ചംകൊണ്ടാകുന്നു. ചാത്തുണ്ണിപ്പണിയ്ക്കരുടെ വെള്ളത്താടിയും, ചന്തുപ്പണിയ്ക്കരുടെ ഭീമസേനനും കാട്ടിക്കൂട്ടുന്ന ചൊല്ലിയാട്ടത്തിൽ ചവിട്ടിത്തിരുമ്മിയതിന്റെ മഹനീയത വ്യക്തമാകുന്നുണ്ടു്. ചവിട്ടിത്തിരുമ്മുക എന്ന ചടങ്ങിൽ അന്തേവാസികൾ അനുഭവിയ്ക്കേണ്ടിവരുന്ന വേദനയും കഷ്ടപ്പാടും കുറച്ചൊന്നുമല്ല.

കഥകളിയെ ആട്ടമെന്നു പറയാറുണ്ടു്. അതുകൊണ്ടാണു് ആട്ടക്കഥ എന്നു തൽപ്രതിപാദകഗ്രന്ഥത്തിനും പേരു

വരുവാൻ കാരണം. അഭിനയമെന്നും, ആട്ടമെന്നും അതിന്നു രണ്ടു വിഭാഗമുണ്ടു്. മുഖവും കയ്യും ഉപയോഗിച്ചു ചെയ്യുന്ന രസപ്രകാശനത്തിന്നു് അഭിനയമെന്നു പറയാം. നല്ല കളിക്കാർ അഭിനയപാടവംകൊണ്ടു രസികജനൈകവേദ്യമായ മനോധർമ്മം പലതും കാണിച്ചു രംഗത്തെ ആകർഷിയ്ക്കാറുണ്ടു്. ശരീരംകൊണ്ടു പല വിധത്തിൽ കാട്ടിക്കൂട്ടുന്ന നൃത്തവും അഭ്യാസവും മററുമാണു ചൊല്ലിയാട്ടം. ഈ രണ്ടു പ്രവൃത്തിയിലും നല്ല പ്രാവീണ്യം സിദ്ധിച്ചവർ മാത്രമേ അരങ്ങത്തു പ്രവേശിയ്ക്കുവാൻ പാടുള്ളു എന്നു നിയമമുണ്ടു്.

ചെണ്ട, പാട്ടു്, മദ്ദളം എന്ന മൂന്നു് ഉപകലകൾ കഥകളിയ്ക്കുണ്ടായിരിയ്ക്കണം. കൊട്ടുകാരുടേയും, പാട്ടുകാരുടേയും സാമർത്ഥ്യവും കഥകളിയ്ക്കു കൊഴുപ്പു കൂട്ടുന്നതാകുന്നു. പാട്ടു്, മേളം എന്നിവ ഒരുമിച്ചു് ഇണങ്ങിയാൽ മാത്രമേ കഥകളി ഹൃദയംഗമമായി പരിണമിയ്ക്കയുള്ളു.

വിശാലമായ മുററത്തു നാലു കാലു നാട്ടിയുണ്ടാക്കിയ ചെറിയ പന്തലിൽ കഥകളി നടത്തണം. ഈ പന്തലിന്റെ അധികം അകലെയല്ലാതെ ഒരു അണിയറയും ഉണ്ടായിരിയ്ക്കണം. ഈ പന്തലിൽ കഥകളിയ്ക്കായി പ്രത്യേകം ഉണ്ടാക്കിയ വലിയ വിളക്കുവെയ്ക്കണം. ഇത്തരത്തിലുള്ള വിളക്കു വലിയ പ്രഭുകുടുംബങ്ങളിലും മററുമുണ്ടായിരിയ്ക്കും. മായുടെ സ്ഥാനത്താണു തിരശ്ശീല വേണ്ടിവരുന്നതു്. ചില രാജാക്കന്മാർ മുതലായ പ്രധാന നടന്മാക്കു് ഇരിയ്ക്കുവാൻ മുൻകൂട്ടി ഉരലോ, പീഠമോ പന്തലിൽ തയ്യാറാക്കിയിരിയ്ക്കണം

കപ്ലിങ്ങാടൻ, വെട്ടത്തുനാടൻ, കല്ലടിക്കോടൻ എന്നു മൂന്നു സമ്പ്രദായങ്ങൾ കഥകളിയ്ക്കുണ്ടു്. അഭിനയം, നൃത്തം, ആട്ടം, വേഷം എന്നിവ എല്ലാററിലും അല്പാല്പഭേദങ്ങൾ ഈ രീതികൾക്കുണ്ടു. കപ്ലിങ്ങാട്ടുനമ്പൂരി ഏർപ്പെടുത്തിയതുകൊണ്ടു് ആ സമ്പ്രദായത്തിന്നു കപ്ലിങ്ങാടൻ എന്ന പേരുസിദ്ധിച്ചു. പുരാതനസമ്പ്രദായത്തിൽനിന്നും കഥക

ളിക്കു പലപരിഷ്കാരങ്ങളും നമ്പൂരിവരുത്തിയിട്ടുണ്ടു്. വെട്ടത്തുനാട്ടിൽ പ്രചാരം സിദ്ധിക്കുകയാൽ ആ രീതി വെട്ടത്തുനാടനായിത്തീൎന്നു. കല്ലടിക്കോടൻ നമ്പൂരിയുടെ പരിഷ്കാരംകൊണ്ടു വന്ന സമ്പ്രദായമാണു കല്ലടിക്കോടൻ രീതി. കപ്ലിങ്ങാട്ടുനമ്പൂരി, വെട്ടത്തുനാട്ടിൽ ആദ്യംമുതൽക്കേ പ്രചാരമുണ്ടായിരുന്ന കഥകളിയുടെ പഴയരീതിമാററി ചില പുതിയ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടു് എന്നു പറയുന്നു. കുപ്പായത്തിന്നു പ്രകൃതിഭേദം വരുത്തുകയും തലമുടിയും കച്ചയും നടപ്പാക്കുകയും അരിമാവും ചുണ്ണാമ്പുംകൊണ്ടു ചുട്ടിപ്പുണ്ണി ഏൎപ്പെടുത്തുകയും രാക്ഷസന്മാൎക്കും മററും മൂക്കത്തും നെററിയിലും ചുട്ടിവെക്കുകയും ചെയ്തു. കയ്യാട്ടം, കലാശം, തേപ്പു് എന്നിവയിലും നമ്പൂരി സാമാന്യം ഭേദഗതി ചെയ്തിട്ടുണ്ടു്. കൈകൾ രണ്ടുപ്രാവശ്യം കാണിക്കൽ നിന്ന മണിയൽ എന്നീ സമ്പ്രദായങ്ങളും കപ്ലിങ്ങാടൻമട്ടുതന്നെ. കല്ലടിക്കോടൻ രീതിക്കു കൈമുദ്ര ഒരുപ്രാവശ്യം കാണിച്ചാൽ മതി. എന്നാൽ പാട്ടിന്നു ശങ്കിടി അത്യാവശ്യമാകുന്നു. തെക്കൻദിക്കിൽ കപ്ലിങ്ങാടൻരീതിക്കും വടക്കു കല്ലടിക്കോടൻ മട്ടിന്നും അധികം പ്രചാരംസിദ്ധിച്ചിരിക്കുന്നു.

പച്ച, താടി, കത്തി, സ്ത്രീവേഷം തുടങ്ങിയ എല്ലാവേഷങ്ങളുടെ ആട്ടത്തിന്നും വിദഗ്ദ്ധന്മാരായ അനവധി നടന്മാർ കേരളത്തിലുണ്ടായിട്ടുണ്ടു്. കഥകളിയിലെ പതിഞ്ഞാട്ടം, ചൊല്ലിയാട്ടം, ഇളകിയാട്ടം എന്നീ എല്ലാ ആട്ടങ്ങൾക്കും ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ ഓരോ ആനന്ദവിശേഷത്തെ ജനിപ്പിക്കുവാൻ സാമൎത്ഥ്യമുണ്ടു്. പ്രവീണന്മാരായ പല നടന്മാരുടേയും പേരു് പ്രസിദ്ധമാകുന്നു. അവരിൽ ഈശ്വരപിള്ളവിചാരിപ്പുകാരൻ, കേശവക്കുറുപ്പു, രാമപ്പണിക്കർ, ചാത്തുപ്പണിക്കർ മുതലായനടന്മാർ എത്രയും പേരുകേട്ടവരാകുന്നു. അതുപോലെത്തന്നെ കുഞ്ഞിയൂർ പപ്പുപിള്ള, കരിപ്പുഴ വേലു, കുറിച്ചികൃഷ്ണപിള്ള,

മാത്തൂർ കുഞ്ഞുപിള്ള എന്നിവരും വിദഗ്ദ്ധന്മാരാകുന്നു. പപ്പുപിള്ള അതിസമർത്ഥനും രസികനുമായിരുന്നു. അദ്ദേഹത്തിന്നു് ഒരിയ്ക്കൽ ഒരു ചതിപിണഞ്ഞു. അദ്ദേഹം ശിശുപാലന്റെ വേഷംകെട്ടി കൈലാസോദ്ധാരണം പൊടിപൊടിച്ചു് അഭിനയിച്ചു. അതുകണ്ടപ്പോൾ രംഗത്തിലിരിയ്ക്കുന്നവർ നെററിചുളിച്ചുതുടങ്ങി. അപ്പോൾ അദ്ദേഹത്തിന്നു തന്റെ പ്രമാദത്തിന്റെ കാൎയ്യം മനസ്സിലായി. ഉടൻതന്നെ, രാവണാദികൾ ഇങ്ങിനെ കൈലാസംകുത്തിയെടുക്കുവാനും മററും ബലം സമ്പാദിച്ചതു് തപശ്ശക്തികൊണ്ടാണു്. തനിയ്ക്കതൊന്നും കൂടാതെ ശത്രുസംഹാരം ചെയ്യാൻ കഴിയ്ക്കുണ്ടു് എന്നുനടിച്ചു. വടക്കെ മലയാളത്തിൽ പ്രസിദ്ധമായ കടത്തനാട്ടുകളിയിലെ വേഷക്കാരായ കുഞ്ഞിക്കുട്ടിനായരും [illegible]ൻനമ്പ്യാരും കേങ്കേമന്മാരാകുന്നു. കുങ്കൻനമ്പ്യാരുടെ [illegible]ാടി കാണേണ്ടവേഷംതന്നെയാണു്. കിഴവൻകുര[illegible]ംകെട്ടിയ കുങ്കൻനമ്പ്യാർ രംഗത്തിലുള്ളവരെ [illegible]ഷക്കാരാക്കിയ കഥ സുപ്രസിദ്ധമാകുന്നു. കല്യ[illegible]കത്തിൽ ഭീമൻ കെട്ടിയ കുഞ്ഞിക്കുട്ടിനായൎക്കും ക[illegible] കെട്ടിയ കുങ്കൻനമ്പ്യാൎക്കും കൊച്ചിമഹാരാജാവു് വീരശൃംഖല കൊടുത്തിട്ടുണ്ടത്രെ.

അൎത്ഥഗാംഭീൎയ്യംകൊണ്ടും ആകൃതിസൌന്ദൎയ്യംകൊണ്ടും ജനമനോമോഹനമായ കേരളത്തിലെ കഥകളി എല്ലാ അഭിനയകലകളിലുംവെച്ചു് അത്യുത്തമമത്രെ. അങ്ങിനെയിരിയ്ക്കെ, അതിനെ നാട്ടിൽനിന്നു് ആട്ടിയോടിയ്ക്കുവാൻ പരിഷ്കൃതന്മാർ ശ്രമിച്ചിട്ടുഫലമില്ല. കലാമണ്ഡലത്തിന്റെ കറകളഞ്ഞ ഹൃദയം കഥകളിയ്ക്കു് ഇനിയും കേളിപിടിപ്പിയ്ക്കുമാറാകട്ടെ,

165429
38357
MUL
165429

Printed at the Sa[illegible]ng. House, Trichur.

9 DEC 1955